www.malankaralibrary.com

# റൂഹ്ക്കുദിശാ

(ദൈവശാസ്ത്രപഠനങ്ങൾ)

നവവൈദികർ
തിരുവനന്തപുരം മേജർ അതിഭദ്രാസനം 2019 - 20

www.malankaralibrary.com

| | | |
|---|---|---|
| Title | : | **Ruhkkudisha**<br>(Malayalam) |
| Contributors | : | Aluvila John, Palavilakizhakkethil John<br>Thonduparambil Samuel |
| Published by | : | M.S. Publication<br>St. Mary's Malankara Major Seminary<br>Mar Ivanios Vidyanagar<br>Nalanchira, Trivandrum.<br>Ph: 0471-2114300<br>Email: mspublicationstvm@gmail.com |
| Printed at | : | St. Mary's Press<br>Pattom, Trivandrum 695004<br>Ph: 0471- 2446116 |
| Copyright to | : | The Publisher |
| Published on | : | 26 December 2019 |
| Copies | : | 250 |
| Price | : | Rs. ...... |

©M S Publication
All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the Publisher.

www.malankaralibrary.com

# മുഖവുര

"പരിശുദ്ധ സഭയിൽ കശ്ശീശയാകുവാൻ പരിശുദ്ധ റൂഹാ നിന്നെ വിളിക്കുന്നു''. അന്ത്യോക്യൻ ആരാധനാക്രമത്തിൽ പട്ടംകൊടശുശ്രൂഷയിൽ പ്രധാന കാർമ്മികൻ അർത്ഥികളെ മദ്ബഹായിലേക്ക് പ്രവേശിപ്പിക്കുമ്പോൾ നടത്തുന്ന പ്രഖ്യാപനമാണിത്. പൗരോഹിത്യ ദൈവവിളിയുടെ ആധാരം പരിശുദ്ധ റൂഹായുടെ ക്ഷണവും നടത്തിപ്പുമാണ്. പൗരോഹിത്യജീവിതം മനുഷ്യരുടെ ആഗ്രഹത്തിന്റെയോ പ്രയത്നത്തിന്റെയോ ഫലമല്ല മറിച്ച്, ദൈവം അനാധിയിലെ തന്റെ സഭയുടെ കെട്ടുപണിക്കായി പരിശുദ്ധ റൂഹായിലൂടെ തെരഞ്ഞെടുത്ത ബലഹീനരായ മനുഷ്യരുടെ ശുശ്രൂഷയാണിത്. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും" (അപ്പ. പ്രവ. 1:8). പൗരോഹിത്യജീവിതത്തിന്റെ ചാലകശക്തി പരിശുദ്ധാത്മാവാണ്. എന്നാൽ പരിശുദ്ധാത്മാവ് കേവലം ഒരു ശക്തി മാത്രമല്ല. മറിച്ച് ഒരു വ്യക്തിയാണ്. പിതാവിനെയും പുത്രനെയും പോലെ പരിശുദ്ധാത്മാവും ഒരു വ്യക്തിയാണ് എന്ന ധാരണ നമ്മൾ വിശ്വാസികളിൽ സിംഹഭാഗത്തിനും ഇല്ലായെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഞങ്ങളുടെ പൗരോഹിത്യ സ്വീകരണവുമായി ബന്ധപ്പെട്ട് ഒരു പുസ്തകം പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ പരിശുദ്ധാത്മാവിലേക്ക് ഞങ്ങൾ ശ്രദ്ധ തിരിച്ചത്. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ പ്രസ്തുത രഹസ്യത്തെ സുഗ്രാഹ്യമാക്കാനുള്ള ഞങ്ങളുടെ എളിയ പരിശ്രമം, പോരായ്മകളും കുറവുകളും നിറഞ്ഞതായിരിക്കുമെന്ന് എടുത്തുപറയേണ്ട കാര്യമില്ലല്ലോ.

ഈ ഉദ്യമത്തിൽ ഞങ്ങളെ സഹായിച്ച അനേകം സുമനസ്സുകളുണ്ട്. ഈ പുസ്തകത്തിന് എല്ലാവിധമായ പ്രോത്സാഹനവും ആശീർവാദവും തിരുത്തലുകളും നൽകിയ ഞങ്ങളുടെ വാത്സല്യനിധിയായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിക്ക് ഹൃദയം നിറഞ്ഞ നന്ദി. എപ്പോഴും ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും മാർഗനിർദ്ദേശവും നൽകുകയും ചെയ്ത മലങ്കര മേജർ സെമിനാരി കുടുംബത്തിന്റെ റെക്ടർ പെരിയ ബഹു. കുര്യാക്കോസ് തടത്തിലച്ചനും ഈ പുസ്തകം സസൂക്ഷ്മം വായിച്ച് വേണ്ട തിരുത്തലുകൾ നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുനാഥൻ

www.malankaralibrary.com

ജോസഫ് പൂവത്തുംതറയിൽ അച്ചനും സെമിനാരിയിലെ എല്ലാ അധ്യാപകർക്കും ഞങ്ങളെ വിവിധ രീതിയിൽ സഹായിച്ച ശെമ്മാശ്ശന്മാർക്കും നന്ദി രേഖപ്പെടുത്തുന്നു. ഞങ്ങൾക്കാവശ്യമായ എല്ലാ പിന്തുണയും നൽകിയ സെന്റ് അലോഷ്യസ് മൈനർ സെമിനാരി റെക്ടർ ജോൺ കുറ്റിയിൽ അച്ചനും പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത എം.എസ്. പബ്ലിക്കേഷൻസിനും പുസ്തകത്തിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ച സെന്റ് മേരീസ് പ്രസ്സിനും വിശിഷ്യാ അതിന്റെ ഡയറക്ടർ ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ അച്ചനും സ്റ്റാഫംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി! ഈ എളിയ ഗ്രന്ഥം വായിക്കുകയും പഠിക്കുകയും ചെയ്ത എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്

നവവൈദികർ 2019-20<br>തിരുവനന്തപുരം മേജർ അതിഭദ്രാസനം.

www.malankaralibrary.com

# അവതാരിക

ക്രൈസ്തവജീവിതത്തിന്റെ ആധാരം പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ്. പരിശുദ്ധ ത്രിത്വം എന്നത് മൂന്ന് ദൈവങ്ങളുടെ കൂട്ടായ്മയല്ല, മറിച്ച് ഒരേ ദൈവത്വം പങ്കുപറ്റുന്ന മൂന്ന് ദൈവിക വ്യക്തികളുടെ അവിഭാജ്യ മായ ഐക്യമാണ്. പിതാവിന്റെയും പുത്രന്റെയും ദൈവത്വവും വ്യക്തിത്വവും സംശയമെന്യേ സുഗ്രാഹ്യമാകുമ്പോൾ പരിശുദ്ധാ ത്മാവിന്റെ വ്യക്തിത്വം സംശയങ്ങൾക്ക് ഇടം നൽകുന്നതാണ്. അതുകൊണ്ടുതന്നെയാണ് പരിശുദ്ധാത്മാവിനെ "വിസ്മരിക്കപ്പെട്ട ദൈവം" (forsaken God) എന്ന് ചരിത്രം വിശേഷിപ്പിക്കാനിടയായത്. വി. ഗ്രന്ഥവും സഭാപിതാക്കന്മാരും ആരാധനക്രമപാരമ്പര്യങ്ങളും പരിശുദ്ധാത്മാവിന്റെ ആളത്വവും ദൈവത്വവും അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നുണ്ട്.

രക്ഷകനായ യേശു തന്റെ ശിഷ്യന്മാർക്ക് എന്നേക്കുമുള്ള ഒരു സഹായകനെ വാഗ്ദാനം ചെയ്തു. "ഞാൻ പിതാവിനോട് അപേക്ഷി ക്കുകയും എന്നേക്കും നിങ്ങളുടെ കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ" നിങ്ങൾക്ക് തരികയും ചെയ്യും (യോഹ. 14:16). പെന്തക്കുസ്താ ദിനത്തിൽ ഈ വാഗ്ദാനം നിറവേറുകയും ശിഷ്യന്മാർ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളി ലേക്കും സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കപ്പെടുകയും ചെയ്തു.

ഇത് പരിശുദ്ധാത്മാവിന്റെ യുഗമാണ്. ആത്മാവ് ജീവിക്കുന്നു; സംസാരിക്കുന്നു; നയിക്കുന്നു. അനേകായിരങ്ങൾ ഈ അവബോധ ത്തിലേക്ക് കടന്നുവരുന്നുവെങ്കിലും ബഹുഭൂരിപക്ഷം വിശ്വാസി കൾക്കും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വ്യക്തമായ ധാരണ ഇല്ല. പലർക്കും പരിശുദ്ധാത്മാവ് കാറ്റ്, പ്രാവ്, തീ എന്നിവയുമായി കെട്ടി പിണഞ്ഞു കിടക്കുന്ന ഒരു ആശയം മാത്രമാണ്. ഈ പശ്ചാത്തല ത്തിലാണ് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ പൂർണ്ണ ശെമ്മാശ്ശന്മാർ തയ്യാറാക്കുന്ന **റൂഹ്ക്കുദിശാ** ദൈവശാസ്ത്ര പഠനങ്ങൾ എന്ന ലഘുഗ്രന്ഥത്തിന്റെ പ്രസക്തി.

വിശുദ്ധ ഗ്രന്ഥത്തിൽ പഴയനിയമത്തിലും പുതിയനിയമത്തി ലുമുള്ള പരിശുദ്ധാത്മാവിന്റെ പ്രബോധനങ്ങൾ പരിശുദ്ധാത്മാവിന്റെ

www.malankaralibrary.com

വ്യക്തിത്വം, പരിശുദ്ധാത്മാവും കൂദാശകളും തമ്മിലുള്ള ബന്ധം, പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സുറിയാനി സഭാപിതാക്കന്മാരുടെ പഠനങ്ങൾ, വി. മൂറോൻ കൂദാശ, പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളും വരദാനഫലങ്ങളും, കരിസ്മാറ്റിക് നവീകരണത്തിന്റെ നേട്ടങ്ങളും ന്യൂനതകളും എല്ലാം ഈ ഗ്രന്ഥത്തിൽ വിവിധ അധ്യായങ്ങളിലായി സമന്വയിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ പരിശീലനത്തിന്റെയും പൗരോഹിത്യ സ്വീകരണവുമായി ബന്ധപ്പെട്ട തിരക്കുകൾക്കിടയിലും ഇപ്രകാരമുള്ള ഗ്രന്ഥം തയ്യാറാക്കുവാൻ മനസ്സു കാണിച്ച പ്രിയപ്പെട്ട ജോൺ ആലുവിള, ജോൺ പാലവിളകിഴക്കേതിൽ, സാമുവൽ തോണ്ടുപറമ്പിൽ എന്നീ ശെമ്മാശ്ശന്മാരെ പരി. റൂഹാ എല്ലാ സ്വർഗീയ നൽവരങ്ങളും കൊണ്ട് സമ്പന്നരാക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും പുസ്തകത്തിന് പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു.

റവ. ഡോ. കുര്യാക്കോസ് തടത്തിൽ
റെക്ടർ, മലങ്കര മേജർ സെമിനാരി

www.malankaralibrary.com

# 1

# പരിശുദ്ധാത്മാവ് പഴയനിയമത്തിൽ

'പരിശുദ്ധാത്മാവ്' (Holy Spirit) എന്ന പദം പുതിയനിയമത്തിൽ അനേകം പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുവെങ്കിലും പഴയനിയമത്തിൽ രണ്ടുതവണ മാത്രമേ ഉപയോഗിച്ച് കാണുന്നുള്ളൂ (സങ്കീ.51:11, ഏശ.63:10–11). എന്നാൽ "കർത്താവിന്റെ ആത്മാവ്" (Spirit of God) എന്നറിയപ്പെടുന്ന നിഗൂഢമായ ശക്തിയെക്കുറിച്ച് പഴയനിയമം വാചാലമാകുന്നു. ഹീബ്രൂഭാഷയിലുള്ള 'റൂഹാ' എന്ന മൂലപദമാണ് ദൈവാത്മാവിനെ സൂചിപ്പിക്കാൻ പഴിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 378 പ്രാവശ്യം ഉപയോഗിച്ച് കാണുന്ന ഈ പദം കാറ്റ്, ആത്മാവ്, അരൂപി, ശ്വാസം എന്നിങ്ങനെയെല്ലാം ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്നു. ദൈവാത്മാവിനെ സൂചിപ്പിക്കാൻ റൂആഹ് എലോഹിം (Ruah Elohim) എന്ന വാക്ക് വ്യതിരിക്തമായി ഉപയോഗിച്ചിരിക്കുന്നു.

ദൈവികസത്തയെ വിശകലനം ചെയ്യുന്നതിനേക്കാൾ ദൈവത്തിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിലാണ് പഴയനിയമഗ്രന്ഥകാരന്മാർ ശ്രദ്ധ കേന്ദ്രീകരിച്ചത്. അതിനാൽ ദൈവികശക്തിയായ ദൈവാത്മാവിനാൽ പൂരിതമായ പ്രവാചകന്മാരുടേയും നേതാക്കന്മാരുടേയും അസാധാരണമായ ജീവിതങ്ങളെ പഴയനിയമം മിഴിവോടെ അവതരിപ്പിച്ചിട്ടുണ്ട്. പ്രപഞ്ചസൃഷ്ടി മുതൽ രക്ഷാകരചരിത്രത്തിലുട

www.malankaralibrary.com

നീളം ദൈവാത്മാവ് പ്രവർത്തനനിരതമാണ്. ദൈവം ആഗ്രഹിക്കുന്ന ദൗത്യങ്ങൾ നിറവേറ്റാൻ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളെ ശക്തരാക്കുന്ന ദൈവികശക്തിയാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ പരിശുദ്ധാത്മാവ്. എന്നാൽ രാജാക്കന്മാർ അഭിഷേകത്തിലൂടെ ദൈവാത്മാവിനെ സ്വീകരിച്ചവർ എന്ന നിലയിൽ ദൈവാത്മാവിന്റെ സാന്നിധ്യം ആവസിച്ചിരുന്നവരാണ്. തങ്ങളെ സകല കഷ്ടതകളിലും നിന്ന് വിമോചിപ്പിക്കാൻ പോകുന്ന മിശിഹാ ദൈവാത്മാവിന്റെ നിറവുള്ളവനായിരിക്കുമെന്നും എല്ലാ മനുഷ്യർക്കും ദൈവാത്മാവ് നൽകപ്പെടുമെന്നുള്ള പ്രതീക്ഷയാണ് ഇസ്രായേൽക്കാരെ പ്രതിസന്ധികളിൽ മുന്നോട്ട് നയിച്ചത്.

ചുരുക്കത്തിൽ പഴയനിയമത്തിൽ കാണപ്പെടുന്ന ദൈവാത്മാവിനെക്കുറിച്ചുള്ള പരാമർശങ്ങൾ മൂന്നായി തരംതിരിക്കാം.

1. ലോകസൃഷ്ടിയിലും ഇസ്രായേലിന്റെ ചരിത്രത്തിലും പ്രവർത്തനനിരമായ പരിശുദ്ധാത്മാവ്.
2. വരുവാനിരിക്കുന്ന മിശിഹായിൽ നിറഞ്ഞ് അവിടുത്തെ നയിക്കുന്ന പരിശുദ്ധാത്മാവ്.
3. പുതിയ ഇസ്രായേലിന് നൽകപ്പെടുന്ന പരിശുദ്ധാത്മാവ്.

ഈ മൂന്ന് പരാമർശങ്ങളെയും വിശദമായി പരിശോധിക്കാം.

**1. ദൈവാത്മാവും സൃഷ്ടികർമ്മവും**

സകലത്തിന്റെയും സ്രഷ്ടാവ് ദൈവമാണ്. പരി. ത്രിത്വവുമായി ബന്ധപ്പെടുത്തിപ്പറഞ്ഞാൽ "പിതാവ് ദൈവികസത്തയ്ക്ക് പുറമെയുള്ള സകലത്തെയും തന്റെ വചനം വഴി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സൃഷ്ടിച്ചു". സൃഷ്ടി കർമ്മത്തിൽ പരിശുദ്ധാത്മാവിന് നിർണായകമായ പങ്കുണ്ട്. വി. വേദപുസ്തകത്തിന്റെ ആദ്യതാളുകളിൽതന്നെ ഇത് വ്യക്തമാണ്. രൂപരഹിതവും ശൂന്യവുമായ പ്രപഞ്ചിക പശ്ചാത്തലത്തെ രൂപവും ക്രമവും നൽകി പൂർണമാക്കിയത് പരിശുദ്ധാത്മാവാണ്. "ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു" (ഉൽപ.1:2) എന്ന വാക്യം സൂചിപ്പിക്കുന്നത് സൃഷ്ടികർമ്മത്തിൽ പ്രവർത്തനനിരതമായ പരിശുദ്ധാത്മാവിന്റെ സാന്നിധ്യമാണ്.

വെറും മൺകൂമ്പാരമായ മനുഷ്യൻ ജീവനുള്ളവനായി തീർന്നത് ദൈവം തന്റെ ആത്മാവിനെ അവനിലേക്ക് സന്നിവേശിപ്പിച്ചപ്പോഴാണ് (ഉൽപ.2:7). ജീവന്റെ ഉറവിടം ദൈവാത്മാവാണ്. അതിനാ

www.malankaralibrary.com

ലാണ് സങ്കീർത്തകൻ ഇപ്രകാരം പറയുന്നത്: "അവിടുന്ന് മുഖം മറയ്ക്കുമ്പോൾ അവ പരിഭ്രാന്തരാകുന്നു. അങ്ങ് അവയുടെ ശ്വാസം പിൻവലിക്കുമ്പോൾ അവ മരിച്ച് ഭൂമിയിലേക്ക് മടങ്ങുന്നു. അങ്ങ് ജീവശ്വാസം അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു. അങ്ങ് ഭൂമുഖം നവീകരിക്കുന്നു"(സങ്കീ. 104:29-30). സഭാപിതാവായ വി. അംബ്രോസ് ഇപ്രകാരം പഠിപ്പിക്കുന്നു: "പരിശുദ്ധാത്മാവിനെ കൂടാതെ ഒരു സൃഷ്ടിക്കും നിലനിൽക്കാനാവില്ലെന്ന് മാത്രമല്ല, സർവ്വസൃഷ്ടികളുടെയും സ്രഷ്ടാവ് പരിശുദ്ധാത്മാവാണെന്നും(വിശുദ്ധ ഗ്രന്ഥം) പഠിപ്പിക്കുന്നു. ലോകസൃഷ്ടി പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെന്നും അതിനെ നവീകരിക്കയെന്നത് അവിടുത്തെ ചുമതലയിൽപ്പെട്ടതാണെന്നുമുള്ള വസ്തുത ആർക്കു നിഷേധിക്കാനാകും? ആകാശവിതാനത്തിനു പോലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൂടാതെ നിലനിൽപ്പില്ല. ആ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൂടാതെ ഭൂമി നിലനിൽക്കുന്നുവെന്ന് നാം കരുതുന്നുവോ"? (of the Holy Spirit II, 33-35). സകലസൃഷ്ടികളും പരിശുദ്ധാത്മാവിൽ വചനത്തിന്റെ പങ്കാളികളാവുന്നു എന്ന് വി. അത്തനാസിയോസ് പഠിപ്പിക്കുന്നു (Letter to Serapion, 1, 24). കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രസ്തുത വിശ്വാസസത്യത്തെ ഇപ്രകാരം സംഗ്രഹിക്കുന്നു: "ദൈവത്തിന്റെ വചനവും അവിടുത്തെ ശ്വാസവും ഓരോ സൃഷ്ടിയുടേയും അസ്തിത്വത്തിന്റെയും ജീവന്റെയും ആരംഭത്തിലുണ്ട്" (ccc 703). പ്രപഞ്ചസൃഷ്ടിയോടുകൂടി അവസാനിച്ച പ്രക്രിയയല്ല സൃഷ്ടി. പരിശുദ്ധാത്മാവിനാൽ അത് നിരന്തരം തുടർന്നുകൊണ്ടേയിരിക്കുന്നു. രണ്ടുവിധത്തിൽ ഇത് സംഭവിക്കുന്നു. ഒന്നാമതായി, പരിശുദ്ധാത്മാവ് പ്രപഞ്ചത്തിന്റെ അസ്തിത്വത്തെ താങ്ങിനിർത്തുന്നു. കാരണം പരിശുദ്ധാത്മാവിനെകൂടാതെ പ്രപഞ്ചത്തിന് നിലനിൽപ്പില്ല. രണ്ടാമതായി, ദൈവത്തിന്റെ മഹത്വമായി നിലകൊള്ളുക എന്ന പ്രപഞ്ചത്തിന്റെ ധർമ്മം നിർവ്വഹിക്കാൻ പരിശുദ്ധാത്മാവ് അതിനെ പ്രാപ്തമാക്കുന്നു.

മനുഷ്യന്റെ കാര്യത്തിലും ഇത് വ്യക്തമാണ്. ആദ്യപാപം മൂലം ദൈവികഛായ വികലമാക്കപ്പെട്ട് ദൈവിക ഐക്യത്തിൽ നിന്ന് വിച്ഛേദിതനായ മനുഷ്യനെ നവീകരിച്ച് ദൈവികനാക്കുന്നത് പരിശുദ്ധാത്മാവാണ്. ദൈവത്തിന്റെ മഹത്വമായി ജീവിക്കണമെങ്കിൽ മനുഷ്യൻ പാപത്തിൽ നിന്ന് പരിപൂർണ്ണ വിമുക്തി നേടണം. അതിനവനെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. സകലസൃഷ്ടികൾക്കും, സൃഷ്ടിയുടെ

www.malankaralibrary.com

മകുടമായ മനുഷ്യനും പൂർണതപ്രാപിക്കാനുള്ള അഭിവാഞ്ചയെക്കുറിച്ച് വി. പൗലോസ്ശ്ലീഹാ ഇപ്രകാരമാണ് പറയുന്നത്: “സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽ നിന്ന് മോചിതമാവുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും. സമസ്തസൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നുവെന്ന് നമുക്കറിയാം. സൃഷ്ടി മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു” (റോമ.8:21-23). ഈ ലക്ഷ്യത്തിലെത്താനാണ് പരിശുദ്ധാത്മാവ് പ്രപഞ്ചത്തെയും മനുഷ്യനെയും നിരന്തരം നവീകരിക്കുന്നത്.

**2. ദൈവാത്മാവ് ഇസ്രായേലിന്റെ നേതാക്കന്മാരിൽ**

തിരഞ്ഞെടുക്കപ്പെട്ട ദൈവജനത്തെ നയിച്ച പൂർവ്വപിതാക്കന്മാർ, ന്യായാധിപന്മാർ, പ്രവാചകന്മാർ, രാജാക്കന്മാർ തുടങ്ങിയവരിലെല്ലാം ദൈവാത്മാവിന്റെ പ്രവർത്തനങ്ങളുണ്ടായിരുന്നുവെന്നത് വളരെ വ്യക്തമാണ്. പൂർവ്വ യൗസേപ്പിനെ വിജാതിയനായ ഫറവോ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്: ‘ദൈവത്തിന്റെ ആത്മാവ് കുടികൊള്ളുന്ന ഇവനെപ്പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ നമുക്ക് കഴിയുമോ? (ഉൽപ.41:37-38). ദൈവാത്മാവിന്റെ ശക്തമായ സാന്നിധ്യമുണ്ടായിരുന്ന മോശയിൽ നിന്ന് ആത്മാവിന്റെ ഒരു ഭാഗം തിരഞ്ഞെടുക്കപ്പെട്ട എഴുപത് നേതാക്കന്മാരിലേക്ക് പകരപ്പെടുന്നതായി സംഖ്യയുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (സംഖ്യ.11:17; 11:25). ഇസ്രായേൽ ജനത്തെ കാനാൻ ദേശത്തേക്ക് നയിച്ച ജോഷ്വായെപ്പറ്റി ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്: “നൂനിന്റെ പുത്രനായ ജോഷ്വാ ജ്ഞാനത്തിന്റെ ആത്മാവിനാൽ പൂരിതനായിരുന്നു. എന്തെന്നാൽ മോശ അവന്റെമേൽ കൈകൾ വച്ചിരുന്നു” (നിയമ.34:9).

ഇസ്രായേൽ ജനതയെ ശത്രുക്കളിൽ നിന്ന് രക്ഷിക്കാനായി ദൈവം സാധാരണക്കാരായ ആളുകളെ തിരഞ്ഞെടുത്ത് അവരെ അസാധാരണമായ കരുത്തുള്ളവരാക്കിത്തീർക്കുന്നത് തന്റെ ആത്മാവിനെ വർഷിച്ചുകൊണ്ടാണ്. ഇസ്രായേലിനെ നയിച്ച എല്ലാ ന്യായാധിപന്മാരും ദൈവാത്മാവിനാൽ നിറയപ്പെട്ടിരുന്നു എന്ന് വി. ഗ്രന്ഥം വ്യക്തമായി പറയുന്നു. ന്യായാധിപനായ സാംസൺ ദൈവാത്മാവിന്റെ പ്രവർത്തനത്തിനുള്ള ഏറ്റവും വലിയ ഉദാഹരണമാണ്. സാംസൺ വളർന്നതോടെ “ദൈവത്തിന്റെ അരൂപി അവനിൽ പ്രവർത്തിച്ച് തുടങ്ങി”

www.malankaralibrary.com

(ന്യായാ.13:25). വിവിധ സമയങ്ങളിൽ ദൈവാത്മാവ് അവനിൽ ആവസിക്കുകയും അത്ഭുതകരമായ കൃത്യങ്ങൾ ചെയ്യാൻ സഹായിക്കുകയും ചെയ്തു. തിമ്നയിലേക്കുള്ള വഴിയിൽ ദൈവാത്മാവിന്റെ സഹായത്തിലൂടെ ഒരു സിംഹത്തെ ഒറ്റയ്ക്ക് കൊല്ലുവാനും (14:6) മുപ്പത് അഷ്കലോൺകാരെ ധീരമായി പരാജയപ്പെടുത്താനും (14:19), കഴുതയുടെ താടിയെല്ലുപയോഗിച്ച് ഒറ്റദിവസംകൊണ്ട് ആയിരം ഫിലിസ്ത്യരെ വധിക്കാനും (15:14-15) സാംസണ് സാധിച്ചു. ഇവിടെയെല്ലാം ഒരു കാര്യം ശ്രദ്ധേയമാണ്. ന്യായാധിപന്മാരിൽ അരൂപിപ്രവർത്തിക്കുന്നത് താല്കാലികമായാണ്. ഒരു പ്രത്യേക സന്ദർഭത്തിൽ ദൈവാത്മാവ് അവരിൽ ആവസിക്കുകയും ദൗത്യനിർവ്വഹണത്തിനുശേഷം അവരെ വിട്ടുപോവുകയും ചെയ്തിരുന്നു.

എന്നാൽ രാജാക്കന്മാരുടെ കാര്യത്തിൽ വ്യത്യാസമുണ്ട്. അഭിഷേകതൈലത്തിലൂടെ, രാജപദവി സ്വീകരിക്കുന്നവരിൽ ദൈവാത്മാവ് സ്ഥിരമായി ആവസിച്ചിരുന്നു. ഇസ്രായേലിലെ ആദ്യത്തെ രാജാവായ സാവൂളിനെ സാമുവൽ പ്രവാചകൻ ഒലിവെണ്ണയൊഴിച്ച് അഭിഷേകം ചെയ്തു. അതിനുശേഷം പ്രവാചകഗണത്തെ കണ്ട ഉടനെ ദൈവാരൂപി സാവൂളിൽ ശക്തമായി പ്രവർത്തിക്കാൻ തുടങ്ങി (1 സാമു. 10:10 -11). എങ്കിലും ദൈവത്തോട് മറുതലിച്ചപ്പോഴെല്ലാം ദൈവാരൂപി സാവൂളിനെ വിട്ടുപോവുകയും ഒരു ദുരാത്മാവ് അവനെ പീഡിപ്പിക്കാൻ തുടങ്ങുകയും ചെയ്തു (1 സാമു.16:14). ദാവീദിന്റെ ചരിത്രം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ദൈവത്തിന്റെ കല്പനയനുസരിച്ച് സാമുവൽ "അവനെ കുഴലിലെ തൈലമെടുത്ത് അഭിഷേചിച്ചു" തദ്ഫലമായി, 'കർത്താവിന്റെ ആത്മാവ് ആ ദിവസം മുതൽ അവനിൽ ശക്തമായി ആവസിച്ചു" (1 സാമു. 16:13). ആത്മാവിന്റെ സ്ഥിരമായ ആവാസം ദാവീദ് രാജാവിൽ ഉണ്ടായിരുന്നുവെന്ന് വളരെ വ്യക്തം. ചുരുക്കിപ്പറഞ്ഞാൽ, തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ പ്രവർത്തന നിരതരാകാനും തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം നിറവേറ്റാനും ദൈവം നൽകുന്ന ദാനമാണ് ദൈവാത്മാവ്. കുറവുകളും, ദൗർബല്യങ്ങളും ഉണ്ടെങ്കിലും ദൈവാത്മാവിന്റെ നിറവ് അവരെ കരുത്തരാക്കുന്നു. രക്ഷാകര ചരിത്രത്തിന്റെ ആരംഭം മുതൽ ദൈവാത്മാവിന്റെ പ്രവർത്തനം സജീവമാണെന്ന് വളരെ വ്യക്തമാണ്.

www.malankaralibrary.com

### 3. മിശിഹാ – ദൈവാത്മാവിനാൽ നിറഞ്ഞവൻ

ഇസ്രായേൽ ജനം പീഡിപ്പിക്കപ്പെട്ടപ്പോഴെല്ലാം പ്രവാചകന്മാർ രക്ഷകനായ മിശിഹായെക്കുറിച്ചുള്ള വാഗ്ദാനം അവരെ അനുസ്മരിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. ഏശയ്യായുടെ പ്രവചനങ്ങളിൽ മിശിഹാ ദൈവാത്മാവിന്റെ നിറവുള്ളവനും ദൈവാത്മാവിന്റെ ശക്തിയിലും നടത്തിപ്പിലും തന്റെ ദൗത്യം നിർവ്വഹിക്കുന്നവനുമാണെന്ന വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഏശയ്യാ 11:2 ൽ "കർത്താവിന്റെ ആത്മാവ് അവന്റെമേൽ ആവസിക്കും" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദാവീദിന്റെ വംശത്തിൽ നിന്ന് ഉദയം ചെയ്യുന്ന നീതിനിഷ്ഠനായ രാജാവിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. പ്രവാചകന്മാരുടെമേൽ ചൊരിയപ്പെട്ട അരൂപിയുടെ ശക്തിയാൽ "ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഉപദേശത്തിന്റെയും ശക്തിയുടെയും അറിവിന്റെയും ദൈവഭക്തിയുടേയും" (ഏശ.11:2) വരങ്ങൾ മിശിഹായിലുണ്ടായിരിക്കും. ഇസ്രായേലിന്റെ കരുത്തരായ സാരഥികളിൽ വിളങ്ങിയ എല്ലാഗുണഗണങ്ങളും അതിന്റെ പൂർണതയിൽ മിശിഹായിൽ ഉണ്ടായിരിക്കുമെന്നാണ് പ്രവാചകന്മാർ പഠിപ്പിച്ചത്. മിശിഹായിലുള്ള അരൂപിയുടെ സാന്നിധ്യം അൽപകാലത്തേക്കല്ല, മറിച്ച് എന്നേയ്ക്കുമുണ്ടായിരിക്കും എന്ന വ്യത്യാസവും വളരെ വ്യക്തമാണ്.

### 4. പുതിയ ഇസ്രായേലിന് നല്കപ്പെടുന്ന പരിശുദ്ധാത്മാവ്

മിശിഹാ ദൈവാത്മാവിന്റെ പൂർണ്ണതയുള്ളവനായിരിക്കും എന്ന് പറയുമ്പോൾ തന്നെ ഒരു ജനത്തിന് മുഴുവൻ ലഭിക്കാനിരിക്കുന്ന പരിശുദ്ധാത്മാ അഭിഷേകത്തിന്റെ സൂചനകളും പഴയനിയമ പ്രവചനഗ്രന്ഥങ്ങളിലുണ്ട്. മോശയുടെ ആഗ്രഹമായാണ് ആദ്യമിത് വി. ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നത്. 'കർത്താവിന്റെ ജനം മുഴുവൻ പ്രവാചകന്മാരാവുകയും അവിടുന്ന് തന്റെ ആത്മാവിനെ അവർക്ക് നൽകുകയും ചെയ്തിരുന്നെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു" (സംഖ്യ.11:29). പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന അഭിഷേകത്തിന്റെ ശക്തി തിരിച്ചറിഞ്ഞതു കൊണ്ടാണ് മോശ ഇപ്രകാരമൊരാഗ്രഹം പ്രകടിപ്പിക്കുന്നത്.

ബാബിലോൺ പ്രവാസകാലത്ത് പ്രതീക്ഷയറ്റുപോയ ജനത്തിന്, എസക്കിയേൽ പ്രവാചകനിലൂടെ വലിയ പ്രത്യാശ ദൈവം നൽകുന്നു. "അവർക്ക് ഞാൻ ഒരു പുതിയ ഹൃദയം നൽകും. ഒരു പുതിയ ചൈതന്യം അവരിൽ ഞാൻ നിക്ഷേപിക്കും..." (എസെ. 11:19). ഒരാൾക്കോ കുറച്ചു വ്യക്തികൾക്കോ മാത്രമല്ല ഇസ്രായേൽ മക്കൾക്ക്

www.malankaralibrary.com

മുഴുവൻ നൽകപ്പെടുന്ന ആത്മാവിനെ കുറിച്ചാണിവിടെ പരാമർശിച്ചി രിക്കുന്നത്.

ആത്മാവ് സ്ഥിരമായി നൽകപ്പെടും എന്ന വാഗ്ദാനം ദൈവം ഏശയ്യാ പ്രവാചകനിലൂടെ തന്റെ ജനത്തിന് നൽകുന്നുണ്ട്: “ഞാൻ അവരുമായി ചെയ്യുന്ന ഉടമ്പടി ഇതാണ്. നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും നിന്റെയോ നിന്റെ സന്താനങ്ങളുടെയോ അവരുടെ സന്താനങ്ങളുടെയോ അധരങ്ങളിൽ നിന്ന് ഇനി ഒരിക്കലും അകന്നുപോവുകയില്ല” (ഏശ.59:21).

അടിമത്തത്തിന്റെ ക്രൂരതയിൽ വലയുന്ന തന്റെ മക്കൾക്ക് പ്രവാ ചകനിലൂടെ ദൈവം നൽകുന്ന ആശ്വാസം ഇപ്രകാരമാണ്: “വരണ്ടഭൂ മിയിൽ ജലവും ഉണങ്ങിയനിലത്ത് അരുവികളും ഞാൻ ഒഴുക്കും. നിന്റെ സന്തതികളുടെ മേൽ എന്റെ ആത്മാവും നിന്റെ മക്കളുടെമേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും” (ഏശ.44:3-4). അന്തിമനാളുകളിൽ എല്ലാ മനുഷ്യരുടെ മേലും വർഷിക്കപ്പെടാനിരിക്കുന്ന പരിശുദ്ധാത്മാ വിനെപ്പറ്റി പ്രതിപാദിക്കുന്ന ഏറ്റവും പ്രശസ്തമായ പഴയനിയമഭാഗം ജോയേൽ 2:28-32 ആണ്.

“അന്ന് ഇങ്ങനെ സംഭവിക്കും. എല്ലാവരുടേയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രാപിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. യുവാക്കൾക്കു ദർശനങ്ങളുണ്ടാകും. ആ നാളുകളിൽ എന്റെ ദാസന്മാരുടെയും ദാസി കളുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. പന്ത ക്കുസ്താ ദിനത്തിൽ ഇത് നിറവേറുന്നതായി പത്രോസ് ശ്ലീഹാ തന്റെ ആദ്യപ്രസംഗത്തിൽ വിശദീകരിക്കുന്നുണ്ട് (അപ്പ.2:16-18). എല്ലാവർക്കും പരിശുദ്ധാത്മാവിനെ ലഭിക്കാൻ സാധ്യതയുണ്ടായതും സ്വീകരിക്കുന്ന വരുടെമേൽ ദൈവാത്മാവ് സ്ഥിരമായി വസിക്കുന്നതും യേശുവിന്റെ പീഡാസഹനത്തിനും ഉത്ഥാനത്തിനും ശേഷമാണ്. “അതുവരെയും ആത്മാവ് നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല” (യോഹ.7:39).

പഴയനിയമത്തിലുടനീളം പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രവർത്തനവും ഉണ്ട് എന്ന് നാം മനസിലാക്കി. ദൈവം അയയ്ക്കുന്ന മിശിഹായെ സ്വീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ഒരുക്കുക എന്നത് ദൈവാത്മാവിന്റെ പ്രവർത്തനത്തിന്റെ പ്രധാനലക്ഷ്യമായിരു

www.malankaralibrary.com

ന്നു. ആ ദൈവജനത്തിലൂടെ സകലജനങ്ങളേയും പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് ക്ഷണിക്കുക എന്നതായിരുന്നു അവിടുത്തെ പദ്ധതി. അതിന് ദൈവാത്മാവ് ഉപകരണമായി സ്വീകരിച്ചത് പൂർവ്വപിതാക്കന്മാർ, രാജാക്കന്മാർ, ന്യായാധിപന്മാർ, പ്രവാചകർ എന്നിവരെയാണ്.

യേശുവാകുന്ന മിശിഹായിലേക്ക് ദൈവജനത്തെ നയിക്കാനാണ് ദൈവം മോശയിലൂടെ നിയമം നൽകിയത്. എന്നാൽ "പുള്ളിപ്പുലിക്ക് അതിന്റെ പുള്ളിയും എത്യോപ്യക്കാരന് അവന്റെ നിറവും മാറ്റാൻ കഴിയുമെങ്കിൽ മാത്രം, തിന്മ ചെയ്ത് ശീലിച്ച മനുഷ്യന് നന്മ ചെയ്യാനാകും" (ജറെ.13:23) എന്ന നിലയിലായിരുന്നു അവരുടെ ജീവിതം. നിയമം പാലിക്കാൻ അവർ നന്നേ ബുദ്ധിമുട്ടുകയും ദൈവത്തോടുള്ള വാഗ്ദാനങ്ങൾ പാലിക്കാൻ കഴിയാതെ വീണ്ടും വീണ്ടും പാപത്തിൽ വീഴുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണ് ദൈവം ഒരു പുതിയ ഉടമ്പടിയെപ്പറ്റി പറഞ്ഞത് (ജറെ. 31:31, 32) പരിശുദ്ധാത്മാവിലൂടെ മനുഷ്യഹൃദയങ്ങളിൽ നിയമങ്ങൾ രേഖപ്പെടുത്താമെന്ന ഉടമ്പടി. അതിലൂടെ നന്മ പെട്ടെന്ന് തിരിച്ചറിയുന്നതും തിരഞ്ഞെടുക്കുന്നതും പ്രവർത്തിക്കുന്നതും കൂടുതൽ എളുപ്പത്തിൽ സാധ്യമായിത്തീരുന്നു. ഇത് നിറവേറുന്നത് മിശിഹായുടെ വരവിന് ശേഷമാണ്. മിശിഹാ ദൈവാത്മാവിനാൽ നിറഞ്ഞവനും ആത്മാവിന്റെ ദാനങ്ങളാൽ സമ്പന്നനുമാണ്. മെസയാനിക കാലഘട്ടത്തിൽ സകല ജനങ്ങളിലും ആത്മാവ് വർഷിക്കപ്പെടും.

ചുരുക്കിപ്പറഞ്ഞാൽ, ദൈവാത്മാവ് എന്ന ഒരു ദൈവികശക്തിയെക്കുറിച്ചുള്ള പരാമർശങ്ങളിൽ നിന്ന് മനുഷ്യന് തന്റെ ബലഹീനതകൾ മറികടക്കാൻ സഹായിക്കുന്ന ഒരു ദൈവികശക്തി എന്ന നിലയിലേക്ക് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ധാരണകൾ പഴയനിയമത്തിൽ പുരോഗമിക്കുന്നു. നിത്യമായി തങ്ങളിൽ വസിക്കുന്ന, എല്ലാവർക്കുമായി നൽകപ്പെടുന്ന പരിശുദ്ധാത്മാവ് മെസയാനിക കാലഘട്ടത്തിൽ ലഭിക്കും എന്ന ശുഭപ്രതീക്ഷയോടെയാണ് പഴയനിയമം അവസാനിക്കുന്നത്.

www.malankaralibrary.com

# 2

# പരിശുദ്ധാത്മാവ് പുതിയനിയമത്തിൽ

**ആമുഖം**

പുതിയനിയമം പൂർണ്ണമായും രക്ഷകനായ മിശിഹായുടെ രക്ഷാകരകർമ്മങ്ങളിലും പ്രബോധനങ്ങളിലും കേന്ദ്രീകൃതമായതിനാൽ, മിശിഹായിൽ നിറഞ്ഞാവസിച്ച പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വ്യക്തമായ പരാമർശങ്ങൾ പുതിയനിയമത്തിൽ കൃത്യതയോടെ അവതരിപ്പിക്കുന്നു. "പിതാവിന്റെ ആത്മാവ്" (മത്താ.10:20), "പുത്രന്റെ ആത്മാവ്" (ഗലാ.4:6), "യേശുവിന്റെ ആത്മാവ്" (അ.പ്രവ.16:7), "ക്രിസ്തുവിന്റെ ആത്മാവ്" (റോമ.8:15), "കൃപയുടെ ആത്മാവ്" (ഹെബ്രാ.10:29), "സഹായകൻ" (യോഹ.14:16) എന്നിങ്ങനെയുള്ള വിശേഷണങ്ങൾ, പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം രക്ഷാകരകർമ്മത്തിലുള്ള ഭാഗഭാഗിത്വം എന്നിവ വ്യക്തമാകുന്നു.

മോശയുടെ നിയമത്തിലും പ്രവാചക ഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ (യോഹ.1:45) ആ ദൈവാത്മാവിനാൽ നിറഞ്ഞ മിശിഹാ (ഏശയ്യാ 11:1–9; 42:1–7; 61:1–3) നസ്രത്തുകാരൻ യേശുവാണെന്ന് സുവിശേഷകന്മാർ അസന്ദിഗ്ധം പ്രഖ്യാപിക്കുന്നു (ലൂക്കാ. 4:16–18). ആത്മാവിന്റെ പ്രവർത്തനം യേശുവിന്റെ ജനനം മുതൽ സ്വർഗ്ഗാ

www.malankaralibrary.com

രോഹണം വരെ സ്പഷ്ടമായിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് വചനമായ ദൈവം (യോഹ.1:1–2) മാംസം ധരിച്ച് മനുഷ്യനായി കന്യകയിൽ നിന്ന് പിറന്നത്, ജ്ഞാനസ്നാനത്തിലൂടെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായാണ് യേശു തന്റെ പരസ്യശുശ്രൂഷയിലേക്ക് കടക്കുന്നത്. കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട് (ലൂക്കാ.4:18) എന്ന പഴയനിയമപ്രവചനം തന്നിൽ അന്വർത്ഥമായിരിക്കുന്നു എന്ന പരസ്യപ്രസ്താവനയോടെയാണ് യേശു തന്റെ ശുശ്രൂഷകൾ ഏറ്റെടുത്തത്. ആത്മാവിന്റെ നിറവിൽ അവിടുന്ന് അത്ഭുതങ്ങൾ ചെയ്തു, രോഗികളെ സുഖപ്പെടുത്തി, പിശാചുക്കളെ ബഹിഷ്കരിച്ചു. എന്നേക്കും തന്റെ പ്രിയപ്പെട്ടവരെ സഹായിക്കാൻ അവിടുന്ന് സഹായകനെ വാഗ്ദാനം ചെയ്തു. ഉത്ഥാനശേഷം യേശു ജീവാത്മാവായിത്തീർന്നുകൊണ്ട്, ആ ആത്മാവിനെ വിശ്വസിക്കുന്ന സകലരിലേക്കും, വർഷിച്ചു. “എന്റെ ദാസന്മാരുടേയും ദാസികളുടേയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും” (ജോയേൽ 2:29) എന്ന പ്രവാചകവചനങ്ങൾ പുതിയനിയമ കാലഘട്ടത്തിൽ നിറവേറിയിരിക്കുന്നു. പെന്തക്കുസ്തായിലൂടെ ആത്മാവിന്റെ ദിനങ്ങൾ ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതാണ് പുതിയ നിയമം പങ്കുവയ്ക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അടിസ്ഥാന പ്രബോധനം.

**പരിശുദ്ധാത്മാവ് സമാന്തരസുവിശേഷങ്ങളിൽ**

സമാന്തരസുവിശേഷങ്ങളിലെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സങ്കൽപം, പഴയനിയമത്തിന്റെ തുടർച്ചയെന്നരീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. പഴയനിയമത്തിൽ, ദൈവജനത്തെ രക്ഷയിലേക്ക് നയിക്കുന്ന ഒരു ഏജന്റാണ് പരിശുദ്ധാത്മാവ്. സമാന്തരസുവിശേഷങ്ങളിലും (Pneuma) പരിശുദ്ധാത്മാവ് മനുഷ്യനിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തിയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ‘പ്ന്യൂമാ’ എന്ന പദമാണ് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ പുതിയനിയമം ഉപയോഗിച്ചിരിക്കുന്നത്. സമാന്തരസുവിശേഷങ്ങളിൽ 80 പ്രാവശ്യം ‘പ്ന്യൂമാ’ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അതിൽ 33 പ്രാവശ്യം അശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു, 12 പ്രാവശ്യം മനുഷ്യാത്മാവിനെയും 35 തവണ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാനും ഈ പദം ഉപയോഗിച്ചിരിക്കുന്നു. ലൂക്കോസ് പരിശുദ്ധാത്മാവിനെക്കുറിച്ച് വാചാലതയോടെ സംസാരിക്കുമ്പോൾ മർക്കോസും മത്തായിയും താരതമ്യേന വളരെ കുറച്ച് മാത്രമേ സംസാരിക്കുന്നുള്ളൂ. പരിശുദ്ധാത്മാവുമായി ബന്ധ

www.malankaralibrary.com

പ്പെട്ട മിക്കവചനഭാഗങ്ങളും യേശുവുമായോ അവിടുത്തെ ശിഷ്യന്മാരുമായോ ബന്ധപ്പെടുത്തിയാണ് അവതരിപ്പിച്ചിരിക്കുന്നത്. യേശുവും പരിശുദ്ധാത്മാവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ സൂചിപ്പിക്കുന്ന വചനഭാഗങ്ങൾ വിശദമായി പരിശോധിക്കാം.

**a. പരിശുദ്ധാത്മാവിലുള്ള യേശുവിന്റെ ജനനം (മത്താ.1:18–20; ലൂക്കാ.1:35)**

പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് മറിയം ഗർഭം ധരിച്ചതെന്ന വസ്തുത വളരെ ശക്തമായ വിധത്തിൽ സുവിശേഷകന്മാരായ മത്തായിയും ലൂക്കോസും യേശുവിന്റെ ബാല്യകാല വിവരണത്തിൽ അവതരിപ്പിക്കുന്നു. മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരുന്നെങ്കിലും അവർ സഹവസിക്കുന്നതിനു മുമ്പ് മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടുവെന്ന് മത്തായി രേഖപ്പെടുത്തുന്നു (1:18) എന്നാൽ ലൂക്കോസ് സുവിശേഷകൻ അൽപംകൂടി വിശദമായി പ്രസ്തുതകാര്യങ്ങൾ അവതരിപ്പിക്കുന്നു. മറിയത്തിൽ നിന്ന് അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടുന്ന ശിശു ജനിക്കുമെന്ന് ഗബ്രിയേൽ ദൂതൻ അറിയിപ്പുനൽകുന്നു. എന്നാൽ കന്യകയായ തന്നിൽ നിന്ന് എങ്ങനെ ഒരു പുത്രൻ ജനിക്കും എന്ന് ആശ്ചര്യപ്പെടുന്ന മറിയത്തോട് മാലാഖ ഇപ്രകാരം പറഞ്ഞു: 'പരിശുദ്ധാത്മാവ് നിന്റെ മേൽവരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും; ആകയാൽ ജനിക്കാൻ പോകുന്ന ശിശു, പരിശുദ്ധൻ, ദൈവപുത്രൻ എന്ന് വിളിക്കപ്പെടും" (1:35). ഇവിടെ അസാധാരണ കാര്യങ്ങൾ ചെയ്യുന്നതിന് മനുഷ്യനെ പ്രാപ്തനാക്കുന്ന ശക്തി എന്നതിനേക്കാൾ മനുഷ്യന്റെ സഹകരണം കൂടാതെ തന്നെ മറിയത്തിന്റെ ഉദരത്തിൽ ഒരു പുതുജീവൻ ജന്മം നൽകുന്നതിന് നേരിട്ടും ഫലപ്രദമായും ഇടപെടുന്ന ശക്തിയായിട്ടാണ് പരിശുദ്ധാത്മാവ് അവതരിപ്പിച്ചിരിക്കുന്നത്. ആത്മാവിന്റെ പ്രവർത്തനം മൂലമാണ് ശിശു അത്യുന്നതന്റെ പുത്രനെന്ന് അറിയപ്പെടുന്നത്. ഇതിലൂടെ യേശുവിന്റെ ദൈവികമായ ഉത്ഭവം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ ആരോപിക്കപ്പെടുന്നു.

**b. പരിശുദ്ധാത്മാവും യേശുവിന്റെ ജ്ഞാനസ്നാനവും**

സമവീക്ഷണ-സുവിശേഷങ്ങൾ നാടകീയമായ വ്യക്തതയോടും (മത്താ.3:13–17; മർക്കോ.1:9–11; ലൂക്കാ.3:21–22) സ്നാപകന്റെ വചനങ്ങളിലൂടെ വി. യോഹന്നാൻ പരോക്ഷമായും (യോഹ.1:32–34) നടപടിപുസ്തകം, പത്രോസിന്റെ പ്രഭാഷണത്തിലൂടെയും (10:37–38) യേശുവിന്റെ

www.malankaralibrary.com

ജ്ഞാനസ്നാനം രേഖപ്പെടുത്തുന്നു. ഈ അഞ്ചുപരാമർശങ്ങളും പ്രസ്തുതസംഭവത്തിന്റെ കേന്ദ്രാശയം യേശുവിന്റെ മേലുള്ള പരിശുദ്ധാത്മാവിന്റെ ആഗമനമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

മത്തായിയും ലൂക്കോസും 'സ്വർഗം തുറക്കപ്പെട്ടു; പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു എന്ന് പറയുമ്പോൾ മർക്കോസ്, ആകാശം പിളർന്ന് ആത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ ഇറങ്ങി വന്നതിനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. ആകാശം പിളർന്നുവെന്ന് പറയുമ്പോൾ മർക്കോസിന്റെ മനസിലുള്ളത് (ഏശ.63:19; 64:1) വാകൃങ്ങളാണ്: "അങ്ങയുടെ ഭരണം അറിഞ്ഞിട്ടില്ലാത്തവരെപ്പോലെയും അങ്ങയുടെ നാമത്തിൽ വിളിക്കപ്പെടാത്തവരെപ്പോലെയും ആയിരിക്കുന്നു ഞങ്ങൾ. കർത്താവേ ആകാശം പിളർന്ന് ഇറങ്ങിവരണമേ!" യഹോവയോടുള്ള പ്രവാചകന്റെ പ്രാർത്ഥനയാണ് ഈ വാക്യങ്ങളുടെ പശ്ചാത്തലം. യഹോവയുടെ ദീർഘനാളത്തെ മൗനം അവസാനിപ്പിക്കാനും അവിടുത്തെ മഹാമനസ്കതയുടെ കാലയളവിന് തുടക്കം കുറിക്കാനുമുള്ള അഭ്യർത്ഥനയാണിവിടെ കാണാൻ കഴിയുന്നത്. കഴിഞ്ഞ കാലങ്ങളിൽ തങ്ങളുടെ പിതാക്കന്മാരെ രക്ഷിക്കാൻ അത്ഭുതകൃത്യങ്ങൾ നിർവ്വഹിച്ച യഹോവ ദീർഘകാലമായി തന്റെ മുഖം മറച്ചുപിടിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് പ്രവാചകൻ "കർത്താവേ ആകാശം പിളർന്ന് ഇറങ്ങിവരണമേ" (63:19) എന്ന് പ്രാർത്ഥിക്കുന്നത്. ദൈവം തന്റെ മഹാമൗനത്തിന് വിരാമമിട്ട്, മനുഷ്യകുലത്തിലിടപെടുന്നു എന്ന് സൂചിപ്പിക്കാനാണ് മർക്കോസ് "ആകാശം പിളർന്നു" എന്ന പരാമർശം ബോധപൂർവ്വം ഉപയോഗിക്കുന്നത്. കൃപാവരത്തിന്റെ പുതിയ കാലഘട്ടത്തിൽ പരിശുദ്ധാത്മാവ്, പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ ഇറങ്ങിവരുന്നു.

പ്രാവിന്റെ രൂപത്തിലുള്ള ആത്മാവിന്റെ ആഗമനത്തിന് നിരവധി വ്യാഖ്യാനങ്ങളെപ്പറ്റിയും വി. ഗ്രന്ഥത്തിന്റെ ആദ്യതാളുകൾ പങ്കുവയ്ക്കുന്ന ചില സൂചനകൾ ആത്മാവിനെക്കുറിച്ചുള്ള വ്യക്തമായ ധാരണയിലേക്ക് നമ്മെ നയിക്കാൻ പോരുന്നവയാണ്.

"ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു" (ഉത്പ.1:2) എന്ന വചനഭാഗത്തിൽ ഉപയോഗിച്ചിരിക്കുന്ന ഹീബ്രു പദം അന്തരീക്ഷത്തിൽ ഇളക്കം സൃഷ്ടിച്ചുകൊണ്ട് വായുവിലൂടെ ചിറകടിച്ചുനീങ്ങുന്ന ഒരു പക്ഷിയെക്കുറിച്ചുള്ള ചിന്തകളാണ് നമ്മിലുണർത്തുന്നത്. "രൂപരഹിതവും ശൂന്യ വുമായ" പ്രഥമസൃഷ്ടിയെ സജീ

www.malankaralibrary.com

വമാക്കാനായി സന്നിഹിതമായ ദൈവചൈതന്യം, മാനവചരിത്രത്തിന്റെ പാപപങ്കിലവും ദുർഭഗവുമായ അവസ്ഥയിലേക്ക് പ്രാവിന്റെ രൂപത്തിൽ വീണ്ടും ആവസിക്കുന്നു; കൃപയുടെ ഒരു പുതുയുഗത്തിന് നാന്ദി കുറിക്കപ്പെടുന്നു.

പ്രാവിന്റെ പ്രതീകത്തിലേക്കും (ഉല്പ.8:10-11) വിരൽ ചൂണ്ടുന്നുണ്ട്. ഇവിടെ "കൊത്തിയെടുത്ത ഒരു ഒലിവിലയുമായി" തിരിച്ചുവരുന്ന പ്രാവിന്റെ ചിത്രം, ജലപ്രളയം വഴിയുള്ള ദൈവികശിക്ഷയുടെ അന്ത്യവും പുതിയ ജീവിതത്തിന്റെ ആരംഭവും സൂചിപ്പിക്കുന്നു. നോഹയുടെ പക്കലേക്കുള്ള പ്രാവിന്റെ തിരിച്ചുവരവ് ദൈവത്തിന്റെ അസാന്നിധ്യത്തിന്റെ വിരാമവും മാനവരാശിയുമായുള്ള സമാധാന ഉടമ്പടിയുടെ ആരംഭവും കുറിക്കുന്നു (ഉൽപ.9:8-17). പ്രാവിന്റെ പ്രതീകം പങ്കുവയ്ക്കുന്നതിലൂടെ സുവിശേഷകരും ദൈവമനുഷ്യ ബന്ധത്തിന്റെ പുതിയ തലത്തിലേക്കാണ് നമ്മെ ക്ഷണിക്കുന്നത്.

ഈ വ്യാഖ്യാനങ്ങളേക്കാളുപരി, ദൈവാത്മാവ് നഗ്നനേത്രങ്ങളാൽ ദർശിച്ച് ബോധ്യപ്പെടാവുന്നതരത്തിൽ യേശുവിനെ അഭിഷേകം ചെയ്തു എന്ന വസ്തുത വളരെ വ്യക്തമാണ്. ശതാധിപനായ കൊർണേലിസുമായുള്ള പത്രോസിന്റെ സംഭാഷണത്തിൽ ഇത് സൂചിപ്പിക്കുന്നുണ്ട്. "നസറായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവെന്നും അവൻ എപ്രകാരം നന്മപ്രവർത്തിച്ചുകൊണ്ടും പിശാചിനാൽ പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റിസഞ്ചരിച്ചുവെന്നും നിങ്ങൾക്കറിയാം" (അപ്പ.പ്രവ.10:38). പത്രോസിന്റെ അഭിപ്രായത്തിൽ യേശുവിന്റെ ജ്ഞാനസ്നാനം, അവിടുത്തെ മിശിഹാസ്ഥാനത്തേക്കുള്ള അഭിഷേകം തന്നെയായിരുന്നു. ദൈവാത്മാവിനാൽ നിറഞ്ഞ മിശിഹായെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനം (61:1) തന്നിൽ നിറവേറിയതായി യേശു പ്രഖ്യാപിക്കുന്നുണ്ട്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്" (ലൂക്കാ.4:18) എന്ന് യേശു അസന്നിഗ്ദമായി പ്രഖ്യാപിച്ചു.

**c. പരിശുദ്ധാത്മാവ് യേശുവിന്റെ ശുശ്രൂഷയിൽ**

യേശുവിന്റെ ജ്ഞാനസ്നാനസമയത്തുള്ള പരിശുദ്ധാത്മാവിന്റെ ആവാസം, അവിടുത്തേക്ക് മിശിഹായായി വർത്തിക്കാനുള്ള ഊർജ്ജപ്രവാഹമായിരുന്നു. യേശുവിന്റെ പ്രവൃത്തികൾ ഒരു സാധാരണ നസ്രത്തുകാരന്റെ പ്രവൃത്തികളായിരുന്നില്ല, മറിച്ച് അനേകായിരങ്ങളെ മാനസാന്തരത്തിലേക്കും അനുതാപത്തിലേക്കും നയിച്ച കർത്താ

www.malankaralibrary.com

വിന്റെ അഭിഷിക്തന്റെ പ്രവൃത്തികളായിരുന്നു. യേശുവിന്റെ ശുശ്രൂഷയുടെ മഹത്വ ത്തെ സൂചിപ്പിക്കാൻ വി. പത്രോസ് ശ്ലീഹാ നടപടിപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന ഒരു വാചകം ശ്രദ്ധേയമാണ്: "ദൈവം അവനോട് കൂടെയുണ്ടായിരുന്നു" (10:38). ദൈവം പ്രത്യേക ദൗത്യത്തിനായി വ്യക്തികളെ വിളിക്കുന്ന സംഭവങ്ങളിൽ കാണുന്ന ഒരു പരമ്പരാഗത ശൈലിയാണിത്. ദൗത്യത്തിനായി വിളിക്കപ്പെടുന്നവർക്ക് ദൈവം സർവ്വവിധ സഹായങ്ങളും സംരക്ഷണവും നൽകുന്നു. അങ്ങനെ അവർ ദൈവ കരങ്ങളിലെ ഉപകരണങ്ങളായി മാറുന്നു. മോശ (പുറ.3:12; 4:11-12), ഗിദയോൻ (ന്യായ.6:16), സാമുവൽ (1 സാമു.3:19), ദാവീദ് (2 സാമു.7:9), ജറമിയ (1:8-9), കന്യകമറിയം (ലൂക്കാ.1:28) എന്നിവരെല്ലാം ഇപ്രകാരം ദൈവകരങ്ങളിലെ ഉപകരണങ്ങളായവരാണ്. എന്നാൽ മുകളിൽ ചൂണ്ടിക്കാണിച്ച ദൈവികവ്യക്തികളിൽ നിന്ന് യേശുവിനെ വ്യത്യസ്തനാക്കുന്നത് അവനിലുള്ള പരിശുദ്ധാത്മാവിന്റെ നിറവാണ് (ലൂക്കാ.4:1). യേശുവിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിധ്യം താല്കാലിക സ്വഭാവമുള്ളതായിരുന്നില്ല, മറിച്ച് ശാശ്വത സ്വഭാവമുള്ളതായിരുന്നുവെന്ന വസ്തുത ലൂക്കാ സുവിശേഷകൻ അടിവരയിട്ടുറപ്പിക്കുന്നു.

മിശിഹായെക്കുറിച്ചുള്ള ഇസ്രായേലിന്റെ പ്രതീക്ഷകളിൽ അവിടുന്ന് ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കുന്നവനാണ്, എല്ലാത്തരം വ്യഥകളിൽ നിന്നും ദുരിതങ്ങളിൽ നിന്നും മനുഷ്യരെ വിമോചിപ്പിക്കുന്നവനാണ്, യഹൂദ കാഴ്ചപ്പാടിൽ എല്ലാ തിന്മകളുടെയും കാരണം പിശാചായിരുന്നു. മനുഷ്യരുടെ മേൽ വരുത്തുന്ന തിന്മകളിലൂടെ സാത്താൻ ലോകത്തെ ഭരിക്കുന്നുവെന്ന് അവർ വിശ്വസിച്ചു. മിശിഹാ വരുമ്പോൾ അവിടുന്ന് സാത്താന്റെ ഭരണത്തിന് പകരം ദൈവഭരണം സ്ഥാപിക്കും. ദൈവരാജ്യത്തിന്റെ പുനഃസ്ഥാപനമായിരുന്നു യേശു ഭരമേറ്റ യാഥാർത്ഥ സുവിശേഷവത്കരണ ദൗത്യം (മർക്കോ.1:14-15; മത്താ.4:23; 9:35; 24:14; ലൂക്കാ. 16:16). താൻ മിശിഹായാണെന്ന ഉത്തമ ബോധ്യമുണ്ടായിരുന്ന യേശു, അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റി സഞ്ചരിച്ചു (മത്താ.4:23). അങ്ങനെ ദൈവരാജ്യസ്ഥാപനത്തെ രോഗികൾക്ക് സൗഖ്യം നൽകുന്നതിനോടും പിശാചുബാധിതർക്ക് മോചനം നൽകുന്നതിനോടും അവഗാഢം ബന്ധിപ്പിക്കപ്പെടുന്നു. "എന്നാൽ

www.malankaralibrary.com

ദൈവാത്മാവിനെക്കൊണ്ടാണ് ഞാൻ പിശാചുകളെ ബഹിഷ്കരിക്കുന്നതെങ്കിൽ, ദൈവരാജ്യം നിങ്ങളിൽ വന്നുകഴിഞ്ഞിരിക്കുന്നു" (മത്താ.12:28) എന്ന് പറയുമ്പോൾ സൗഖ്യദാനത്തിനുള്ള തന്റെ ശക്തിയെ യേശു പരിശുദ്ധാത്മാവിൽ ആരോപിക്കുകയാണ് ചെയ്യുന്നത്. മനുഷ്യനെ തിന്മയുടെ ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കുകയെന്ന യേശുവിന്റെ രക്ഷാകര ദൗത്യത്തിൽ ദൈവാത്മാവ് സജീവമായി വ്യാപൃതനാകുന്നു.

## B. പരിശുദ്ധാത്മാവ് യോഹന്നാന്റെ സുവിശേഷത്തിൽ

പരിശുദ്ധാത്മാവിന്റെ സ്വഭാവവും പ്രവർത്തനവും ഏറ്റവും വ്യക്തമായി അവതരിപ്പിക്കുന്നത് യോഹന്നാന്റെ സുവിശേഷമാണ്. സുവിശേഷത്തിന്റെ ആദ്യപകുതി (1-12 അധ്യായങ്ങൾ) ചിതറിയ പരാമർശങ്ങളിലൂടെയും സൂചനകളിലൂടെയും പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുമ്പോൾ, രണ്ടാം പകുതി (13-21 അധ്യായങ്ങൾ) പ്രത്യേകിച്ച് യേശുവിന്റെ വിടവാങ്ങൽ സന്ദേശം (13-17) ഉന്നതമായ ദൈവശാസ്ത്രചിന്തകൾ പങ്കുവയ്ക്കുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ക്രിസ്തീയ ദർശനം (Pneumatology) രൂപപ്പെടുത്തുന്നതിൽ യോഹന്നാന്റെ സുവിശേഷം നൽകിയ പങ്ക് വിലപ്പെട്ടതാണ്.

### യേശുവിൽ ആവസിക്കുന്ന പരിശുദ്ധാത്മാവ്

യേശുവിന്റെ ജ്ഞാനസ്നാന സമയത്തുള്ള പരിശുദ്ധാത്മാവിന്റേ പ്രവർത്തനത്തെ വിവരിക്കുമ്പോൾ സമാന്തര സുവിശേഷങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭാഷാപ്രയോഗമാണ് യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത്. സമാന്തര സുവിശേഷങ്ങളിൽ "അവന്റെ മേൽ ഇറങ്ങിവരുന്നത് (Katabainon) കണ്ടു" എന്ന് പറഞ്ഞുനിർത്തുമ്പോൾ (മത്താ.3:16; മർക്കോ.1:10; ലൂക്കാ.3:22) യോഹന്നാനിൽ അത് "അവന്റെ മേൽ ആവസിപ്പിച്ചു" (Emeinen) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വസിക്കുക, താമസിക്കുക, നിലനിൽക്കുക എന്നിങ്ങനെ അർത്ഥവ്യാപ്തിയുള്ള 'menein' എന്ന ഗ്രീക്കുപദം ഉപയോഗിച്ചതിലൂടെ, യേശുവിലുള്ള സ്ഥിരവും വിട്ടുമാറാത്തതുമായ പരിശുദ്ധാത്മസാന്നിധ്യം യോഹന്നാൻ അടിവരയിട്ടുറപ്പിക്കുന്നു. പിതാവ് യേശുവിൽ ആയിരിക്കുന്ന അവസ്ഥയെ സൂചിപ്പിക്കാനും (14:10), യേശു ശിഷ്യരിലും ശിഷ്യർ യേശുവിലും ആയിരിക്കുന്ന അവസ്ഥയെ സൂചിപ്പിക്കാനും (15:4-7) ഈ ക്രിയതന്നെ ഉപയോഗിച്ചിരിക്കുന്നു. മുന്തിരിച്ചെടിയും ശാഖയും പോലെ അഭേദ്യമായ ബന്ധമാണ് യേശുവും പരിശു

www.malankaralibrary.com

ദ്ധാത്മാവും തമ്മിലുള്ളത്. ഇപ്രകാരം പരിശുദ്ധാത്മാവിന്റെ സമൃദ്ധിയുള്ളതുകൊണ്ടാണ് ദൈവം തന്നെയായ പുത്രന് ആത്മാവിനെ അളന്നുകൊടുക്കേണ്ടതില്ലാത്തത് (3:34).

**ആത്മാവിൽ നിന്ന് ജനിക്കുന്നവർ (3:5–8)**

യഹൂദപ്രമാണിയായ നിക്കൊദേമോസുമായുള്ള സംഭാഷണത്തിലൂടെ യേശു, പരിശുദ്ധാത്മാവിലുള്ള ജനനത്തെക്കുറിച്ച് പഠിപ്പിക്കുന്നു. വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യം കാണാൻ കഴിയുകയില്ല (3:3) എന്ന പ്രസ്താവനയുടെ ആന്തരികാർത്ഥം ഗ്രഹിക്കുന്നതിൽ നിക്കൊദേമോസ് പരാജയപ്പെടുന്നു. മനുഷ്യന്റെ സ്വഭാവിക ജനനത്തിലേക്കാണ് നിക്കോദേമോസിന്റെ ചിന്തകൾ പോയത്. ഇവിടെ 'anothen' എന്ന ഗ്രീക്കുപദമാണ് "വീണ്ടും" എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്. 'anothen' എന്ന പദത്തിന് ഉന്നതത്തിൽ നിന്ന് എന്ന തർജ്ജമയും ഏറെ അർത്ഥപൂർണമാണ്. തുടർന്നുവരുന്ന സംഭാഷണം ഇത് അടിവരയിട്ടുറപ്പിക്കുന്നു. "ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല"(3:5) എന്ന പ്രസ്താവന ഉന്നതത്തിൽ നിന്നുള്ള ജനനത്തിന്റെ സ്വഭാവത്തിലേക്ക് വിരൽചൂണ്ടുന്നു. 'ജലം' പരിശുദ്ധാത്മാവിന്റെ പ്രതീകമായി യോഹന്നാനിൽ തന്നെ ഉപയോഗിച്ചുകാണുന്നുവെങ്കിലും (7:37–39) ഇവിടെ 'ജലത്താലും ആത്മാവിനാലും' എന്ന് വ്യതിരിക്തമായി പറഞ്ഞിരിക്കുന്നതിനാൽ 'ജലം' ക്രിസ്തീയ ജ്ഞാനസ്നാനമാണ് അർത്ഥമാക്കിയിരിക്കുന്നത്. ജ്ഞാനസ്നാനവേളയിലാണ് ആത്മാവിന്റെ പ്രവർത്തനവും നടക്കുന്നത്. ജ്ഞാനസ്നാന ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കാതെ ദൈവരാജ്യത്തിൽ പ്രവേശിക്കാനാവില്ല. മാംസത്തിൽ നിന്നുള്ള ജനനത്തേയും ആത്മാവിൽ നിന്നുള്ള ജനനത്തേയും കുറിച്ചുള്ള പരാമർശത്തിലൂടെ (3:7) താൻ ഉദ്ദേശിച്ചത് സ്വാഭാവികജനനമല്ല എന്ന് യേശു സ്ഥാപിക്കുന്നു. ആത്മാവിൽ നിന്നുള്ള ജനനത്തിന്റെ സ്വഭാവത്തെ സൂചിപ്പിക്കാൻ കാറ്റിന്റെ സ്വഭാവത്തെ ഇവിടെ ബോധപൂർവ്വം ഉൾക്കൊള്ളിച്ചിരിക്കുന്നു. കാറ്റിനും ആത്മാവിനും 'Pneuma' എന്ന ഒരേ ഗ്രീക്കു പദമാണ് ഉപയോഗിച്ചിരിക്കുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. കാറ്റ് അദൃശ്യമെങ്കിലും അതിന്റെ സാന്നിധ്യം അനുഭവവേദ്യമാണ്. അതുപോലെ ആത്മാവിനാലുള്ള ജനനം അദൃശ്യമെങ്കിലും അത് നിഷേധിക്കാനാവാത്ത യാഥാർത്ഥ്യമാണ്.

www.malankaralibrary.com

**ജീവജലത്തിന്റെ ഉറവ (4:10-14; 7:37-39)**

'ജലം' പരിശുദ്ധാത്മാവിന്റെ പ്രതീകമാണെന്ന് നാം കണ്ടുകഴിഞ്ഞു. സമരിയാക്കാരി സ്ത്രീയോട് യേശു ഇപ്രകാരം പറയുന്നു: "ദൈവത്തിന്റെ ദാനം എന്തെന്നും എനിക്ക് കുടിക്കാൻ തരിക എന്നു നിന്നോടാവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ നീ അവനോട് ചോദിക്കുകയും അവൻ നിനക്ക് ജീവജലം തരുകയും ചെയ്യുമായിരുന്നു" (4:10). "ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദുഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്ക് നിർഗളിക്കുന്ന അരുവിയാകും" (4:14). ആദ്യവാക്യത്തിലെ "ദൈവത്തിന്റെ ദാനവും" "ജീവജലവും" തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മൂന്നാം അധ്യായത്തിൽ "അളവില്ലാത്ത ആത്മാവ്" (3:34) നൽകുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ആ ആത്മാവാണ് ദൈവത്തിന്റെ ദാനമായ ജീവജലം. അത് നൽകുന്നതാവട്ടെ ദൈവപുത്രനായ യേശുവും.

4:14-ലെ ആശയങ്ങൾ 7:37-39ൽ ആവർത്തിച്ചുകാണുന്നു. ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽവന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും (7:37-38). തുടർന്ന് സുവിശേഷകൻ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം കൂട്ടുചേർക്കുന്നു, "അവൻ ഇത് പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവ് നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ, യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല" (7:39). ഇവിടെ യേശുതമ്പുരാൻ പറയുന്ന ദാഹവും ദാഹശമനവും വെറും ശാരീരിക വ്യാപാരങ്ങളല്ല, അതുപോലെ ജീവജലവും സ്വഭാവികമല്ല, മറിച്ച് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വ്യക്തമായ സൂചനയാണ്.

**യേശു വാഗ്ദാനം ചെയ്ത സഹായകൻ (14:15-16, 25-26)**

ശിഷ്യന്മാർക്ക് യേശു എന്നേക്കുമുള്ള ഒരു സഹായകനെ വാഗ്ദാനം ചെയ്യുന്നു. "ഞാൻ പിതാവിനോടപേക്ഷിക്കുകയും എന്നേക്കും നിങ്ങളോട് കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും" (14:16). 'Paracletos' എന്ന ഗ്രീക്കുപദമാണ് ഇവിടെ 'സഹായകൻ' എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. സഹായകനെ 'മറ്റൊരു' എന്ന് വിശേഷിപ്പിച്ചിരിക്കുന്നതുകൊണ്ട് ഇപ്പോൾ തന്നെ ഒരു സഹായകൻ ഉണ്ട് എന്ന ധ്വനിയാണ് ലഭിക്കുന്നത്. അതാ

www.malankaralibrary.com

രെന്ന് വ്യക്തമാക്കപ്പെടുന്നില്ലെങ്കിലും, യേശു തന്നെത്തന്നെ ഒരു സഹായകനായി കാണുന്നുവെന്ന് അനുമാനിക്കാം. യോഹന്നാന്റെ ആദ്യലേഖനത്തിൽ യേശുവിനെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. പിതാവിന്റേ സന്നിധിയിൽ നമുക്ക് ഒരു മദ്ധ്യസ്ഥനുണ്ട്, "നീതിമാനായ യേശുക്രിസ്തു" (1 യോഹ.2:1) 'Paracletos' എന്ന പദമാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ഇതിലൂടെ തനിക്ക് പുറമേ മറ്റൊരു സഹായകനെയാണ് യേശു ഉദ്ദേശിച്ചതെന്ന് വ്യക്തം. തന്റെ വിടവാങ്ങൽ പ്രസംഗത്തിന്റെ പശ്ചാത്തലത്തിൽ യേശു ഇപ്രകാരം പറയുന്നു: "ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെയടുക്കലേക്ക് വരുകയില്ല" (16:7). അങ്ങനെയെങ്കിൽ യേശുവിന്റെ അഭാവത്തിൽ അവിടുത്തേക്ക് പകരം താല്കാലിക സഹായകൻ എന്നാവുമോ യേശു ഉദ്ദേശിച്ചത്? "എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ" (14:10) എന്ന പ്രയോഗം വിരൽചൂണ്ടുന്നത് അത്തരമൊരു താൽക്കാലിക സഹായകനിലേക്കല്ല എന്നത് വ്യക്തമാണ്. 'സത്യാത്മാവ്' 'പരിശുദ്ധാത്മാവ്' (14:17; 15:26:16:13: 14:26) എന്നീ സംജ്ഞകൾ യോഹന്നാൻതന്നെ ഇതേ പശ്ചാത്തലത്തിൽ ഉപയോഗിക്കുന്നതുകൊണ്ട് 'സഹായകൻ' പരിശുദ്ധാത്മാവ് തന്നെയാണെന്ന് ഉറപ്പിക്കാം.

**പിതാവിനോടും യേശുവിനോടുമുള്ള ബന്ധം (15:26–27; 16:5–24)**

യോഹന്നാന്റെ സുവിശേഷം പരിശുദ്ധാത്മാവിന് പിതാവിനോടും പുത്രനോടുമുള്ള അഭേദ്യമായ ബന്ധം അവതരിപ്പിക്കുന്നു. യേശുവിന്റെ അഭ്യർത്ഥനപ്രകാരം പിതാവ് തരുന്ന സഹായകൻ (14:16), യേശുവിന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകൻ (14:26), യേശു തന്നെ പിതാവിൽ നിന്ന് സഹായകനെ അയക്കും (15:26; 16:7), പിതാവിൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവ് (15:26) എന്നീ ആശയങ്ങളെല്ലാം വിരൽചൂണ്ടുന്നത് പിതാവിനാലോ യേശുവിനാലോ അയയ്ക്കപ്പെട്ടിട്ടാണ് പരിശുദ്ധാത്മാവ് വരുന്നത് എന്ന വസ്തുതയാണ്. യേശുവിന്റെ, അഭ്യർത്ഥനപ്രകാരമോ അവിടുത്തെ നാമത്തിലോ ആണ് പിതാവ് പരിശുദ്ധാത്മാവിനെ അയയ്ക്കുന്നത്. ചുരുക്കത്തിൽ സഹായകനായ പരിശുദ്ധാത്മാവിന്റെ വരവിന് പിതാവിന്റെയും യേശുവിന്റെയും ഭാഗഭാഗിത്വം അത്യന്താപേക്ഷിതമാണ്. മൂവരുടേയും സത്താപരമായ ഐക്യവും പരസ്പര ബന്ധവും സൂചിപ്പിക്കുന്ന വചനഭാഗങ്ങളാണിവ. യേശുവും പരിശുദ്ധാത്മാവും തമ്മിലുള്ള സുദൃഢമായ ബന്ധവും ഇവിടെ വ്യക്തമാക്കപ്പെടുന്നു. "ഞാൻ നിങ്ങളോട് പറഞ്ഞി

www.malankaralibrary.com

ട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും' (14:26), "അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും" (15:26), "അവൻ എനിക്കുള്ളവയിൽ നിന്ന് സ്വീകരിച്ച് നിങ്ങളോട് പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും" (16:14). ഈ പ്രസ്താവനകളെല്ലാം യേശുവിന്റെ ശാരീരികഭാവത്തിലുള്ള പരിശുദ്ധാത്മാവിന്റെ ദൗത്യങ്ങളാണ് വിവരിക്കുന്നത്. "അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്, അവൻ കേൾക്കുന്നത് മാത്രം സംസാരിക്കും" (16:14). ഇപ്രകാരം യേശു പറഞ്ഞ കാര്യങ്ങൾ അനുസ്മരിപ്പിച്ചും യേശുവിൽ നിന്ന് സ്വീകരിച്ച് അവരോട് പ്രഖ്യാപിച്ചും അവരെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ ദൗത്യം. "ഞാൻ സ്വമേധയാ അല്ല സംസാരിച്ചത്... ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോട് ഏൽപ്പിച്ചത് പോലെ തന്നെയാണ്" (12:49–50; 3:32; 5:30) എന്ന യേശുവിന്റെ വാക്കുകളുടെ വെളിച്ചത്തിൽ വെളിപാടിന്റെ മുഴുവൻ സ്രോതസ് പിതാവ് തന്നെയാണ്. പിതാവിൽ നിന്ന് പുത്രനും പുത്രനിൽ നിന്ന് പരിശുദ്ധാത്മാവും കേട്ട കാര്യങ്ങളാണ് പുത്രനിൽ നിന്ന് നേരിട്ടും പരിശുദ്ധാത്മാവിലൂടെയും മനുഷ്യവംശത്തിന് ലഭിച്ചിരിക്കുന്നത്.

**പരിശുദ്ധാത്മാവും പാപമോചനവും (20:20–23)**

മഹത്വീകൃതനായ യേശു, ശിഷ്യഗണത്തിന്റെ മേൽ നിശ്വസിച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ നൽകുന്ന പശ്ചാത്തലത്തിൽ തന്നെ പാപമോചനാധികാരവും നൽകുന്നതിലൂടെ പാപമോചനാധികാരവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം യോഹന്നാൻ വ്യക്തമാക്കുകയാണ്. മഹത്വീകൃതനായ യേശു, ശിഷ്യന്മാരെ അയയ്ക്കുന്നത് അവർക്ക് പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടാണ്: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (20:21). ആത്മാവിൽ അവർ നിർവ്വഹിക്കേണ്ടത് പാപമോചനത്തിന്റെ ശുശ്രൂഷയാണ് (20:23).

**പരിശുദ്ധാത്മാവ് നടപടി പുസ്തകത്തിൽ**

'പരിശുദ്ധാത്മാവിന്റെ സുവിശേഷം' എന്നറിയപ്പെടുന്ന നടപടിപുസ്തകം പൂർണമായും ആത്മാവിനാൽ പൂരിതമാണ്. രണ്ടാം അധ്യായത്തിൽ വിവരിക്കുന്ന പന്തക്കുസ്താ എന്ന മഹാസംഭവം, പരിശുദ്ധാത്മാവിനെ അടുത്തനുഭവിക്കുന്നതിന് നമ്മെ സജ്ജരാക്കുന്നു. പന്തക്കുസ്തായിൽ നൽകപ്പെടുന്ന ഊർജ്ജപ്രവാഹത്താലാണ് ആദിമസഭ മുന്നോട്ടു നയിക്കപ്പെടുന്നത്. നടപടി പുസ്തകത്തിലെ പരിശുദ്ധാത്മ സാന്നിധ്യത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. നടപടി പുസ്ത

www.malankaralibrary.com

കത്തിൽ പരിശുദ്ധാത്മാവ് എന്ന പദം 57 പ്രാവശ്യം ഉപയോഗിക്കുന്നുണ്ട്. ഇരുപത്തിനാല് പ്രാവശ്യം വിവേചകഭേദകത്തോടുകൂടിയും '(The Holy Spirit)' പതിനേഴ് പ്രാവശ്യം വിവേചകഭേദകം കൂടുതെയും ഒമ്പതുപ്രാവശ്യം വിവേചകഭേദകം ചേർത്ത് ആത്മാവ് (The Spirit) എന്ന മാത്രമായും നാലുപ്രാവശ്യം 'ആത്മാവ്' (Spirit) എന്നുമാത്രവും മൂന്ന് പ്രാവശ്യം കർത്താവിന്റെ ആത്മാവ് (Spirit of the Lord) എന്നും ഉപയോഗിച്ചിരിക്കുന്നു.

**a. പഴയനിയമത്തിലെ പന്തക്കുസ്താ**

'പന്തകോസ്തെ' എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം '50-ാം ദിവസം' എന്നാണ്. പെസഹാതിരുനാളിനു ശേഷമുള്ള 50-ാം ദിവസമാണ് യഥാർത്ഥത്തിൽ പഴിയനിയമ പന്തക്കുസ്താ. വിളവെടുപ്പ് തിരുനാളായ പ്രസ്തുത ദിവസം അവർ പുതിയ ധാന്യങ്ങൾക്കൊണ്ട് കർത്താവിന് ബലിയർപ്പിച്ചിരുന്നു. കർത്താവിന് ആദ്യഫലമായി രണ്ടു പുളിപ്പിച്ച അപ്പവും, ഒരു വയസുള്ള ഏഴ് ചെമ്മരിയാട്ടിൻകുട്ടികളും ഒരു കാളക്കുട്ടിയും രണ്ട് മുട്ടാടുകളും ദഹനബലിയായും ഒരു കോലാട്ടിൻമുട്ടനെ പാപപരിഹാരബലിയായും രണ്ട് ആട്ടിൻകുട്ടികളെ സമാധാന ബലിയായും അർപ്പിച്ചിരുന്നു. കൂടാതെ എല്ലാ ജോലികളിലും നിന്ന് വിരമിച്ച് ഒത്തൊരുമിച്ച് സന്തോഷിച്ചിരുന്നു.

ആഘോഷപൂർവ്വം കാഴ്ചകളുമായി ജറുസലേം ദൈവാലയത്തിലേക്കെത്തുന്ന സംഘത്തെ പുരോഹിതരും ലേവ്യരും ചേർന്ന് സ്വീകരിച്ചിരുന്നു. പുരോഹിതൻ കാഴ്ചകൾ സ്വീകരിക്കുകയും പുതിയ ഗോതമ്പുകൊണ്ടുണ്ടാക്കിയ രണ്ട് അപ്പം കാഴ്ചവയ്ക്കുകയും ചെയ്യുന്നു. എ.ഡി.70-ൽ ദൈവാലയം നശിപ്പിക്കപ്പെട്ടതിന് ശേഷം തീർത്ഥാടനവും ആദ്യഫലസമർപ്പണവും ബലിയർപ്പണങ്ങളും മുടങ്ങി. ഇസ്രായേലിന് സീനായ് മലയിൽ വച്ച് നിയമം നൽകിയതിന്റെ അനുസ്മരണം ഈ തിരുനാളിൽ ഉണ്ടായി.

**b. പഴയനിയമ പന്തക്കുസ്തായും പുതിയനിയമ പന്തക്കുസ്തായും**

പരിശുദ്ധാത്മാവിന്റെ ദിനമായി, പഴയനിയമ പന്തക്കുസ്താദിനം തിരഞ്ഞെടുത്തതിൽ പ്രതീകാത്മക അർത്ഥങ്ങൾ കണ്ടെത്താൻ സാധിക്കും. പഴയനിയമത്തിൽ, പെസഹാതിരുനാളിന്റെ കാഴ്ചകളുടെ പൂർത്തീകരണമാണ് പന്തക്കുസ്താതിരുനാളിലെ അപ്പത്തിന്റെ സമർപ്പണം. ഇതുപോലെ പുതിയനിയമത്തിലിത് പുനരുത്ഥാനത്തിന്റെ പൂർത്തീകരണ

www.malankaralibrary.com

മാണ് പരിശുദ്ധാത്മാവിന്റെ ആഗമനം. യഹൂദപന്തക്കുസ്തായിൽ ക്രൈസ്തവ വിശ്വാസത്തിന്റെ ആദ്യഫലങ്ങളായ മൂവായിരം പേർ പ്രതീകാത്മകമായി നിലകൊള്ളുന്നു. പഴയനിയമം പങ്കുവയ്ക്കുന്ന സന്തോഷത്തിന്റെ ദിനമായിരുന്ന പന്തക്കുസ്താ (നിയ.16:10 f.). പുതിയനിയമത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന അവാച്യമായ ആനന്ദത്തിന്റെ ദിനമാണ്. യഹൂദപന്തക്കുസ്താ സീനായ് മലയിൽ വച്ച് നടത്തിയ നിയമദാനത്തിന്റെ വാർഷികമാണ്. ആ ദിനം ആത്മാവിന്റെ ദിനമായി തിരഞ്ഞെടുത്തതിലൂടെ നിയമത്തേക്കാൾ സർവ്വശ്രേഷ്ഠമാണ് ആത്മാവ് എന്ന സത്യമാണ് വിളിച്ചോതുന്നത്. നിയമദാനം ഇസ്രായേലിനെ പുരോഹിത രാജ്യവും വിശുദ്ധജനമാക്കിയെങ്കിൽ (പുറ.19:6) പരിശുദ്ധാത്മാവിന്റെ ആഗമനം, പുതിയ ഇസ്രായേലായ സഭയെ രൂപപ്പെടുത്തുന്നു (1 പത്രോ.2:6-9). യഹൂദ പന്തക്കുസ്തായിൽ യഹൂദരെല്ലാവരും ജറുസലേമിൽ സമ്മേളിച്ചിരുന്നതുപോലെ, പുതിയനിയമപന്തക്കുസ്തായും വലിയ പുരുഷാരത്തിന്റെ പശ്ചാത്തലത്തിലാണ് സംഭവിക്കുന്നത്.

### c. പന്തക്കുസ്തായിൽ സംഭവിച്ചത്?

#### 1. ഒരു ശബ്ദം

അപ്പസ്തോലന്മാരും പരി. മറിയവും ഗലീലയിൽ നിന്നുള്ള സ്ത്രീകളും യേശുവിന്റെ ചാർച്ചക്കാരും പ്രാർത്ഥനാനിമഗ്നരായിരുന്നപ്പോൾ കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ശബ്ദം ആകാശത്തുനിന്നുണ്ടായി (അപ്പ. പ്രവ. 2:2). പഴയനിയമത്തിൽ പലയിടങ്ങളിലും കാറ്റ് ദൈവസാന്നിധ്യത്തിന്റെ അടയാളമാണ് (1 രാജാ.19:11, ജോബ്.38:1) ഏശയ്യായുടെ സ്വർഗ്ഗീയ ദർശനത്തിൽ മാലാഖമാരുടെ ശബ്ദഘോഷത്താൽ പൂമുഖത്തിന്റെ അടിസ്ഥാനങ്ങൾ ഇളകുന്നതായി നാം വായിക്കുന്നു (ഏശ.6:1-5). ഇവിടെ ശബ്ദം അദൃശ്യനായ ആത്മാവിന്റെ സാന്നിധ്യവും ശക്തിയും വിളിച്ചോതുന്നു.

#### 2. അഗ്നിജ്വാലകൾപോലുള്ള നാവുകൾ

കേൾവി കാഴ്ചകൊണ്ടു പൂർത്തിയാക്കപ്പെടുന്നു. അഗ്നി, പഴയനിയമത്തിലെ ദൈവസാന്നിധ്യ സൂചകമാണ് (പുറ.3:2 f; 19:18; ഏശ.29:6; 30:27 f). ഇവിടെ ദൃശ്യമായ രീതിയിൽ ആത്മാവ്, നാവിന്റെ രൂപത്തിലുള്ള അഗ്നിജ്വാലകളായി അവരിൽ ആവസിക്കുന്നു. “കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ശബ്ദം”, “അഗ്നി ജ്വാലകൾ പോലുള്ള നാവു

www.malankaralibrary.com

കൾ" ഇവയിലെ 'പോലുള്ള' എന്ന പ്രയോഗം ശ്രദ്ധേയമാണ്. വർണ്ണനാതീതമായ ദൈവീകാനുഭവങ്ങളെ മാനുഷികരീതിയിൽ അവതരിപ്പിക്കുന്നതിലെ പരിമിതിയാണ് ലൂക്കാ പറയാതെ പറയുന്നത്.

**3. വിവിധ ഭാഷകളിൽ സംസാരിക്കുന്നു**

'ഗ്ലോസ്സേ ലല്ലെയിൻ' (Speak in tongues) എന്നതിന്റെ അർത്ഥം ഭാഷാവരത്തോടെ സംസാരിക്കുക എന്നതാണ്. പ്രാർത്ഥനയിൽ ആഴപ്പെടുമ്പോൾ മനുഷ്യൻ ആത്മാവിന്റെ ഭാഷയിൽ സംസാരിക്കുന്നു (2 കോറി.12:2 f; 1 കോറി.13:1; അപ്പ.പ്രവ.2:11). ആത്മാവിന്റെ നിറവും ദൈവസംസർഗവുമാണ് ഇത് സൂചിപ്പിക്കുന്നത്.

പന്തക്കുസ്താ തിരുനാളിൽ മാത്രം സംഭവിച്ച ഒന്നല്ല ആത്മാവിന്റെ ദാനം. അത് സഭയിൽ കർത്താവിന്റെ രണ്ടാമത്തെ വരവുവരെ തുടരും. അപ്പസ്തോല പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവ് വർഷിക്കപ്പെടുന്ന അനേകം സംഭവങ്ങൾ വിവരിക്കുന്നുണ്ട്. ദൈവവചനം പൂർണധൈര്യത്തോടെ പ്രസംഗിക്കാനുള്ള അനുഗ്രഹത്തിനായി വിശ്വാസികൾ പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങുകയും അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരാവുകയും ചെയ്തു (4:30-31). ശ്ലീഹന്മാരുടെ കൈവയ്പ്പിലൂടെ സമരിയാക്കാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു (8:15-18). പത്രോസ് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ വിജാതീയരുടെമേൽ പരിശുദ്ധാത്മാവ് വന്നു (10:44 f). യോഹന്നാന്റെ സ്നാനം സ്വീകരിച്ച എഫേസോസിലെ ശിഷ്യന്മാരുടെമേൽ പൗലോസ് കൈവച്ച് പ്രാർത്ഥിച്ചപ്പോൾ അവരുടെമേൽ പരിശുദ്ധാത്മാവ് വരികയും അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു (19:1-7). കല്ലെറിഞ്ഞു കൊല്ലപ്പെടാൻ പോകുന്ന സ്തേഫാനോസിൽ പരിശുദ്ധാത്മാവ് നിറഞ്ഞു (7:55). ആത്മാവ് പിലിപ്പോസിനോട് പറയുന്നു: "ആ രഥത്തെ സമീപിച്ച്, അതിനോട് ചേർന്നുനടക്കുക" (8:29). പ്രവാചകനായ ഹാഗാബോസ് പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി പ്രവചിക്കുന്നു (11:28). പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ട ബർണബാസും സാവൂളും സെലൂക്യയിലേക്കും സൈപ്രസിലേക്കും പോകുന്നു (13:4). ജറുസലേം സുന്നഹദോസിന്റെ തീരുമാനങ്ങളെ നയിച്ചത് പരിശുദ്ധാത്മാവാണ് എന്ന് വളരെ വ്യക്തം: "താഴെപറയുന്ന അത്യാവശ്യകാര്യങ്ങളെക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെമേൽ ചുമത്താതിരിക്കുന്നതാണ് നല്ലതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി" (15:28). ആത്മാവിന്റെ പ്രേര

www.malankaralibrary.com

ണയനുസരിച്ച് പൗലോസ് ജറുസലേമിലേക്ക് പോകാൻ തീരുമാനിക്കുന്നു (19:21). 4:13; 4:30–31; 13:9; 11:24; 10:19; 11:12 തുടങ്ങിയ ഭാഗങ്ങളെല്ലാം സൂചിപ്പിക്കുന്നത് ആത്മാവിന്റെ സഭയിലുള്ള പ്രവർത്തനങ്ങളാണ്.

**പരിശുദ്ധാത്മാവ് പൗലോസിന്റെ വീക്ഷണത്തിൽ**

ആത്മാവിനെ സൂചിപ്പിക്കുന്ന 'പ്ന്യൂമാ' എന്ന പദം 163 പ്രാവശ്യം പൗലോസിന്റെ ലേഖനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. പ്ന്യൂമാ എന്ന പദം മൂന്ന് അർത്ഥതലങ്ങളിലാണ് ഉപയോഗിച്ചുകാണുന്നത്.

1. മനുഷ്യനെ സ്വാധീനിക്കാൻ കഴിവുള്ള തിന്മയുടെ അരൂപികളെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിച്ചിരിക്കുന്നു (എഫേ.2:2; 1 തിമോ.4:1).
2. മനുഷ്യാത്മാവിനെ സൂചിപ്പിക്കാൻ 'പ്ന്യൂമാ' എന്ന പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. "മനുഷ്യന്റെ അന്തർഗതങ്ങൾ അവന്റെ ആത്മാവല്ലാതെ മറ്റാരാണറിയുക? (1 കോറി.2:11).
3. മനുഷ്യനിലുള്ള ദൈവിക ജീവനെ സൂചിപ്പിക്കാനും ഇതേപദം ഉപയോഗിക്കുന്നു. 'വിശ്വാസചൈതന്യം' (2കോറി.4:13), 'പുത്രസ്വീകാര്യത്തിന്റെ ആത്മാവ്' എന്നീ പദങ്ങളെല്ലാം മനുഷ്യനിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെയാണ് സൂചിപ്പിക്കുന്നത്.

പരിശുദ്ധാത്മാവുമായി ബന്ധപ്പെടുത്തി മൂന്ന് രൂപകങ്ങൾ വി. പൗലോസ് ഉപയോഗിച്ചിരിക്കുന്നു.

**1. അച്ചാരം (Down payment) :** നിത്യജീവന്റെ അച്ചാരമായി മൂന്നിടങ്ങളിൽ പരിശുദ്ധാത്മാവിനെ അവതരിപ്പിച്ചിരിക്കുന്നു (2 കോറി.1:21–22; 5:5; എഫേ.1:14).

**2. ആദ്യഫലം (First fruit) :** പരിശുദ്ധാത്മാവിൽ നാം ദൈവത്തിന്റെ മക്കളായി ദത്തെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും, അത് പൂർണമാകുന്നത് നമ്മുടെ ശരീരങ്ങൾകൂടി വീണ്ടെടുക്കപ്പെടുമ്പോഴാണ്. "ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു" (റോമാ 8:23).

**3. മുദ്ര (Seal) :** പരിശുദ്ധാത്മാവാകുന്ന മുദ്രയിട്ടുകൊണ്ടാണ് ദൈവം തന്റെ പ്രിയപ്പെട്ടവരെ സ്വന്തമാക്കിയിരിക്കുന്നത് (2കോറി.1:21–22; എഫേ.1:13; 4:30)

www.malankaralibrary.com

**പൗലോസിന്റെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെ ഇപ്രകാരം ഉപസംഹരിക്കാം.**

**1. പരിശുദ്ധാത്മാവ് വിശ്വാസത്തിന്റെ ആധാരം :** നടപടി പുസ്തകം പരിശുദ്ധാത്മാവിനെ വചനപ്രഘോഷണത്തിന്റെ ഊർജ്ജമായി അവതരിപ്പിക്കുമ്പോൾ, പൗലോസ് ശ്രദ്ധചെലുത്തുന്നത് വചനപ്രഘോഷണത്തിന്റെ ആന്തരിക ഘടകങ്ങളെയാണ്. അതായത് വചനപ്രഘോഷണത്തിന്റെ ഫലങ്ങളെയും അത് കേൾവിക്കാരിൽ ഉണർത്തുന്ന ആന്തരിക പ്രചോദനങ്ങളുമാണ്. 1 തെസ.1:5-6 ൽ പൗലോസ് ശ്ലീഹാ പരിശുദ്ധാത്മാവിലുള്ള വചനപ്രഘോഷണവും വെറും വാക്കാലുള്ള വചനപ്രഘോഷണവും വേർതിരിച്ച് കാണിക്കുന്നുണ്ട്. ഇതിന്റെ വെളിച്ചത്തിൽ "വിശ്വാസത്തിന്റെ അരൂപി" എന്നുള്ള 2 കോറി.4:13 ലെ പൗലോസിന്റെ പ്രയോഗത്തെ മനസ്സിലാക്കാവുന്നതാണ്.

**2. പരിശുദ്ധാത്മാവ് നവജീവിതത്തിന്റെ ചാലകശക്തി**

ക്രിസ്തുവിലുള്ള നവജീവിതത്തിന്റെ ആധാരമായി പൗലോശ്ലീഹാ പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുന്നു. മാമ്മോദീസായിലൂടെയാണ് ഒരുവൻ യേശുക്രിസ്തുവിലുള്ള നവജീവിതത്തിന് അർഹനാക്കുന്നത്. 2 കോറി.3:17-ൽ ഉയിർപ്പിക്കപ്പെട്ട ക്രിസ്തുവിനെ ആത്മാവായി പൗലോസ് ശ്ലീഹാ ചിത്രീകരിക്കുന്നുണ്ട്. അതായത്, ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനമായ ക്രിസ്തുവിന്റെ ഉയിർപ്പിനെ പരിശുദ്ധാത്മാവുമായി ബന്ധിപ്പിക്കുന്നതിലൂടെ ക്രൈസ്തവ ജീവിതത്തിന്റെ ചാലകശക്തി പരിശുദ്ധാത്മാവാണെന്ന് പൗലോസ് ശ്ലീഹാ സമർത്ഥിക്കുന്നു. യേശുവിന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും അവൻ നമുക്ക് നേടിത്തന്ന ദൈവപുത്രസ്ഥാനമാണ് പരിശുദ്ധാത്മാവിലുള്ള ജീവിതത്തിന്റെ മഹത്തായ സൗഭാഗ്യമായി പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് (ഗലാ.4:6; റോമ.8:9-16; 1കോറി.12:3).

**3. ഒരേ ആത്മാവും വിവിധ ദാനങ്ങളും**

വ്യത്യസ്തങ്ങളായ ദാനങ്ങളാണ് ഓരോ വിശ്വാസിക്കും ഒരേ പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്നത്. ഈ ആശയമാണ് 1 കോറി.12:4 ശ്ലീഹാ പങ്കുവയ്ക്കുന്നത്: "ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ". സഭയെ പരിപോഷിപ്പിക്കുക എന്ന ദൗത്യം നിർവഹിക്കുന്നില്ലെങ്കിൽ വ്യത്യസ്തങ്ങളായ ഈ ദാനങ്ങൾ നിർജ്ജീവമാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com

### 4. യുഗാന്ത്യവുമായി പരിശുദ്ധാത്മാവിനുള്ള ബന്ധം

യുഗാന്ത്യത്തിൽ യേശുക്രിസ്തുവിന്റ മഹത്വത്തിൽ നാം ഭാഗഭാക്കാകുന്നതുവരെ ആ അവകാശത്തിന് ക്രിസ്തു നമുക്ക് നൽകുന്ന അച്ചാരമാണ് പരിശുദ്ധാത്മാവ് (എഫേ.1:14). പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ നമ്മുടെ അനുദിന ജീവിതത്തിൽ ചൊരിയപ്പെടുന്ന ദൈവസ്നേഹം ഈ പ്രത്യാശയുടെ പ്രതിഫലനമാണ്. യുഗാന്ത്യത്തിൽ സംഭവിക്കുന്ന ആത്മീയ ശരീരത്തിലേക്കുള്ള വിശ്വാസിയുടെ രൂപാന്തരീകരണത്തിന് അവനെ ശക്തിപ്പെടുത്തുന്നതും വഴിനടത്തുന്നതും അവനിൽ കുടികൊള്ളുന്ന പരിശുദ്ധാത്മാവാണ്.

### 5. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം

പരിശുദ്ധാത്മാവിനെക്കുറിച്ച് പറയുമ്പോഴെല്ലാം പൗലോസ് ശ്ലീഹാ നൽകുക, സാക്ഷ്യം നൽകുക, സഹായിക്കുക, ആഗ്രഹിക്കുക, തുറന്നുപറയുക, ദാനങ്ങൾ നൽകുക തുടങ്ങിയ ക്രിയകൾ ഉപയോഗിച്ചിരിക്കുന്നു (റോമ.8:16, 26; 1 തിമോ.4:1; 1 കോറി.2:10; 12:4 ff). ഒരു വ്യക്തിക്ക് മാത്രം ചെയ്യാനാകുന്ന കാര്യങ്ങളാണിവ. പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ് എന്ന വസ്തുത, പൗലോസ് ഗ്രഹിച്ചിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. ഗലാ.4:4 മുതലുള്ള വാക്യങ്ങൾ വിലയിരുത്തുമ്പോഴും ഇത് വ്യക്തമാണ്. പുത്രനേയും ആത്മാവിനേയും അയയ്ക്കുന്ന ദൈവവും, ദൈവത്താൽ അയയ്ക്കപ്പെടുന്ന പുത്രനും ആത്മാവും. അയയ്ക്കപ്പെടുന്നവരുടെ ധർമ്മങ്ങൾ തമ്മിലുള്ള വ്യത്യാസം പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നു. പുത്രൻ നമ്മെ ദൈവത്തിന്റെ പുത്രന്മാരായി ദത്തെടുത്തു. ആത്മാവാകട്ടെ, ദൈവത്തിന്റെ പുത്രന്മാരെ, ദൈവത്തെ ആബ്ബാ പിതാവേ എന്ന് വിളിക്കാൻ പ്രാപ്തരാക്കുന്നു. 'കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ" (2 കോറി.13:13) എന്ന ആശീർവാദത്തിലും, പരിശുദ്ധ ത്രിത്വത്തിലെ 3 പേരുടേയും ദൈവികവ്യക്തിത്വം പൗലോസ് വ്യക്തമാക്കുന്നു.

www.malankaralibrary.com

# 3

# പരിശുദ്ധാത്മാവ് – വി. ഗ്രന്ഥ പരാമർശങ്ങൾ

ദൈവാത്മാവിനെ സംബന്ധിച്ചുള്ള വേദപുസ്തക സൂചനകളെ രണ്ടുവിഭാഗങ്ങളായി തിരിക്കാം. പഴയ നിയമത്തിലുള്ള പരാമർശങ്ങളെന്നും പുതിയ നിയമത്തിലുള്ള സൂചനകളെന്നും. പഴയനിയമത്തിൽ ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെപ്പറ്റിയാണ് ഏറെ പരാമർശിക്കുന്നതെങ്കിൽ പുതിയ നിയമത്തിൽ വെളിപ്പെടുത്തപ്പെട്ട പരി. ആത്മാവിനെ നമുക്ക് കാണാം. പെന്തിക്കുസ്താ ദിവസത്തിലാണ് ഇത് പൂർണ്ണമായും സംഭവിക്കുന്നത്. ക്രിസ്തുസംഭവത്തിന്റെ വെളിച്ചത്തിൽ പഴയ നിയമം വിശകലനവിധേയമാക്കുമ്പോൾ അതിന്റെ പല സൂചനകളും പരി. ത്രിതത്തിലെ മൂന്നാമത്തെ ആളായ ദൈവാത്മാവിനെപ്പറ്റിയുള്ളതാണെന്ന് നമുക്ക് വ്യക്തമാകും. പുതിയ നിയമത്തിൽതന്നെ വിവിധ ഗ്രന്ഥങ്ങളിൽ ദൈവത്തിന്റെ അരൂപിയെ സമീപിച്ചിരിക്കുന്ന രീതിയിൽ വ്യത്യാസമുണ്ട്. ഇവയെപ്പറ്റി നമുക്ക് ഈ അധ്യായത്തിൽ വിശകലനം ചെയ്യാം.

**1. ദൈവാത്മാവ് പഴയനിയമത്തിൽ**

പഴയനിയമത്തിൽ പലയിടങ്ങളിലായി അരൂപിയുടെ ദൈവീകതയെപ്പറ്റിയും ദൈവീകപ്രവൃത്തികളുടെ ഉറവിടമായ ദൈവാത്മാവിനെപ്പറ്റിയും മിശിഹായെ അഭിഷേചിക്കുന്നവനായ കർത്താവിന്റെ

www.malankaralibrary.com

ആത്മാവിനെപ്പറ്റിയും നമുക്ക് കാണാം. അതോടൊപ്പംതന്നെ പരി.ആത്മാവും ഇസ്രായേലും, ദൈവാത്മാവും മനുഷ്യരും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും പരാമർശിച്ചിരിക്കുന്നു. എന്നാൽ ഇവയുമായി ബന്ധപ്പെട്ടവചനം അതിന്റെ പൊതുവായ പശ്ചാത്തലത്തിൽ വായിക്കുമ്പോഴേ പൂർണ്ണമായ ആശയം നമുക്ക് വ്യക്തമാവൂ.

അരൂപയുടെ ദൈവികത നമുക്ക് വ്യക്തമാകുന്നത് ദൈവികത്വം സൂചിപ്പിക്കുന്ന അവിടുത്തെ നാമങ്ങൾ വഴിയാണ്. അരൂപിയെ ദൈവത്തിന്റെ ആത്മാവായി ഉൽപത്തി 1:2; പുറ.31:3; ജോഷ്വ 27:3; 33:4; എസെ. 11:24 എന്നിവിടങ്ങളിലും, കർത്താവായ ദൈവത്തിന്റെ ആത്മാവായി ഏശയ്യ 61:1 ലും നമുക്ക് കാണാം. പരി. ആത്മാവിനെ കർത്താവിന്റെ ആത്മാവായി ന്യായ.3:10; 6:34; 11:29; 13:25; 14:6,19; 15:14; 1സമു.10:6; 16:13-14; 2 സമു.23:2; 1രാജ 18:12; 22:24; 2രാജ 2:16; 1ദിന.18:23; 20:14; ഏശ.11:2; 40:7,13; 59:19; 63:14; എസെ.11:5; 37:1 എന്നിവിടങ്ങളിലും ആത്മാവായി സങ്കീ.143:10 ലും അവതരിപ്പിക്കുന്നു.

ദൈവിക ശില്പസാമർത്ഥ്യം, പ്രവാചകത്വം, വിമോചക ശക്തി, ഭരണകർത്താവ് തുടങ്ങിയ നിലയിലുള്ള ദൈവീക പ്രവർത്തികളുടെ ഉറവിടമായി പഴയനിയമത്തിൽ ദൈവാത്മാവിനെ പലയിടങ്ങളിലും നമുക്ക് കാണാം. ദൈവാത്മാവിന്റെ ശില്പ സാമർത്ഥ്യത്തെപ്പറ്റി പുറ.28:3; 31:3; 35:3 എന്നിവിടങ്ങളിലും, പ്രവാചകത്വത്തെപ്പറ്റി സംഖ്യ. 11:17, 25-29, 24:2; 27:18; നിമയ.34:9; സുഭാ.1:23; ഏശ. 34:16; 48:16; 59:21; എസെക്കി. 2:2; 3:12, 14, 24; 8:3; 11:15, 19,24; ജോയേൽ 2:28-29; മിക്കാ. 3:8, സംഖ്യ 4:6, 7:12 എന്നിവിടങ്ങളിലും നമുക്ക് ദർശിക്കാം. ദൈവാത്മാവിനെ വിമോചകശക്തിയായി ന്യായ. 3:10; 6:34; 11:29; 13:25; 14:6,9; 15:14; 1 ദിന.12:18 തുടങ്ങിയ വചനഭാഗങ്ങൾ അവതരിപ്പിക്കുമ്പോൾ 1 സാമു. 16:13 ഭരണകർത്താവായി അവതരിപ്പിക്കുന്നു.

പഴയ നിയമം പരി. ആത്മാവിനെ നൽകുന്ന വിശേഷണം മിശിഹായെ അഭിഷേചിക്കുന്നവൻ എന്നാണ്. ഏശയ്യ.11:2; 42:1; 53:19; 61:1; എസെ.36:26-27; 39:29 എന്നിവിടങ്ങളിൽ നമുക്ക് കാണാം.

പരി. ആത്മാവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെപ്പറ്റി വളരെ വ്യക്തമായി ഏശയ്യ 30:1; 32:15; 44:3; 59:21; 63:10, 11, 14; സങ്കീ.106:33; എസെ.11:19; മിഖ.3:8; ഹഗ്ഗ.2:5; സംഖ്യ. 2:10; മലാ.2:15 തുടങ്ങിയ പുസ്തകങ്ങൾ അവതരിപ്പിക്കുമ്പോൾ ദൈവാത്മാവും മനുഷ്യരും തമ്മിലുള്ള ബന്ധം ജോബിന്റെ പുസ്തകത്തിലും, ഉൽപത്തിയിലും, സങ്കീർത്തന

www.malankaralibrary.com

ങ്ങളിലും നമുക്കു കാണാം. സൃഷ്ടിക്കുന്നവനായ ദൈവാത്മാവിനെ ജോബ് 33:4 ലും കുറ്റപ്പെടുത്തുന്നവൻ എന്ന നിലയിൽ ഉല്പ.6:3 ലും, ഉള്ളിൽ വസിക്കുന്നവനായ ദൈവാത്മാവിനെ സങ്കീ.51:11-12 ലും നാം വായിക്കുന്നു.

**2. ദൈവാത്മാവ് പുതിയനിയമത്തിൽ**

പുതിയനിയമത്തിൽ സമാന്തര സുവിശേഷങ്ങളിലും, യോഹന്നാന്റെ സുവിശേഷത്തിലും പരി. ആത്മാവിനെ അവതരിപ്പിക്കുന്നത് വ്യത്യസ്ത വീക്ഷണകോണിൽ നിന്നാണ്. സമാന്തരസുവിശേഷങ്ങളിൽ അധികവും യേശുവുമായുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് പരി. ആത്മാവിനെ നാം കാണുക. അതിൽ നിന്നും വ്യത്യസ്തമാണ് യോഹന്നാന്റെ സുവിശേഷവും, വി. പൗലോസിന്റെ ലേഖനങ്ങളും. കാതോലിക ലേഖനങ്ങളും പരി. ആത്മാവിനെ അവതരിപ്പിക്കുന്നത്. ഇവയെപ്പറ്റി നമുക്കു ഇനിയുള്ള ഭാഗങ്ങളിൽ വിശകലനം ചെയ്യാം.

**പരി. ആത്മാവ് സമാന്തര സുവിശേഷങ്ങളിൽ**

സമാന്തര സുവിശേഷങ്ങളിൽ പരി. ആത്മാവിന്റെ ദൈവത്വത്തെ ഊന്നിപ്പറയുന്നത് പരി. ത്രിത്വത്തിലുള്ള സ്ഥാനവുമായി ബന്ധപ്പെട്ടാണ്. മത്താ.28:19-20 വാക്യങ്ങളിൽ പ്രേഷിത ദൗത്യം നൽകലിൽ പിതാവിനോടും പുത്രനോടുമൊപ്പമുള്ള മൂന്നാമത്തെ വ്യക്തിയായി പരി. ആത്മാവിനെ കുറിക്കുന്നു. പരി. ആത്മാവിനെ അത്യുന്നതന്റെ ശക്തിയായി ലൂക്കാ. 1:35 ഉം, 'നിങ്ങളുടെ പിതാവിന്റെ അരൂപിയായി'' മത്താ.10:20 ഉം അവതരിപ്പിക്കുന്നു. മത്തായി. 12:32, മർക്കോ.3:29; ലൂക്കാ.12:10 എന്നിവിടങ്ങളിൽ പരാമർശിക്കുന്ന പരി. ആത്മാവിനെതിരായ പാപം അവന്റെ ദൈവത്വത്തിന്റെ പ്രാധാന്യത്തെ എടുത്തു കാട്ടുന്നതാണ്.

പരി. ആത്മാവിന്റെ വ്യക്തിത്വത്തെ അവതരിപ്പിക്കുന്നത് പരി. ആത്മാവ് നിർവഹിക്കുന്ന പ്രവർത്തികളുടെ പശ്ചാത്തലത്തിലാണ്. നയിക്കുന്നവനായ പരി. ആത്മാവിനെ മത്താ.4:1; ലൂക്കാ.4:1ഉം പ്രസരിപ്പിക്കുന്നവനായ പരി. ആത്മാവിനെ മർക്കോ.1:2 ഉം, സംസാരിക്കുന്ന പരി. ആത്മാവിനെ മത്താ.10:20, മർക്കോ.13:11 എന്നിവിടങ്ങളിലും പഠിപ്പിക്കുന്ന പരി. ആത്മാവിനെ ലൂക്കാ.12:29 അവതരിപ്പിക്കുന്നു.

പരി. ആത്മാവും യേശുവും തമ്മിലുള്ള ബന്ധം, യേശുവിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളിലുള്ള പരി. ആത്മാവിന്റെ

www.malankaralibrary.com

സാന്നിധ്യത്തിൽ നിന്നും വ്യക്തമാകുന്നതാണ്. കന്യകയിൽ നിന്നുള്ള യേശുവിന്റെ ജനനത്തിൽ പരി. ആത്മാവിന്റെ പങ്കിനെ മത്താ.1:18-20; ലൂക്ക. 1:35 വ്യക്തമാക്കുമ്പോൾ യേശുവിന്റെ ദൗത്യനിർവ്വഹണത്തിനു മുന്നോടിയായി അഭിഷേകം ചെയ്യുന്ന പരി. ആത്മാവിനെ ലൂക്കാ. 4:18 അവതരിപ്പിക്കുന്നു. യേശുവിന്റെ മാമ്മോദീസാ സമയത്ത് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവരുന്ന പരി. ആത്മാവിനെ മത്താ.3:16, മർക്കോ.1:10; ലൂക്കാ.3:22 തുടങ്ങിയ വചനഭാഗത്ത് നാം കാണുന്നു. പരസ്യജീവിതത്തിന് മുന്നോടിയായി യേശുവിനെ മരുഭൂമിയിലേക്കാ നയിക്കുന്ന പരി. ആത്മാവാണ് മത്താ.4:1 ലും, മർക്കോ.1:12ലും, ലൂക്കാ.4:1 ലും നാം ദർശിക്കുന്നത്. തുടർന്നുള്ള പരസ്യ ജീവിതകാ ലത്ത് അവിടുത്തെ ദൗത്യത്തിനായി ശക്തിപ്പെടുത്തുന്ന പരി. ആത്മ വിന്റെ ചിത്രം മത്താ.12:18,28; ലൂക്കാ.4:14,18; 10:21 തുടങ്ങിയ വചനഭാഗ ങ്ങൾ നമ്മുടെ മുൻപിൽ വരച്ചുകാട്ടുന്നു.

പരി. ആത്മാവും വി. ലിഖിതവും തമ്മിലുള്ള ബന്ധത്തെപ്പറ്റി നമുക്ക് വ്യക്തമാകുന്നത്, മിശിഹായെ ക്കുറിച്ചെഴുതാൻ ദാവീദിനെ പ്രേരിപ്പിക്കുന്ന പരി. ആത്മാവിന്റെ ചിത്രത്തിലൂടെയാണ്. മർക്കോ.12:36ലും മത്താ.22:43ലും നമുക്കിത് കാണാം.

പരി. ആത്മാവും വിശ്വാസികളും തമ്മിലുള്ള ബന്ധം നാം മന സ്സിലാക്കുന്നത് പുതിയനിയമത്തിലെ ചില വ്യക്തികളുടെ ജീവിതത്തി ലിടപെടുന്ന പരി. ആത്മാവിലൂടെയാണ്. എലിസബത്തിന്റെ ജീവിത ത്തിൽ ഇടപെടുന്ന പരി.ആത്മാവിനെ ലൂക്കാ.1:41 ലും സ്നാപകയോ ഹന്നാന്റെ ജീവിതത്തിൽ ഇടപെടുന്ന പരി.അഅത്മാവിനെ ലൂക്കാ.1:5 ലും സഖറിയായുടെ ജീവിതത്തിലെ പരി. ആത്മ ഇടപെടൽ ലൂക്കാ.1:67 ലും ശെമയോന്റെ ജീവിതത്തിലുള്ള ഇടപെടൽ ലൂക്കാ.2:25-27ലും നമുക്കു കൂടുതൽ വ്യക്തമാകും. ഒപ്പംതന്നെ സാക്ഷ്യനൽകാൻ പഠി പ്പിക്കുന്ന പരി. ആത്മാവിനെ ലൂക്കാ.12:12ലും നാം വായിക്കുന്നു.

### 3. പരിശുദ്ധാത്മാവ് യോഹന്നാന്റെ രചനകളിൽ

യോഹന്നാന്റെ സുവിശേഷവും, അദ്ദേഹത്തിന്റെ പേരിൽ അറി യപ്പെടുന്ന മൂന്ന് ലേഖനങ്ങളും, വെളിപാടുപുസ്തകവും അടങ്ങുന്ന താണ് യോഹന്നാന്റെ രചനകൾ. സുവിശേഷത്തിൽ പരി. ആത്മാവി നെപ്പറ്റി വ്യക്തമായി പ്രതിപാദിക്കുന്നത് അന്ത്യത്താഴം കഴിഞ്ഞുള്ള യേശുവിന്റെ പ്രഭാഷണത്തിലാണ്. അതിനാൽതന്നെ 14-16 വരെയുള്ള അധ്യായങ്ങൾ പ്രത്യേകമായ സ്ഥാനം സുവിശേഷത്തിലുണ്ട്.

www.malankaralibrary.com

അന്ത്യ പ്രഭാഷണത്തിനു പുറമേ ആത്മാവിന്റെ ദൈവത്വത്തെപ്പറ്റിയും, ആത്മവിന്റെ വ്യക്തിത്വത്തെപ്പറ്റിയും ആത്മാവും യേശുവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും, അരൂപിയും സഭയും, അരൂപിയും ക്രിസ്തു ശിഷ്യനും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും നമുക്ക് ഇപ്പോൾ പരിശോധിക്കാം.

ആത്മാവിന്റെ ദൈവത്വത്തെപ്പറ്റി നമുക്ക് വ്യക്തമായി മനസ്സിലാകുന്നത് ആത്മാവിന് നൽകിയിരിക്കുന്ന വ്യത്യസ്ത പേരുകളിലൂടെയാണ്. 1യോഹ.4:2 ൽ ദൈവത്തിന്റെ ആത്മാവെന്നും, 1യോഹ.4:6 (5:7)ൽ സത്യത്തിന്റെ ആത്മാവെന്നും; 1യോഹ.2:20ൽ പരിശുദ്ധനായവനിൽ നിന്നുള്ള അഭിഷേകമെന്നും പരി.ആത്മാവിനെ വിളിക്കുമ്പോൾ യോഹ.7:39 ൽ പരി.ആത്മാവിനെ ആത്മാവെന്ന് വിളിക്കുന്നു.

ആത്മാവിന്റെ വ്യക്തിത്വം നാം ദർശിക്കുന്നത് ആത്മാവിന്റെ വ്യത്യസ്ത ദൗത്യത്തിലൂടെയാണ്. സാക്ഷ്യം നൽകുന്ന ആത്മാവായി 1യോഹ.4:2; 5:7 തുടങ്ങിയവ അവതരിപ്പിക്കുമ്പോൾ സംസാരിക്കുന്ന ആത്മാവിനെ വെളി.2:7; 14:13; 22:17 എന്നിവിടങ്ങളിൽ നാം കാണുന്നു.

യേശുവും ആത്മാവും തമ്മിലുള്ള ബന്ധത്തെപ്പറ്റി നമുക്ക് വ്യത്യസ്ത സ്ഥലങ്ങളിൽ കാണാം. യേശു മിശിഹായാണെന്ന് പരി. ആത്മാവ് സാക്ഷ്യപ്പെടുത്തുന്നതായി യോഹ.1:32-33 ൽ നാം വായിക്കുന്നു. അളവില്ലാതെയാണ് യേശുവിന് അരൂപി നൽകപ്പെട്ടതെന്ന് യോഹ.3:34 ൽ പരാമർശിക്കുമ്പോൾ, യേശുവിന്റെ ജോലിയുടെ പൂർത്തീകരണമായി ആത്മാവ് നൽകപ്പെടുന്നതിനെ യോഹ.7:39 സാക്ഷിക്കുന്നു. യേശു അരൂപിയിൽ സ്നാനം നൽകുന്നു എന്ന് യോഹ.1:33 ലും, മനുഷ്യാവതാര സത്യം അവിടുന്ന് പ്രഘോഷിക്കുന്നു എന്ന് 1യോഹ.4:2; 5:8 ലും നാം കാണുന്നു.

യേശുവിന്റെ സന്ദേശം ആത്മാവ് സഭകൾക്കു നൽകുന്നതായ വെളിപാട് 2:7, 11, 17, 29; 3:6, 13, 22 എന്നിവിടങ്ങളിലും സഭയുടെ പ്രതീക്ഷ കാത്തുസൂക്ഷിക്കുന്നതായി വെളി.22:17 ലും നമുക്കു കാണാം.

ആത്മാവും ക്രിസ്തു ശിഷ്യനും തമ്മിലുള്ള ബന്ധത്തെ വളരെ മനോഹരമായി യോഹന്നാന്റെ രചനകളിൽ നാം കാണുന്നു. ആത്മാവിനെ വീണ്ടും ജനിക്കുന്നതിന് പിന്നിലുള്ള ദൈവികശക്തിയായി യോഹ.3:5-8ലും, വിശ്വാസികൾക്ക് ലഭിക്കുന്ന ദൈവത്തിന്റെ ദാനമായി യോഹ.7:39, 1യോഹ.3:24; 4:13 ലും വിശ്വാസികൾക്ക് ലഭിക്കുന്ന ലേപനമായി യോഹ. 20:22, 1 യോഹ.2:20, 27 ലും, ചില കാര്യങ്ങളിൽ നയി

www.malankaralibrary.com

ക്കുന്നയാൾ എന്നനിലയിൽ വെളി.4:2; 17:3 എന്നിവിടങ്ങളിലും നാം ദർശിക്കുന്നു.

പരി. ആത്മാവിനെ സംബന്ധിച്ച് ഏറ്റം സമഗ്രമായ പ്രതിപാദനം വി. ലിഖിതത്തിൽ നാം കാണുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ അന്ത്യഅത്താഴത്തിനുശേഷം യേശു നടത്തുന്ന പ്രഭാഷണത്തിലാണ്. കർത്താവിന്റെതന്നെ പഠിപ്പിക്കലിന്റെ ഭാഗമായതുകൊണ്ട് ഇതിന് പ്രത്യേക പ്രാധാന്യമുണ്ട്. ഈ ലോകംവിട്ട് തന്റെ പിതാവിന്റെ പക്കലേക്ക് യാത്രയാകുന്നതിനു മുൻപ് യേശു തന്റെ ശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും, തന്റെ അസാന്നിധ്യത്തിലും എങ്ങനെയാണ് താൻ തുടങ്ങിവച്ച കാര്യങ്ങൾ മുമ്പോട്ടുപോവുകയെന്ന് പഠിപ്പിക്കുകയുമാണിവിടെ. പരിശുദ്ധാത്മാവ് എന്ന വ്യക്തിയെക്കുറിച്ചും, പരി. ആത്മാവ് ചെയ്യുന്ന കാര്യങ്ങളെപ്പറ്റിയുമാണ് പ്രാധാനമായും നാം കാണുന്നത്.

പരി. ആത്മാവിന്റെ ദൈവത്വം ഊട്ടിയുറപ്പിക്കുന്നതിനായി പിതാവിൽ നിന്നും പുറപ്പെടുന്നവനാണ് പരി. ആത്മാവെന്ന് യോഹ.15:26 ഉം പിതാവിനാലും, പുത്രനാലും അയക്കപ്പെടുന്നവനാണെന്ന് യോഹ.16:13-14ഉം അവതരിപ്പിക്കുന്നു.

യേശുവിനോടുള്ള ബന്ധം കാണിക്കുന്നതിനായി പരി. ആത്മാവിനെ യേശുവിന്റെ പ്രതിപുരുഷനായി 14:17ലും യേശുവിന് സാക്ഷിയായി 15:26ലും യേശുവിന്റെ വചനവും, ഇഷ്ടവും വെളിപ്പെടുത്തുന്നയാളായി 16:14-15, 26 ലും യേശുവിനെ മഹത്വപ്പെടുത്തുന്നവനായി 16:13 ലും അവിടുത്തെ സർവ്വജ്ഞതയായി 14:17ലും അവിടുത്തെ നിത്യത്വമായി 14:16ലും യോഹന്നാൻ പ്രതിപാദിക്കുന്നു.

"പ്നെവുമാ" (അരൂപി) എന്ന നപുംസക നാമത്തെ സൂചിപ്പിക്കാൻ "എകെയിനോസ്" (അവൻ) എന്ന സർവ്വനാമം പുരുഷശബ്ദത്തിൽ ഉപയോഗിച്ചിരിക്കുന്നു. "എകെയ്നോസ്" ചെയ്യുക പഠിപ്പിക്കുകയും, നയിക്കുകയും, ഓർമ്മപ്പെടുത്തുകയും, സാക്ഷ്യപ്പെടുത്തുകയും, ആശ്വസിപ്പിക്കുകയുമാണ് ഇവയെപ്പറ്റി നമുക്ക് 14:26; 15:26; 16:8; 13, 14 എന്നിവടങ്ങളിൽ കാണാം.

പരി. ആത്മാവിനെ പ്രധാനമായും പാറേക്ലേത്ത, സത്യത്തിന്റെ ആത്മാവ്, സഹായകനായ പരി.ആത്മാവ് തുടങ്ങിയ നാമങ്ങളിലാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്. പരി. ആത്മാവിനെ പാറേക്ലേത്തയായി 14:16, 26; 15:26; 16:7 എന്നിവടങ്ങളിൽ നമുക്ക് കാണാം. പാറേക്ലേത്താ എന്നതിന്റെ അർത്ഥം ആശ്വസിപ്പിക്കുന്നവൻ,

www.malankaralibrary.com

സഹായകൻ, ഉപദേശകൻ എന്നെല്ലാമാണ്. സത്യത്തിന്റെ ആത്മാവായി പരി. ആത്മാവിനെ 14:17; 15:26; 16:13 എന്നിവിടങ്ങളിൽ അവതരിപ്പിക്കുമ്പോൾ സഹായകനായ പരി. ആത്മാവായി 14:26 ൽ നാം ദർശിക്കുന്നു.

പരി. ആത്മാവ് ചെയ്യുന്ന കാര്യങ്ങൾ പ്രധാനമായും ശിഷ്യന്മാർ, വി. ലിഖിതം, ലോകം തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ്. പരി. ആത്മാവ് ശിഷ്യരിൽ വ്യക്തിപരമായി വസിക്കുന്നു എന്ന് 14:17 ലും അവരെ ആശ്വസിപ്പിക്കുന്നു എന്ന് 14:18ലും, സൗഖ്യം നൽകാൻ സഹായിക്കുന്നു എന്ന് 15:27 ലും, എല്ലാ സത്യത്തിലേക്കും നയിക്കുന്നു എന്ന് 16:13ലും അവരെ ഭാവികാര്യങ്ങൾ അറിയിക്കുന്നു എന്ന് 16:13-13ലും അവരെ എല്ലാ കാര്യങ്ങളും പഠിപ്പിക്കുന്നു എന്ന് 14:26ലും മനുഷ്യനായി അവതരിച്ച യേശുവിനേക്കാൾ കൂടുതൽ വലിയകാര്യങ്ങൾ ചെയ്യുന്നു എന്ന് 14:12ലും നാം കാണുന്നു.

പരി.ആത്മാവാണ് യേശു പറഞ്ഞ കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നതെന്ന് 14:26 ഉം, വരാനിരിക്കുന്ന കാര്യങ്ങൾ അറിയിക്കുന്നതെന്ന് 16:13 ഉം പൂർണ്ണ സത്യത്തിലേക്ക് നയിക്കുന്നതെന്ന് 16:12 ഉം, രേഖപ്പെടുത്തുന്നു.

ലോകവുമായ ബന്ധത്തിൽ പരി.ആത്മാവിനെ ലോകത്തിന് സ്വീകരിക്കാനോ മനസ്സിലാക്കാനോ, സാധിക്കാത്തവനായി 14:17 ലും, പാപത്തെയും, ന്യായവിധിയേയും, നീതിയേയും കുറിച്ച് ലോകത്തെ കുറ്റപ്പെടുത്തുന്നവനായി 16:8-11 ലും പരാമർശിക്കുന്നു.

**6. പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ നടപടിപുസ്തകത്തിൽ**

ശ്ലീഹന്മാരുടെ നടപടിപുസ്തകത്തെ "പരി. ആത്മാവിന്റെ നടപടി പുസ്തകം" എന്നും വിളിക്കാറുണ്ട്. പരി.ആത്മാവിന്റെ പ്രവൃത്തിയെ വളരെ മനോഹരമായി ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. സഭാസമൂഹം ഉദ്ഘാടനം ചെയ്യപ്പെടുന്ന വേളയിലും (പന്തക്കുസ്താ) അതിന്റെ വളർച്ചയിലും ലോകത്തിന്റെ മുന്നിലുള്ള സാക്ഷ്യത്തിലുമെല്ലാം പരി. ആത്മാവ് വ്യക്തിപരമായും, ശക്തിയോടുകൂടിയും സന്നിഹിതനാണ്. ഇവിടെയും പരി. ആത്മാവ് എന്ന വ്യക്തിയെക്കുറിച്ചും, പരി. ആത്മാവിന്റെ പ്രവർത്തികളെക്കുറിച്ചും വേറിട്ട് മനസ്സിലാക്കാം.

പരി. ആത്മാവിന്റെ ദൈവത്വത്തെ മനസ്സിലാക്കാൻ സഹായിക്കുന്നതാണ് അപ്പ.പ്രവർത്തനങ്ങൾ 5:3-4 വാക്യങ്ങൾ. ഇവിടെ പരി.

www.malankaralibrary.com

ആത്മാവിനോട് കള്ളം പറയുന്നത് ദൈവത്തോട് കള്ളം പറയുന്നതിനോട് തുല്യമായി പരാമർശിക്കുന്നു. ഒപ്പംതന്നെ "പ്നെവുമാ ഹാഗിയോൻ" (പരി.ആത്മാവ്) എന്ന പ്രയോഗം നടപടി പുസ്തകത്തിൽ 42 തവണ ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിനും ദൈവീകതലത്തിലുമുള്ള കാര്യങ്ങൾക്കാണ് 'ഹാഗിയോസ്/ഹാഗിയോൻ' എന്ന പദം ഉപയോഗിക്കുന്നത്.

പരി. ആത്മാവിന്റെ വ്യക്തിത്വത്തെ വ്യക്തമാക്കാൻ പരി. ആത്മാവിനെ സാക്ഷ്യം നൽകുന്നവനായി 5:32, 20:23 ലും ആശ്വസിപ്പിക്കുന്നവനായി 9:31ലും സംസാരിക്കുന്നവനായി 8:29; 10:19; 13:2; 21:11 ലും നിയമിക്കുന്നവനായി 20:28ലും അവതരിപ്പിച്ചിരിക്കുന്നു. ഒപ്പംതന്നെ മനുഷ്യർക്ക് അവിടുത്തോട് കള്ളം പറയാൻ കഴിയും എന്ന് 5:3 ഉം അവിടുത്തെ പരിക്ഷിക്കാൻ കഴിയും എന്ന് 5:9 ഉം അവിടുത്തോട് മല്ലടിക്കാൻ കഴിയും എന്ന് 7:51 ഉം വ്യക്തമാക്കുന്നു.

പരി.ആത്മാവിന്റെ പ്രവർത്തികളെ യേശുവുമായി ബന്ധപ്പെട്ടവ, അപ്പസ്തോലന്മാരോടു ബന്ധപ്പെട്ടവ, സഭയോട് ബന്ധപ്പെട്ടവ, വി. ലിഖിതവുമായി ബന്ധപ്പെട്ടവ, വ്യക്തികളുമായി ബന്ധപ്പെട്ടവ എന്നിങ്ങനെ നമുക്ക് വേറിട്ട് മനസ്സിലാക്കാം. പരി. ആത്മാവ് യേശുവിന്റെ അരൂപിയാണെന്ന് 16:7 ഉം യേശു പിതാവിൽ നിന്നും പരി. ആത്മാവിന്റെ വാഗ്ദാനം സ്വീകരിക്കുകയും അവിടുത്തെ നൽകുകയും ചെയ്യുന്നു എന്ന് 2:33 ഉം യേശു അപ്പസ്തോലന്മാർക്ക് പരി. ആത്മാവിലൂടെ കല്പന നൽകുന്നുവെന്നു 1:2 ഉം വരച്ചുകാട്ടുന്നു.

പരി. ആത്മാവാണ് അപ്പസ്തോലന്മാരുടെ സാക്ഷ്യത്തെ ശക്തിപ്പെടുത്തുന്നതെന്ന് 1:8; 2:4; 4:31 ലും അവരെ സേവനത്തിന് തയ്യാറാക്കുന്നതെന്ന് 2:4; 4:8,3; 6:3, 5, 10; 7:55; 11:24; 13:9 ലും നാം കാണുന്നു. അതേസമയം തന്നെ ചിലപ്രവർത്തികളെ നയിക്കുകയും ചിലതിനെ തടയുകയും ചെയ്യുന്നത് പരി. ആത്മാവാണെന്ന് 13:2-4; 8:39; 11:28; 21:4; 16:6-7 തുടങ്ങിയവ പങ്കുവയ്ക്കുമ്പോൾ അവരുടെ പ്രസംഗത്തെ ഉറപ്പിക്കുന്ന ദൈവത്തിന്റെ ആത്മാവാണെന്ന് 10:44-47; 11:15 തുടങ്ങിയ വചനഭാഗങ്ങൾ നമുക്ക് കാണിച്ചുതരുന്നു.

സഭയെ, അവളുടെ മിഷൻ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് പരി. ആത്മാവാണെന്ന് 13:2; 16:6 തുടങ്ങിയവയും, അവൾക്ക് ജ്ഞാനവും, ഗ്രഹണശക്തിയും നൽകുന്നു എന്ന് 15:8,28 ഉം അവൾക്ക് നേതാക്കന്മാരെ നിയമിക്കുന്നു എന്ന് 20:28 ഉം അവളെ ആശ്വസിപ്പിക്കുന്നു എന്ന് 9:31 ഉം നമ്മുടെ മുൻപിൽ സമർത്ഥിക്കുന്നു.

www.malankaralibrary.com

വി. ലിഖിതവുമായി ബന്ധപ്പെടുത്തി പരി. ആത്മാവിനെപ്പറ്റി പരാമർശിക്കുമ്പോൾ, പഴയനിയമത്തിലൂടെ പരി. ആത്മാവ് സംസാരിക്കുന്നതായി 1:16; 28:25 ലും വി. ലിഖിതത്തിൽ പരി. ആത്മാവിനെപ്പറ്റി മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നതായി 2:17-18 ലും നമുക്കു കാണാം.

നടപടിപുസ്തകത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവാനുഭവങ്ങൾ വ്യത്യസ്തങ്ങളാണ്. തന്മൂലം, നിയതമായ ഒരു രീതി പരി. ആത്മാവിന്റെ ആവാസകാര്യത്തിൽ ദൃശ്യമല്ല. ചിലർക്ക് പരി. ആത്മാവിനെ ലഭിക്കുന്നത് ജലം കൊണ്ടുള്ള മാമ്മോദീസായ്ക്ക് മുൻപാണ്. ചിലർക്കാകട്ട അതിനുശേഷവും ചിലയവസരങ്ങളിൽ അപ്പസ്തോലന്മാരുടെ കൈവയ്പ്പുമായി ബന്ധപ്പെട്ടാണ് പരി. ആത്മാവ് നൽകപ്പെടുന്നത്. പരി.ആത്മാവ് ഒരു ദാനമായി വ്യക്തികൾക്ക് നൽകപ്പെടുന്നു എന്ന് 2:38; 8:15, 17; 10:45 തുടങ്ങിയ വചനഭാഗങ്ങളിൽ നാം കാണുന്നു.

**1. പരി. ആത്മാവ് വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ**

ഇവിടെ പൗലോസ് ശ്ലീഹായുടെ വലിയ ലേഖനങ്ങളും, കാരാഗൃഹവാസകാലത്തെ കത്തുകളും തമ്മിൽ പരി. ആത്മാവിനെപ്പറ്റിയുള്ള പ്രതിപാദനത്തിൽ വ്യത്യാസങ്ങളുണ്ട്. അതിനാൽ അവയെ വ്യത്യസ്തമായി ഇവിടെ വിശകലനം ചെയ്യാം.

റോമാക്കാർക്കുള്ള കത്തിൽ പരി. ആത്മാവിന്റെ കാര്യത്തിൽ കുറച്ചുകാര്യങ്ങളേ ശ്ലീഹാ പറയുന്നുള്ളൂ. നീതീകരണമാണ് ലേഖനത്തിലെ മുഖ്യപ്രമേയം. പരി. ആത്മാവാണ് ഒരാളെ നീതികരിക്കുന്നത് അതുപോലെ വ്യക്തിയെ വിശുദ്ധീകരിക്കുന്നതും ദൈവാത്മാവാണ്.

പരി. ആത്മാവ് ദൈവമാണെന്ന് വ്യക്തമായി ഒരിടത്തും പരാമർശിക്കുന്നില്ലെങ്കിലും, ആത്മാവിന് നൽകപ്പെട്ടിരിക്കുന്ന നാമങ്ങളിലും വിശേഷണങ്ങളിലും ഈ സത്യമാണ് പ്രഘോഷിക്കപ്പെടുക. പരി. ആത്മാവിനെ ദൈവത്തിന്റെ അരൂപിയായും (8:9,14) മിശിഹായുടെ അരൂപിയായും (8:9), മിശിഹായെ ഉയിർപ്പിച്ചവന്റെ അരൂപിയായും (8:11), ജീവന്റെ ആത്മാവായും (8:2), പുത്രസ്വീകാര്യത്തിന്റെ ആത്മാവായും (8:15), പരിശുദ്ധിയുടെ ആത്മാവായും (1:4) സർവ്വോപരി പരി. ആത്മാവായും (5:5; 14:17; 15:13, 16) അവതരിപ്പിച്ചതിലൂടെ ഈ ദൈവത്വമാണ് വെളിവാക്കപ്പെടുക. പരി. ആത്മാവിന്റെ വ്യക്തിത്വം വരച്ചുകാട്ടുവാൻ ആത്മാവിന്റെ സ്നേഹത്തെ 15:30ലും ആത്മാവ് സ്വാതന്ത്ര്യം നൽകു

www.malankaralibrary.com

ന്നവനായി 8:2ലും നയിക്കുന്നവനായി 8:14 ലും സാക്ഷ്യം നൽകുന്നവനായി 8:16 ലും സഹായിക്കുന്നവനായി 8:26ലും മാദ്ധ്യസ്ഥ്യം വഹിക്കുന്നവനായി 8:23 ലും അവതരിപ്പിച്ചിരിക്കുന്നു.

യേശുവിന്റെ കാര്യത്തിൽ ദൈവാരൂപി ചെയ്യുന്ന ശുശ്രൂഷയാണ് പൗലോസ് ശ്ലീഹാ റോമാക്കാർക്കുള്ള തന്റെ കത്തിൽ പ്രാധാന്യം കൊടുത്ത് പറഞ്ഞിരിക്കുന്നത്. വ്യത്യസ്ത തലങ്ങളിലാണ് ഇത് നടക്കുക. രക്ഷയുടെയും, പുത്രത്വത്തിന്റെയും, വിശുദ്ധീകരണത്തിന്റെയും, സേവനത്തിന്റെയും തലങ്ങളാണ് ഇവിടെ പ്രധാനമായും ചിന്തിക്കുക.

പരി. ആത്മാവ് രക്ഷയുടെ അടയാളമാണെന്ന് 8:9ലും, രക്ഷയുടെ ഉറപ്പാണെന്ന് 8:16ലും ആദ്യഫലമാണെന്ന് 8:23 ലും, ജീവന്റെ നാഥനാണെന്ന് 8:2ലും ആന്തരീകമായി കുടികൊള്ളുന്നവനാണവിടുന്നെന്ന് 8:9, 11 ലും അവിടുന്ന് വിശ്വാസിയുടെ നീതികരണം ഉറപ്പാക്കുന്നെന്ന് 5:5 ലും നമുക്ക് കാണാം.

പരി. ആത്മാവിനെ പുത്രസ്വീകാര്യത്തിന്റെ മുദ്രയായി 8:14 ലും പുത്രരാണെന്നതിന്റെ സാക്ഷ്യമായി 8:16ലും, പുത്രരാണെന്നതിന്റെ തെളിവായി 8:14ലും പുത്രരാണെന്നതിന്റെ ഉറപ്പായി 8:15 ലും നാം കാണുന്നു.

പരി. ആത്മാവ് ഒരുവനെ പാപത്തിൽ നിന്ന് മോചിപ്പിക്കുന്നെന്നും (8:2), ദൈവത്തിന്റെ വഴിയിൽ നടത്തുന്നെന്നും (8:4, 14), ഒരുവനെ ആത്മസംയമനത്തിന് സഹായിക്കുന്നെന്നും (8:13) പ്രാർത്ഥനയിലും (8:26) ആത്മീയ കാര്യങ്ങളിൽ വ്യാപരിക്കുന്നതിലും (8:5-6) സഹായിക്കുന്നെന്നും ഈ ലേഖനം നമുക്ക് മുൻപിൽ വരച്ചുകാട്ടുന്നു.

ആത്മാവിന്റെ ദാനങ്ങൾ സേവനത്തിന് വേണ്ടിയാണ് (അപ്പ.12). ഒരുവന്റെ സേവനത്തെ വിശുദ്ധീകരിക്കുന്നത് പരി. ആത്മാവാണ് (റോമ.15:16).

കോറിന്തോസിലെ സഭയിലുണ്ടായിരുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ പരി. ആത്മാവിനെപ്പറ്റിയുള്ള വ്യക്തമായ പഠിപ്പിക്കലുകൾ ആവശ്യമാണെന്ന് പൗലോസിന് ബോധ്യപ്പെട്ടതിനാൽ അരൂപിയുടെ വ്യക്തിത്വത്തെയും പ്രവർത്തനങ്ങളെയുംപറ്റി വിശദമായ സൂചനകൾ ഈ ലേഖനത്തിൽ കാണാം.

പരി. ആത്മാവിന്റെ ദൈവത്വത്തെ അടിവരയിടുന്നതിനായി ദൈവമെന്നനിലയിൽ അവിടുത്തെ സർവ്വജ്ഞതയെയും (1കോറി.2:10) ദൈവത്തെപ്പറ്റിയുള്ള അവിടുത്തെ അറിവിനെയും (1കോറി.2:11) ലേഖ

www.malankaralibrary.com

നഭാഗത്ത് നമുക്ക് ദർശിക്കാം. പരി. ആത്മാവിനെ നാഥനും, ആത്മാവുമായും (2കോറി.3:17-18), ജീവിക്കുന്ന ദൈവത്തിന്റെ അരൂപിയായും (2 കോറി.3:3) പരി. ആത്മാവായും (1കോറി.6:19; 2കോറി.6:6), ദൈവത്തിന്റെ അരൂപിയായും (1കോറി. 2:11; 2:14; 3:16; 6:11; 7:40) വിശ്വാസത്തിന്റെ അരൂപിയായും (2കോറി.4:13), പിതാവിനോടും പുത്രനോടുമൊപ്പം വസിക്കുന്നവനായും (2കോറി.13:14), ദാനങ്ങൾ വർഷിക്കുന്നതിൽ പിതാവിനോടും, പുത്രനോടുമൊപ്പമുള്ള പങ്കാളിയായും (1കോറി.12:4-6) അവതരിപ്പിച്ചിരിക്കുന്നു.

പരി. ആത്മാവിന്റെ വ്യക്തിത്വത്തെ ഊന്നിപ്പറയുവാൻ അവിടുത്തെ അറിവിനെ (1കോറി.2:11 ലും, അഭീഷ്ടത്തെ 1കോറി.1:11ലും വരച്ചുകാട്ടുന്നു. ഒപ്പംതന്നെ അവിടുന്ന് മനുഷ്യനെ പരിശോധിക്കുന്നവനാണെന്നും (1കോറി.2:10), ദാനങ്ങൾ വർഷിക്കുന്നവനാണെന്നും (1 കോറി.12:7-11) മനുഷ്യരെ പഠിപ്പിക്കുന്നവനാണെന്നും (1കോറി.2:13) മനുഷ്യരുടെ ഹൃദയങ്ങളിൽ അവിടുന്ന് എഴുതുന്നെന്നും (2കോറി.3:3) വ്യക്തിപരമായി ആത്മാവിന്റെ പ്രവർത്തികൾ കുറിക്കാൻ സൂചിപ്പിക്കുന്നു.

പരി. ആത്മാവിന്റെ ശുശ്രൂഷകളെ യേശുവിനോടും, സഭയോടും, യേശു ശിഷ്യരോടും ബന്ധപ്പെടുത്തി നമുക്ക് മനസ്സിലാക്കാം. പരി. ആത്മാവ് യേശുവിന്റെ കർതൃത്വത്തെ സാക്ഷ്യപ്പെടുത്തുന്നെന്ന് 1കോറി.12:3 ൽ നാം കാണുന്നു. സഭയുമായി ബന്ധപ്പെടുത്തി, സഭാശരീരത്തിന്റെ ശുശ്രൂഷയ്ക്കായി ദാനങ്ങൾ അവിടുന്ന് നൽകുന്നെന്ന് 1കോറി.12:4-11 ലും സഭയുമായി ഒന്നിക്കാൻ സഹായിക്കുന്നെന്ന് 1കോറി.12:13 ലും, ആത്മീയസ്വാതന്ത്ര്യം നൽകുന്നെന്നന്ന് 2കോറി.3:17 ലും നാം കാണുന്നു. യേശുശിഷ്യന്റെ ജീവിതത്തിൽ പരി. ആത്മാവ് നൽകപ്പെടുന്നതിനെപ്പറ്റി 1കോറി.2:12, 2കോറി.11:4 എന്നിവിടങ്ങളിലും, അവനിൽ വസിക്കുന്നതിനെപ്പറ്റി 1കോറി.6:19ലും അവനിൽ ദാനങ്ങൾ ചൊരിയുന്നതിനെപ്പറ്റി 1കോറി.12:17 ലും, അവനിൽ മുദ്രപതിക്കുന്നതിനെപ്പറ്റി 2കോറി.1:22 ലും, ഒരുവനെ രൂപാന്തരപ്പെടുത്തുന്നതിനെക്കുറിച്ച് 3:3, 18 ലും മനുഷ്യനെ അവന്റെ പാതയിൽ നിലനിർത്തുന്നതിനെക്കുറിച്ച് 2 കോറി.12:8 ലും ഒരുവനെ സേവനത്തിന് തയ്യാറാക്കുന്നതിനെക്കുറിച്ച് 2കോറി.6:6ലും പരാമർശിച്ചിരിക്കുന്നു.

ഗലാത്തിയ സഭയിൽ നിലവിലിരുന്ന വലിയൊരു അബദ്ധസിദ്ധാന്തമായ “നിയമത്തിന്റെ പ്രവർത്തികൾ വഴിയാണ് ഒരുവൻ നീതീകരിക്കപ്പെടുന്നത്” എന്നത് പൊളിക്കുക എന്നതായിരുന്നു വി.

www.malankaralibrary.com

പൗലോസ് തന്റെ ലേഖനത്തിലൂടെ ലക്ഷ്യം വച്ചത്. നിയമത്തിന്റെ പ്രവർത്തിയുടെ സ്ഥാനത്ത് വിശ്വാസവും അതിന്റെ ഫലമായുള്ള അരൂപിയുടെ പ്രവർത്തനങ്ങളും ശ്ലീഹാ ഇതിൽ വിശദീകരിക്കുന്നു.

ദൈവീക സത്തയോടുള്ള പരി. ആത്മാവിന്റെ ബന്ധത്തെ വിവിധ രീതിയിൽ ഈ ലേഖനത്തിൽ വിവരിക്കുന്നു. ആത്മാവ് ദൈവത്താൽ അയക്കപ്പെടുന്നെന്ന് 4:6 ൽ നാം വായിക്കുന്നു. ഒപ്പംതന്നെ പരി. ആത്മാവ് ദൈവപുത്രന്റെ ആത്മാവാണെന്ന് ഇതേവാക്യത്തിൽ നാം കാണുന്നു. പരി. ആത്മാവിനെ വീണ്ടും ജനിക്കാൻ സഹായിക്കുന്നയാളായി 3:2ലും 5:25ലും അവതരിപ്പിക്കുമ്പോൾ പ്രവർത്തികൾ വഴിയല്ല, വിശ്വാസത്താലത്രെ ആത്മാവിനെ ലഭിക്കുകയെന്ന് 3:2,14 വാക്യങ്ങളിൽ നാം കാണുന്നു. പരി. ആത്മാവ് ശക്തിനൽകുന്നെന്നും (3:5, 5:25) വിശ്വസിക്കുന്നവനെ നേർവഴി നടത്തുന്നെന്നും (5:18) ശരീരത്തിന്റെ പാപകരമായ പ്രവൃത്തികളെ പ്രതിരോധിക്കുന്നെന്നും (5:17) ഈ ലേഖനത്തിൽ നമുക്ക് കാണാം.

അപ്പസ്തോല പ്രവർത്തനങ്ങളിലെ സൂചനകളിൽ നിന്നും എഫേസൂസിലെ ക്രൈസ്തവർക്ക് പരി. ആത്മാവിനെ സംബന്ധിച്ച അറിവുണ്ടായിരുന്നെന്ന് ഗ്രഹിക്കാവുന്നതാണ് (അപ്പ.19:1–7). എഫേസോസിലെ സഭയിലെ മൂപ്പന്മാരെ പരി. ആത്മാവുതന്നെ നിയോഗിച്ചതാണെന്ന് പൗലോസ് അംഗീകരിക്കുന്നുണ്ട് (അപ്പ.20:28). അവിടെ നിലനിന്നിരുന്ന പ്രവചന വരവും അരൂപി സംബന്ധമായ ആചാരങ്ങളും, പരി. ആത്മാവിനെപ്പറ്റിയുള്ള പഠിപ്പിക്കലുകൾ നൽകാൻ പൗലോസ് ശ്ലീഹായ്ക്ക് വേദിയൊരുക്കി (അപ്പ.19:13–17).

പരി. ആത്മാവിന്റെ ദൈവത്വം രണ്ടുവിധത്തിലാണ് പൗലോസ് ശ്ലീഹാ സ്പഷ്ടമാക്കിയത്. ആത്മാവിനോടുകൂടി "പരിശുദ്ധ" എന്ന വിശേഷണം ഉപയോഗിക്കുകയെന്ന ഒരു രീതി, ഇത് 1:13; 4:30 എന്നിവിടങ്ങളിൽ നമുക്ക് കാണാം. രണ്ടാമതായി പരി. ആത്മാവിനെ എപ്പോഴും ബന്ധപ്പെടുത്തുക പിതാവിനോടും പുത്രനോടുമാണ്. പിതാവിലേക്ക് ഒരാൾ വരിക പുത്രനിലൂടെയും പരി. ആത്മാവിലുമാണെന്ന് 2:18ൽ പറയുന്നു. സഭയെന്നാൽ ദൈവപിതാവിന് പുത്രനിൽ പരി. ആത്മാവിലൂടെയുള്ള ഒരു വിശുദ്ധാലയമാണ് (2:22).

ദുഃഖം എന്ന വ്യക്തിപരമായ വികാരം പരി. ആത്മാവിൽ ആരോപിക്കപ്പെടുന്നതിൽ നിന്നും അവിടുത്തെ വ്യക്തിത്വം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു (4:30). കൂടാതെ 2:18; 3:15, 16 എന്നിവയും അരൂപിയുടെ വ്യക്തിത്വത്തെ സൂചിപ്പിക്കുന്ന പരാമർശങ്ങളാണ്.

www.malankaralibrary.com

പരി. ആത്മാവിന്റെ പ്രവർത്തനങ്ങൾ നമുക്ക് എഫേസൂസ് ലേഖനത്തിൽ കാണാനാവുക യേശുശിഷ്യനോട് ബന്ധപ്പെട്ടാണ്. പരി. ആത്മാവ് രക്ഷയുടെ മുദ്രയായും (1:13) അവകാശത്തിന്റെ അച്ചാരമായും (1:14) വ്യക്തിപരമായ സ്നേഹിതനായും (4:30), ജീവിത പ്രശ്നങ്ങളിൽ ശക്തിയായും (3:16), ആദ്ധ്യാത്മിക വിജയത്തിനുള്ള ശക്തിയായും (5:18), പ്രതിസന്ധികളിൽ ബലമായും (6:17), എല്ലാവരേയും യോജിപ്പിക്കുന്നവനായും (2:18), സഭയിൽ വസിക്കുന്നവനായും (2:21-22), ഐക്യം സൃഷ്ടിക്കുന്നവനായും (4:3) ഈ ലേഖനത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു.

ഇനിയുള്ള ഭാഗത്ത് പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്കും, കൊളോസോസുകാർക്കും, തെസലോനിയകാർക്കും, തിമോത്തിയോസിനും, തീത്തോസിനും എഴുതിയ ലേഖനങ്ങളിൽ പരി. ആത്മാവിനെപ്പറ്റി പ്രതിപാദിക്കുന്ന കാര്യങ്ങൾ ചർച്ചചെയ്യാം. അവിടുത്തെ ദൈവത്വം ഊന്നിപ്പറയുന്ന വിധത്തിൽ 'പരി. ആത്മാവായി" 1 തെസലോനിക്ക 1:5; 2തിമോ.1:14; തീത്തോ. 3:5 എന്നിവിടങ്ങളിൽ പരാമർശിക്കപ്പെടുമ്പോൾ യേശുക്രിസ്തുവിന്റെ ആത്മാവായി പരി. ആത്മാവിനെ ഫിലി.1:19 ൽ അവതരിപ്പിച്ചിരിക്കുന്നു. വ്യക്തിപരമായ പ്രവർത്തനം വിശകലനം ചെയ്യുമ്പോൾ ആത്മാവ് സംസാരിക്കുന്നവനായി 1തിമോ.4:1 ലും, വീണ്ടും ജനിക്കാൻ സഹായിക്കുന്നവനായി 1 തെസ.1:5; തീത്തോ.3:5ലും ദൈവത്തിന്റെ ദാനമായി 1തെസ.4:8; 2തിമേ1:14; തീത്തോ.3:6 എന്നിവിടങ്ങളിലും നമുക്ക് കാണാം. കൂടാതെ ഫിലി.1:19 ശക്തിയുടെ ഉറവിടമായും, ഫിലി.2:1, കൊളോ.1:8, 1തെസ.1:6 എന്നിവിടങ്ങളിൽ കൂട്ടായ്മയുടെയും, സ്നേഹത്തിന്റെയും, സന്തോഷത്തിന്റെയും ഉറവിടമായി പരി. ആത്മാവിനെ അവതരിപ്പിച്ചിരിക്കുന്നു. കൂടാതെ അവിടുത്തെ പ്രാർത്ഥിക്കാൻ സഹായിക്കുന്നവനായും (ഫിലി.3:3), വിശുദ്ധീകരണം നേടിത്തരുന്നവനായും (2തെസ.2:13) പരാമർശിക്കുന്നു.

വിശുദ്ധ ലിഖിതവുമായി ബന്ധപ്പെടുത്തിയാണ് പരി. ആത്മാവിന്റെ പ്രവർത്തനങ്ങൾക്ക് ഹെബ്രായർക്കുള്ള ലേഖനത്തിലും, കാതോലിക ലേഖനങ്ങളിലും ഊന്നൽ കൊടുത്തിട്ടുള്ളത്. പരി. ആത്മാവിനെ ഈ ലിഖിതങ്ങളുടെ കർത്താവും വ്യാഖ്യാതാവുമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

www.malankaralibrary.com

പരി. ആത്മാവിന്റെ ദൈവത്വം സൂചിപ്പിക്കാൻ നിത്യനായ അരൂപി (ഹെബ്രാ.9:14), പരി. ആത്മാവ് (ഹെബ്രാ.2:4; 3:7; 9:8; 10:15; 1പത്രോ.1:12; 2പത്രോ.1:21; യൂദാ 20) മഹത്വത്തിന്റെ അരൂപി, ദൈവാരൂപി (1പത്രോ.4:14; പ്രസാദവരത്തിന്റെ ആത്മാവ് (ഹെബ്രാ.10:29) എന്നീ പേരുകളാണ് നൽകുക. ''സ്വർഗ്ഗത്തിൽ നിന്നും അയക്കപ്പെട്ട അരൂപി' എന്ന പ്രയോഗവും പരി. ആത്മാവിന്റെ ദൈവത്വമാണ് സൂചിപ്പിക്കുക (1പത്രോ.1:12). അതുപോലെതന്നെ പരി. ആത്മാവിനെ പിതാവും, പുത്രനുമായി ബന്ധപ്പെടുത്തിയിരിക്കുന്നു (1പത്രോ.1:1-2).

പരി. ആത്മാവിന്റെ വ്യക്തിത്വം വ്യക്തമായി നമുക്ക് മനസ്സിലാവുക വ്യക്തിപരമായ അവിടുത്തെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സൂചനകളിൽ നിന്നുമാണ്. പരി. ആത്മാവിനെ സാക്ഷ്യപ്പെടുത്തുന്നവനായും (ഹെബ്രാ.10:15; 1പത്രോ.1:11) സംസാരിക്കുന്നവനായും (ഹെബ്രാ.3:7), പഠിപ്പിക്കുന്നവനായും (ഹെബ്രാ.9:8) നമുക്ക് ഈ ലേഖനങ്ങളിൽ കാണാം.

പരി. ആത്മാവ് ചെയ്യുന്ന ശുശ്രൂഷ പ്രധാനമായും നാലുതലങ്ങളിൽ നിന്നുമാണ് നമുക്ക് വ്യക്തമാവുക. യേശുവിനോട് ബന്ധപ്പെട്ടവ, വി. ലിഖിതവുമായി ബന്ധപ്പെട്ടവ, അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവ, യേശു ശിഷ്യനുമായി ബന്ധപ്പെട്ടവയാണ് ഈ നാലുതലങ്ങൾ. പരി. ആത്മാവിനെ മിശിഹായുടെ അരൂപിയായി 1പത്രോസ് 1:11 ൽ നാം കാണുന്നു. ഒപ്പംതന്നെ യേശുവിന്റെ ഉത്ഥാനത്തിലും, ജലപ്രളയത്തിന് മുമ്പ് ജീവിച്ചിരുന്ന തലമുറയോട് പ്രസംഗിക്കുന്നതിലും, ആത്മാവ് ബന്ധപ്പെട്ടിരിക്കുന്നു (1പത്രോസ് 1:11). രണ്ടാമതായി വി. ലിഖിതം വഴി അവിടുന്ന് സംസാരിക്കുന്നതായി ഹെബ്രാ. 3:7; 10:5 എന്നിവിടങ്ങളിൽ നാം കാണുന്നു. ഒപ്പം തന്നെ പഴയനിയമ പ്രവാചകരിൽ അവിടുന്ന് വസിച്ചിരുന്നു എന്ന് 1 പത്രോസ് 1:11 ലും, വേദപുസ്തകം എഴുതാൻ അവിടുന്ന് വ്യക്തികൾക്ക് പ്രചോദനം നൽകിയതായി 2 പത്രോസ് 1:21 ലും, പഴയനിയമാചാരങ്ങളെ അവിടുന്ന് വ്യാഖ്യാനിക്കുന്നതായി ഹെബ്രാ.9:8ലും നാം കാണുന്നു. മൂന്നാമതായി പരി. ആത്മാവ്, തന്റെ ദാനങ്ങൾവഴി അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളെ ഉറപ്പിക്കുന്നതായി ഹെബ്രാ.2:4 ലും, അവരുടെ പ്രസംഗങ്ങളെ ശക്തിപ്പെടുത്തുന്നതായി 1 പത്രോസ് 1:12 ലും നാം വായിക്കുന്നു. നാലാമതായി പരി. ആത്മാവ് യേശു ശിഷ്യനിൽ കുടികൊള്ളുന്നു എന്ന് ഹെബ്രാ.6:4; യാക്കോബ് 4:5; 1പത്രോ. 4:14; യൂദാ 19 എന്നീ വചനഭാ

www.malankaralibrary.com

ഗത്ത് നാം കാണുന്നു. ഒപ്പംതന്നെ പരി. ആത്മാവ് തിരഞ്ഞെടുക്കപ്പെട്ടവരെ വിശുദ്ധീകരിക്കുന്നതായും (1പത്രോസ് 1:2) സത്യത്തോടുള്ള അനുസരണം പ്രോത്സാഹിപ്പിക്കുന്നതായും (1പത്രോസ് 1:22) പ്രാർത്ഥനയിൽ താങ്ങായിത്തീരുന്നതായും (യൂദാ.20) നമുക്ക് ദർശിക്കാം.

ചുരുക്കിപ്പറഞ്ഞാൽ ബൈബിളിന്റെ ആരംഭം മുതൽ അവസാനംവരെ പരി. ആത്മാവിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പുതിയനിയമത്തിലെ പന്തക്കുസ്താ പരി. ആത്മാവിന്റെ വരവും, ശക്തിയും, പ്രത്യേകമാംവിധം എടുത്തുകാട്ടുന്നു. പഴയ ഉടമ്പടി കല്പലകമേൽ എഴുതപ്പെട്ടതായിരുന്നുവെങ്കിൽ ജനഹൃദയങ്ങളിൽ ലിഖിതമായ പുതിയ ഉടമ്പടിസ്താപിതമായത് പെന്തക്കുസ്തായിലാണ്. ഉത്ഥിതനായ ക്രിസ്തുവിനെ നാം ഇപ്പോൾ അനുഭവിച്ചറിയുക, ഈ പരി. ആത്മാവിലൂടെയാണ്. പരി. ആത്മാവിന്റെ ശക്തമായ പ്രവർത്തനം നമ്മുടെ ജീവിതത്തിൽ ഉടനീളം ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# 4

# പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം

പരിശുദ്ധാത്മാവ് ഒരു ശക്തിയാണോ അതോ ഒരു വ്യക്തിയാണോ എന്ന സംശയം ആദിമസഭയിൽ ഉയർന്നുവന്നിരുന്നു. ദൈവശക്തിയുടെ ഒരു പ്രകടനം മാത്രമായി പരിശുദ്ധാത്മാവിനെ മനസ്സിലാക്കാനായിരുന്നു എളുപ്പമെങ്കിലും പുതിയനിയമത്തിലെ അനേകം വചനങ്ങൾ പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ് എന്ന വസ്തുത അടിവരയിട്ടുറപ്പിക്കുന്നുണ്ട്. ദൈവാത്മാവിനെ യഹോവയുടെ ഒരു ശക്തിപ്രാഭവമായാണ് ഇസ്രായേൽ ജനം മനസിലാക്കിയത്. വചനത്തിനും ജ്ഞാനത്തിനും ചിലപ്പോൾ വ്യകതിത്വം കല്പിച്ചിരുന്നതുപോലെ വളരെ വിരളമായി മാത്രം പഴയനിയമം ദൈവാത്മാവിന് വ്യക്തിത്വം കല്പിച്ചിരുന്നു.

എന്നാൽ പുതിയനിയമത്തിൽ ദൈവാത്മാവിന്റെ പ്രവർത്തനം വളരെ പ്രകടമാണ്. യേശുവിന്റെ ശുശ്രൂഷാജീവിതത്തിലുടനീളം പരിശുദ്ധാത്മാവ് പ്രവർത്തനനിരതമാണ്. യോഹന്നാന്റെ സുവിശേഷം വളരെ സ്പഷ്ടമായി ദൈവാത്മാവിന്റെ വ്യക്തിത്വം വ്യക്തമാക്കുന്നു. തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ 'മറ്റൊരു സഹായകനെ' (Parakletos) യേശു വാഗ്ദാനം ചെയ്യുന്നുണ്ട് (യോഹ. 15:26, 16:7). ക്രിസ്തുവിന്റെ അസാന്നിധ്യം പരിഹരിക്കുന്ന ദൈവിക വ്യക്തി

www.malankaralibrary.com

യായിട്ടാണ് പരിശുദ്ധാത്മാവിനെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മത്താ. 28:20-ൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്താനുള്ള ദൈവീകാഹ്വാനം നല്കുന്നതിലൂടെ, പരി. ത്രിത്വത്തിലെ മൂന്ന് ആളുകളുടേയും വ്യക്തിത്വം വ്യക്തമാക്കപ്പെടുന്നു. വി. പൗലോസും ദൈവാത്മാവിനെ വ്യക്തിയായി അവതരിപ്പിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ നല്കുന്നുണ്ട് (1 കോറി. 12:4-6; റോമാ. 8:9-11, റോമ. 5:1-5; 8:14-17, 2 കോറി. 13:14).

**സഭാപിതാക്കന്മാരുടെ പ്രബോധനം**

ആദ്യനൂറ്റാണ്ടുകളിൽ ദൈവാത്മാവിന്റെ സാന്നിധ്യവും പ്രചോദനവും വിശ്വാസികളിൽ ശക്തമായിരുന്നുവെങ്കിലും ദൈവാത്മാവിന്റെ വ്യക്തിത്വവും പിതാവുമായുള്ള തുല്യതയൊന്നും അന്നത്തെ അടിസ്ഥാനപ്രശ്നങ്ങളായിരുന്നില്ല. ചിലർ ദൈവാത്മാവിനെ ഒരു ശക്തിയായിക്കണ്ടപ്പോൾ മറ്റു ചിലർ ദൈവപുത്രനേയും ദൈവാത്മാവിനെയും ഒരാളായി കണ്ടിരുന്നു. എന്നാൽ ആദ്യ നൂറ്റാണ്ടിൽ തന്നെ വി. ജസ്റ്റിൻ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയുന്നുണ്ട്. എന്നാൽ പരിശുദ്ധാത്മാവിന്റെ സ്വഭാവത്തെപ്പറ്റിയോ പ്രവർത്തനത്തെപ്പറ്റിയോ ഉള്ള ദൈവശാസ്ത്ര വിചിന്തനമൊന്നും അദ്ദേഹം നൽകുന്നില്ല. രണ്ടാം നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞരായ തെർത്തുല്ല്യനും ഒരിജനും പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെക്കുറിച്ച് പഠിപ്പിച്ചവരാണ്. പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്നും ത്രിത്വത്തിലെ മൂന്ന് വ്യക്തികളും ഒരേ ദൈവത്വം പങ്കുപറ്റുന്നുവെന്നുമുള്ള ചിന്തകൾ നാലാം നൂറ്റാണ്ടിൽ ശക്തമായി. അലക്സാണ്ട്രിയായിലെ മെത്രാനായിരുന്ന വി. അത്തനാസിയോസ് (എ.ഡി. 328-373), കപ്പദോച്ചിയൻ പിതാക്കന്മാർ എന്നറിയപ്പെടുന്ന വി. ബേസിൽ, വി. ഗ്രിഗറി നസ്യാൻസെൻ, വി. ഗ്രിഗറി നിസാ (329-390) എന്നിവർ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ആധികാരിക പ്രബോധനം നല്കി.

**പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ട സഭയുടെ പ്രധാന വിശ്വാസപ്രബോധനങ്ങൾ**

- ആര്യൻ പാഷണ്ഡതയുടെ പശ്ചാത്തലത്തിൽ ചേർന്ന നിഖ്യാസൂനഹദോസ് പരിശുദ്ധാത്മാവിലുള്ള വിശ്വാസം ഏറ്റുപറയുന്നുവെങ്കിലും പ്രധാനമായും പിതാവും പുത്രനും തമ്മിലുള്ള ബന്ധമാണ് ഊന്നിപ്പറഞ്ഞത്. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള

www.malankaralibrary.com

പ്രബോധനത്തിൽ നിഖ്യാ സുനഹദോസ് പുലർത്തിയ മൗനം മുതലെടുത്തുകൊണ്ട് രംഗപ്രവേശം ചെയ്ത രണ്ട് പാഷണ്ഡത കളാണ് എവുണോമിയനിസം, മാസിഡോണിയനിസം എന്നിവ. പരിശുദ്ധാത്മാവ്, പിതാവിനും പുത്രനുമൊപ്പമുള്ള ദൈവിക വ്യക്തിയാണ് എന്ന സത്യം ഈ പാഷണ്ഡതകൾ നിഷേധിച്ചു. ഈ പശ്ചാത്തലത്തിലാണ് കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസ് (381) ചേരുന്നത്. പരിശുദ്ധാത്മാവിലുള്ള വിശ്വാസം കോൺസ്റ്റാന്റി നോപ്പിൾ സുന്നഹദോസ് ഇപ്രകാരമാണ് പഠിപ്പിച്ചത്. "പിതാവിൽ നിന്ന് പുറപ്പെടുന്നവനും (ekporeuomenon) കർത്താവും (Kyrios) ജീവദാതാവുമായ പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടു മൊപ്പം ആരാധിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും പ്രവാചകന്മാർ വഴി സംസാരിച്ചവനുമാണെന്ന് ഞാൻ വിശ്വസി ക്കുന്നു".

- ദമാസൂസ് മാർപാപ്പയുടെ പേരിൽ അറിയപ്പെടുന്ന വിശ്വാസ പ്രമാണത്തിൽ ഇപ്രകാരം പറയുന്നു: പരിശുദ്ധാത്മാവ് ജനിച്ച വനോ ജനിപ്പിക്കുന്നവനോ അല്ല (neither begotten nor unbe gotten). അവിടുന്ന് സൃഷ്ടിക്കപ്പെട്ടവനോ നിർമ്മിക്കപ്പെട്ടവനോ അല്ല. പിതാവും പുത്രനുമായി നിത്യതയിൽ തുല്യനും സാരാംശത്തിൽ ഒന്നായവനുമാണ് പരിശുദ്ധാത്മാവ് എന്ന് ഈ വിശ്വാസം ഏറ്റുപറയുന്നു (D 71). ഇതേ വിശ്വാസം രണ്ടാം ലിയോൺസ് കൗൺസിലും (1274) ഏറ്റുപറയുന്നുണ്ട് (D 853).
- പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഏറ്റവും വിശദമായ പ്രബോധനം നൽകിയത് 675 ലെ തൊളേദോ പ്രാദേശിക കൗൺസിലാണ്. പിൽക്കാല ത്രിത്വവിജ്ഞാനീയത്തിന്റെ ആധാരമായി ഈ പ്രബോധനങ്ങൾ നിലകൊള്ളുന്നു.

a) പരിശുദ്ധാത്മാവ് പരി. ത്രിത്വത്തിലെ മൂന്നാമത്തെ ആളാണ്.

b) പിതാവിനും പുത്രനുമൊപ്പം സത്തയിലും പ്രകൃതിയിലും സാരാംശത്തിലും തുല്യനായ ദൈവമാണ് പരിശുദ്ധാത്മാവ്.

c) ജനിച്ചവനോ സൃഷ്ടിക്കപ്പെട്ടവനോ അല്ലാത്ത പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും പിതാവിന്റെയും പുത്രന്റെയും ആത്മാവുമാണ്.

d) പരിശുദ്ധാത്മാവ് ജനിപ്പിക്കപ്പെട്ടവനല്ല; ജനിപ്പിക്കപ്പെട്ടവനാ ണെങ്കിൽ പിതാവിന് രണ്ട് പുത്രന്മാരുണ്ടെന്ന് കരുതേണ്ടി വരുമായിരുന്നു.

www.malankaralibrary.com

e) പരിശുദ്ധാത്മാവ് ജനിപ്പിക്കുന്നവനല്ല; ജനിപ്പിക്കുന്നവനായിരുന്നുവെങ്കിൽ പിതാവിന് രണ്ട് പുത്രന്മാരുണ്ടെന്ന് കരുതേണ്ടി വരുമായിരുന്നു.

f) പരിശുദ്ധാത്മാവ് ഒരേ സമയവും പിതാവിന്റെയും പുത്രന്റെയും സ്നേഹവും വിശുദ്ധിയുമാണ്.

g) പുത്രനെ അയച്ചത് പിതാവാണെങ്കിൽ പരിശുദ്ധാത്മാവിനെ അയക്കുന്നത് പിതാവും പുത്രനും ചേർന്നാണ്.

h) പരിശുദ്ധാത്മാവ് പിതാവിനെയും പുത്രനെയുംകാൾ യാതൊരു വിധത്തിലും തുല്യതയിലോ ആരാധ്യതയിലോ കുറവില്ലാത്തവനാണ്.

- പോൾ ആറാമൻ മാർപാപ്പ 1968-ൽ പ്രസിദ്ധീകരിച്ച സത്യവിശ്വാസ പ്രഖ്യാപനത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് മേൽപറയുന്ന വിശ്വാസസത്യങ്ങളെല്ലാം ഏറ്റുപറയുന്നുണ്ട്. എന്നാൽ പൗരസ്ത്യ സഭകളുടെ വിശ്വാസത്തെ മാനിച്ചുകൊണ്ട് പരിശുദ്ധാത്മാവ് പുത്രനിൽ നിന്നും പുറപ്പെടുന്നു എന്ന പ്രബോധനം ഈ വിശ്വാസപ്രഖ്യാപനത്തിൽ ഒഴിവാക്കിയിട്ടുണ്ട് (ND-39).
- പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഏറ്റവും പുതിയ പ്രബോധനം Dominicum et Vivificantem എന്ന പേരിൽ ജോൺ പോൾ രണ്ടാമൻ 1986-ൽ പുറപ്പെടുവിച്ച ശ്ലൈഹിക പ്രബോധനമാണ്. "ദൈവം സ്നേഹമാകയാൽ ദൈവത്തിന്റെ ആന്തരികത സ്നേഹമാണ്. ഈ സ്നേഹത്തിന്റെ വ്യക്തിരൂപം പരിശുദ്ധാത്മാവാണ്". പിതാവും പുത്രനും തമ്മിലുള്ള സ്നേഹത്തിന്റെ വ്യക്തിരൂപമായ പരിശുദ്ധാത്മാവ് ത്രിത്വത്തിലെ അജന്യമായ സ്നേഹസമ്മാനമാണ് (Love - Gift). ദൈവികതയിലെ സ്വയം ദാനത്തിന്റെ വ്യക്തിരൂപമാണ് പരിശുദ്ധാത്മാവ്. വ്യക്തിദാനവും വ്യക്തിരൂപവുമായ പരിശുദ്ധാത്മാവ് ത്രിത്വൈക കൂട്ടായ്മയുടെ ചാലകശക്തിയാണ് (DV, 10).

www.malankaralibrary.com

# 5

# പരിശുദ്ധാത്മാവും കൂദാശകളും

ദൈവകൃപയുടെ നീർച്ചാലുകളാണ് കൂദാശകൾ. യേശുക്രിസ്തു തന്റെ പെസഹാരഹസ്യങ്ങളിലൂടെ നേടിത്തന്ന രക്ഷ ദൈവജനം സ്വന്തമാക്കുന്നത് കൂദാശകളിലൂടെയാണ്. ഓരോ കൂദാശയുടെ നമ്മെ ഉപരിവിശുദ്ധീകരണത്തിലേക്കും ദൈവവുമായുള്ള അവിഭാജ്യമായ ഐക്യത്തിലേക്കും നയിക്കുന്നു. എല്ലാ കൂദാശകളിലും ഇടപെടുന്നതും നമ്മെ ദൈവികരാക്കുന്നതും പരിശുദ്ധാത്മാവാണ്. മലങ്കര ആരാധന ക്രമത്തിലെ കൂദാശാനുഷ്ഠാനങ്ങളിൽ ഇത് വളരെ സ്പഷ്ടമാണ്. കൂദാശകളിലുള്ള പരിശുദ്ധാത്മ സാന്നിദ്ധ്യത്തെ ദൈവജനത്തിന് അനുഭവവേദ്യമാക്കാൻ പരി. പിതാക്കന്മാർ വിവിധ അടയാളങ്ങളും പ്രതീകങ്ങളും ഉപയോഗിച്ചിരിക്കുന്നു. കൂദാശകളുള്ള പരിശുദ്ധാത്മ സാന്നിധ്യത്തെ ഈ അധ്യായത്തിൽ ചർച്ച ചെയ്യാം.

**1. മാമോദീസാ**

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന കൂദാശയാണ് മാമോദീസാ. ആത്മാവിലുള്ള ജീവിതത്തിന്റെ ആരംഭമായും മറ്റുകൂദാശകളിലേക്കുള്ള വാതിലായും മാമോദീസായെ സഭ മനസിലാക്കുന്നു. യേശുക്രിസ്തുവിന്റെ കല്പനയനുസരിച്ച് അപ്പസ്തോലന്മാർ സുവിശേഷം

www.malankaralibrary.com

പ്രഘോഷിക്കുകയും വിശ്വാസികകൾക്ക് സ്നാനം നൽകുകയും ചെയ്തു. അങ്ങനെ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെടുകയും അപ്പ സ്തോലന്മാരിലൂടെ സഭയിൽ ആരംഭിക്കുകയും ചെയ്ത കൂദാശയാണ് മാമോദീസാ. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു: "ക്രൈസ്തവ ജീവിതം മുഴവന്റെയും അടിസ്ഥാനമാണ് മാമോദീസ. പരിശുദ്ധാത്മാവിലുള്ള ജീവിതത്തിലേക്കുനയിക്കുന്ന കവാടം, മറ്റുകൂദാശകളിലേക്ക് പ്രവേശനം നൽകുന്ന പടിവാതിൽ. മാമോ ദീസായിലൂടെ നാം പാപത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവ മക്കളായി പുനർജനിക്കുകയും ചെയ്യുന്നു. നാം ക്രിസ്തുവിന്റെ അവ യവങ്ങളായിതീരുന്നു. സഭയിലെ അംഗങ്ങളാവുകയും അവളുടെ ദൗത്യ ത്തിൽ പങ്കാളികളാക്കപ്പെടുകയും ചെയ്യുന്നു." (CCC 1213) മാമോദീ സായുടെ കൂടെ മൂറോനഭിഷേകവും വിശുദ്ധ കുർബാനയും ഒന്നിച്ചു നല്കുക എന്നതാണ് മലങ്കര കത്തോലിക്കാ സഭയുടെ പാരമ്പര്യം. ആദിമ ക്രൈസ്തവരുടെ സന്താനങ്ങൾക്ക് ശിശുപ്രായത്തിൽ തന്നെ മാമോദീസാ നല്കിയിരുന്ന പതിവ് ഇന്നും മലങ്കര സഭയിൽ തുടർന്നു വരുന്നു.

**മാമോദീസാ കൂദാശയിലെ പരിശുദ്ധാത്മ സാന്നിദ്ധ്യം**

മലങ്കര പാരമ്പര്യത്തിൽ മാമോദീസാ കൂദാശയുടെ ക്രമത്തിൽ, സുവിശേഷ വായനയെത്തുടർന്നുള്ള രഹസ്യപ്രാർത്ഥനയ്ക്കുശേഷം ഇപ്രകാരം കൈകളുയർത്തി പ്രാർത്ഥിക്കുന്നുണ്ട്. "ദൈവമായ കർത്താവേ, നിന്റെ ഏകജാതൻ വിശുദ്ധ ശ്ലീഹന്മാരിൽ ഊതിയ ദൈവിക ശ്വാസം / ഇവൾക്ക് / ഇവന് നൽകണമെ. നിന്റെ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഇവനെ ഒരുക്കുന്നതോടൊപ്പം വിഗ്രഹാരാധനയുടെ സകല അവശേഷിപ്പും ഇവനിൽ നിന്ന് അകറ്റണമെ (കൂദാശക്രമം പേജ് 16). തുടർന്ന് വൈദികൻ സ്നാനാർത്ഥിയുടെ നേരെ തിരിഞ്ഞ് അർത്ഥി യുടെ മുഖത്ത് മൂന്നു പ്രാവശ്യം ഊതുന്നു. ഇത് സൂചനാപരമാണ്. പഴയ നിയമത്തിൽ ആദ്യപിതാവായ ആദാമിന് ദൈവം ജീവശ്വാസം നൽകിയത് അവന്റെ നാസാരന്ധ്രങ്ങളിൽ ഊതിക്കൊണ്ടാണ്. ഇങ്ങനെ ആദം ദൈവീക ജീവൻ നേടി. എന്നാൽ ആദിമാതാപിതാക്കളുടെ പാപ ത്തിന്റെ അവസ്ഥ അവരിലെ പരിശുദ്ധാത്മാവിനെ നഷ്ടപ്പെടുത്തി. ഈ നഷ്ടപ്പെടുത്തിയ ആത്മാവിനെ വീണ്ടെടുക്കുവാൻ ദൈവം തന്റെ ഏക ജാതനെ ലോകത്തിലേക്കയച്ചു. ക്രിസ്തു തന്റെ രക്ഷാകര പ്രവർത്തി യിലൂടെ പരിശുദ്ധാത്മാവിനെ തിരികെ നൽകി. ഇപ്രകാരം പെന്തക്കോ

www.malankaralibrary.com

സ്തിയിൽ ശ്ലീഹന്മാർക്ക് നൽകിയ പരി. ആത്മാവിനെ ഓരോ വ്യക്തിയും സ്വീകരിക്കുന്നത് മാമോദീസ എന്ന കൂദാശയിലൂടെയാണ്.

മാമ്മോദീസാ സമയത്ത് വൈദികൻ ദൈവീകശ്വാസം അർത്ഥിയുടെമേൽ ഊതുന്നതിലൂടെ ഇതുവഴി പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനായി ശിശുവിനെ പ്രത്യേകം ഒരുക്കുകയും വീണ്ടും ജനനത്തിന് ശിശുവിനെ പ്രാപ്തനാക്കുകയും ചെയ്യുന്നു. തുടർന്ന് പുരോഹിതൻ തൈലം കൂടാതെ അർത്ഥിയുടെ നെറ്റിയിൽ മൂന്ന് പ്രാവശ്യം ത്രിത്വനാമത്തിൽ കുരിശടയാളത്തിൽ നിത്യജീവനായി മുദ്രകുത്തുന്നു. പുരോഹിതൻ തുടർന്ന് രഹസ്യത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "നിന്നെ സമീപിക്കുന്ന ഈ ആത്മാവിനെ നിന്റെ പരിശുദ്ധാത്മാവിന്റെ ആവസിപ്പ് മൂലം വിശുദ്ധിയോട് കൂടെ സ്വീകരിക്കണമേ" (കൂദാശക്രമം പേജ് 17). തുടർന്ന് സാത്താനെ ബഹിഷ്കരിക്കുന്ന പ്രാർത്ഥന നടത്തുന്നു. അർത്ഥിക്കുവേണ്ടി തലതൊടുന്നയാൾ പടിഞ്ഞാറോട്ട് തിരിഞ്ഞ് നിന്ന് മൂന്ന് പ്രാവശ്യം സാത്താനെ ഉപേക്ഷിക്കുന്നു. ഇതിലൂടെ അർത്ഥി ദുഷ്ടാരൂപിയുടെ പിടിയിൽ നിന്നും വിടുവിക്കപ്പെടുകയും അവന്റെ ബുദ്ധിയും മനസ്സും ശുദ്ധീകരിക്കപ്പെട്ട് പരിശുദ്ധാത്മാവിന്റെ വാസസ്ഥലമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

ജലസ്നാനമാണ് മാമ്മോദീസാ എന്ന കൂദാശയുടെ രണ്ടാംഭാഗത്തിലെ മർമ്മ്പ്രധാന ഭാഗം. സൈത്ത്കൊണ്ട് അർത്ഥിയെ അഭിഷേകം ചെയ്തതിനുശേഷം വൈദികനും അർത്ഥിയും വിശ്വാസികളും മാമ്മോദീസാ തൊട്ടിയുടെ അടുത്തേക്ക് പോകുന്നു. വൈദികൻ കൈകളിൽ ചൂടുവെള്ളവും തണുത്തവെള്ളവും എടുത്ത് കുരിശാകൃതിയിൽ പിടിച്ച് മാമ്മോദീസാ തൊട്ടിയിലേക്ക് ഒഴിക്കുന്നു. തുടർന്ന് ഈ വെള്ളത്തിന്റെ മീതെ കുരിശ് വച്ചതിനുശേഷം ശോശപ്പാകൊണ്ട് മൂടുകയും അതേ തുടർന്ന് ശോശപ്പ ഉയർത്തി ആഘോഷിക്കുകയും ചെയ്യുന്നു. അതിന് ശേഷം മൂറോൻ തൈല, മാമ്മോദീസാ തൊട്ടിയിൽ കുരിശാകൃതിയിൽ ഒഴിക്കുന്നു. റൂഹാക്ഷണ പ്രാർത്ഥനയും കൈകളുടെ ആവസിപ്പും ഏലിയായുടെ പ്രാർത്ഥനയും വി. മൂറോന്റെ സാന്നിധ്യവുമെല്ലാം മാമോദീസായിലെ പരിശുദ്ധാത്മ സാന്നിധ്യമാണ് സൂചിപ്പിക്കുന്നത്. ഇതിലൂടെ ഒരുവൻ പുതുജീവൻ നേടി പരിപൂർണ്ണമായി വിശുദ്ധീകരിക്കപ്പെടുന്നു.

വാഴ്ത്തിയ വെള്ളത്തിലേക്ക് അർത്ഥിയെ കിഴക്ക് അഭിമുഖമായി ഇരുത്തുന്നു. തുടർന്ന് വൈദികൻ പടിഞ്ഞാറ് അഭിമുഖമായി നിന്നു

www.malankaralibrary.com

കൊണ്ട് വെള്ളം കോരി അർത്ഥിയുടെ ശിരസ്സിൽ ത്രിത്വൈക ദൈവത്തിന്റെ നാമത്തിൽ ഒഴിച്ചുകൊണ്ട് അവനെ നിത്യജീവനിലേക്ക് മുദ്രകുത്തുന്നു. മാമ്മോദീസായിലൂടെ അർത്ഥി പഴയ മനുഷ്യനെ ഉരിഞ്ഞ് കളഞ്ഞ് പുതിയ മനുഷ്യനെ സ്വീകരിക്കുന്നു. ആത്മാവിൽ പുതിയ സൃഷ്ടിയായി വീണ്ടും ജനിക്കുന്നു.

മാമ്മോദീസായാകുന്ന കൂദാശയിലൂടെ നമുക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. തദ്ഫലമായി നാം മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടുന്നു. ത്രിത്വത്തിന്റെ ജീവിതവുമായി മനുഷ്യനെ ഐക്യപ്പെടുത്തുന്നതിന് തന്നെതന്നെ ദാനം ചെയ്യുന്ന ദൈവത്തിന്റെ സ്നേഹമായ പരിശുദ്ധാത്മാവ് മാമ്മോദീസായിലൂടെ ഒരുവന് ലഭിക്കുകയും അവന്റെ ആത്മാവിൽ ഒരിക്കലും മായാത്ത മുദ്ര പതിപ്പിക്കപ്പെടുകയും ചെയ്യുന്നു.

**2. മൂറോനഭിഷേകം**

വിശ്വാസ ജീവിതത്തിന്റെ വളർച്ചയിൽ മാമ്മോദീസായ്ക്കുശേഷം ഒരുവനുനൽകപ്പെടുന്ന ദിവ്യരഹസ്യമാണ് മൂറോനഭിഷേകം. ഒരു തരത്തിൽ പറഞ്ഞാൽ മാമ്മോദീസായുടെ പൂർത്തീകരണമാണ് മൂറോനഭിഷേകം അഥവാ സ്ഥൈര്യലേപനം. സാർവത്രിക സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു: "സ്ഥൈര്യലേപനം മാമ്മോദീസായുടെ കൃപാവരത്തെ പൂർണ്ണമാക്കുകയും പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് നമ്മുടെ ദൈവീക പുത്രത്വം ആഴപ്പെടുത്തുകയും ചെയ്യുന്നു" (CCC 1316).

മാമ്മോദീസ സ്വീകരിക്കുന്ന എല്ലാവരെയും പരിശുദ്ധാത്മാവിന്റെ ദാനമാകുന്ന മുദ്രയാൽ അടയാളപ്പെടുത്തുകയും മിശിഹായുടെ രാജ്യത്തിന്റെ സജീവസാക്ഷികളും കൂട്ടുപണിക്കാരും, പരിശുദ്ധാത്മാവിന്റെ ആലയവുമായി മാറ്റുകയും ചെയ്യുന്നത് വിശുദ്ധ തൈലത്തിന്റെ ലേപനത്താലാണ്. സഭയിലെ എല്ലാ കൂദാശകളും പരി. ആത്മാവിന്റെ പ്രവർത്തനം വഴി നമ്മിൽ കൃപാവരങ്ങൾ ചൊരിയുന്ന ദിവ്യരഹസ്യങ്ങളാണ്. എന്നാൽ മൂറോനഭിഷേകം പ്രത്യേകമായി പരി. ആത്മാവിന്റെ കൂദാശ എന്നറിയപ്പെടുന്നു.

മൂറോനഭിഷേകത്തിന് ഉപയോഗിക്കുന്ന വി.തൈലം (മൂറോൻ) പരി. ആത്മാവിന്റെ പ്രതീകമാണെന്ന് സഭ പഠിപ്പിക്കുന്നു. വിശുദ്ധ തൈലത്തിന്റെ കൂദാശാകർമ്മം മെത്രാന്മാർ ചേർന്ന് നിർവ്വഹിക്കുന്നത് സഭയുടെ പൗരോഹിത്യ കൂട്ടായ്മയെ പ്രകാശനം ചെയ്യുന്ന ഒന്നാണ്.

www.malankaralibrary.com

മാമ്മോദീസ വെള്ളം ശുദ്ധീകരിക്കുന്നതിനും ദൈവാലയങ്ങൾ കൂദാശ ചെയ്യുന്നതിനും വി.കുർബ്ബാന അനുഷ്ഠിക്കുന്ന തബ്ലീത്താ കൂദാശ ചെയ്യുന്നതിനും മൂറോൻ ഉപയോഗിച്ച് വരുന്നു.

**പരിശുദ്ധാത്മ സാന്നിദ്ധ്യം മൂറോനഭിഷേകത്തിൽ**

മാമ്മോദീസായിലൂടെ ക്രിസ്തീയ വിശ്വാസം സ്വീകരിച്ച് വിശ്വാസികളുടെ സമൂഹമായ സഭയിൽ അംഗമാകുന്ന അർത്ഥിക്ക് മുദ്രയും അടയാളവും ലഭിക്കുന്നത് മൂറോനഭിഷേകത്തിലൂടെയാണ്. മൂറോനഭിഷേകത്തിലൂടെ ഒരിക്കലും മാഞ്ഞുപോകാത്ത മുദ്ര (Indelible Mark) ആത്മാവിൽ പതിപ്പിക്കുന്നു. ഇത് കൊണ്ടാണ് മൂറോനാഭിഷേകം ഒരിക്കൽ മാത്രം സ്വീകരിക്കുന്ന കൂദാശകളുടെ ഗണത്തിൽപ്പെടുന്നത്. മൂറോൻ അഭിഷേകത്തിലൂടെ ദൈവം ഒരു വ്യക്തിയിൽ മുദ്രയിട്ട് ദൈവത്തിന്റെ സ്വന്തമാക്കി മാറ്റുന്നു. ഇതിലൂടെ ഒരു വ്യക്തി ക്രിസ്തുവിന്റെ പടയാളിയും സ്വന്തവുമായി തീരുന്നു.

മലങ്കര പാരമ്പര്യത്തിൽ മൂറോനഭിഷേക ശുശ്രൂഷയുടെ പ്രാരംഭ പ്രാർത്ഥനയ്ക്ക് ശേഷം വൈദികർ മൂറോൻ കൊണ്ട് അർത്ഥിയുടെ നെറ്റിയിൽ മൂന്നുപ്രാവശ്യം കുരിശടയാളത്തിൽ മുദ്രയിടുന്നു. ഈ സമയത്ത് വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്: “സത്യവിശ്വാസത്തിന്റെ മുദ്രയും അടയാളവും പരിശുദ്ധാത്മ നൽവരങ്ങളുടെ പൂർണ്ണതയും മിശിഹായുടെ പരിമളവുമായ വി. മൂറോൻ കൊണ്ട് പിതാവിന്റെയും, പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവനിലേക്ക് മുദ്രകുത്തപ്പെടുന്നു.” (കൂദാശക്രമം, പേജ് 34). ഇതിലൂടെ ഒരു വ്യക്തി പരിശുദ്ധാത്മ ദാനങ്ങൾ കൊണ്ട് നിറഞ്ഞ് പൂർണ്ണതയിലേക്ക് നയിക്കപ്പെടുന്നു. ഈ അഭിഷേക പ്രാർത്ഥനക്ക് ശേഷം അർത്ഥിയുടെ അവയവങ്ങളിൽ തല മുതൽ പാദം വരെ മൂറോൻ പൂശുന്നു. ഇതിലൂടെ അർത്ഥിയെ പരി. റൂഹായുടെ അഭിഷേകം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവിന്റെ പ്രത്യേക ആവാസത്താൽ മൂറോനഭിഷേകത്തിലൂടെ ഒരു വ്യക്തി ഉത്തമ ക്രിസ്ത്യാനിയും വിശ്വാസത്തിൽ സ്ഥിരതയുള്ളവനും ക്രിസ്തുവിന്റെ പടയാളിയുമായി തീരുന്നു. തൈലാഭിഷേകത്തിലൂടെ ഒരുവൻ എന്നേക്കും ക്രൈസ്തവനായി മുദ്രകുത്തപ്പെടുകയും ഉന്നതത്തിൽ നിന്നുള്ള ദാനമായ പരിശുദ്ധാത്മാവിന്റെ കൃപകളാൽ പൂരിതനാവുകയും ചെയ്യുന്നു. കൂടാതെ അവൻ സഭയോട് ഗാഢമായി ബന്ധിക്കപ്പെടുകയും മിശിഹായുടെ സാക്ഷിയായി വേർതിരിക്കപ്പെടുകയും ചെയ്യുന്നു.

www.malankaralibrary.com

മൂറോൻ കൂദാശയിലൂടെ ഓരോ ക്രൈസ്തവനും സവിസേഷമായ സുഗന്ധം പരത്തുന്ന പ്രകാശത്തിന്റെ പ്രഭവകേന്ദ്രമായി മാറ്റപ്പെടുന്നു. മൂറോനഭിഷേകത്തിനു ശേഷം അർത്ഥിയെ രാജത്വത്തിന്റെ പ്രതീകമായ കിരീടം അണിയിക്കുന്നു. തുടർന്ന് "ആദാമിന് പറുദീസയിൽ രുചി നോക്കാൻ സാധിക്കാത്ത ആ ഫലം ഇന്ന് നിന്റെ നാവിൽ വയ്ക്കുന്നു" എന്നുള്ള പ്രാർത്ഥനയോടുകൂടി വൈദികൻ അർത്ഥിക്ക് വി. കുർബാന നൽകുന്നു. തുടർന്ന് സമാപന ആശീർവാദം നൽകി സമാധാനത്തോടെ സമൂഹത്തെ അയക്കുന്നു.

സഭയുടെ എല്ലാ കൂദാശകളിലൂടെയും നമ്മിൽ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ചൊരിയപ്പെടുന്നുണ്ട്. എന്നാൽ മൂറോനഭിഷേകം അതിൽ തന്നെ പരിശുദ്ധാത്മാവിന്റെ കൂദാശ എന്ന് അറിയപ്പെടുന്നു. അതായത് ഈ കൂദാശ ദിവ്യരഹ്യത്തിന്റെ ഫലവും മിശിഹായുടെ പെസഹാ രഹസ്യത്തിന്റെ അനാവരണവുമാണ്. മൂറോനഭിഷേകത്തിലൂടെ പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ നിന്നും സവിശേഷമായ ഒരു ശക്തി സമ്പാദിക്കുന്നു. ഇതുവഴി സഭയിലെ അവന്റെ അംഗത്വം കൂടുതൽ ദൃഢമാകുകയും തന്റെ വിശ്വാസത്തിന് സാക്ഷ്യം വഹിക്കാനും ജീവിക്കാനും വിളിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ ഒരുവൻ ക്രിസ്തുവിന്റെ സാക്ഷിയും സഹപ്രവർത്തകനുമായി തീരുവാൻ പരിശുദ്ധാത്മാവ് ശക്തി നൽകുന്നു.

**3. കുമ്പസാരം**

മാമ്മോദീസാ നമ്മെ പാപത്തിന്റെയും മരണത്തിന്റെയും അധികാരത്തിൽ നിന്നും മോചിപ്പിച്ചെടുക്കുന്നു. ദൈവമക്കളുടെ നവജീവിതത്തിലേക്ക് നമ്മെ കൊണ്ടുവരുന്നു. പക്ഷേ മാനുഷിക ദൗർബല്യത്തിൽ നിന്നോ പാപത്തിലേക്കുള്ള ചായ്‌വിൽ നിന്നോ നമ്മെ സ്വതന്ത്രരാക്കുന്നില്ല. അതുകൊണ്ടാണ് വീണ്ടും വീണ്ടും ദൈവവുമായി രമ്യതപ്പെടാൻ ഒരു സ്ഥലം ആവശ്യമായി വരുന്നത്. ആ സ്ഥലമാണ് കുമ്പസാരം (Youcat 226).

ഒരു വ്യക്തിക്ക് പ്രവേശക കൂദാശയിലൂടെ ദൈവീക ജീവൻ ലഭിക്കുന്നു. എന്നാൽ മനുഷ്യന്റെ പാപം മൂലം ഈ ദൈവീക ജീവന് തകർച്ചയോ, ശോഷണമോ സംഭവിക്കാം. കർത്താവായ യേശുക്രിസ്തു ശരീരത്തിന്റെയും ആത്മാവിന്റെയും നല്ല വൈദ്യനെന്ന നിലയിൽ തന്റെ പരസ്യജീവിതകാലത്ത് ധാരാളം പാപികൾക്ക് പാപമോചനം നൽകി. യേശുവിന്റെ ഈ പാപമോചനശുശ്രൂഷ പരിശുദ്ധാത്മാവ് വഴി സഭയിലൂടെ ഇന്നും തുടരുന്നു.

www.malankaralibrary.com

**കുമ്പസാരവും പരിശുദ്ധാത്മാവും**

"പരിശുദ്ധ റൂഹയായ ദൈവമേ എഴുന്നള്ളി വന്ന് എന്റെ ബോധത്തെ പ്രകാശിപ്പിക്കണമേ" എന്ന് തുടങ്ങുന്ന പ്രാർത്ഥനയോടെയാണ് ഓരോ പാപിയും തന്റെ കുമ്പസാരത്തിന്റെ ഒരുക്കം ആരംഭിക്കുന്നത്. പരിശുദ്ധാത്മാവിന്റെ സഹായത്താൽ താൻ നടത്തുവാൻ പോകുന്ന കുമ്പസാരത്തിൽ പാപങ്ങൾ കണ്ടുപിടിക്കാനും, അതിന്റെ കാഠിന്യം മനസ്സിലാക്കാനും, ഗ്രഹിക്കാനും, അതിനെക്കുറിച്ച് പരമാർത്ഥമായി മനസ്താപപ്പെടുവാനുള്ള കൃപ നൽകണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് ആത്മശോധന നടത്തുന്നത്. ഒരു വ്യക്തി നല്ല കുമ്പസാരത്തിന് ഒരുങ്ങുന്നത് പരിശുദ്ധാത്മ നിറവിലാണ്. ആത്മശോധനയിലൂടെ പാപങ്ങളെ ഓർത്തെടുത്ത് വീണ്ടും പാപം ചെയ്യുകയില്ലെന്നും കഴിവുള്ളിടത്തോളം പാപത്തിനുള്ള അവസരങ്ങളെ ഉപേക്ഷിച്ചുകൊള്ളാമെന്നുള്ള ദൃഢനിശ്ചയവും പ്രതിജ്ഞയും എടുത്തശേഷം വൈദികനോട് പാപങ്ങൾ ഏറ്റുപറയുന്നു. ഏറ്റുപറച്ചിലിനുമുമ്പായി അനുതാപ പ്രാർത്ഥനയും മൗദ്യോനുസോയും ചൊല്ലണം. പാപങ്ങൾ ഏറ്റുപറഞ്ഞതിനുശേഷം വൈദികൻ വേണ്ടതായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നു. തദവസത്തിൽ ദൈവത്തിന്റെ പ്രതിപുരുഷനായ വൈദികൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പാപങ്ങൾ മോചിക്കുന്നു. ഒടുവിൽ മനസ്താപ പ്രകരണത്തിൽ വരപ്രസാദത്തിന് വേണ്ടി യാചിച്ച് സ്തോത്ര പ്രാർത്ഥനയും പ്രായശ്ചിത്തവും നിറവേറ്റുന്നു.

കുമ്പസാര കൂദാശയിലേക്ക് ഒരുവനെ നയിക്കുന്നതും അവന്റെ പാപങ്ങളെ കണ്ടെത്താൻ സഹായിക്കുന്നതും പരി. ആത്മാവാണ്. ഒരുവന്റെ പാപങ്ങളുടെ മോചനം പരിശുദ്ധാത്മാവിനാലാണ് നടക്കുന്നത് (യോഹ. 20:22-23). പാപമോചനത്തിന് ശേഷം മേലിൽ പാപത്തിൽ വീഴാതിരിക്കാനുള്ള കൃപ യാചിക്കുന്നത് പരിശുദ്ധാത്മവിനോടാണ്. വി. അംബ്രോസ് ഇപ്രകാരം പറയുന്നു: "അനുരഞ്ജന കൂദാശയുടെ സ്വീകരണം വഴി വ്യക്തികൾ പാപമോചനത്തിന് ശേഷം മേലിൽ പാപത്തിൽ വീഴാതിരിക്കാനുള്ള കൃപ യാചിക്കുന്നത് പരിശുദ്ധാത്മവിനോടാണ്. അദ്ദേഹം തുടർന്ന് പറയുന്നു: "അനുരഞ്ജന കൂദാശയുടെ സ്വീകരണം വഴി വ്യക്തികൾ പാപമോചനം നേടിയാൽ മാത്രം പോരാ, അവർ പരിശുദ്ധാത്മാവിന്റെ കൃപാവര പൂർണ്ണതയിലേക്ക് വളരണം"... അങ്ങനെ കുമ്പസാരത്തിലൂടെ ഒരുവൻ പാപമോചനവും, വരപ്രസാദവും,

www.malankaralibrary.com

ദൈവവും മനുഷ്യനുമായുള്ള അനുരഞ്ജനവും ഒരു പുതുസൃഷ്ടി അനുഭവവും നേടുന്നു.

ദൈവത്തോടും മനുഷ്യനോടും അനുരഞ്ജനപ്പെട്ട് കൂട്ടായ്മയിൽ ജീവിക്കാൻ വിളിക്കപ്പെട്ടവനാണ് മനുഷ്യൻ. ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. ഇതിലൂടെ ദൈവം മനുഷ്യന് കൂട്ടായ്മ ജീവിതം നയിക്കാനുള്ള വിളിയാണ് നൽകിയത്. ഈ കൂട്ടായ്മ ദൈവത്തോടും മനുഷ്യനോടുമാണ് ഉണ്ടാകേണ്ടത്. പാപം ഈ കൂട്ടായ്മയുടെ വരപ്രസാദമാണ് തകർക്കുന്നത്. പാപം മൂലം നഷ്ടപ്പെട്ട വരപ്രസാദത്തിലേക്ക് തിരിച്ചു വരുവാനുള്ള മാർഗ്ഗമാണ് ഓരോ കുമ്പസാരവും. ഒരു വിശ്വാസിയുടെ വിശുദ്ധീകരണ പ്രക്രിയയിൽ വി. കുമ്പസാരത്തിന് അതുല്യമായ സ്ഥാനമാണ് ഉള്ളത്. അതുകൊണ്ട് മാനസാന്തരത്തിന്റെ കൂദാശയായ കുമ്പസാരത്തെ ഒരുക്കത്തോടും ഭയത്തോടും സമീപിക്കണം. പാപങ്ങളെക്കുറിച്ച് ഉത്തമ മനസ്താപവും, അവയ്ക്ക് പരിഹാരം ചെയ്യാനുള്ള നല്ല തീർച്ചയും ഉണ്ടെങ്കിൽ മാത്രമേ കുമ്പസാരം പൂർണമാകൂ.

**4. രോഗികളുടെ തൈലാഭിഷേകം**

രോഗിയായ ഒരു വ്യക്തിക്ക് ദൈവകൃപ പ്രത്യേകമായി നല്കി, ആ വ്യക്തിയുടെ ആത്മശരീര സംബന്ധമായ രോഗങ്ങൾക്ക് സൗഖ്യം നൽകുന്ന കൂദാശയാണ് രോഗികളുടെ തൈലാഭിഷേകം. സഭയിലെ ഒരംഗത്തിന്റെ സൗഖ്യത്തിനുവേണ്ടി സഭ മുഴുവനായി നടത്തുന്ന ശുശ്രൂഷയാണിത്. രോഗികൾക്ക് സഭയുടെ നാമത്തിൽ വിശുദ്ധ തൈലം കൊണ്ട് ലഭിക്കുന്ന അഭിഷേകമാണ് ഈ കൂദാശയുടെ അടയാളം

യേശു തന്റെ രക്ഷാകര ദൗത്യനിർവ്വഹണത്തിനടിയിൽ കണ്ടുമുട്ടിയ രോഗികളെ കരുണാപൂർവ്വം വീക്ഷിക്കുകയും അവരെ സൗഖ്യപ്പെടുത്തുകയും ചെയ്തു. അവിടുത്തെ വാക്കുകളും പ്രവർത്തികളും സൗഖ്യദായകവും ജീവദായകവുമായിരുന്നു. ഈ രോഗശാന്തി ശുശ്രൂഷ തുടരുവാൻ ക്രിസ്തുപ്രത്യേകം തന്റെ ശിഷ്യരെ ചുമതലപ്പെടുത്തി (അപ്പ. 3:1-10, 5:15). ഇപ്രകാരം യേശു ക്രിസ്തുവിനാൽ ഭരമേൽപ്പിക്കപ്പെട്ട സൗഖ്യദായക ശുശ്രൂഷയുടെ തുടർച്ചയായിട്ടാണ് രോഗിലേപന കൂദാശ സഭയിൽ പരികർമ്മം ചെയ്യുന്നതും, മനസിലാക്കുന്നതും (യാക്കോ. 5:13-16, മർക്കോ. 6:13) ചുരുക്കത്തിൽ വാർദ്ധക്യവും ഗൗരവമായ രോഗവും മൂലം ക്ലേശിക്കുന്ന വിശ്വാസിക്ക് പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ശാരീരിക സൗഖ്യവും, സഹനത്തിനുള്ള ധൈര്യവും,

www.malankaralibrary.com

ആത്മീയ ഉണർവ്വും സൗഖ്യദായകനുമായ മിശിഹായുടെ അനുഭവവും പൈശാചിക ശക്തികളിൽ നിന്നുള്ള സംരക്ഷണവും നൽകി വിശ്വാസിയെ രക്ഷയിലേക്ക് രോഗിലേപന കൂദാശ നയിക്കുന്നു.

**പരിശുദ്ധാത്മാവിന്റെ സാന്നിധ്യം രോഗീലേപന ശുശ്രൂഷയിൽ**

മലങ്കരക്രമം അനുസരിച്ച് രോഗികളുടെ തൈലാഭിഷേക ശുശ്രൂഷയുടെ പ്രാർത്ഥനകളിൽ പ്രധാനമായും, ദൈവത്തോടുള്ള കരുണ യാചിക്കൽ, പാപങ്ങളുടെ മോചന സ്വർഗ ഭാഗ്യത്തിലുള്ള ആനന്ദം, തുടങ്ങിയവയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ആണ് നാം കാണുന്നത്. രോഗിയായ വ്യക്തിയുടെ ആത്മശരീരങ്ങളുടെ സൗഖ്യത്തിനായി പരി. ത്രിത്വത്തോട് പ്രാർത്ഥിച്ചുകൊണ്ടാണ് കാർമ്മികൻ തൈലാഭിഷേക ശുശ്രൂഷ ആരംഭിക്കുന്നത്. പ്രാരംഭ പ്രാർത്ഥന, സങ്കീർത്തനം, പ്രുമിയോൻ, സെദ്റാ, എത്രോ എന്നീ പ്രാർത്ഥനകൾക്ക് ശേഷം വേദവായന. തുടർന്ന് യാക്കോബിന്റെ അപേക്ഷയിൽ രോഗിയുടെ സുഖപ്രാപ്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. തുടർന്ന് പാപമോചന പ്രാർത്ഥന നടത്തുന്നു. പാപനിവേദനത്തിനായി ചെറുതും, വലുതുമായ രണ്ട് പ്രാർത്ഥനകൾ ഉണ്ട്. ഒന്നാമത്തെ പ്രാർത്ഥനയിൽ വേദനയിൽ സഹായവും, അവയവങ്ങൾക്ക് സ്വസ്ഥതയും ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുന്നു. രണ്ടാമത്തെ പ്രാർത്ഥനയിൽ, എല്ലാവിധ രോഗങ്ങളും കഠിന ശിക്ഷകളും, ശക്തിക്കതീതമായ എല്ലാ പരീക്ഷകളും രോഗിയിൽ നിന്നു നീക്കി, നീതീകരണം പ്രാപിച്ച് ദൈവത്തിന്റെ കൃപയ്ക്ക് സ്തോത്രം നൽകുവാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കുന്നു. തുടർന്ന് രോഗി മൗദ്യോനീസോ ചൊല്ലിയ ശേഷം പാപങ്ങൾ ഏറ്റുപറയുന്നു. അതിശേഷം രോഗിയുടെ നെറ്റിയിൽ തൈലം കൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മൂന്നുപ്രാവശ്യം കുരിശ് വരക്കുകയും, ശിരസിന്മേൽ കൈ ആവസിപ്പിക്കുകയും മറ്റ് അവയവങ്ങളിൽ തൈലം പൂശുകയും ചെയ്യുന്നു. തൈലാഭിഷേകം സൂചിപ്പിക്കുന്നത് പാപമോചനം അല്ലെങ്കിൽ പാപത്തിൽ നിന്നുള്ള രക്ഷ, മരണത്തിനുമേലുള്ള വിജയം, നിത്യതയിലേക്കുള്ള പ്രവേശനം പരി. ആത്മാവിന്റെ ആവാസം എന്നിവയാണ്. സുറിയാനി സഭയിൽ തൈലം പരി. ആത്മാവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു.

**5. പൗരോഹിത്യം**

മാമോദീസായിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും യേശുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കാളികളായവരിൽ നിന്നും

www.malankaralibrary.com

പ്രത്യേകനിയോഗം സ്വീകരിക്കുന്നവർക്ക് നൽകപ്പെടുന്ന കൂദാശയാണ് പൗരോഹിത്യം. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിന്റെ ശുശ്രൂഷകൾ പുരോഹിതരിലൂടെ നിർവ്വഹിക്കപ്പെടുന്നു. മനുഷ്യർക്കുവേണ്ടി ദൈവത്തിന് ബലി അർപ്പിക്കുന്നതിനും അവർക്കുവേണ്ടി ദൈവത്തിൽ നിന്നും അനുഗ്രങ്ങൾ പ്രാപിക്കുന്നതിനുമാണ് പുരോഹിതൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. പുരോഹിതൻ എന്ന വാക്കിന് 'മുമ്പിൽ പ്രതിഷ്ഠിക്കപ്പെട്ടവൻ' എന്നാണർത്ഥം. പൗരോഹിത്യം എന്നാൽ സമ്പൂർണ്ണമായ ഒരു സമർപ്പണമാണ്. ഈ ഒരു ചിന്തയാണ് ക്രിസ്തീയ പൗരോഹിത്യദർശനത്തെ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. ബലിയർപ്പകൻ തന്നെ ബലിവസ്തുവും ബലിയുമായി തീരുന്നത് ക്രിസ്തീയ പൗരോഹിത്യത്തിലാണ്. ക്രിസ്തു ബലിയർപ്പിക്കുക മാത്രമല്ല ബലി വസ്തുവായി തീർന്നു. യേശു അർപ്പിച്ച ബലി ലോകാവസാനം വരെ തുടർന്ന് അർപ്പിക്കണം എന്ന് അവിടുന്ന് ആഗ്രഹിച്ചു. അതിനായി പന്ത്രണ്ട് അപ്പസ്തോലന്മാരെ മുൻകൂട്ടി തിരഞ്ഞെടുത്ത് തന്റെ പൗരോഹിത്യ പദവി നല്കുകയും ചെയ്തു. ഈ പൗരോഹിത്യം മെത്രാന്മാരിലൂടെയും പുരോഹിതരിലൂടെയും സഭയിൽ അഭംഗുരം നിലനിർത്തപ്പെട്ട് പോരുന്നു.

**പരിശുദ്ധാത്മ സാന്നിധ്യം പൗരോഹിത്യ കൂദാശയിൽ**

വി. കുർബാന മധ്യേയാണ് പൗരോഹിത്യ കൂദാശയുടെ ശുശ്രൂഷ ആരംഭിക്കുന്നത്. മദ്ബഹായുടെ വാതിൽക്കൽ മുട്ടുകുത്തി നിൽക്കുന്ന അർത്ഥിയെ പൗരോഹിത്യ പദവിക്ക് ആവശ്യമായ യോഗ്യതകളെ കുറിച്ച് മെത്രാൻ ഓർമ്മപ്പെടുത്തുന്നു. അർത്ഥി വിശ്വാസം ഏറ്റുപറഞ്ഞ് അനുസരണം വാഗ്ദാനം ചെയ്തു രേഖയിൽ ഒപ്പുവയ്ക്കുന്നു. അതിനുശേഷം എല്ലാം പരിത്യജിച്ച് യേശുവിനെ അനുഗമിക്കുന്നതിന്റെ പ്രതീകമായി മേലപട്ടക്കാരൻ സ്ഥാനാർത്ഥിയുടെ തലയിൽ നിന്നും കുരിശാകൃതയിൽ മുടിവെട്ടുന്നു. പിന്നീട് പ്രധാനകാർമ്മികൻ അർത്ഥിയുടെ വലതുകരം പിടിച്ച് "വിശുദ്ധസഭയിൽ കശീശ്ശയാകുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് മദ്ബഹായിലേക്കാനയിക്കുന്നു. പരിശുദ്ധാത്മാവാണ് ഒരുവനെ വിളിക്കുന്നതും പുരോഹിതനായി അഭിഷേകം ചെയ്യുന്നതും കാർമ്മികൻ പരിശുദ്ധാത്മാവിന്റെ കരങ്ങളിലെ ഉപകരണങ്ങൾ മാത്രമാണ്. അവരാണ് ശുശ്രൂഷയിലേക്ക് പരിശുദ്ധാത്മാസാന്നിധ്യം ക്ഷണിക്കുന്നത്. പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെടുകയും തെരഞ്ഞെടുക്കപ്പെടുകയും പരിശുദ്ധാത്മ കൃപാവര

www.malankaralibrary.com

ത്താൽ നിറയപ്പെടുകയും ചെയ്തല്ലാതെ ഒരുവനും പുരോഹിതനാകൻ കഴിയുകയില്ലെന്നത് ഇതിൽ നിന്നും വ്യക്തമാണ്.

സുവിശേഷവായനയുടെ മധ്യത്തിൽ 'അവൻ അവരുടെ മേൽ ഊതി' എന്നു വായിക്കുമ്പോൾ കാർമ്മികൻ അർത്ഥിയുടെ ശിരസിൽ മൂന്നു പ്രാവശ്യം കുരിശാകൃതിയിൽ ഊതുന്നു. ക്രിസ്തു തന്റെ ശിഷ്യരുടെ മേൽ ഊതി പരിശുദ്ധാത്മാവിനെ അവർക്കു നല്കിയതുപോലെ (യോഹ. 20:22-23). ക്രിസ്തുവിന്റെ പ്രതിപുരുഷനായ കാർമ്മികനിൽ നിന്നും വൈദികാർത്ഥി പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിന്റെ അടയാളമാണിത്. തുടർന്നുള്ള പ്രാർത്ഥനകളെല്ലാം അർത്ഥിയിൽ പരിശുദ്ധാത്മാവ് നിറയാൻ വേണ്ടിയുള്ളതാണ്.

തിരുപ്പട്ട ശുശ്രൂഷയുടെ മർമ്മപ്രധാനമായ ഭാഗത്ത് പരിശുദ്ധാത്മാവിനെ പ്രത്യേകമായ വിധത്തിൽ മെത്രാന്റെ കരങ്ങളാൽ സ്ഥാനാർത്ഥിയുടെ മേൽ ആവസിപ്പിച്ച് അയാളെ പുരോഹിതനായി അഭിഷേകം ചെയ്യുന്നു. കർമ്മികൻ അർത്ഥിയെ കാപ്പകൊണ്ട് മറയ്ക്കുന്നു. ദൈവീക ശക്തി സ്വീകരിക്കുന്നതിനായി വി. രഹസ്യങ്ങളുടെമേൽ കൈ ആവസിപ്പിക്കുകയും അവയിൽ നിന്ന് ശക്തി പ്രാപിച്ച് അർത്ഥിയുടെ തലയിൽ വയ്ക്കുകയും ചെയ്യുന്നു. ഈ സമയം പ്രധാന കാർമ്മികൻ ചൊല്ലുന്ന രഹസ്യപ്രാർത്ഥന ഇപ്രകാരമാണ്: "കുറ്റമറ്റതും നിർമ്മലവുമായ നടപടികളോടും അചഞ്ചലമായ വിശ്വാസത്തോടും കൂടി നിന്റെ പരിശുദ്ധ റൂഹായുടെ മഹിമയേറിയ നൽവരം പ്രാപിക്കാൻ ഇവന് കൃപ നൽകണമേ". അതിനെ തുടർന്ന് കാർമ്മികൻ നവവൈദികന്റെ തലയിൽ കൈവയ്ക്കുകയും നിശ്ചിത പ്രാർത്ഥന ചൊല്ലിക്കൊണ്ട് നെറ്റിയിൽ മൂന്നു പ്രാവശ്യം കുരിശുവരച്ച് മുദ്രകുത്തുകയും ചെയ്യുന്നു. തുടർന്ന് വി. കുർബാന പൂർത്തിയാക്കുന്നു.

ഓരോ പുരോഹിതനും ദൈവത്തിന്റെ പ്രത്യേക തെരഞ്ഞെടുപ്പിന്റെ സാക്ഷികളാണ്. പൗരോഹിത്യ ശുശ്രൂഷ സ്ഥാനം ദൈവീക പദ്ധതിയാണെന്നും അത് മനുഷ്യന്റെ സ്വതസിദ്ധമായ കഴിവിനാൽ നേടിയെടുക്കുന്ന ഒന്നല്ല മറിച്ച് മിശിഹാ തനിക്കിഷ്ടമുള്ളവരെ ഭരമേല്പിക്കുന്ന കൂദാശയുമാണെന്നുള്ള ബോധ്യത്തിൽ നാം വളരണം. മിശിഹായുടെ പ്രതിപുരുഷൻ എന്ന നിലയിൽ അവിടുത്തെ ശുശ്രൂഷ ചെയ്യുവാൻ ദൈവീക ശക്തി പുരോഹിതനിൽ പൂർണ്ണമായി സഹവസിക്കുന്നു. ഈ ദൈവീകശക്തി, പരിശുദ്ധ റൂഹാ തന്നെയാണ്. അതുകൊണ്ടാണ് പട്ടം കൊട ശുശ്രൂഷയിൽ റൂഹായെ വൈദികനിൽ ചൊരിയണമെ എന്ന് പ്രധാന കാർമ്മികൻ പ്രാർത്ഥിക്കുന്നത്.

www.malankaralibrary.com

**6. വിവാഹം**

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ദൈവത്താൽ സ്ഥാപിതമായിരിക്കുന്ന സ്നേഹത്തിന്റെ ഉടമ്പടിയും കൂദാശയുമാണ് വിവാഹം. ഈ കൂദാശയിലൂടെ സഭയെ കെട്ടിപ്പടുക്കുവാനുള്ള വലിയ ദൗത്യത്തിനുവേണ്ടി വധുവരന്മാർ വിളിക്കപ്പെട്ടിരിക്കുന്നു. ഈ ദൗത്യം ഏറ്റെടുക്കുവാനുള്ള കൃപയും വരപ്രസാദവും അവർക്ക് വിവാഹ കൂദാശയിലൂടെ ലഭിക്കുന്നു. വിവാഹം ഒരു അടയാളവും പ്രതീകവുമെന്ന നിലയിൽ, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും ഐക്യത്തെയും സൂചിപ്പിക്കുകയും അത് സാക്ഷാത്കരിക്കുകയും പ്രസാദവരം പ്രദാനം ചെയ്തുകൊണ്ട് ഭാര്യാഭർത്താക്കന്മാരെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. വിവാഹത്തിലൂടെ ഭാര്യാഭർത്താക്കന്മാർ ത്രിതൈക ഐക്യത്തിന്റെ ഭാഗമാകുകയും സൃഷ്ടി കർമ്മത്തിന്റെ ഭാഗമാകുകയും ചെയ്യുന്നു. വിവാഹം എന്ന കൂദാശ മനുഷ്യനിർമിതമല്ല മറിച്ച് ദൈവത്തിൽ നിന്നുള്ളതും സ്രഷ്ടാവിന്റെ കരങ്ങളാൽ സ്ഥാപിതവുമാണ്. അതിനാൽ ഓരോ വിവാഹബന്ധവും ദൈവീകവും പരിശുദ്ധവും ആണ്.

വിവാഹം പുരുഷനേയും സ്ത്രീയേയും തമ്മിൽ ആജീവനാന്തം സ്വയം ബന്ധിക്കുന്നതും അവരുടെ കടമകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതുമായ ഒരു കൂദാശയാണ്, ഉടമ്പടിയാണ്. കൃപാവരാധിഷ്ഠിതമായ വൈവാഹിക സ്നേഹമാണ് ഈ ഉടമ്പടിയെ നിലനിർത്തുന്നത്. ക്രൈസ്തവ ദമ്പതികളുടെ ദാമ്പത്യസ്നേഹത്തിന്റെ മാതൃക ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹബന്ധമാണ്. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം ലോകാവസാനംവരെ നിലനില്ക്കുന്നതുപോലെ ഭാര്യാഭർതൃബന്ധം ജീവിതവസാനം വരെ നിലനില്ക്കേണ്ടതാണ്.

മലങ്കര കത്തോലിക്കാ സഭയിൽ മനഃസമ്മതത്തോടുകൂടിയാണ് വിവാഹ ശുശ്രൂഷയാരംഭിക്കുന്നത്. വധുവരന്മാർ വിവാഹത്തിലേക്ക് പ്രവേശിക്കുന്നത് സ്വതന്ത്രമായ തീരുമാനത്തോടും താത്പര്യത്തോടും കൂടിയാണ്. വിവാഹശുശ്രൂഷയ്ക്ക് രണ്ടു ഭാഗങ്ങളാണുള്ളത്. ഒന്നാമത്തെ ഭാഗമായ മോതിരം വാഴ്വിന്റെ ശുശ്രൂഷയിലൂടെ, സഭയുമായുള്ള തന്റെ ശാശ്വതമായ ഉടമ്പടിയുടെ അടയാളമായി ക്രിസ്തു തന്റെ ശരീരരക്തങ്ങൾ മോതിരമായി സഭയ്ക്ക് നല്കിയതുപോലെ, വധുവരന്മാർ തമ്മിലുള്ള വിവാഹ ഉടമ്പടി മോതിരംകൊണ്ട് മുദ്രവയ്ക്കപ്പെടുന്നു.

www.malankaralibrary.com

രണ്ടാമതായി കിരീടം വാഴ്വിന്റെ ശുശ്രൂഷയാണ്. ഈ ശുശ്രൂഷയിലൂടെ വധുവരന്മാരെ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ കൊണ്ട് മകുടം അണിയിക്കുന്നു. വധൂവരന്മാർ പുതിയ കുടുംബത്തിന്റെ രാജാവും രാജ്ഞിയുമായി അവരോധിക്കപ്പെടുന്നു.

**പരിശുദ്ധാത്മ സാന്നിദ്ധ്യം വിവാഹ കൂദാശയിൽ**

ക്രിസ്തീയ ജീവിതം ത്രിത്വൈക ജീവനിലൂള്ള ഒരു പങ്കുചേരലാണ്. ആയതിനാൽ വിവാഹത്തിലൂടെ ആരംഭിക്കുന്ന ജീവിതത്തിന്റെ പരമോന്നത ലക്ഷ്യം ത്രിത്വൈക ദൈവത്തിലുള്ള പങ്കുചേരലാണ്. മലങ്കര പാരമ്പര്യത്തിൽ വിവാഹ ശുശ്രൂഷ ആരംഭിക്കുന്നതും മോതിരങ്ങൾ ആശീർവദിക്കുന്നതും എല്ലാം ത്രിത്വൈക ദൈവത്തിന്റെ നാമത്തിലാണ്. വിവാഹ ശുശ്രൂഷയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി അർപ്പിച്ചുകൊണ്ട് ആയുഷ്കാലമെല്ലാം സന്തോഷിക്കാൻ നിനക്ക് സംഗതിയാകട്ടെ" (കൂദാശാക്രമം പേജ് 68). പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്ന് കോട്ടകൾ പോലെ നിന്ന് മണവാട്ടിയായ സഭയെ സംരക്ഷിക്കുന്നതുപോലെ പരിശുദ്ധ ത്രിത്വം വിവാഹ ജീവിതത്തെ പരിരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നു. ഈ ചിന്ത "സഭയോതുന്നെന്നെ മൂന്ന് കോട്ടകൾ ചുറ്റുന്നു..." എന്ന ഗാനത്തിൽ വിവരിക്കുന്നു. ത്രിത്വത്തിലെ മൂന്ന് വ്യക്തികൾ പരസ്പരം സ്നേഹത്തിൽ ഒന്നായിരിക്കുന്നതുപോലെ വിവാഹത്തിലൂടെ ദമ്പതികൾ ഒന്നായി തീരണം എന്ന് സഭ പഠിപ്പിക്കുന്നു. ആയതിനാൽ ത്രിത്വൈക ദൈവത്തിന്റെ സ്നേഹബന്ധമാണ് വിവാഹിതരുടെ സ്നേഹബന്ധത്തിന്റെ മാതൃക.

**7. വിശുദ്ധ കുർബാന**

യേശുക്രിസ്തു തന്നെത്തന്നെ നമുക്ക് നൽകുന്ന കൂദാശയാണ് വി. കുർബാന അഥവാ ദിവ്യകാരുണ്യം. നാം നമ്മെതന്നെ സ്നേഹത്തിൽ അവിടുത്തേക്ക് നൽകാനും വിശുദ്ധ സംസർഗ്ഗത്തിൽ അവിടുത്തേക്ക് ഐക്യപ്പെടാനും വേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്. അങ്ങനെ നാം ക്രിസ്തുവിനോടും അവിടുത്തെ ശരീരമായ സഭയോടും ഐക്യപ്പെടുന്നു (CCC 1322, 1324, 1404, 1413).

വി. കുർബാന പരിശുദ്ധാത്മ ശക്തിയാൽ പിതാവിന്റെ ഹിതാനുസരണം, സഭയർപ്പിക്കുന്ന യേശുവിന്റെ രക്ഷാകരബലിയുടെ പുനരർപ്പണമാകയാൽ അത് പരിപൂർണ്ണമായ യാഗമായി തീരുന്നു. കുരിശിൽ യേശു രക്തം ചിന്തി ശാരീരികമായി ബലിയർപ്പിച്ചെങ്കിലും അൾത്താ

www.malankaralibrary.com

രയിൽ അവിടുന്ന് രക്തരഹിത ബലി കൗദാശികമായി അർപ്പിക്കുന്നു. രൂപത്തിൽ മാറ്റമുണ്ട് എന്നാൽ സത്തയിൽ രണ്ടും ഒന്നു തന്നെ. അങ്ങനെ യാതൊരു അർഹതയുമില്ലാത്ത നമുക്ക് യേശു സ്വയം സംലഭ്യനായിതീരുന്നു. അതിനാൽ വി. കുർബാന ക്രൈസ്തവ ജീവിതത്തിന്റെ സ്രോതസ്സും അത്യുച്ചകോടിയും വിശ്വാസ ജീവിതത്തിന്റെ പൂർണരൂപവുമാണ്. വി.കുർബാനയിൽ ആത്മീയ സമ്പത്തുമുഴുവനും അതായത് നമ്മുടെ പെസഹാ കുഞ്ഞാടായ ക്രിസ്തു തന്നെ അടങ്ങിയിരിക്കുന്നു (PO.5). വി. കുർബാനയിൽ ഈ യാഥാർത്ഥ്യങ്ങളെല്ലാം അടങ്ങിയിരിക്കുന്നതിനാൽ അതിലുള്ളതുപോലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആരാധനക്രമത്തിന്റെ മറ്റൊരു ഭാഗത്തും കാണാൻ സാധിക്കുകയില്ല.

**പരിശുദ്ധാത്മാവിന്റെ സാന്നിധ്യം മലങ്കര കുർബാനയിൽ**

പരിശുദ്ധ കുർബാന ആരംഭിക്കുന്ന സമയത്ത് ശുശ്രൂഷകൻ മദ്ബഹായ്ക്കുള്ളിൽ പ്രവേശിച്ച് ത്രോണോസിന്റെ മദ്ധ്യത്തിലുള്ള മെഴുകുതിരി കത്തിക്കുന്നു. ഇത് അനുസ്മരിക്കുന്നത് ത്രിയേകദൈവം പ്രപഞ്ചോൽപത്തിയിൽ പ്രകാശം കൊണ്ട് സൃഷ്ടികർമ്മം ആരംഭിച്ചതാണ്. പ്രഭാത പ്രാർത്ഥനയ്ക്ക് ശേഷം പുരോഹിതൻ മദ്ബഹായിൽ പ്രവേശിച്ച് കുരിശ് വരച്ച് ത്രിത്വൈക ദൈവത്തെ സ്തുതിക്കുന്നു. പുരോഹിതൻ പ്രാരംഭ പ്രാർത്ഥനയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു "സ്വർഗ്ഗാരാധ്യനായ നാഥനും സ്രഷ്ടാവുമെന്ന നിലയിൽ പിതാവും പുത്രനും പരിശുദ്ധന്മാവുമായ നിന്നെ വെടിപ്പോടും വിശുദ്ധിയോടും ശുശ്രൂഷിക്കാൻ യോഗ്യനാക്കണമേ" (വി. കുർബാന തക്സാ പേജ് 1).

തുടർന്ന് ത്രോണോസിൽ കത്തിച്ചിരിക്കുന്ന തിരിയിൽ നിന്ന് ആദ്യം വടക്ക് വശത്തെ തിരി കത്തിക്കുന്നു ഇത് പുത്രൻ പിതാവിൽ നിന്ന് അനാദിയിൽ ജനിച്ചവനാണ് എന്നും തെക്കുവശത്തെ തിരി കത്തിക്കുന്നതിലൂടെ പരിശുദ്ധ റൂഹാ പിതാവിൽ നിന്ന് പുറപ്പെട്ട് പുത്രനിലൂടെ പ്രകാശിക്കപ്പെടുന്നവനാണ് എന്നും സൂചിപ്പിക്കുന്നു.

ത്രോണോസിൽ ഒരുക്കി വയ്ക്കുന്ന അപ്പവും വീഞ്ഞും സർവ്വലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിന്റെ പ്രതീകമാണെന്നും, ആ പ്രകാശത്തിൽ നിന്നു വേണം നാം യഥാർത്ഥ പ്രകാശം ഉൾക്കൊള്ളേണ്ടതെന്നും, പരിശുദ്ധന്മാവിന്റെ സഹായത്താൽ ദുഷ്ടചിന്തകൾ വെടിഞ്ഞ് വെളിച്ചത്തിന്റെ പ്രവർത്തികൾ ചെയ്യണമെന്നും തിരികത്തിക്കുന്നതിലൂടെ സൂചിപ്പിക്കുന്നു.

www.malankaralibrary.com

മൽക്കിസദേക്ക് അപ്പവും വീഞ്ഞും കാഴ്ചവച്ചതിന്റെ സൂചനയായി പുരോഹിതൻ അപ്പവും വീഞ്ഞും ഒരുക്കിവയ്ക്കുന്നു. തുടർന്നുവരുന്ന അഹറോന്റെ ക്രമത്തിലെ പ്രാർത്ഥനകൾ മുഴുവൻ അനുതാപചിന്തകൾ ഉൾകൊള്ളുന്നവയാണ്.

അഹറോന്റെ ക്രമം ആരംഭിക്കുന്നതും ത്രിത്വ സ്തുതിയോടു കൂടിയാണ്. തുടർന്ന് പുരോഹിതൻ അംശവസ്ത്രങ്ങൾ ധരിക്കുന്നു. വെള്ളയങ്കി ധരിക്കുമ്പോൾ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുന്നുണ്ട്. പൊതുവായ അനുസ്മരണത്തിനുശേഷം ധൂപാർപ്പണം നടത്തുന്നു. ഈ സമയത്ത് ദിവ്യരഹസ്യങ്ങൾ ശോശപ്പാകൊണ്ട് മൂടുന്നു. ത്രോണോസിന്റെ മധ്യത്തിൽ പിതാവിനെയും ഇടത്തെക്കോൺ മടക്കിവച്ച് പുത്രനെയും വലതുഭാഗത്ത് പരിശുദ്ധാത്മാവിനെയും അനുസ്മരിക്കുന്നു. ഇതിലൂടെ ത്രിയേക ദൈവത്തിലെ മൂന്നാളുകളുമായുള്ള സത്താ സംസർഗ്ഗം പ്രത്യക്ഷമാകുകയും ത്രിത്വ ആരാധന നടത്തുകയും ചെയ്യുന്നു.

രക്ഷാകര ചരിത്രത്തിൽ നമ്മുടെ കർത്താവിനോട് ഏറ്റവും കൂടുതൽ സഹകരിച്ച രണ്ട് മഹത്വ്യക്തികളായ പരി. മറിയത്തെയും സ്നാപകയോഹന്നാനേയും ഓർത്തുകൊണ്ടാണ് പരസ്യശുശ്രൂഷ ആരംഭിക്കുന്നത്.

തുടർന്ന് വചനശുശ്രൂഷയ്ക്ക് അസന്നമായ ഒരുക്കമെന്ന നിലയിൽ ആരാധന സമൂഹത്തോടൊരുമിച്ച് കാർമ്മികൻ കൗമാ പ്രാർത്ഥന ആരംഭിക്കുന്നു. ത്രൈശുദ്ധ കീർത്തനത്തിന്റെ തുടർച്ചയാണ് “കുറിയേലായിസ്സോൻ” എന്ന അപേക്ഷ. ആരാധനയിലെ വളരെ പ്രധാനപ്പെട്ട ഭാഗങ്ങളിൽ പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി പ്രാർത്ഥിക്കുന്നത് ഇത് ആവർത്തിച്ചു ചൊല്ലിയാണ്.

സെദറ പ്രാർത്ഥനകളിൽ ബലിയർപ്പിക്കുന്ന വൈദികനിലും കർത്താവിന്റെ ശരീരവും രക്തവും ആയിത്തീരുന്ന അപ്പത്തിലും വീഞ്ഞിലും ആരാധന സമൂഹത്തിലും പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടാകുന്നതിനുള്ള അപേക്ഷ ഉണ്ട്. ജീവനുള്ളവനും പരിശുദ്ധനുമായ നിന്റെ റൂഹാ ജ്ഞാനത്തിന്റെയും വിവേചനത്തിന്റെയും അറിവിന്റെയും ധീരതയുടെയും ആലോചനയുടെയും ദൈവഭയത്തിന്റെയും രക്ഷയുടെയും പുത്രസ്വീകാര്യത്തിന്റെയും ആത്മാവ് സജീവനായ പരി. റൂഹാ ഞങ്ങളിലും ഇപ്പോൾ ശുദ്ധീകരിച്ച പൂർണമാക്കുന്ന ഈ കുർബാനയിലും ആവസിച്ച് പ്രീതിപ്പെടുമാറാകണമേ (വി. കുർബാന തക്സാ പേജ് 280).

www.malankaralibrary.com

പാപപരിഹാര പ്രാർത്ഥനയ്ക്ക് ശേഷം ധൂപകുറ്റിവാഴ്വിലേക്ക് പ്രവേശിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ് ഈ ശുശ്രൂഷ. പരിശുദ്ധ ത്രിത്വം പരസ്യമായി ആദ്യം വെളിപ്പെടുത്തുന്നത് യോർദ്ദാൻ നദിയിൽ ആയിരുന്നു. അതുകൊണ്ട് ധൂപകുറ്റിവാഴ്വ് നമ്മുടെ കർത്താവിന്റെ മാമോദീസയെ അനുസ്മരിപ്പിക്കുന്നു. ധൂപകുറ്റിവാഴ്വ് സഭയുടെ ശുദ്ധീകരണത്തെ സൂചിപ്പിക്കുന്നു. ധൂപകുറ്റിയുടെ നാലാമത്തെ ചങ്ങല പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. ധൂപകുറ്റിവാഴ്വിനുശേഷം പുരോഹിതൻ സഭയിൽ നിത്യമായി വസിച്ച് അതിനെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വ്യക്തമാക്കുന്ന പ്രഖ്യാപനം നടത്തുന്നു. "ജീവപ്രദനായ പരിശുദ്ധ റൂഹാ പരിശുദ്ധൻ... അവൻ നമ്മുടെയും നമ്മുടെ പിതാക്കന്മാരുടെയും സഹോദരങ്ങളുടെയും നേതാക്കന്മാരുടെയും ഗുരുക്കന്മാരുടെയും മരിച്ചുപോയവരുടെയും വിശുദ്ധ സഭയുടെ മക്കളും വിശ്വാസികളുമായ സകല മരിച്ചുപോയവരുടെ ആത്മാക്കളിലും രണ്ടു ലോകങ്ങളിലും എന്നേക്കും മനസ്സലിവ് തോന്നി കരുണ ചെയ്തുകൊണ്ട് പാപിയായ തന്റെ ദാസന്റെ രൂപം ശുദ്ധീകരിക്കുന്നവനാകുന്നു (വി. കുർബാന തക്സാ പേജ് 38).

**റൂഹാക്ഷണ പ്രാർത്ഥന**

പരിശുദ്ധ റൂഹായെ ക്ഷണിക്കുന്ന ശുശ്രൂഷ പല പ്രാർത്ഥനകളും കർമ്മങ്ങളും ഉൾക്കൊള്ളുന്നതാണ്. ആദ്യമായി വായനക്കാരൻ സന്ദർഭത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിളിച്ചു പറയുകയും മറ്റു ശുശ്രൂഷകർ മർബഹാസായും മണിയും കിലുക്കുകയും ചെയ്യുന്നു. ഈ സമയത്ത് പട്ടക്കാരൻ രഹസ്യമായി പ്രാർത്ഥിച്ചുകൊണ്ട് കൈകൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ ആഘോഷിക്കുന്നു. പരിശുദ്ധാത്മാവിന്റെ അവരോഹണത്തെ സൂചിപ്പിക്കത്തക്കവിധം പ്രാവ് പറന്നിറങ്ങുന്നതുപോലെ കൈവിരലുകൾ ചലിപ്പിക്കുന്നു രക്ഷാകര ചരിത്രത്തിന്റെ മർമ്മപ്രധാനമായ അവസരങ്ങളിലെല്ലാം വിശുദ്ധീകരണ ശക്തിയുമായി എഴുന്നെള്ളിയ ദൈവാത്മാവിനെ ഇപ്പോൾ അയച്ചു തരണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. പരിശുദ്ധറൂഹാ മനുഷ്യാവതാരത്തിൻ പരിശുദ്ധ കന്യകമറിയാമിൽ വന്ന് അവിശ്വസിച്ചതുപോലെയും യോർദ്ദാൻ നദിയിൽ കർത്താവിന്റെ മാമോദീസായുടെ സമയത്ത് പ്രാവിന്റെ രൂപത്തിൽ പറന്നിറങ്ങിയതുപോലെയും, പൊന്തിക്കോസ്തി ദിവസത്തിൽ ശിഷ്യന്മാരുടെമേൽ അഗ്നിനാവുകളുടെ സാദൃശ്യത്തിൽ പ്രത്യക്ഷപ്പെട്ടതുപോ

www.malankaralibrary.com

ലെയും പരിശുദ്ധാത്മാവ് അപ്പത്തിലും വീഞ്ഞിലും ഇറങ്ങിവന്ന് അവയെ കർത്താവിന്റെ ശരീരവും രക്തവും ആയി മാറ്റണമെന്നു പ്രാർത്ഥിക്കുന്നു. മനുഷ്യാവതാരത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ച വാക്കുകൾ തന്നെയാണ്. പല റൂഹാക്ഷണ പ്രാർത്ഥനകളിലും ഉപയോഗിച്ചിരിക്കുന്നത്.

പിന്നീടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ സഭ മുഴുവനും വേണ്ടിയുള്ള പ്രാർത്ഥനയാണ്. റൂഹാക്ഷണ പ്രാർത്ഥനയുടെ തുടർച്ചയാണ് മദ്ധ്യസ്ഥ പ്രാർത്ഥനകൾ. പരിശുദ്ധാത്മാവ് കാഴ്ചകളിൽ മാത്രമല്ല മറ്റ് ആവശ്യങ്ങളിലും പ്രവർത്തിക്കണമേയെന്ന് അപേക്ഷിക്കുന്നു. തുടർന്ന് നല്ല മരണത്തിനായും ഉയർപ്പിലെ നിത്യ സൗഭാഗ്യത്തിനായും പ്രാർത്ഥിക്കുന്നു. ത്രിത്വസ്തുതിയോടുകൂടിയ ആശീർവാദത്തിന് ശേഷം അപ്പം മുറിക്കൽ ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നു. കർത്തൃശരീരം മുറിക്കുകയും രക്തത്തിൽ മുക്കുകയും ചെയ്യുന്ന ശുശ്രൂഷയാണ് ഖണ്ഡന ശുശ്രൂഷ. ഇത് ക്രിസ്തുവിന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും അനുസ്മരണമാണ്. ഇതിനുശേഷം ദൈവജനമൊന്നാകെ ദൈവത്തെ പിതാവേ എന്ന് വിളിച്ച് പ്രാർത്ഥിക്കുന്നു. ക്രിസ്തു തന്റെ മരണോത്ഥാനങ്ങളിലൂടെ നേടിത്തന്ന ഈ അവകാശം, മാമോദീസായിൽ ആത്മാവിൽ നിന്ന് നാം വീണ്ടും ജനിക്കുന്നതിലൂടെ വീണ്ടും സ്വന്തമാകുന്നു. മലങ്കര ആരാധനക്രമത്തിലെ വി. കുർബാനയിൽ പിതാവിന്റെയും പുത്രന്റെയും പരി. റൂഹായുടെയും രക്ഷാകര വ്യാപാരങ്ങൾ പ്രത്യേകം പ്രത്യേകം അനുസ്മരിക്കുകയും ദൈവജനമൊന്നാകെ പരി. ത്രിത്വത്തിന്റെ സാന്നിധ്യത്തെ ഏറ്റുപറയുകയും ചെയ്യുന്നു. ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള പരിശുദ്ധാത്മാവിനും സ്തുതി, തന്റെ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏകപിതാവ് നമ്മോടുകൂടെ, തന്റെ തിരുമേനിയുടെ വിലയേറിയ പീഡാനുഭവത്താൽ അതിനെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ, ഉണ്ടായതും ഉണ്ടാകാനിരിക്കുന്നതുമായ സകലവും പൂർത്തിയാക്കി തികയ്ക്കുന്ന ജീവനുള്ള ഏക പരിശുദ്ധാത്മാവും നമ്മോടുകൂടെ (വി. കുർബാന തക്സാ പേജ് 67).

തിരുശരീരവും തിരുരക്തവും ഉയർത്തി ആഘോഷിക്കുമ്പോൾ നാം ഓർക്കുന്നത് സ്വർഗ്ഗരോഹണമാണ്. സ്വർഗ്ഗാരോഹണം മൂലം ക്രിസ്തുവിന്റെ ശാരീരിക സാന്നിധ്യം നഷ്ടമായെങ്കിലും കൂടുതൽ യഥാർത്ഥമായ പുതിയ ഒരു സാന്നിധ്യം പരിശുദ്ധാത്മാവു മുഖേന

www.malankaralibrary.com

നമ്മുക്ക് ലഭിച്ചു. ഈ പുതിയ സാന്നിധ്യത്തിന്റെ പരമോന്നതാവസ്ഥ യാണ് വി. കുർബാനയിലെ കർത്താവിന്റെ സാന്നിധ്യം.

തിരുശരീരകരങ്ങൾ എടുത്തുകൊണ്ട് പടിഞ്ഞാറോട് എഴുന്നെള്ളിക്കുന്നത് കർത്താവിന്റെ രണ്ടാമത്ത വരവിന്റെ പ്രതീകമാണ്. തുടർന്ന് ക്രസ്തുവിനോടൊത്ത് സ്വർഗ്ഗരാജ്യത്തിന്റെ മണവറയിൽ വിരുന്നിൽ പങ്കുകൊള്ളുന്നതിന്റെ സൂചനയായി ബലിവിരുന്നിൽ പങ്കുകൊള്ളുന്നു. ആ പരിശുദ്ധാത്മാവിനാൽ ഞങ്ങൾക്കാവിശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമേ എന്നു പ്രാർത്ഥിച്ച ദൈവജനത്തിനാണ് ജീവന്റെ അപ്പം നൽകുന്നത്. അത് ഭക്ഷിച്ച് അവർ ക്രിസ്തുവിന്റെ മൗതികശരീരവുമായി ഐക്യപ്പെടുന്നു. വി. കുർബാന സ്വീകരണത്തിനുശേഷം ന്യായവിധിയെ സൂചിപ്പിക്കുന്ന കർമ്മങ്ങൾ ചെയ്യുന്നു തുടർന്ന് ദിവ്യരഹസ്യങ്ങൾ കൊണ്ട് ദൈവജനത്തെ ആശീർവദിക്കുന്നു. തുടർന്ന് കൃതജ്ഞതാ പ്രാർത്ഥന ചൊല്ലിയതിനുശേഷം ക്രിസ്തുവിനെ സംബോധന ചെയ്യ്ത് പ്രാർത്ഥിക്കുന്നു. തുടർന്ന് ഹൂത്തോമ്മാ ഗീതം ചൊല്ലി അവസാന ആശീർവാദത്തിലൂടെ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയും അനുഗ്രഹങ്ങളും അവരെ ഭരമേല്പിച്ച് വി. കുർബാനയാക്കുന്ന യാത്രഭക്ഷണവുമായി അയ്ക്കുന്നു. പരിശുദ്ധാത്മാവിലൂടെയാണ് ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്തിലും ഉത്ഥാന ജീവിതത്തിലും നമ്മുക്ക് പങ്കുചേരാൻ സാധിക്കുന്നത്. വി. കുർബാനയിൽ പങ്കെടുത്ത് വി. കുർബാന സ്വീകരിച്ച് പുറത്തേക്കിറങ്ങുന്ന ദൈവജനം ഒരു നവ പെന്തക്കുസ്താ അനുഭവവുമായാണ് മടങ്ങുന്നത്. ക്രിസ്തുവിനെ ഉദരത്തിൽ പേറി എലിസബത്തിനെ ശുശ്രൂഷിക്കാനായി തിടുക്കത്തിൽ യാത്ര ചെയ്ത പരി. ദൈവമാതാവിന്റെ സാന്നിദ്ധ്യം പരിശുദ്ധാത്മ അഭിഷേകത്തിന് കാരണമായതുപോലെ പരി. കുർബാനയിലൂടെ ദൈവത്തെ ഉൾക്കൊണ്ട ദൈവജനവും പരിശുദ്ധാത്മാവിന്റെ അഭിഷേകം സന്നിഹിതരാക്കുന്നവരായി രൂപാന്തരപ്പെടുന്നു.

കൂദാശകളെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാണ്. കൂദാശകളിലേക്ക് ദൈവജനത്തെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. അവരെ വിശുദ്ധീകരിക്കുന്നതും നിത്യജീവന്റെ പൂർണ്ണതയിലേക്ക് നയിക്കുന്നതും പരിശുദ്ധാത്മാവ് തന്നെയാണ്.

www.malankaralibrary.com

# 6

# പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സുറിയാനി സഭാ പിതാക്കന്മാരുടെ പഠനങ്ങൾ

നിഖ്യായിലും (AD 325) എഫേസോസിലും (AD 431) സമ്മേളിച്ച സാർവത്രിക സുനഹദോസുകൾ മനുഷ്യനായി അവതരിച്ച പുത്രൻ തമ്പുരാനെക്കുറിച്ചുള്ള അടിസ്ഥാന പ്രബോധനങ്ങൾ വ്യക്തമാക്കുകയും വിശ്വാസപ്രമാണത്തിന്റെ ഭാഗമായി അംഗീകരിക്കുകയും ചെയ്തു. അതിനുശേഷമാണ് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ദൈവശാസ്ത്ര ചർച്ചകൾ പ്രബലപ്പെടുന്നത്. പാശ്ചാത്യ പാരമ്പര്യത്തിൽ വി. അഗസ്റ്റിനും ഗ്രീക്കു പാരമ്പര്യത്തിൽ വി. ബേസിലും വി. ഗ്രിഗറിയും സുറിയാനി പാരമ്പര്യത്തില വി. അഫ്രഹാത്തും വി. എഫ്രേമും ഗണ്യമായ സംഭാവനകൾ നൽകി. വിവിധ പ്രതീകങ്ങളിലൂടെയും കാവ്യാത്മകമായ ശൈലിയിലൂടെയും പരിശുദ്ധാത്മാവിനെപ്പറ്റി പഠിപ്പിച്ച വി. അപ്രേമിന്റെയും വി. അഫ്രഹാത്തിന്റെയും പ്രബോധനങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## A) പരിശുദ്ധാത്മാവ് - അഫ്രഹാത്തിന്റെ ദർശനത്തിൽ

സുറിയാനി സഭാപിതാക്കന്മാരുടെ ഗണത്തിലെ ആദ്യത്തെ പ്രമുഖ സഭാപിതാവാണ് പേർഷ്യയിലെ മുനി (Persian Sage) എന്നറിയപ്പെടുന്ന അഫ്രഹാത്ത്. വി. ഗ്രന്ഥത്തിലും യഹൂദ

www.malankaralibrary.com

പാരമ്പര്യങ്ങളിലും മെസപ്പൊട്ടോമിയൻ സംസ്കാരത്തിലും അധിഷ്ഠിതമായ ഒരു ദൈവശാസ്ത്ര ദർശനമാണ് അദ്ദേഹം രൂപപ്പെടുത്തിയത്. ഗ്രീക്കു തത്വചിന്തകളോ സംസ്കാരമോ അദ്ദേഹത്തെ ഒട്ടും സ്വാധീനിച്ചിരുന്നില്ല എന്ന് വ്യക്തമാണ്. വിശ്വാസ സംബന്ധമായ വിഷയങ്ങളെക്കുറിച്ച് സുദീർഘമായി പ്രതിപാദിക്കുന്ന 'വിവരണങ്ങൾ' (Demonstrations) ആണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതി. പരിശുദ്ധാത്മാവിനെക്കുറിച്ച് അഫ്രഹാത്ത് പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത് Demonstrations I, VI, VIII, XVIII എന്നിവയിലാണ്.

**1. പരിശുദ്ധാത്മാവും മാമ്മോദീസായും**

മാമോദീസാ എന്ന പ്രവേശക കൂദാശയിലൂടെയാണ് ഒരുവൻ പരിശുദ്ധാത്മാവിനെ ധരിക്കുന്നത്. രണ്ടുതരത്തിലുള്ള ജനനത്തെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നുണ്ട്. ഒന്ന് ഭൗമികാത്മാവിനോട് കൂടിയുള്ള (animated spirit) ശാരീരിക ജനനം; രണ്ട്, മാമോദീസായിൽ ദൈവാരൂപിയെ സ്വീകരിച്ചുകൊണ്ടുള്ള ആത്മീയജനനം.

"മാമോദീസായിൽ വീണ്ടും ജനിക്കുന്നത് വരെ ശാരീരികമായി ജനിച്ചവരിൽ നിന്നും പരിശുദ്ധാത്മാവ് അകന്നു നിൽക്കുന്നു. ആദ്യ ജനനത്തിൽ അവർ അമർത്യമായ ഭൗതികാത്മാവുമായി ജനിക്കുന്നു. എന്നാൽ മാമോദീസായിൽ സംഭവിക്കുന്ന രണ്ടാമത്തെ ജനനത്തിൽ അവർ അമർത്യമായ ദൈവീകതയുടെ ഒരു ഭാഗത്തിൽ നിന്നും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു" (Dem. VI:14).

**2. അമ്മയായ പരിശുദ്ധാത്മാവ്**

ലിംഗഭേദങ്ങൾക്ക് ഉപരിയായ പരമസത്യമാണ് ദൈവമെങ്കിലും, അഫ്രഹാത്ത് പരിശുദ്ധാത്മാവിനെ അമ്മയായിട്ടാണ് അവതരിപ്പിക്കുന്നത്. പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരും (ഉൽപ. 2:24) എന്ന വാക്യത്തിന് അദ്ദേഹം കൊടുക്കുന്ന വിശദീകരണത്തിൽ ഇത് വ്യക്തമാണ്.

"ഒരു മനുഷ്യൻ ഭാര്യയെ സ്വീകരിക്കുന്നിടത്തോളം കാലം തന്റെ പിതാവായ ദൈവത്തെയും മാതാവായ പരിശുദ്ധാത്മാവിനെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. കാരണം അവന് മറ്റൊരു സ്നേഹമില്ല" (Dem. XVIII:10).

ഉടമ്പടിയുടെ പുത്രന്മാർക്കുള്ള (Sons of the Covenant) ഉപദേശത്തിൽ പരിശുദ്ധാത്മാവിന് മാമ്മോദീസായിലുള്ള പങ്കിനെ ഒരു

www.malankaralibrary.com

തള്ളപ്പക്ഷിയോടുപമിക്കുന്നു. "പുരോഹിതൻ അഭ്യർത്ഥിക്കു മ്പോൾ പരിശുദ്ധാത്മാവ് സ്വർഗം തുറക്കുകയും താഴേയ്ക്കിറങ്ങി മാമോദീസാ ജലത്തെ ചുറ്റിപാർക്കുകയും ചെയ്യുന്നു" (Dem VI:14).

**3. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ**

സുറിയാനി പിതാക്കന്മാർ ക്രിസ്തുവിനെ പാറയായി അവതരിപ്പിക്കാറുണ്ട്. ഏശയ്യാ 11:2 ന്റെ പശ്ചാത്തലത്തിൽ ഈ പാറയിൽ ഞാൻ ഏഴുകണ്ണുകൾ തുറക്കും" (സഖ. 3:9) എന്ന പ്രവചനത്തെ വിശദീകരിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ഏഴ് ഫലങ്ങളെക്കുറിച്ച് അഫ്രഹാത്ത് പറയുന്നുണ്ട്.

"ഏഴു പ്രവർത്തനങ്ങളോടുകൂടി ക്രിസ്തുവിൽ വസിച്ചു. ദൈവത്തിന്റെ അരൂപിയല്ലെങ്കിൽ മറ്റെന്താണ് പാറയിൽ തുറക്കപ്പെട്ട ഈ ഏഴ് കണ്ണുകൾ? ഏശയ്യാ പ്രവാചകൻ പറയുന്നതുപോലെ ദൈവത്തിന്റെ ആത്മാവ് - വിജ്ഞാനത്തിന്റെയും മനസിലാക്കലിന്റെയും ഉപദേശത്തിന്റെയും ശക്തിയുടേയും അറിവിന്റെയും ദൈവഭയത്തിന്റെയും ആത്മാവ്- അവനിൽ വസിക്കും. പാറയിൽ തുറക്കപ്പെട്ട ഏഴ് കണ്ണുകൾ ഇവയാണ്" (Dem. 1:9).

**4. ശരീരം പരിശുദ്ധാത്മാവിന്റെ ആലയം**

"നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണ്" (1 കോറി. 6:19), "പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുന്നു" (റോമ. 8:11,2 തിമോ. 1:14) എന്നീ വചനങ്ങളെ ആധാരമാക്കി അഫ്രഹാത്ത് സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്: "നമുക്ക് ഇപ്പോൾ മുതൽ യേശുവിന്റെ ആത്മാവിന് വേണ്ടി നമ്മുടെ ആലയത്തെ ഒരുക്കാം. അവളെ ഒരിക്കലും വേദനിപ്പിക്കരുത്. വേദനിച്ചാൽ അവൾ നമ്മളെ ഉപേക്ഷിക്കും. മാമോദീസാ ജലത്തിൽ നിന്ന് ഒരുവൻ സ്വീകരിച്ച പരിശുദ്ധാത്മാവിനെ അവൻ വേദനിപ്പിച്ചാൽ മരിക്കുന്നതിന് മുമ്പുതന്നെ പരിശുദ്ധാത്മാവ് അവനെ ഉപേക്ഷിക്കും. അവൾ മടങ്ങി ക്രിസ്തുവിന്റെ അടുത്തുചെന്ന് തന്നെ വേദനിപ്പിച്ചവനെതിരായി പരാതി കൊടുക്കും" (Dem VI:14).

**5. പരിശുദ്ധാരൂപിയും സാത്താനും**

പാപം മൂലം പരിശുദ്ധാരൂപിയെ നഷ്ടപ്പെടുത്തിയാൽ ഒരുവനിൽ പിശാച് ആധിപത്യം സ്ഥാപിക്കുമെന്ന് അഫ്രഹാത്ത്

www.malankaralibrary.com

പഠിപ്പിക്കുന്നു. ആത്മാവിനെ സ്വീകരിച്ച ഒരുവൻ പിശാചിനാൽ ആക്രമിക്കപ്പെടാതിരിക്കുന്നതിനും തന്നിലെ അരൂപിയുടെ അസാനിധ്യത്തെ അറിയുന്നതിനും അദ്ദേഹം ചില നിർദ്ദേശങ്ങൾ പറയുന്നുണ്ട്.

"ഒരുവന്റെ ഹൃദയം ലോകകാര്യങ്ങളിലേക്ക് തിരിയുമ്പോൾ പരിശുദ്ധാരൂപി ഒരുവനിൽ ഇല്ലെന്ന് മനസിലാക്കണം. അരൂപി വീണ്ടും അവനിലേക്ക് വരുന്നതിനും സാത്താൻ കീഴ്പ്പെടുത്താതിരിക്കുന്നതിനും അവൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുകയും നോമ്പ് അനുഷ്ഠിക്കുകയും വേണം" (Demo VI:17).

**6. യാതൊരു കുറവും സംഭവിക്കാതെ പരിശുദ്ധാത്മാവ് എല്ലാവരിലും വസിക്കുന്നു**

പരിശുദ്ധാത്മാവ് എത്രപേരിൽ ആവസിച്ചാലും ആത്മാവിന് യാതൊന്നും നഷ്ടപ്പെടുന്നില്ല എന്ന് അഫ്രഹാത്ത് പഠിപ്പിക്കുന്നു. സൂര്യകിരണങ്ങൾ ഭൂമി മുഴുവൻ പതിക്കുമ്പോഴും സൂര്യന് യാതൊരു കുറവും സംഭവിക്കാത്തതുപോലെ, ആയിരക്കണക്കിന് പാത്രങ്ങളിൽ കടൽജലം നിറച്ചാലും കടലിന് കുറവ് സംഭവിക്കാത്തതുപോലെ തീ ഒരിടത്തുനിന്നും എടുത്ത് പല സ്ഥലങ്ങളിൽ കത്തിച്ചാലും ഉറവിടത്തിന് കുറവ് ഇല്ലാത്തതുപോലെ പരിശുദ്ധാത്മാവ് എത്രപേരിൽ വസിച്ചാലും ദൈവീക ഉറവിടത്തിന് യാതൊന്നും നഷ്ടപ്പെടുന്നില്ല. മോശയിൽ നിന്ന് ചെറിയൊരു ഭാഗം ആത്മാവ് എടുത്ത് ഇസ്രായേലിലെ 70 മൂപ്പന്മാരിലേക്ക് പകർന്നപ്പോഴും മോശയുടെ ആത്മാവിൽ കുറവനുഭവപ്പെട്ടില്ല (സംഖ്യ 11:17).

അതുപോലെ ക്രിസ്തുവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധവും പരിശുദ്ധാത്മാവും പുനരുത്ഥാനവും തമ്മിലുള്ള ബന്ധവുമെല്ലാം അഫ്രഹാത്ത് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. പരിശുദ്ധാത്മാവിലുള്ള ജീവിതമാണ് ക്രൈസ്തവന്റെ അനന്യത എന്ന വസ്തുത തന്റെ രചനകളിലൂടെയെല്ലാം അഫ്രഹാത്ത് ഉറക്കെപ്പറയുന്നു.

**B) പരിശുദ്ധാത്മാവ്: അപ്രേമിന്റെ വീക്ഷണത്തിൽ**

സുറിയാനി ഭാഷയിൽ ദൈവശാസ്ത്ര കൃതികൾ രചിച്ച സഭാപിതാക്കന്മാരിൽ ഏറ്റവും പ്രമുഖനാണ് വി. അപ്രേം. കവിയും ദൈവശാസ്ത്രജ്ഞനുമായിരുന്ന അദ്ദേഹം 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ

www.malankaralibrary.com

ദൈവശാസ്ത്രാന്വേഷണം പ്രതീകങ്ങളിലൂടെയും (Symbols) പ്രതിരൂപങ്ങളിലൂടെയും (types) അവതരിപ്പിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിനെയും അദ്ദേഹം അങ്ങനെതന്നെയാണ് അവതരിപ്പിക്കുന്നത്.

**1. പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ**

തീ, പ്രാവ്, എണ്ണ എന്നിവ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന പ്രതീകങ്ങളാണ്.

“തീ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. ഇത് മാമോദീസാ ജലത്തിൽ കലർത്തപ്പെട്ട പരിശുദ്ധാത്മാവിന്റെ പ്രതിരൂപമാണ്” (Hymns on Faith 40:10) അതുപോലെതന്നെ അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ പഴയനിയമത്തിൽ സ്വീകാര്യമായ ബലിവസ്തുക്കളെയെല്ലാം ദഹിപ്പിക്കുന്നതിന് സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന തീ പരിശുദ്ധാത്മാവാണ്. വി. കുർബാനയിൽ റൂഹാക്ഷണപ്രാർത്ഥനയുടെ സമയത്ത് പരിശുദ്ധാത്മാവാകുന്ന തീയാണ് അപ്പത്തിലേക്കും വീഞ്ഞിലേക്കും ഇറങ്ങിവരുന്നത്.

“അരൂപി നിന്റെ അപ്പത്തിലുണ്ട്, തീ നിന്റെ വീഞ്ഞിലുണ്ട്. ഞങ്ങളുടെ ചുണ്ടുകൾ അവയെ സ്വീകരിച്ചത് മഹാത്ഭുതം” (Hymns on Faith 10:8).

മറ്റു സുറിയാനി പിതാക്കന്മാരെപ്പോലെ തന്നെ അപ്രേമും പരിശുദ്ധാത്മാവാകുന്ന തീയെ ഈശോയാകുന്ന മുത്തിന്റെ (Pearl) ഉത്ഭവവുമായി ബന്ധിപ്പിക്കുന്നുണ്ട്. ഐതിഹ്യമനുസരിച്ച് കടലിൽ കഴിയുന്ന മുത്തുചിപ്പിയിൽ ഇടിവെട്ടുമ്പോഴാണ് മുത്തുണ്ടാകുന്നത്; മുത്തുണ്ടാകാനുള്ള പ്രധാന ഘടകങ്ങൾ തീയും വെള്ളവുമാണ്. അപ്രേമിന്റെ Hymns of Pearls ൽ ഈശോയാകുന്ന മുത്ത് ഉത്ഭവിക്കുന്നത് പരിശുദ്ധാത്മാവാകുന്ന തീ മറിയമാകുന്ന മുത്തുചിപ്പിയിൽ വന്നതുകൊണ്ടാണ്. യേശുവിന്റെ ജ്ഞാനസ്നാനസമയത്ത് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ വന്നതുപോലെ (മത്താ. 3:16) ഓരോ മാമോദീസായിലും പരിശുദ്ധാത്മാവാകുന്ന പ്രാവ് പറന്നിറങ്ങുന്നുണ്ട്. പരിശുദ്ധാത്മാവാകുന്ന പ്രാവിന്റെ മുൻരൂപമാണ് പ്രളയത്തിന്റെ അവസാനം നോഹ പെട്ടകത്തിൽ നിന്നയച്ച പ്രാവ് (ഉത്പ. 8:9–11) (Hymns on Faith 49:4).

www.malankaralibrary.com

**2. പരിശുദ്ധാത്മാവിനെ ധരിക്കൽ**

ഒരു തള്ളപ്പക്ഷിയെപ്പോലെ മാമോദീസാ ജലത്തെ ചുറ്റിപ്പറന്ന് പരിശുദ്ധാത്മാവ് അതിനെ വിശുദ്ധീകരിക്കുന്നു. മാമോദീസാ സ്വീകരിച്ചവരെ പരിശുദ്ധാത്മാവ് മുദ്രകുത്തി തന്റേതായി സ്വീകരിക്കുന്നു.

“സഹോദരരെ, താഴേക്കിറങ്ങുക. വെള്ളത്തിൽനിന്ന് പരിശുദ്ധാത്മാവിനെ ധരിക്കുക” (Hymn on the Epiphany 5:1).

“മാമോദീസായിൽ എണ്ണകൊണ്ട് പൂശപ്പെട്ട ശരീരങ്ങളിൽ ആത്മാവിന്റെ അദൃശ്യമായ മുദ്ര പതിപ്പിക്കപ്പെടുന്നു” (Hymns on Virginity 7:6).

ആദം പറുദീസായിൽ നഷ്ടപ്പെടുത്തിയ മഹത്വത്തിന്റെ അങ്കി, മാമോദീസാസമയത്ത് ഓരോ വ്യക്തിക്കും നല്കപ്പെടുന്നു. ഈ വസ്ത്രം പരിശുദ്ധാത്മാവ് തന്നെയാണ്. ഇതാണ് വിവാഹവസ്ത്രം. ഈ വസ്ത്രം അവസാനാദിനം വരെ വൃത്തിയായി സൂക്ഷിക്കണം. അപ്രേമിന്റെ വീക്ഷണത്തിൽ വിവാഹാഘോഷത്തിൽ നിന്നും പുറംതള്ളപ്പെട്ട മനുഷ്യന് (മത്താ. 22:11-14) വിവാഹവസ്ത്രം ഉണ്ടായിരുന്നു. പക്ഷേ അത് ചെളിപിടിച്ചതായിരുന്നു. ആ വസ്ത്രം അവന്റെ ശരീരമായിരുന്നു. മാമോദീസാ സ്വീകരിച്ച ഒരുവന്റെ ശരീരം പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് ശരീരമായിരിക്കുന്നവന് പറുദീസായിലേക്കുള്ള പുനഃപ്രവേശനത്തിനും ഉയർപ്പിനുശേഷമുള്ള മഹത്വീകൃത ജീവിതത്തിനും വാഗ്ദാനം കിട്ടുന്നു. പരിശുദ്ധാത്മാവിനെ നഷ്ടപ്പെടുത്തിയവർ നിത്യശിക്ഷയ്ക്കായി വിധിക്കപ്പെടും (Hymns on Nisibis 43:21).

**3. മനുഷ്യാവതാരവും റൂഹാക്ഷണവും**

പരിശുദ്ധാത്മാവിനെ നാലു സ്ഥലങ്ങളിലാണ് അപ്രേം ദർശിക്കുന്നത്; മറിയത്തിന്റെ ഉദരത്തിൽ, ജോർദാൻ നദിയിൽ, മാമോദീസാ തൊട്ടിയിൽ, അപ്പത്തിലും വീഞ്ഞിലും. അതിനാലാണ് അദ്ദേഹം ഇങ്ങനെ പാടിയത്,

“കാണുക, തീയും ആത്മാവും നിന്നെ ഗർഭം ധരിച്ചവളുടെ ഉദരത്തിലാകുന്നു. കാണുക, തീയും ആത്മാവും നീ മാമോദീസ സ്വീകരിച്ച നദിയിലാകുന്നു.

www.malankaralibrary.com

തീയും ആത്മാവും നമ്മുടെ മാമോദീസാത്തൊട്ടിയിലാകുന്നു.

തീയും പരിശുദ്ധാത്മാവും അപ്പത്തിലും കപ്പിലുമാകുന്നു" (Hymns on faith 10:7).

ഗബ്രിയേൽ ദൂതൻ മറിയത്തോട് പറഞ്ഞു. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ. 1:35). മറിയം പരിശുദ്ധാത്മാവിനോട് സഹകരിക്കുക വഴി അരൂപി അവളിൽ ഇറങ്ങിവരികയും അവളുടെ ഉദരത്തിൽ യേശു രൂപപ്പെടുകയും ചെയ്തു. ഇതുപോലെ വി. കുർബാനയിൽ റൂഹാക്ഷണവേളയിൽ സമർപ്പിതമായിരിക്കുന്ന അപ്പത്തിലേക്കും വീഞ്ഞിലേക്കും പുരോഹിതൻ പരിശുദ്ധാത്മാവിനെ വിളിച്ചിറക്കു മ്പോൾ, അത് യേശുവിന്റെ ശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നു.

"ഉദരത്തിൽ വാസസ്ഥലം സ്വീകരിക്കുകയും അവിടെ വസിക്കുന്നതിന് ഒരു ആലയം പണിയുകയും ചെയ്തവൻ വാഴ്ത്തപ്പെട്ട വനാകട്ടെ" (Hymns on Nativity 3:28).

"കാരുണ്യത്തിന്റെ തീയ് താഴെയിറങ്ങി

അപ്പത്തിൽ വാസം എടുത്തു" (Hymns on Faith 10:12)

**4. മറിയവും കുർബാന സ്വീകരിക്കുന്ന വ്യക്തിയും**

മറിയത്തിലും കുർബ്ബാന സ്വീകരിക്കുന്ന വ്യക്തിയിലും സംഭവിക്കുന്നത് ഒന്നുതന്നെയാണ്. പരിശുദ്ധാത്മാവ് മറിയത്തിന്റെ ഉദരത്തിൽ വന്നതുകൊണ്ടാണ് അവൾ ഈശോയെ പ്രസവിച്ചത്. കുർബാന സ്വീകരിക്കുന്ന വ്യക്തിയിലും അദൃശ്യമായ പരിശുദ്ധാത്മാവ് വസിക്കുന്നു. അവനും യേശുവായി രൂപാന്തരപ്പെടണമെന്ന് സാരം. പരിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ ഒരുവന്റെ ഹൃദയം മണവറയായി രൂപാന്തരപ്പെടുന്നു. അവിടെയാണ് മണവാളനായ യേശുവും മണവാട്ടിയായ ആത്മാവും കണ്ടുമുട്ടുന്നത്.

"അവൻ സ്വർഗം വിട്ട് താഴെയിറങ്ങി; നമുക്ക് അവനുവേണ്ടി നമ്മുടെ ഹൃദയത്തിന്റെ മണവറ വിശുദ്ധമാക്കാം" (Hymn Preserved in Armenia 47:7).

www.malankaralibrary.com

**5. സൂര്യന്റെ ചൂട്: പരിശുദ്ധാത്മാവിന്റെ പ്രതീകം**

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അപ്രേമിന്റെ കൃതികളിൽ ഏറ്റവും വിശിഷ്ടമായത് Hymn on Faith 74 ആണ്. പരിശുദ്ധാത്മാവിനെ സൂര്യന്റെ ചൂടിനോടാണ് ഇവിടെ ഉപമിച്ചിരിക്കുന്നത്. സൂര്യന്റെ ചൂട് എല്ലായിടവും വ്യാപിക്കുകയും എല്ലാവർക്കും അത് അനുഭവവേദ്യമാകുകയും ചെയ്യുന്നു. ചൂടും സൂര്യനും തമ്മിൽ വേർതിരിക്കാനാവില്ല. ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് വ്യത്യസ്ത രീതിയിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. പരിശുദ്ധാത്മാവാകുന്ന ചൂട് എല്ലാ നഗ്നരേയും ചൂടാക്കുകയും വസ്ത്രം ധരിപ്പിക്കുകയും ചെയ്യുന്നു. ശരീരത്തിന്റെ തണുപ്പിനെ ചൂടും അശുദ്ധിയെ പരിശുദ്ധാത്മാവും കീഴ്പ്പെടുത്തുന്നു. തണുത്തുറഞ്ഞ വസ്തുക്കളെ ചൂട് ജീവനിലേക്ക് കൊണ്ടുവരുന്നു. പരിശുദ്ധാത്മാവ് സാത്താന്റെയും പാപത്തിന്റെയും ചങ്ങലകൾ പൊട്ടിക്കുകയും ശിഷ്യരെ സന്തോഷഭരിതരാക്കുകയും ചെയ്യുന്നു. നിശബ്ദ ഭൂമിയുടെ ഉദരത്തെ ചൂട് ഉണർത്തുന്നതുപോലെ പരിശുദ്ധാത്മാവ് സഭയെ ഉണർത്തുന്നു.

സുറിയാനി സഭയുടെ നെടുംതൂണുകളായ അപ്രേം, അഫ്രാഹാത്ത് എന്നീ പിതാക്കന്മാർ പരിശുദ്ധാത്മാവാകുന്ന ദൈവത്തെക്കുറിച്ച് കാവ്യാത്മകമായ ഭാഷയിൽ ദൈവശാസ്ത്ര ചിന്തകൾ അവതരിപ്പിച്ചിരിക്കുന്നു. വിശ്വാസികളുടെ അനുദിനജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളെ ദൈവശാസ്ത്രചിന്തകൾ പങ്കുവയ്ക്കുവാൻ ഉപയോഗിച്ചിരിക്കുന്നത് ഏറെ അർത്ഥപൂർണ്ണവും പ്രസ്തുത രഹസ്യങ്ങളെ സുഗ്രാഹ്യവുമാക്കിത്തീർക്കാൻ ഉപകരിക്കുന്നതുമാകുന്നു.

www.malankaralibrary.com

# 7

# വി. മൂറോൻ കൂദാശ

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിൽ തൈലം പരിശുദ്ധാത്മാവിന്റെ പ്രതീകമെന്നു പഠിപ്പിക്കുന്നു. സങ്കീർത്തനം 133-ൽ തൈലം സ്നേഹത്തിന്റെ പ്രതീകമായി ഉപയോഗിച്ചിരിക്കുന്നു. രാജാക്കന്മാരെയും പുരോഹിതരെയും ദൈവത്തിനായി മാറ്റിവെയ്ക്കപ്പെട്ട സ്ഥലങ്ങളെയും വസ്തുക്കളെയും വി. തൈലം കൊണ്ട് അഭിഷേകം ചെയ്തിരുന്നതായി വിശുദ്ധഗ്രന്ഥം സാക്ഷിക്കുന്നു. തൈലാഭിഷേകം വേർതിരിക്കുന്നതിന്റെയും പവിത്രീകരിക്കുന്നതിന്റെയും അടയാളമായിട്ടാണ് കാണുന്നത്. അഭിഷേകതൈലം നിർമ്മിക്കുന്നതിനുള്ള രീതി മോശയോട് ദൈവം കല്പിക്കുന്നു (പുറ. 30:22-38). വിശുദ്ധ തൈലത്തിന്റെ കൂദാശ മെത്രാന്മാർക്കു മാത്രം നിർവ്വഹിക്കാവുന്നതും സഭയുടെ പൗരോഹിത്യ കൂട്ടായ്മയെ പ്രകാശനം ചെയ്യുന്നതുമായ ഒന്നാണ്. മൂറോൻ കൂദാശ പൗരസ്ത്യസഭകളിൽ ഇന്നും സഘോഷം നിർവ്വഹിക്കപ്പെടുന്നു.

**മൂറോൻ കൂദാശക്രമത്തിന്റെ ചരിത്ര പശ്ചാത്തലം**

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിന്റെ രൂപപ്പെടുത്തപ്പെട്ട ആരാധനക്രമത്തിന്റെ പ്രാഗ് രൂപം പുതിയ നിയമസഭ

www.malankaralibrary.com

യിൽ പ്രത്യേകിച്ച് പൗരസ്ത്യ സഭകളിൽ അതിനും പ്രത്യേകിച്ച് അന്ത്യോക്യൻ പൈതൃകത്തിൽ ദൃശ്യമാണ്. ആദിമസഭയിൽ പരിശുദ്ധാത്മ ആവാസശുശ്രൂഷ കൈവയ്പ്പിലൂടെയാണ് നൽകിയിരുന്നത്. മോശയും അഹറോനും ദൈവകൽപ്പനപ്രകാരം വിശുദ്ധതൈലം ഉണ്ടാക്കി പുരോഹിതന്മാരെയും വിശുദ്ധ കൂടാരത്തെയും അതിലെ ഉപകരണങ്ങളെയും അഭിഷേചിച്ച് ശുദ്ധീകരിച്ച് പ്രതിഷ്ഠിച്ചതായി വി. ഗ്രന്ഥത്തിൽ നാം കാണുന്നു.

അപ്പസ്തോലന്മാരുടെ കാലത്തുതന്നെ മൂറോൻ തൈലം ഉണ്ടാക്കി ഉപയോഗിച്ചിരുന്നുവെന്ന് കരുതാൻ ന്യായങ്ങളുണ്ട്. ശ്ലീഹന്മാരുടെ കാനോൻ 22-ാം ഖണ്ഡികയിൽ ഇതിനുള്ള സൂചനകൾ നാം കാണുന്നു. സഭാപിതാക്കന്മാരുടെ പ്രസ്താവനകളും മൂറോൻ കൂദാശയുടെ ആദ്യകാല സൂചനകൾ നൽകുന്നു. തെർത്തുല്യൻ (രണ്ടാം നൂറ്റാണ്ട്) ആത്മാവ് ശുദ്ധീകരിക്കപ്പെടാൻ വേണ്ടി മാമ്മോദീസ കഴിഞ്ഞാലുടനെ ശരീരം വിശുദ്ധ മൂറോനാൽ അഭിഷേചിക്കപ്പെടുന്നു എന്ന് പറയുന്നു. ദിവന്നാസിയോസ് അരിയോസ് ഫാഗോസ് (ഒന്നാം നൂറ്റാണ്ട്) മൂറോൻ എങ്ങനെ ഉണ്ടാക്കപ്പെടുന്നു എന്നും സ്നാനം ഏൽക്കുന്നവരുടെമേൽ എങ്ങനെ അഭിഷേകം നടത്തുന്നു എന്നും അതിൽ നിന്നുള്ള നൽവരങ്ങൾ എന്തെല്ലാമെന്നും, വീണ്ടും ജനനത്തിന്റെ കൂദാശസ്വീകരിച്ചവന് വിശുദ്ധ മൂറോനാലുള്ള പൂർത്തീകരണത്തിന്റെ അഭിഷേകം മൂലം പരിശുദ്ധ റൂഹായുടെ ആവാസം ലഭിക്കുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

യറുശലേമിലെ മാർ കൂറിലോസ് വിശുദ്ധ മൂറോൻ തൈലത്തെ വിശുദ്ധ കുർബാനയോടാണ് ഉപമിച്ചിരിക്കുന്നത്. ദൈവം നമുക്ക് നൽകിയിരിക്കുന്ന ആത്മാവിന്റെ അച്ചാരമാണ് വിശുദ്ധ മൂറോൻ മുദ്രയെന്ന് വിശുദ്ധ അംബ്രോസ് വ്യാഖ്യാനിക്കുന്നു.

വിശുദ്ധ മൂറോനെ മിശിഹായുടെ പരിമളവാസന; സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും; പരിശുദ്ധറൂഹായുടെ നൽവരത്തിന്റെ പൂർണ്ണത; പ്രകാശ വസ്ത്രം; പുതിയ ജീവന്റെ ഉറവയും വിശുദ്ധിയുടെ പ്രവാഹവും; പരിപാവനതയുടെ മുദ്ര; സംരക്ഷണത്തിന്റെ അടയാളം; തോറ്റുപോകാത്ത ആയുധം തുടങ്ങി അനേകം പദങ്ങളിലൂടെ മൂറോനെക്കുറിച്ചുള്ള സൂചനകൾ നൽകുന്നു. അതുപോലെതന്നെ വിശുദ്ധ മൂറോൻ പല മുൻകുറികളെക്കുറിച്ചും, സഭാപിതാക്കന്മാർ രേഖപ്പെടുത്തിയിരുന്നു. പെട്ടകത്തിലേക്കു പ്രാവു കൊണ്ടുവന്ന സൈത്തില;

www.malankaralibrary.com

യാക്കോബ് തലയണയായി ഉപയോഗിച്ച കല്ലിൻമേൽ ഒഴിച്ച തൈലം; മോശ ഉണ്ടാക്കിയ അഭിഷേകതൈലം; കർത്താവിനെ പൂശുവാൻ പാപിനി ഉപയോഗിച്ച നർദീൻ തൈലം എന്നിവയാണ് ആ പ്രതീകങ്ങൾ.

**മൂറോൻ കൂദാശയുടെ അനന്യത**

ഒരുവൻ മൂറോനഭിഷേകത്തിലൂടെ നിത്യജീവൻ പ്രാപിക്കുകയും അന്ധകാരശക്തികളെ ഭയപ്പെടാതെ തേജസിൽ നടക്കാനുള്ള ധൈര്യം സമ്പാദിക്കുകയും മിശിഹായിലൂടെ സഞ്ചരിച്ച് ദൈവസന്നിധിയിൽ എത്തിച്ചേരുവാൻ യോഗ്യത നേടുകയും ചെയ്യുന്നു. 'പരിശുദ്ധ റൂഹായുടെ മുദ്രയാൽ നിങ്ങളുടെ സകല ആത്മീയശക്തികളും മുദ്രയിടപ്പെട്ടിരിക്കുന്നു" എന്ന് വി. അപ്രേം പ്രസ്താവിച്ചിരിക്കുന്നു.

എന്താണ് വി. തൈലമാകുന്ന മൂറോൻ കൂദാശ ചെയ്യപ്പെടുന്നതിനെ സവിശേഷമാക്കുന്നത്? വി. കുർബാനയിലെ കാസായും പീലാസയും വയ്ക്കുന്നതുപോലെ മൂറോൻ കൂദാശയുടെ സമയം മൂറോൻ തൈലം തബലീത്തായിലാണ് വയ്ക്കുന്നത്. അതുപോലെ മൂറോൻകൂദാശ ദർഗയിൽ നിന്നുകൊണ്ടാണ് നടത്തുന്നത്. വി. കുർബാനയെ സന്നിഹിതമാക്കുന്നത് പൗരോഹിത്യമാണ്. വി. കുർബാനയിൽ ഉപയോഗിക്കുന്നതുപോലെ ധൂപക്കുറ്റിയും, മറുബഹാസയും കത്തിച്ച തിരികളും മൂറോൻ കൂദാശയിലും ഉപയോഗിക്കുന്നു. മൂറോൻ കൂദാശയിൽ ധൂപാർപ്പണം നടത്തുന്നത് മേൽപ്പട്ടക്കാരൻ മാത്രമാണ്. കാരണം ധൂപാർപ്പണത്തിനുള്ള നൈയാമികാധികാരി മേൽപ്പട്ടക്കാരനാണ്. വി. കുർബാനയിലെ പ്രാർത്ഥനാശുശ്രൂഷകൾ പോലെയാണ് മൂറോൻ കൂദാശയും ക്രമീകരിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ കാര്യങ്ങൾ കൊണ്ടാകാം മൂറോൻ കൂദാശയെ വിശുദ്ധ കുർബാനയോട് മാർ കൂറിലോസ് ഉപമിച്ചിരിക്കുന്നത്.

സഭയിലെ ഒരു കൂദാശാനുഷ്ഠാനത്തിനും ഇല്ലാത്ത ഒരു സവിശേഷത മൂറോൻ കൂദാശയ്ക്കുണ്ട്. അത് സഭയിലെ ഭരണമുള്ളവരും ഇല്ലാത്തവരുമായ എല്ലാ മേൽപ്പട്ടക്കാരും മഹാപുരോഹിതനോട് ചേർന്ന് ശുശ്രൂഷ നടത്തുന്നു എന്നുള്ളതാണ്. വി. മൂറോൻ കൂദാശയുടെ കാർമ്മികനും സഹകാർമ്മികരുമായ എല്ലാ മേൽപ്പട്ടക്കാരും ദീർഘനാളത്തെ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടിയാണ് ഇതിന് ഒരുങ്ങുന്നത്.

www.malankaralibrary.com

**വി. മൂറോൻ തയ്യാറാക്കുന്ന വിധം**

മൂറോൻ കൂദാശ ഏതു കാലഘട്ടത്തിലും നടത്താവുന്നതാണ്. എങ്കിലും നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തോട് ചേർന്ന് നിന്ന് പെസഹാ വ്യാഴാഴ്ച നടത്തുന്നത് അനുയോജ്യമായിരിക്കും. വി. മൂറോൻ തയ്യാറാക്കുന്നതിനെക്കുറിച്ചും ഹൂദായ കാനോനിൽ ഇപ്രകാരം പറയുന്നു; "കറുവാത്തൊലി അൻപതു സൂസാ, നർദ്ദീൻ (കിഴങ്ങ്) അറുപതു സൂസാ, കരയാമ്പു (പൂമൊട്ട്), ജാതിക്ക (കായ്), കുങ്കുമം (പൂവ്), ചുക്ക് (കിഴങ്ങ്), കുരുമുളക് (കായ്) ഇവ ഓരോന്നും ഇരുപതു സൂസാ വീതം ഇടിച്ചു പൊടിയാക്കി നാന്നൂറ് സൂസാ ശുദ്ധമായ സൈത്ത് എണ്ണയിൽ കലർത്തി ഒരു വലിയ സ്ഫടിക ഭരണിയിൽ ഒഴിക്കുക. വെള്ളം നിറച്ച ഒരു ചെമ്പുപാത്രം അടുപ്പിൽ വയ്ക്കുക. മേൽപ്പറഞ്ഞ ഭരണിയുടെ കഴുത്തിൽ ഒരു ഇരുമ്പ് കമ്പി കെട്ടി ചെമ്പുകലത്തിലെ വെള്ളത്തിൽ തൂക്കിയിടുക. കലത്തിന്റെ ചുവട്ടിലോ അരികുകളിലോ ഭരണി തൊടാതിരിക്കണം. തീ നല്ലവണ്ണം കത്തിക്കുക. വെള്ളം മൂന്ന് മണിക്കൂർ നേരം വെട്ടിത്തിളക്കണം. അതിനുശേഷം ഭരണിയിൽ 60 സൂസ പച്ച ഞെരിയാസ് (Storax) ഇട്ട് ഒരു മണിക്കൂർ നേരം വേവിക്കണം. പിന്നീട് കലത്തിന്റെ അടിയിൽ നിന്ന് തീ മുഴുവൻ നീക്കണം. വെള്ളം തണുത്ത് കഴിയുമ്പോൾ ഭരണി അതിൽനിന്ന് എടുത്ത് തൈലം തെളിയുന്നത് വരെ വയ്ക്കുക. പിന്നീട് കൂദാശ ചെയ്യുവാനുള്ള പാത്രത്തിലേക്ക് അത് പകർന്നെടുക്കുക (ഹൂദായ കാനോൻ മൂന്നാം കേപ്പാലേവോൻ മൂന്നാം പോസൂക്കോ). തണുത്തശേഷം സുഗന്ധതൈലം കുപ്പികളിലാക്കി ദൈവാലയത്തിലെ ബേസ്ഗാസാമുറിയിൽ സൂക്ഷിക്കുന്നു. വി. മൂറോൻ തയ്യാറാക്കുന്ന ശുശ്രൂഷയ്ക്ക് രണ്ട് ഭാഗങ്ങളുണ്ട്. ആദ്യത്തെ ഒരുക്കശുശ്രൂഷ കർത്താവിന് വഴിയൊരുക്കിയ സ്നാപക യോഹന്നാന്റെ ശുശ്രൂഷയുടെ സൂചനയാണ്. ആദ്യത്തെ പ്രദക്ഷിണശേഷം പ്രധാനകാർമ്മികൻ തയ്യാറാക്കി വച്ചിരിക്കുന്ന സുഗന്ധതൈലത്തിൽ ബൽസമൂൻ തൈലം കലർത്തുന്നു. അതിനുശേഷം രണ്ടാം പ്രദക്ഷിണം ആരംഭിക്കുന്നു. പ്രധാന പുരോഹിതൻ മൂറോൻ പാത്രം കാപ്പയുടെ ഉള്ളിൽ നെഞ്ചോടു ചേർത്തു പിടിക്കുന്നു. മേൽപ്പട്ടക്കാരെ കൂടാതെ ധൂപക്കുറ്റികളേന്തിയ പന്ത്രണ്ട് പുരോഹിതരും മർബഹാസകൾ പിടിച്ചുകൊണ്ട് 12 പൂർണ്ണ ശെമ്മാശ്ശന്മാരും മെഴുകുതിരികൾ പിടിച്ചുകൊണ്ട് 12 ഉപശെമ്മാശ്ശന്മാരും

www.malankaralibrary.com

ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നു. വളരെ ദീർഘമായ പ്രാർത്ഥന കൾക്ക് ശേഷമാണ് ഈ തൈലം പരിശുദ്ധാത്മാവിന്റെ അടയാളവും മുദ്രയുമായ വി. മൂറോനായി രൂപപ്പെടുന്നത്. ശുശ്രൂഷയുടെ അവസാനം വി. മൂറോൻ വിശ്വാസികൾ ചുംബിച്ച് അനുഗ്രഹം പ്രാപിക്കുന്നു.

സഭയെ സജീവമാക്കുന്നതും കർമ്മനിരതമാക്കുന്നതും പരിശുദ്ധ റൂഹായാണ്. പ്രപഞ്ചോൽപ്പത്തി മുതൽ ഈ പരിശുദ്ധറൂഹാ വഴി യാണ് രക്ഷണീയമായ സകലതും നിവർത്തിതമായത്. പിതാവായ ദൈവത്തിന്റെ സ്ഥാനത്ത് ദൃശ്യമായ ഈ പരിശുദ്ധ റൂഹായെ പ്രദാനം ചെയ്യുന്നത് ഭൂമിയിൽ പൗരോഹിത്യം വഴിയാണ്. അതിനാൽ പരിശുദ്ധ സഭയിൽ എല്ലാ മേൽപ്പട്ടക്കാരും ചേർന്ന് ഇത് നിർവ്വഹിക്കുന്നു. ഇതിൽ പങ്കാളിത്തം ഉണ്ടാക്കുക എന്നത് എല്ലാ ഭാഗ്യങ്ങൾക്കും ഉപരിയായ ഭാഗ്യമാണ്.

www.malankaralibrary.com

# 8

# പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളും വരദാനഫലങ്ങളും

ദൈവത്തിന്റെ വെളിപ്പെടുത്തലിന്റെ ചരിത്രമാണ് ബൈബിളിന്റെ ഇതിവൃത്തം. ദൈവത്തിന്റെ പടിപടിയായുള്ള വെളിപ്പെടുത്തലാണ് ബൈബിളിൽ വിവരിക്കുന്നത്. ആ വെളിപാട് അതിന്റെ പൂർണതയിൽ ലഭിച്ചത് ക്രിസ്തുവിലാണ്. പരമപരിശുദ്ധനും പ്രതാപവാനും മനുഷ്യരോടു സ്നേഹമുള്ളവനുമായ പിതാവായ ദൈവത്തെയാണ് പഴയനിയമം അവതരിപ്പിക്കുന്നത്. മേഘത്തിലും അഗ്നിയിലും കൊടുങ്കാറ്റിലും പ്രത്യക്ഷപ്പെടുന്ന ദൈവം മനുഷ്യരിൽ നിന്നകലെയാണ്. ത്രിതത്തെക്കുറിച്ചുള്ള വ്യക്തമായ പരാമർശങ്ങളോ പ്രബോധനങ്ങളോ പഴയനിയമത്തിൽ നാം കാണുന്നില്ല. എന്നാൽ പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യം പരോക്ഷമായെങ്കിലും പഴയനിയമത്തിലുണ്ട്. ദൈവം സകലത്തെയും സൃഷ്ടിക്കുന്നത് വചനമായ ക്രിസ്തുവിലൂടെയും സകലത്തിനും ജീവൻ നൽകുകയും പരിപാലിക്കുകയും ചെയ്യുന്നത് പരിശുദ്ധാത്മാവിലൂടെയുമാണ്. ആദ്യം മുതലേ ഇവർ രണ്ടും പ്രവർത്തനനിരതരാണ്. യേശുക്രിസ്തു ആണ് ദൈവത്തെ ത്രിത്വമായി വെളിപ്പെടുത്തിയത്. ഈശോയുടെ മാമോദീസാ സമയത്താണ് ആദ്യമായി ലോകത്തിന്റെ മുമ്പിൽ ദൈവം ത്രിത്വമായി വെളിപ്പെടുന്നത് (മത്താ. 3:13-17).

www.malankaralibrary.com

പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം പൂർണ്ണമായി വെളിപ്പെടുന്നത് പുതിയനിയമത്തിലാണെങ്കിലും പരിശുദ്ധാരൂപിയിലൂടെ സാന്നിധ്യവും പ്രവർത്തനവും പ്രപഞ്ചസൃഷ്ടിമുതൽ രക്ഷാകര ചരിത്രത്തിലുടനീളം ഉണ്ടായിരുന്നു. പഴയനിയമത്തിലെ പ്രവാചകന്മാർക്കും നേതാക്കന്മാർക്കും ജ്ഞാനവും ശക്തിയും നൽകിയിരുന്നത് പരിശുദ്ധാത്മാവാണ്. വരാനിരിക്കുന്ന മിശിഹായെ നയിക്കുന്നതും പരിശുദ്ധാത്മാവാണെന്നും വചനം സാക്ഷ്യപ്പെടുത്തുന്നു (ഏശയ്യ 61:1). ദൈവത്തിന്റെ ദാനമായ, സഹായകനായ, ജീവപ്രദനായ പരിശുദ്ധാരൂപിയുടെ പ്രതീകങ്ങളെയും വരദാനഫലങ്ങളെയും വരച്ചു കാട്ടുന്നതിനുള്ള പരിശ്രമമാണ് ഈ അദ്ധ്യായം.

## I പരിശുദ്ധ റൂഹായുടെ പ്രതീകങ്ങൾ

പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നതിനായി ഹീബ്രു ഭാഷയിൽ ഉപയോഗിക്കുന്ന പദം 'റൂ ആഹ്' എന്ന പദമാണ്. സുറിയാനിയിൽ 'റൂഹോ' എന്നും ഗ്രീക്കിൽ 'പ്നെവുമാ' എന്നും വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. റൂ ആഹ് എന്ന പദത്തിന്റെ അർത്ഥം ശ്വാസം, വായു, കാറ്റ് എന്നൊക്കെയാണ്. മലയാളത്തിൽ സാധാരണയായി ഉപയോഗിക്കുന്ന പദങ്ങൾ റൂഹാദ് കുദ്ശാ, റൂഹാ തമ്പുരാൻ പരിശുദ്ധാത്മാവ്, പരിശുദ്ധാരൂപി എന്നീ പദങ്ങളാണ്. ജലം, അഗ്നി, കാറ്റ് മുതലായ പ്രതീകങ്ങളിലൂടെയാണ് പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെ ബൈബിൾ അവതരിപ്പിക്കുന്നത്.

### 1. ജലം

പഴയനിയമത്തിലും പുതിയനിയമത്തിലും പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പ്രതീകമാണിത്. മാമോദീസായിലൂടെ നമുക്കു ലഭിക്കുന്ന പരിശുദ്ധാത്മാവിലുള്ള പുതിയ ജനനത്തെ സൂചിപ്പിക്കാനാണ് ഈ പ്രതീകം ബൈബിളിൽ ഉപയോഗിക്കുന്നത് (യോഹ.3:5). ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്നൊഴുകിയ ജലം പരിശുദ്ധാത്മാവിന്റെ, പ്രതീകമാണ് (യോഹ.19:34). യോഹന്നാന്റെ സുവിശേഷം 7:38 ലും 4:10 ലും യേശുക്രിസ്തു നൽകുന്ന നിത്യജീവന്റെ ജലമായി പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുന്നു. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം പരിശുദ്ധാത്മാവിനെ 'യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയതും മാമോദീസാ സ്വീകരിച്ചവരുടെ ദാഹം ശമിപ്പിക്കുന്നതുമായ ജീവജലം' എന്ന് വിശേഷിപ്പിക്കുന്നു.

www.malankaralibrary.com

**2. തൈലം**

തൈലം കൊണ്ടുള്ള അഭിഷേകം പരിശുദ്ധാത്മാഭിഷേകത്തിന്റെ പ്രതീകമാണ് (1യോഹ.2:20, 27). കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു: "ബൈബിൾ മുഴുവനിലും വ്യക്തികൾക്കായാലും കെട്ടിടങ്ങൾക്കായാലും അഭിഷേക തൈലം പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിന്റെ പ്രതീകമാണ്" (CCC695). പഴയ നിയമത്തിൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ, സ്ഥലങ്ങൾ എന്നിവ തൈലത്താൽ അഭിഷേകം ചെയ്യപ്പെട്ട് വേർതിരിക്കപ്പെടുന്നതായി നാം കാണുന്നു. പുറപ്പാട് 30:25-32-ൽ അഹറോനെയും പുത്രന്മാരെയും സമാഗമകൂടാരത്തെയും തൈലംകൊണ്ട് അഭിഷേകം ചെയ്ത് ശുദ്ധീകരിക്കാൻ ദൈവം നിർദ്ദേശം നൽകുന്നതായി നാം കാണുന്നു. 1 സാമു.16:12-13-ൽ സാമുവേൽ പ്രവാചകൻ ദാവീദിനെ കുഴലിലെ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നതായും ആ അഭിഷേകം വഴി കർത്താവിന്റെ ആത്മാവ് ദാവീദിന്റെ മേൽ ശക്തിയായി ആവസിച്ചതു നാം കാണുന്നു. പരിശുദ്ധാത്മാവാണ് യേശുവിനെ ക്രിസ്തു ആക്കിയത്. ക്രിസ്തു എന്ന വാക്കിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. ക്രിസ്തു സ്വീകരിച്ച മനുഷ്യത്വം ആദ്യനിമിഷം മുതൽ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടതായിരുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴിയായിരുന്നു. മിശിഹാ അഭിഷിക്തനായതുപോലെ അവനിൽ വിശ്വസിക്കുന്നവനും സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുന്നു.

**3. പ്രാവ്**

നിഷ്കളങ്കതയുടെയും ശാന്തതയുടെയും പ്രതീകമാണ് പ്രാവ്. ഉല്പത്തി പുസ്തകം 8-ാം അദ്ധ്യായം, 11-ാം വാകൃത്തിൽ നാം കാണുന്നു ജലപ്രളയത്തിന്റെ അവസ്ഥ അറിയാൻ നോഹ അയച്ച പ്രാവ് പ്രത്യാശയുടെയും പുതിയ ജീവന്റെയും പ്രതീകമായി. അത് ലോക സമാധാനത്തിന്റെ പ്രതീകമായി ഇന്നും അംഗീകരിക്കപ്പെടുന്നു. മത്ത.10:16-ൽ പ്രാവിന്റെ നിഷ്കളങ്കതയെപ്പറ്റി ഈശോ പ്രത്യേകം പരാമർശിക്കുന്നു. യേശുവിന്റെ മാമ്മോദീസാ സമയത്ത് സ്വർഗ്ഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവനിൽ ആവസിക്കുകയും ചെയ്തു. അങ്ങനെ പ്രാവ് പരിശുദ്ധാത്മാവിന്റെ പ്രതീകമായി. ക്രൈസ്തവ കലാരൂപങ്ങളിൽ പ്രാവ്, പരിശുദ്ധാത്മാവിന്റെ ശക്ത

www.malankaralibrary.com

മായ ഒരു പ്രതീകമാണ്. ഈശോയുടെ മാമ്മോദീസാ സമയത്ത് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങി ആവസിച്ചതുപോലെ, ഓരോ വിശ്വാസിയുടെയും മാമ്മോദീസാ സമയത്ത് പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളിൽ ഇറങ്ങി ആവസിക്കുന്നു.

**4. മേഘവും പ്രകാശവും**

മേഘം പഴയനിയമത്തിൽ ദൈവസാന്നിധ്യത്തിന്റെ പ്രകാശമായിരുന്നു. പുറ.19:16-17-ൽ സീനായ് മലയിൽ ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ അതിന്റെ അടയാളമായി കനത്ത മേഘവും അഗ്നിയും കാണപ്പെട്ടു. അതുപോലെ ഇസ്രായേൽ ജനം കാനാൻ നാട്ടിലേക്ക് യാത്ര ചെയ്തപ്പോൾ അവർക്ക് പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും ദൈവസാന്നിധ്യം അവരുടെകൂടെ ഉണ്ടായിരുന്നു (പുറ.13:21-22). സോളമൻ ജറുസലേം ദേവാലയം നിർമ്മിച്ച് അതിൽ വാഗ്ദാന പേടകം പ്രതിഷ്ഠിച്ചപ്പോൾ ഒരു മേഘം കർത്താവിന്റെ ആലയത്തിൽ നിറഞ്ഞു നിന്നു. കർത്താവിന്റെ തേജസ് ആലയത്തിൽ നിറഞ്ഞു നിന്നു (1 രാജാ. 8:10-11). ഗബ്രിയേൽ ദൂതൻ മറിയത്തോട് മംഗളവാർത്ത അറിയിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും" (ലൂക്കാ.1:35). 'ആവസിക്കും' എന്നുള്ളതിനുള്ള ഗ്രീക്ക് വാക്ക് 'episkiazein' എന്ന പദമാണ്. ഈ വാക്ക് പഴിയനിയമത്തിൽ ഉപയോഗിക്കുന്നത് സമാഗമ കൂടാരത്തിൻ മേലും ദൈവാലയത്തിൻ മേലും നിഴലിച്ച് നിന്ന ദൈവത്തിന്റെ സാന്നിധ്യത്തെ സൂചിപ്പിക്കാനാണ്. ഈശോയുടെ രൂപാന്തരീകരണ സമയത്ത് താബോർ മലയിൽ ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തെന്ന് നാം കാണുന്നു (മത്താ.17:5; ലൂക്കാ.9:34; മർക്കോ.9:7). ഈശോയുടെ സ്വർഗ്ഗാരോഹണ സമയത്തും ഒരു മേഘം വന്ന് അവനെ അവരുടെ ദൃഷ്ടിയിൽ നിന്ന് മറച്ചു (അപ്പ.പ്രവ.1:9). മേഘവും പ്രകാശവും ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ്. അത് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു.

**5. അഗ്നി**

അഗ്നി രൂപാന്തരീകരണത്തിന്റെയും ശുദ്ധീകരണത്തിന്റെയും പ്രതീകമാണ്. 1 രാജ.18:38-39-ൽ കർമ്മല മലയിൽ താൻ അർപ്പിച്ച ബലിവസ്തുക്കളിന്മേൽ സ്വർഗ്ഗത്തിൽ നിന്ന് അഗ്നിഇറക്കി ദഹിപ്പിക്കുന്നതിനായി ഏലിയാ പ്രവാചകൻ പ്രാർത്ഥിക്കുന്നത് നാം കാണുന്നു. അവിടെ അഗ്നി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ദൈവത്തിന്റെ ശക്തിയാ

www.malankaralibrary.com

ണ്. അത് പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. അതുകൊണ്ടാണ് അന്തോക്യൻ ആരാധനക്രമത്തിൽ വിശുദ്ധ കുർബാനയിൽ പരിശുദ്ധാത്മ ആവസിപ്പിന്റെ സമയത്ത് ഏലിയായുടെ ഈ സംഭവത്തെ നാം അനുസ്മരിക്കുന്നതും പരിശുദ്ധാത്മാവ് ആകുന്ന അഗ്നി ഇറങ്ങി ബലി വസ്തുക്കളെ ഈശോയുടെ തിരുശരീരരക്തമാക്കി മാറ്റാൻ നാം പ്രാർത്ഥിക്കുന്നതും. യോഹന്നാൻ സ്നാപകൻ ഈശോയെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത് പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം നൽകുന്നവൻ എന്നാണ് (ലൂക്കാ.3:16). പെന്തക്കുസ്താ ദിനത്തിൽ പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ ഇറങ്ങി ആവസിക്കുന്നത് തീ നാവിന്റെ രൂപത്തിലാണ് (അപ്പ.പ്രവ.2:3-4). ലൂക്കാ.12:49-ൽ ഈശോ പറയുന്നു : “ഭൂമിയിൽ തീ ഇടാനാണ് ഞാൻ വന്നത് അത് ഇതിനകം കത്തി ജ്വലിച്ചിരുന്നെങ്കിൽ”. ഈ തീ പരിശുദ്ധാത്മാവാണ്. സഭാ പിതാക്കന്മാർ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ അഗ്നി എന്ന പ്രതീകം ധാരാളമായി ഉപയോഗിക്കുന്നു. സുറിയാനി സഭാപിതാക്കന്മാരിൽ അഗ്രഗണ്യനായ വി. അപ്രേം, വിശുദ്ധ ത്രിത്വത്തെക്കുറിച്ച് വിവരിക്കുമ്പോൾ പിതാവിനെ സൂര്യനായും പുത്രനെ പ്രകാശമായും പരിശുദ്ധാത്മാവിനെ ചൂടായും അവതരിപ്പിക്കുന്നു. ക്രൈസ്തവ സാഹിത്യ രചനകളിലും കലാരൂപങ്ങളിലും വളരെ ശക്തമായി ഉപയോഗിക്കുന്ന ഒരു പ്രതീകമാണ് അഗ്നി.

**6. കാറ്റും ശ്വാസവും**

‘റൂഹാ’ എന്ന സുറിയാനി പദത്തിന്റെ അർത്ഥം ‘ശ്വാസം’ ‘കാറ്റ്’ എന്നൊക്കെയാണ്. കാറ്റ് ചലനാത്മകതയെ സൂചിപ്പിക്കുന്നു. ജീവനില്ലാത്തവയുടെ മേൽ കാറ്റ് വീശുമ്പോൾ അവ ചലിക്കുന്നു. ഇതുപോലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി മനുഷ്യരിൽ വലിയമാറ്റം സംഭവിക്കുന്നു. എസെക്കിയേൽ 3:12-14-ൽ നാം ഇങ്ങനെ വായിക്കുന്നു: “ആത്മാവ് എസെക്കിയേലിനെ മേൽപ്പോട്ട് ഉയർത്തി ഉയരത്തിലൂടെ സംവഹിച്ചുകൊണ്ടുപോയി”. അപ്പസ്തോല പ്രവർത്തനം 8:39-ൽ ‘കർത്താവിന്റെ ആത്മാവ് പീലിപ്പോസിനെ സംവഹിച്ചുകൊണ്ടുപോയെന്ന് നാം വായിക്കുന്നു. യോഹന്നാന്റെ സുവിശേഷം 3:8-ൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ കാറ്റിനോടാണ് ഈശോ ഉപമിക്കുന്നത്: “കാറ്റ് അതിന് ഇഷ്ടമുള്ളിടത്തേക്ക് വീശുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു എന്നാൽ അത് എവിടെ നിന്ന് വരുന്നെന്നോ എവിടേക്ക് പോകുന്നെന്നോ നീ അറിയുന്നില്ല. ഇതുപോലെയാണ് ആത്മാവിൽ നിന്ന് ജനിക്കുന്ന ഏവനും”. പെന്തക്കുസ്താ ദിനത്തിൽ പരിശു

www.malankaralibrary.com

ദ്ധാത്മാവിന്റെ ആഗമന സമയത്ത് കൊടുങ്കാറ്റ് അടിക്കുന്നതുപോലെ ഒരു ശബ്ദം ഉണ്ടായിയെന്ന് അപ്പസ്തോല പ്രവർത്തനം 2:2-ൽ വായിക്കുന്നു.

ശ്വാസം ദൈവീക ജീവന്റെ പ്രതീകമായിട്ടാണ് ബൈബിളിൽ ഉപയോഗിക്കുക. ഉൽപ്പത്തി പുസ്തകം 2:7-ൽ നാം കാണുന്നു ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ട് അവന്റെ നാസ്വാരന്ധ്രങ്ങളിലേക്ക് ജീവശ്വാസം ഊതിക്കയറ്റി അവന് ജീവൻ നൽകി. ജോബ് 33:4-ൽ നാം ഇങ്ങനെ വായിക്കുന്നു: "ദൈവചൈതന്യം എന്നെ സൃഷ്ടിച്ചു; സർവശക്തന്റെ ശ്വാസം എനിക്ക് ജീവൻ തന്നു". എസെക്കിയേലിന്റെ പുസ്തകം 37:1 -14-ൽ ജീവശ്വാസമാകുന്ന പരിശുദ്ധാത്മാവ് വീശിയപ്പോൾ തകർന്ന അസ്ഥികൾ ജീവനുള്ളതായിത്തീർന്നു. ബൈബിളിൽ ഉപയോഗിക്കുന്ന ജീവശ്വാസം എന്ന പ്രതീകം പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു.

**7. ദൈവത്തിന്റെ വിരൽ**

ലൂക്കാ.11:20-ൽ ഊമനായ മനുഷ്യനിൽ നിന്ന് പിശാചിനെ പുറത്താക്കുന്ന സംഭവത്തിൽ ഈശോ പറയുന്നു: "ദൈവത്തിന്റെ കരം കൊണ്ടാണ് ഞാൻ പിശാചിനെ പുറത്താക്കുന്നെങ്കിൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ വന്നു കഴിഞ്ഞിരിക്കുന്നു". ദൈവം മോശയ്ക്ക് നൽകിയ നിയമങ്ങൾ ദൈവം തന്റെ കൈവിരൽകൊണ്ട് എഴുതിയതാണെന്ന് പുറ.31:8-ൽ കാണുന്നു. പഴയനിയമത്തിലെ കൽപനകൾ ദൈവത്തിന്റെ വിരൽകൊണ്ട് കൽപലകകളിലാണ് എഴുതപ്പെട്ടതെങ്കിൽ, പുതിയ നിയമം ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവു കൊണ്ട് കൽപലകകളിലല്ല മനുഷ്യരുടെ ഹൃദയ ഫലകങ്ങളിലാണ് എഴുതപ്പെട്ടിരിക്കുന്നത്. സ്രഷ്ടാവായ ആത്മാവേ എഴുന്നള്ളിവരണമേ! എന്നു തുടങ്ങുന്ന കീർത്തനത്തിൽ, പരിശുദ്ധാത്മാവിനെ "പിതാവിന്റെ വലതുകയ്യിലെ വിരൽ" എന്നാണു വിളിക്കുന്നത് (CCC 700).

**8. ദൈവത്തിന്റെ കരം**

യേശു തന്റെ ജീവിതകാലത്ത് രോഗികളുടെ മേൽ കരങ്ങൾവച്ച് അവരെ സുഖപ്പെടുത്തുകയും ശിശുക്കളുടെമേൽ കരങ്ങൾവച്ച് അവരെ ആശീർവദിക്കുകയും ചെയ്തു. ഈശോയുടെ മരണശേഷം ശിഷ്യന്മാർ ഈശോയുടെ ഈ ദൗത്യം സഭയിൽ തുടർന്നു. അപ്പസ്തോലന്മാരുടെ കൈവയപ്പുവഴിയാണ് ആദിമസഭയിൽ പരിശുദ്ധാത്മാവിനെ നൽകപ്പെട്ടത്. ഹെബ്രായർക്കെഴുതിയ ലേഖനം 6:2-ൽ കൈവയ്പ്പ് സഭയുടെ അടിസ്ഥാനഘടകങ്ങളിൽ ഒന്നായി അവതരിപ്പി

www.malankaralibrary.com

ക്കുന്നു. വി. കുർബാനയിലെ റൂഹാക്ഷണ പ്രാർത്ഥനയിലും തിരുപ്പട്ടം നൽകുന്ന ശുശ്രൂഷയിലും പരിശുദ്ധാത്മാവിന്റെ ആഗമനം, കൈവയ്പ്പ് ശുശ്രൂഷയിലൂടെയാണ് സംഭവിക്കുന്നതെന്ന് സഭ വിശ്വസിക്കുന്നു.

**9. മുദ്ര**

അഭിഷേകത്തിന്റെ പ്രതീകത്തോട് ഏറ്റവും അടുത്ത ബന്ധമുള്ള പ്രതീകമാണ് മുദ്ര (CCC 698). യോഹന്നാന്റെ സുവിശേഷം 6:27-ൽ 'ക്രിസ്തുവിന്റെ മേൽ പിതാവായ ദൈവം തന്റെ അംഗീകാര മുദ്ര പതിച്ചിരിക്കുന്നുയെന്ന്' യോഹന്നാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിൽ നമ്മുടെ മേലും പിതാവ് മുദ്രവയ്ക്കുന്നു (2കോറി.1:22). മാമ്മോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നീ കൂദാശകളിലൂടെ നമ്മുടെ ആത്മാവിൽ പരിശുദ്ധാത്മാവിന്റെ മായാത്ത മുദ്രപതിപ്പിക്കുന്നു.

## II പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ

മനുഷ്യന്റെ യോഗ്യതകളോ നേട്ടങ്ങളോ കണക്കിലെടുക്കാതെ മനുഷ്യരക്ഷയ്ക്കായി നൽകപ്പെടുന്ന സൗജന്യ ദാനങ്ങളെയാണ് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എന്നറിയപ്പെടുന്നത്. "കാരിസ്" എന്ന ഗ്രീക്ക് പദമാണ് പരിശുദ്ധാത്മാവിന്റെ ദാനങ്ങളെയും വരങ്ങളെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥമനുസരിച്ച് പ്രവർത്തിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുകയും അതുവഴി ക്രിസ്തുവിന്റെ ശരിരമാകുന്ന സഭയെ വളർത്തുന്നതിനും വേണ്ടി നൽകപ്പെടുന്ന ദാനങ്ങളാണ് ഇവ. വ്യക്തിപരമായ വിശുദ്ധീകരണത്തിനും ആത്മീയ വളർച്ചയ്ക്കും സഹായിക്കുന്ന ദാനങ്ങളെ പരിശുദ്ധാത്മാവിന്റെ ദാനങ്ങളെന്നും സമൂഹത്തിന് സേവനം ചെയ്യുന്നതിന് നൽകപ്പെടുന്നവയെ വരങ്ങളെന്നും അറിയപ്പെടുന്നു.

ഏശയ്യാ പ്രവാചകന്റെ പുസ്തകം 11:2-ലാണ് ആത്മാവിന്റെ ദാനങ്ങളെപ്പറ്റി നാം കാണുന്നത്. ഇവിടെ മിശിഹായിൽ നിറഞ്ഞ് നിൽക്കുന്ന ദാനങ്ങളെപ്പറ്റിയാണ് പ്രവാചകൻ പ്രതിപാദിക്കുന്നത്: "കർത്താവിന്റെ ആത്മാവ് അവന്റെ മേൽ ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ദൈവഭക്തിയുടെയും ആത്മാവ്". പഴയനിയമത്തിന്റെ ഹീബ്രൂമൂലത്തിൽ മേൽപ്പറഞ്ഞ ആറെണ്ണം മാത്രമാണുള്ളതെങ്കിലും അതിന്റെ ഗ്രീക്ക് പരിഭാഷയായ സെപ്തജിന്തിൽ

www.malankaralibrary.com

(LXX) ഏശയ്യ 11:3-ൽ ആവർത്തിച്ചിരിക്കുന്ന 'ദൈവഭയം (fear of the Lord) എന്നതിനു പകരം ഒന്ന് 'ഭക്തി' (piety) എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. പഴയനിയമത്തിലെ "ദൈവഭയം" എന്ന ആശയത്തിന് ആധുനിക ചിന്താമണ്ഡലത്തിൽ ശരിയായ അർത്ഥം കിട്ടുന്നത് ഭക്തിയും ദൈവഭയവും കൂടിച്ചേരുമ്പോഴാണ്. കൂടാതെ സഭയുടെ ദീർഘനാളത്തെ അനുഭവത്തിൽ ഈ ദാനത്തെപ്പറ്റി ബോധ്യപ്പെട്ടതിനാലും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏഴ് ആണെന്ന് സഭ പഠിപ്പിക്കുന്നു.

യേശുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്ന ഒരു വിശ്വാസി പരിശുദ്ധാത്മാഭിഷേകത്താൽ നിറയുന്നു. അതുവഴി പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ അവന്റെ ഉള്ളിൽ സമൃദ്ധമാകുന്നു. സ്വന്തം ആത്മരക്ഷയ്ക്കായും സഭയുടെ വളർച്ചയ്ക്കായും പ്രയത്നിക്കാൻ ഈ ദാനങ്ങൾ ഒരുവനെ ശക്തനാക്കുന്നു.

**1. ജ്ഞാനം**

പരിശുദ്ധാത്മാദാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജ്ഞാനം. ബുദ്ധിയുടെ തലത്തിൽ സ്വയം നേടിയെടുക്കുന്നതല്ലിത്. ജ്ഞാനം7:7-10 വരെയുള്ള വാക്യങ്ങളിൽ ജ്ഞാനം എന്ന അമൂല്യദാനത്തെക്കുറിച്ച് സോളമൻ വിവരിക്കുന്നു: "ഞാൻ ദൈവത്തെ വിളിച്ചപേക്ഷിച്ചു: ജ്ഞാന ചൈതന്യം എനിക്കു ലഭിച്ചു. ചെങ്കോലിലും സിംഹാസനത്തിലുമധികം അവളെ ഞാൻ വിലമതിച്ചു. അവളോട് തുലനം ചെയ്യുമ്പോൾ ധനം നിസ്സാരമെന്നു ഞാൻ കണക്കാക്കി. അനർഘരത്നവും അവൾക്കു തുല്യമല്ലെന്നു ഞാൻ കണ്ടു. അവളുടെ മുമ്പിൽ സ്വർണ്ണം മണൽത്തരി മാത്രം; വെള്ളി കളിമണ്ണും. ആരോഗ്യത്തെയും സൗന്ദര്യത്തെയുംകാൾ അവളെ ഞാൻ സ്നേഹിച്ചു. പ്രകാശത്തെക്കാൾ കാര്യമായി അവളെ ഞാൻ വരിച്ചു. അവളുടെ കാന്തി ഒരിക്കലും ക്ഷയിക്കുകയില്ല". ഈ അമൂല്യമായ ദാനം ലഭിക്കാനാണ് സോളമൻ പ്രാർത്ഥിക്കുന്നത്. ഈ ദാനം ലഭിക്കുന്ന ഒരു വിശ്വാസിക്ക് താഴെപ്പറയുന്ന അനുഗ്രഹങ്ങൾ ലഭിക്കും.

i. ദൈവത്തിന്റെ ഹിതം വിവേചിച്ചറിയാൻ സാധിക്കും. ജ്ഞാനം 9:17 -ൽ സോളമൻ ചോദിക്കുന്നു... "അങ്ങ് ജ്ഞാനത്തെയും അങ്ങയുടെ പരിശുദ്ധാത്മാവിനെയും ഉന്നതത്തിൽ നിന്ന് നൽകിയില്ലെങ്കിൽ അങ്ങയുടെ ഹിതം ആരറിയും". ദൈനംദിന ജീവിതത്തിൽ ദൈവത്തിന്റെ ഹിതം തിരിച്ചറിയാൻ ഈ ദാനം നമ്മെ സഹായിക്കും.

www.malankaralibrary.com

ii. ജ്ഞാനം ലഭിക്കുമ്പോൾ മനുഷ്യബുദ്ധിയുടെ പരിമിതി ബോധ്യപ്പെടും. യഥാർത്ഥ ജ്ഞാനം ദൈവീകജ്ഞാനമാണ്. അത് മനുഷ്യബുദ്ധിയെ അതിലംഘിക്കുന്ന ദാനമാണ്.

iii. ജ്ഞാനം ലഭിച്ചവർക്ക് സൃഷ്ടവസ്തുക്കളിൽ ദൈവമഹത്വം ദർശിക്കാൻ സാധിക്കും. ചുറ്റുപാടുകളെ ദൈവത്തിന്റെ കണ്ണുകളിലൂടെ കാണാനുള്ള വലിയ അഭിഷേകം ഈ ജ്ഞാനത്തിലൂടെ നമുക്ക് ലഭിക്കും.

iv. ജീവിതത്തിന്റെ പ്രതിസന്ധികളിലും സഹനങ്ങളിലും ശാന്തതകൈവിടാതെ മുന്നോട്ട് പോകാൻ ഈ ദാനം സഹായിക്കും. കാരണം സഹനത്തിന്റെ പിന്നിലുള്ള ദൈവീകശക്തിയെ തിരിച്ചറിയാൻ ഈ ദാനം വിശ്വാസിയെ ശക്തനാക്കുന്നു.

v. ഈ ദാനം ഒരു വ്യക്തിയെ ദൈവത്തോട് അടിപ്പിക്കുന്നു ജ്ഞാനം 7:27-ൽ ഇപ്രകാരം വായിക്കുന്നു. "മാറ്റത്തിന് അധീനനാകാതെ അവൾ സർവ്വവും നവീകരിക്കുന്നു. ഓരോ തലമുറയിലുമുള്ള വിശുദ്ധ ചേതനകളിൽ പ്രവേശിക്കുന്നു; അവരെ ദൈവമിത്രങ്ങളും പ്രവാചകരുമാക്കുന്നു".

vi. ദൈവത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കാൻ ഈ ദാനം സഹായിക്കുന്നു. "എന്തെന്നാൽ ആത്മാവ് എല്ലാ കാര്യങ്ങളും ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾ പോലും അന്വേഷിച്ച് കണ്ടെത്തുന്നു" (1കോറി.2:10). ബുദ്ധിക്കതീതമായ ദൈവീകരഹസ്യങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും പങ്കുവയ്ക്കാനും ജ്ഞാനമെന്ന ദാനം നമ്മെ സഹായിക്കുന്നു.

vii. ഭൗതീക ജീവിതത്തിന്റെ നശ്വരത ജ്ഞാനിക്ക് ബോധ്യപ്പെടുന്നു. അതിനാൽ സത്യത്തിനുവേണ്ടി ജീവൻ ത്യജിക്കാൻപോലും സന്നദ്ധമാകുന്നു. മക്കബായരുടെ രണ്ടാം പുസ്തകം ഏഴാം അദ്ധ്യായത്തിൽ ഏഴുമക്കളുടെ അമ്മ വിശ്വാസത്തിനുവേണ്ടി ജീവിതത്യാഗം ചെയ്തു തന്റെ മക്കളെ ശക്തിപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "മനുഷ്യനെ ഉരുവാക്കുകയും എല്ലാറ്റിന്റെയും ആരംഭം ഒരുക്കുകയും ചെയ്ത ലോകസ്രഷ്ടാവ്, തന്റെ നിയമത്തെപ്രതി നിങ്ങൾ നിങ്ങളെത്തന്നെ വിസ്മരിക്കുന്നതിനാൽ, കരുണാപൂർവ്വം നിങ്ങൾക്ക് ജീവനും ശ്വാസവും വീണ്ടും നൽകും". അപ്പസ്തോല പ്രവർത്തനം 6:15-ൽ കല്ലെറിഞ്ഞ് കൊല്ലപ്പെടാൻ പോകുന്ന സ്തേഫാനോസിന്റെ മുഖം ഒരു ദൈവദൂതന്റെ മുഖംപോലെ കാണപ്പെട്ടു.

www.malankaralibrary.com

"ദൈവഭയമാണ് ജ്ഞാനത്തിന്റെ ആരംഭം" (സഭാ.1:7; 9:10). "തന്നെ പ്രസാദിപ്പിക്കുന്നവനു ദൈവം ജ്ഞാനവും അറിവും ആനന്ദവും പ്രദാനം ചെയ്യുന്നു" (സഭാപ്രസംഗകൻ 2:26). ദൈവത്തിൽ ആശ്രയിക്കുന്നവർക്കാണ് ഈ മഹത്തായദാനം ലഭിക്കുന്നത്. നിരന്തരമായ ആഗ്രഹവും പ്രാർത്ഥനയും ആത്മവിശുദ്ധീകരണവും ഈ ദാനം ലഭിക്കുന്നതിന് ആവശ്യമാണ്. ദൈവത്തിന്റെ മുൻപിൽ എളിമയോടെ വ്യാപരിക്കുന്നവരാണ് ഈ ദാനം പ്രാപിക്കുന്നത്.

**2. ബുദ്ധി**

വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ദൈവീക രഹസ്യങ്ങളെക്കുറിച്ചുള്ള വ്യക്തതയാണ് ബുദ്ധി അഥവാ ഗ്രഹണശക്തി.

1. സനാതന മൂല്യങ്ങളെ മനസ്സിലാക്കാനും അവ അനുസരിച്ച് ജീവിക്കാനും ഈ ദാനം നമ്മെ ശക്തരാക്കുന്നു.
2. വെളിപാടിന്റെ അന്തഃസത്ത ഗ്രഹിക്കാൻ നമ്മെ സഹായിക്കുന്നു.
3. ദൈവവചനത്തിന്റെ പൊരുൾ മനസ്സിലാക്കാനും ക്രിസ്തുവുമായുള്ള സ്നേഹബന്ധത്തിൽ പ്രവേശിക്കാനും ഈ ദാനം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ മുമ്പിൽ എളിമയോടെ വ്യാപരിക്കുന്നവർക്കാണ് ഈ പരിശുദ്ധാത്മ ദാനം ലഭിക്കുന്നത്. തങ്ങളുടെ ബുദ്ധിയിലും കഴിവിലും അഹങ്കരിക്കുന്നവർക്ക് ഈ ദാനം ലഭിക്കില്ല. അതുകൊണ്ടാണ് ഈശോ തങ്ങളുടെ ബുദ്ധിയിൽ അഹങ്കരിച്ച് ദൈവീക രഹസ്യങ്ങളെ അവഗണിച്ചു ഫരിസേയരോടും നിയമജ്ഞരോടും ഈശോ പറഞ്ഞത്: "അവർ കണ്ടിട്ടും കാണുന്നില്ല, കേട്ടിട്ടും കേൾക്കുന്നില്ല, ഗ്രഹിക്കുന്നുമില്ല. ഏശയ്യായുടെ പ്രവചനം അവരിൽ പൂർത്തിയായിരിക്കുന്നു: "നിങ്ങൾ തീർച്ചയായും കേൾക്കും, എന്നാൽ മനസ്സിലാക്കുകയില്ല; നിങ്ങൾ തീർച്ചയായും കാണും, എന്നാൽ ഗ്രഹിക്കുകയില്ല. അവർ, കണ്ണുകൊണ്ട് കണ്ട്, കാതുകൊണ്ട് കേട്ട്, ഹൃദയം കൊണ്ടു മനസ്സിലാക്കി, മാനസാന്തരപ്പെടുകയും, ഞാൻ അവരെ സുഖപ്പെടുത്തുകയും അസാധ്യമാകുമാറ് ഈ ജനതയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു" (മത്താ.13:13-15). നിരന്തരമായ പ്രാർത്ഥനയും തീവ്രമായ ആഗ്രഹവും ഈ ദാനം ലഭിക്കുന്നതിന് ആവശ്യമാണ്.

**3. ആലോചന**

ദൈനംദിന ജീവിതത്തിലെ ചെറുതും വലുതുമായ കാര്യങ്ങളിൽ വ്യക്തമായ തീരുമാനമെടുക്കുന്നതിന് നമ്മെ സഹായിക്കുന്ന

www.malankaralibrary.com

ദൈവീകദാനമാണ് ആലോചന. ഈ ദാനം ലഭിക്കുന്ന വ്യക്തികളെ പരിശുദ്ധാത്മാവ് നിരന്തരം സഹായിക്കും. "നീ വലത്തോട്ടോ ഇട ത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും. ഇതാണ് വഴി, ഇതിലേ പോകുക" (ഏശയ്യ 30:21). ഈ ദാനം ലഭിക്കുന്ന വ്യക്തിയുടെ ജീവിതത്തിൽ താഴെപ്പറയുന്ന അനുഗ്ര ഹങ്ങൾ ലഭിക്കും.

- ദൈവത്തിന്റെ ഹിതമനുസരിച്ച് തീരുമാനങ്ങൾ എടുക്കാൻ നമ്മെ സഹായിക്കും.
- മറ്റുള്ളവരെ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നതിലും ഈ ദാനം ഉള്ളവർക്ക് സാധിക്കും.
- വിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന അവസരങ്ങളിൽ ശക്തമായി മുമ്പോട്ടു പോകാൻ ഈ ദാനം സഹായിക്കുന്നു. "അവർ നിങ്ങളെ ഏലപിച്ചുകൊടുക്കുമ്പോൾ എന്ത് പറയണമെന്ന് വിചാരിച്ച് ഉത്ക ണ്ഠാകുരാകേണ്ട, ആ സമയത്ത് നിങ്ങൾക്ക് ലഭിക്കുന്നതെന്തോ, അത് സംസാരിക്കുവിൻ. പരിശുദ്ധാത്മാവായിരിക്കും സംസാരി ക്കുക" (മർക്കോ. 13:11).
- പരിശുദ്ധാത്മാവിന്റെ പ്രേരണകൾ കൃത്യമായി മനസ്സിലാക്കാൻ ഈ ദാനം നമ്മെ സഹായിക്കും. അപ്പസ്തോല പ്രവർത്തനം 16:6 മുത ലുള്ള വാക്യങ്ങളിൽ പ്രേക്ഷിത യാത്രയിൽ പൗലോസിനെയും കൂട്ടാളികളെയും പരിശുദ്ധാത്മാവ് കൃത്യമായി നയിക്കുന്നത് നമുക്ക് കാണാം.

**4. ആത്മശക്തി**

സത്യമാണെന്ന് ബോധ്യമുള്ള കാര്യങ്ങൾക്ക് വേണ്ടി ഉറച്ചനി ലപാട് സ്വീകരിക്കാനും പ്രതിബന്ധങ്ങളെ തരണം ചെയ്യാനും നമ്മെ സഹായിക്കുന്ന പരിശുദ്ധാത്മദാനമാണ് ആത്മശക്തി. ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിത്വം വരിച്ച വിശുദ്ധരിലും രക്തസാക്ഷികളിലും തിളങ്ങിനിന്നത് ഈ ദാനമാണ്. ഈ ദാനം ഉള്ളിലുള്ളവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ താഴെപ്പറയുന്നവയാണ്.

- ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കാനുള്ള കൃപ ഈ ദാനം നൽകുന്നു.
- വിശ്വാസത്തിനുവേണ്ടി നേരിടേണ്ടിവരുന്ന പ്രതിസന്ധികളെയും സഹനങ്ങളെയും സധൈര്യം നേരിടാൻ ഈ ദാനം ഒരു വ്യക്തിയെ സഹായിക്കുന്നു. അപ്പസ്തോല പ്രവർത്തനം 21:13-ൽ ജറുസലേ

www.malankaralibrary.com

മിലേക്കുള്ള തന്റെ യാത്രയിൽ നിന്ന് പിൻതിരിപ്പിക്കാൻ ശ്രമിച്ച ആളുകളോട് പൗലോസ് ഇപ്രകാരം പറയുന്നു: “നിങ്ങളെന്താണ് ഈ ചെയ്യുന്നത്? നിലവിളിച്ചുകൊണ്ട് എന്റെ ഹൃദയത്തെ ദുർബ ലമാക്കുകയാണോ? ജറുസലേമിൽ വെച്ച് കർത്താവായ യേശു വിന്റെ നാമത്തെ പ്രതി ബന്ധനംമാത്രമല്ല, മരണംപോലും സ്വീക രിക്കാൻ ഞാൻ തയ്യാറാണ്”.

- ♦ അനുദിന ജീവിതത്തിലെ ക്ലേശങ്ങൾ പരാധികൂടാതെ സഹായി ക്കാൻ ഈ ദാനം നമ്മെ സഹായിക്കുന്നു.
- ♦ ദൈനംദിന ജീവിതത്തിന്റെ കടമകൾ കൃത്യതയോടെ നിർവഹി ക്കാൻ ഈ ദാനം നമ്മെ സഹായിക്കുന്നു.

**5. അറിവ്**

ദൈവവും സൃഷ്ടവസ്തുക്കളും വ്യക്തികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു വ്യക്തിക്ക് ലഭിക്കുന്ന ഉഴ്ക്കാഴ്ചയാണ് അറിവ്.

- ♦ ദൈവത്തോട് അടുപ്പിക്കുന്നതും അകറ്റുന്നതുമായ കാര്യങ്ങൾ തിരി ച്ചറിയാനും സാഹചര്യങ്ങൾ ഒഴിവാക്കാനും ഈ ദാനം നമ്മെ സഹാ യിക്കുന്നു.
- ♦ വചനപ്രഘോഷണത്തിലും പ്രബോധനത്തിലും ഉചിതമായ ആശ യങ്ങൾ തെരഞ്ഞെടുക്കാനും അവതരിപ്പിക്കാനും നമ്മെ സഹാ യിക്കുന്നു.
- ♦ ദൈവിക രഹസ്യങ്ങൾ കൃത്യമായി മനസ്സിലാക്കാനും പഠിപ്പി ക്കാനും സാധിക്കും.
- ♦ മാനുഷിക സിദ്ധികൾ കൂടുതൽ ഉജ്ജ്വലമാക്കാൻ ഈ ദാനം നമ്മെ സഹായിക്കുന്നു. പുറപ്പാട് 31:3-ൽ കൂടാര പണിക്കായി നിയോ ഗിച്ച ബസാലേലിനെ ദൈവം തന്റെ ആത്മാവിനാൽ ശക്തീകരി ക്കുന്നു. നിരന്തരമായ പ്രാർത്ഥനയിലൂടെയും വിശുദ്ധീകരണത്തി ലൂടെയും ഈ ദാനം നമുക്കു ലഭിക്കുന്നു.

**6. ദൈവഭയം**

സ്നേഹം തന്നെയായ ദൈവത്തോടുള്ള സ്നേഹപൂർവ്വമായ ഭയമാണ് ദൈവഭയം. ശിക്ഷിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ഭയമല്ല, പിന്നെയോ അപ്പനടുത്ത സ്നേഹം നൽകുന്ന ദൈവത്തോടുള്ള ബഹു മാന പൂർവ്വമായ സ്നേഹമാണിത്. വിശുദ്ധിതന്നെയായ ദൈവത്തിന്റെ മുമ്പിൽ താൻ അയോഗ്യനാണെന്ന് തിരിച്ചറിവിൽ നിന്ന് വരുന്ന ഭയ മാണ്.

www.malankaralibrary.com

- ദൈവഭയം ഒരുവനെ എളിമയുള്ളവനാക്കുന്നു. ലൂക്കോസിന്റെ സുവിശേഷം 18-ാം അധ്യായത്തിൽ ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിൽ, ഫരിസേയൻ തന്റെ കിഴവുകളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും വൻപുപറഞ്ഞപ്പോൾ ചുങ്കക്കാരൻ ദൂരെനിന്ന് സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്താൻ പോലും ധൈര്യപ്പെടാതെ മാറത്തടിച്ചുകൊണ്ട് പാപിയായ എന്നിൽ കനിയണമേയെന്ന് പ്രാർത്ഥിച്ചു. പാപം ഒഴിവാക്കാനും പുണ്യത്തിൽ വളരാനും ഈ ദാനം സഹായിക്കുന്നു.

**7. ഭക്തി**

ദൈവഭയവും ഭക്തിയും പരസ്പരം ബന്ധപ്പെട്ടവയാണ്. എന്നാൽ ഭക്തിയിൽ സ്നേഹത്തിനാണ് മുൻതൂക്കം. "കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ മകുടമാണ്" (പ്രഭാ.1:18). ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിക്കുന്നതാണ് ദൈവഭക്തി.

- ദൈവം തന്റെ ഹൃദയരഹസ്യം ഭക്തർക്ക് വെളിപ്പെടുത്തുന്നു: "ഇനി നിങ്ങളെ ഞാൻ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽ നിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു" (യോഹ. 15:15). സോദോം ഗോമോറാ പട്ടണങ്ങൾ നശിപ്പിക്കാൻ ദൈവം തീരുമാനിക്കുന്നതും ആ തീരുമാനം അബ്രഹാത്തെ അറിയിക്കുന്നതും ഉൽപത്തി പുസ്തകം 18:20-33 വരെയുള്ള വാക്യങ്ങളിലാണ്.
- ഈ ദാനം ലഭിച്ചവർക്ക് പ്രാർത്ഥന വിരസമായി തോന്നാറില്ല. മറിച്ച് സന്തോഷകരമായ അനുഭവമായിരിക്കും.
- ദൈവത്തെക്കുറിച്ച് കൂടുതൽ അറിവും ബോധ്യവും തന്ന് ദൈവത്തെ സ്നേഹിക്കാൻ പ്രാപ്തരാകുന്നു.

ജ്ഞാനം, ബുദ്ധി, ആലോചന, അറിവ് ഇവ ബൗദ്ധികമായ ദാനങ്ങളാണ്. ദൈവഹിതം ശരിയായി അറിയാൻ സഹായിക്കുകയും അത് നിറവേറ്റാൻ സഹായിക്കുകയും ചെയ്യുന്നതാണ് ഈ ദാനങ്ങളുടെ ധർമ്മം. ആത്മധൈര്യം, ഭക്തി, ദൈവഭയം ഇവ ഇച്ഛാശക്തികളുടെ ദാനങ്ങളാണ്. ദൈവത്തെ സ്നേഹിക്കാനും ആരാധിക്കാനും മറ്റുള്ളവരെ സ്നേഹിക്കാനും ഈ ദാനങ്ങൾ നമ്മെ സഹായിക്കുന്നു.

www.malankaralibrary.com

## III വരങ്ങൾ

ദൈവമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കുംവേണ്ടി ദൈവം നൽകുന്ന ദാനങ്ങളാണ് വരങ്ങൾ (Charism) ബൈബിളിൽ വരങ്ങളെപ്പറ്റി വിശദമായി കാണുന്നത് വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലാണ്. കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം 12, 13, 14 അദ്ധ്യായങ്ങളിൽ വരങ്ങളെപ്പറ്റി വിശദമായി പ്രതിപദിക്കുന്നു. ഈ വരങ്ങളെ 3 ഗണങ്ങളായി തിരിക്കാം. 1. വചനവരങ്ങൾ 2. ബൗദ്ധിക വരങ്ങൾ 3. അടയാള വരങ്ങൾ

### 1. വചനവരങ്ങൾ

നാവിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടവരങ്ങളായതിനാൽ ഇതിനെ നാവിന്റെ സിദ്ധികൾ അഥവാ വചനവരങ്ങൾ എന്നറിയപ്പെടുന്നു.

### a. ഭാഷാവരം (Gift of Tongue)

"പെന്തക്കോസ്താ ദിവസം ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധഭാഷകളിൽ സംസാരിക്കാൻ തുടങ്ങി" യെന്ന് അപ്പസ്തോല പ്രവർത്തനം 2:4-ൽ കാണുന്നു. വിജാതിയനായ കൊർണേലിയൂസിന്റെ വീട്ടിൽ വി. പത്രോസ് വചനം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ വിജാതിയർക്ക് ലഭിച്ച ആത്മാഭിഷേകവും ഭാഷാവരവും എല്ലാവരെയും വിസ്മയിപ്പിച്ചുവെന്നും അപ്പസ്തോല പ്രവർത്തനം 10:45 -46-ൽ കാണുന്നു. ഭാഷാവരം പ്രധാനമായും രണ്ടുതരം ഉണ്ട്. ഭാഷാവര പ്രാർത്ഥനയും ഭാഷാവര സന്ദേശവും. കരിസ്മാറ്റിക് ധ്യാനങ്ങളിലും പ്രാർത്ഥനാ സമ്മേളനങ്ങളിലും ആളുകൾക്ക് ലഭിക്കുന്നത് ഭാഷാവര പ്രാർത്ഥനയാണ്. വ്യത്യസ്ത സ്വരങ്ങളും അപരിചിതമായ വാക്കുകളും ഉപയോഗിച്ച് പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നതാണ് ഭാഷാവരം. ദൈവത്തിന് ആരാധനയും സ്തുതിയുമാണ് ഭാഷാവരത്തിൽ നാം അർപ്പിക്കുന്നത്.

അപരിചിത സ്വരത്തിലോ ഭാഷയിലോ ദൈവത്തിന്റെ സന്ദേശം നൽകുന്നതിനെ ഭാഷാവര സന്ദേശം എന്നറിയപ്പെടുന്നു. ഈ ഭാഷാവര സന്ദേശം എല്ലാവർക്കും മനസ്സിലാകുംവിധം വ്യാഖ്യാനിക്കണം (1 കോറി.14:13).

www.malankaralibrary.com

### b. വ്യാഖ്യാനവരം (Gift of Interpretation)

ഭാഷാവരത്തിലൂടെ വെളിപ്പെട്ട കാര്യം സമൂഹത്തിന് മനസ്സിലാകുന്ന വിധത്തിൽ വ്യാഖ്യാനിക്കാനുള്ള ദാനമാണിത്. അന്യഭാഷ സംസാരിച്ച വ്യക്തിക്ക് തന്നെയോ സമൂഹത്തിൽ മറ്റൊരാൾക്കോ ഈ വ്യാഖ്യാനത്തിനുള്ള വരം ലഭിക്കാം. പ്രതീകങ്ങളിലൂടെ ദൈവം വെളിപ്പെടുത്തുന്നവയും വ്യാഖ്യാനിക്കാൻ ഈ വരം ലഭിച്ചവർക്ക് കഴിയും.

### c. പ്രവചനവരം (Gift of Prophecy)

കേൾവിക്കാർക്ക് മനസ്സിലാകുന്നവിധത്തിൽ ദൈവത്തിന്റെ സന്ദേശം അറിയിക്കുന്നതിനുള്ള വരമാണിത്. സമൂഹത്തോടൊ ഒരു വ്യക്തിയൊടോ ദൈവം എന്ത് പറയാൻ ആഗ്രഹിക്കുന്നുയെന്ന് ഈ വരം വെളിപ്പെടുത്തുന്നു. ചിലപ്പോൾ അത് ഭാവി കാര്യങ്ങളും ആകാം. വ്യക്തിയുടെയും സമൂഹത്തിന്റെയും ആത്മരക്ഷയ്ക്ക് ഉപകരിക്കുന്ന സന്ദേശങ്ങളാണ് പ്രധാനമായും ലഭിക്കുന്നത്.

### 2. ബൗദ്ധികവരങ്ങൾ

മനുഷ്യന്റെ സ്വഭാവിക ബുദ്ധിയെ പ്രകാശിപ്പിക്കുന്നതുവഴി പ്രകടമാകുന്ന ദാനങ്ങളാണ് ബൗദ്ധികവരങ്ങൾ. സമൂഹത്തിന് സേവനം ചെയ്യാനായി വ്യക്തിക്ക് നൽകപ്പെടുന്ന ദാനങ്ങളാണിവ.

### a. അറിവിന്റെ വചനം (Word of Knowledge)

വ്യക്തിയെയോ സംഭവങ്ങളെയോ സംബന്ധിച്ച് ദൈവത്തിനുള്ള നിഗൂഢമായ അറിവിന്റെ ഒരംശം മനുഷ്യന് വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് ഈ ദാനം. ഒരു വ്യക്തിയുടെ ഭൂതം, ഭാവി, വർത്തമാന കാലങ്ങളെപ്പറ്റി ലഭിക്കുന്ന സന്ദേശം ആ വ്യക്തിയുടെ ആത്മരക്ഷയ്ക്കു വേണ്ടിയാണ്. ഈ ദാനംവഴി ഒരു വ്യക്തിയുടെ ജീവിതത്തിൽ മാറ്റം വരുത്തേണ്ട മേഖലകൾ, ആന്തരിക സൗഖ്യം ലഭിക്കേണ്ട മേഖലകൾ തുടങ്ങിയവ മനസ്സിലാക്കാൻ സാധിക്കും. യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായത്തിൽ സമരിയാക്കാരി സ്ത്രീയുടെ ജീവിതത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ഈശോയെ നമുക്കു കാണാൻ സാധിക്കും.

### b. ജ്ഞാനത്തിന്റെ വചനം (Word of Wisdom)

അറിവിന്റെ വരംവഴി ലഭിച്ച സന്ദേശത്തെ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ജ്ഞാനത്തിന്റെ വചനം സഹായിക്കുന്നു. സന്ദർഭത്തിന് അനുയോജ്യമായി കേൾവിക്കാരെ, സ്പർശിക്കുന്നവിധത്തിൽ വചനം പങ്കുവയ്ക്കാൻ ഈ ദാനം സഹായിക്കുന്നു.

www.malankaralibrary.com

### c. വിവേചനവരം (Gift of Discernment)

ഒരു പ്രവൃത്തിയുടെയോ, പ്രേരണയുടെയോ സംഭവത്തിന്റെയോ ഉത്ഭവം ഏത് അരൂപിയിൽ നിന്നാണെന്ന് തിരിച്ചറിയാൻ പരിശുദ്ധാത്മാവ് നൽകുന്ന ദാനമാണ് വിവേചനവരം. 1 യോഹ.4:1-ൽ കാണുന്നു: "പ്രിയപ്പെട്ടവരേ, എല്ലാ ആത്മാക്കളേയും നിങ്ങൾ വിശ്വസിക്കരുത്; ആത്മാക്കളെ പരിശോധിച്ച്, അവ ദൈവത്തിൽനിന്നാണോ എന്ന് വിവേചിക്കുവിൻ. പല വ്യാജപ്രവാചകന്മാരും ലോകത്തിലെങ്ങും പ്രത്യക്ഷപ്പെട്ടിരിക്കുന്നു".

### 3. അടയാളങ്ങൾ (Sign Gifts)

മറ്റുള്ളവരെ വിശ്വാസത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കാൻ ഉപയുക്തമായ രീതിയിൽ അടയാളങ്ങൾ പ്രവർത്തിക്കുന്നതിന് ലഭിക്കുന്ന കൃപയാണ് അടയാളവരങ്ങൾ. യേശുവിന്റെ അത്ഭുതങ്ങള എല്ലാം അടയാളങ്ങളായിട്ടാണ് യോഹന്നാൻ അവതരിപ്പിച്ചിരിക്കുന്നത് (യോഹ. 2:11).

### a. രോഗശാന്തിവരം (Gift of Healing)

സുവിശേഷം പ്രഘോഷിക്കാനും രോഗികളെ സുഖപ്പെടുത്താനും പിശാചുകളെ ബഹിഷ്കരിക്കാനുമുള്ള ദൗത്യവും അധികാരവുമാണ് യേശു ശിഷ്യന്മാർക്ക് നൽകിയത് (മർക്കോ. 17:16-18). ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങളിൽ മറ്റൊരാൾക്ക് സൗഖ്യം നൽകുന്നതിന് പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന ശക്തിയാണ് രോഗശാന്തിവരം. രോഗശാന്തിവരമുള്ള വ്യക്തികൾ പ്രാർത്ഥിക്കുമ്പോൾ രോഗികൾക്ക് പൂർണ്ണസൗഖ്യവും ചില വ്യക്തികൾക്ക് രോഗം സഹിക്കാനുള്ള കൃപയും ലഭിക്കുന്നു.

### b. അത്ഭുതപ്രവർത്തനവരം (Gift of Miracles)

വിശ്വാസത്തെ ഉറപ്പിക്കാനും പ്രാർത്ഥനയ്ക്ക് മറുപടി എന്ന നിലയിലും അസാധാരണമായ അടയാളം പ്രവർത്തിക്കാൻ പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന വരമാണിത്. അപ്പസ്തോലന്മാർവഴി ദൈവം ധാരാളം അദ്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നു. പത്രോസ് ജന്മനാ മുടന്തനായ മനുഷ്യനെ സുഖപ്പെടുത്തുന്നതും മരിച്ചവരെ ഉയിർപ്പിക്കുന്നവരും അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം വായിക്കുന്നു. ഈ കാലഘട്ടത്തിലും ദൈവം പ്രത്യേകം തെരഞ്ഞെടുത്ത വ്യക്തികളിലൂടെ ദൈവം അടയാളങ്ങൾ പ്രവർത്തിക്കുന്നു.

www.malankaralibrary.com

### c. വിശ്വാസവരം (Gift of Faith)

അസാധാരണമായി സൗഖ്യം നൽകുന്നതിനോ പ്രത്യേകമായ വിധത്തിൽ ദൈവീകശക്തി പ്രകടമാക്കുന്നതിനോ വേണ്ടി നൽകപ്പെടുന്ന അത്ഭുത പ്രവർത്തനവിശ്വാസമാണ് ഈ വരം. മർക്കോസിന്റെ സുവിശേഷം 11:22-23-ൽ നാം വായിക്കുന്നു: "ദൈവത്തിൽ വിശ്വസിക്കുക. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു ആരെങ്കിലും ഈ മലയോട് ഇവിടെ നിന്നുമാറി കടലിൽ ചെന്നുവീഴുക എന്നു പറയുകയും ഹൃദയത്തിൽ ശങ്കിക്കാതെ, താൻ പറയുന്നത് സംഭവിക്കുമെന്ന് വിശ്വസിക്കുകയും ചെയ്താൽ അവന് അത് സാധിച്ചുകിട്ടും". ദൈവത്തിൽ അചഞ്ചലമായി വിശ്വസിച്ചുകൊണ്ട് ബാൽദേവന്റെ പുരോഹിതന്മാരെ വെല്ലുവിളിക്കുന്ന ഏലിയ പ്രവാചകനെക്കുറിച്ച് പഴയനിയമത്തിൽ നാം വായിക്കുന്നുണ്ട് (1 രാജ. 18:22-29). ഇന്ന് സഭയിൽ ഈ വരം ലഭിച്ച വ്യക്തിയിലൂടെ ദൈവം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.

## IV. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ

ക്രിസ്തുശിഷ്യൻ പരിശുദ്ധാത്മാവിൽ വ്യാപരിക്കുമ്പോൾ അവനിൽ പ്രകടമാകുന്ന പക്വമായ പ്രവൃത്തികളാണ് അരൂപിയുടെ ഫലങ്ങൾ. ഒരു വ്യക്തിയുടെ യോഗ്യതകളെന്നതിനേക്കാൾ ദൈവാത്മാവിന്റെ ഇടപെടലാണ്. ഗലാത്തിയർക്കുള്ള ലേഖനത്തിലാണ് പരിശുദ്ധാത്മാവിന്റെ ഫലങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത് (ഗലാ.5:22). പരിശുദ്ധാത്മാവിന്റെ 9 ഫലങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നതാണ്. സ്നേഹം; ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പരിശുദ്ധാത്മാവിന്റെ ഫലങ്ങളെ നിർവചിക്കുന്നത്. "നിത്യമഹത്വത്തിന്റെ ആദ്യഫലങ്ങൾ എന്നവിധം പരിശുദ്ധാത്മാവ് നമ്മിൽ രൂപപ്പെടുത്തുന്ന പൂർണ്ണതകളാണ് ഫലങ്ങൾ" എന്നാണ്.

### 1. സ്നേഹം

പരിശുദ്ധാത്മാവിന്റെ ഫലങ്ങളുടെ ആകെത്തുകയാണ് സ്നേഹം. അഗാപ്പെ എന്ന ഗ്രീക്ക് പദമാണ് പരിശുദ്ധാരൂപിയുടെ ഫലമായ സ്നേഹത്തെക്കുറിക്കാൻ ഉപയോഗിക്കുന്നത്. ഇത് ദൈവീക സ്നേഹമാണ്. സ്വയം ദാനം, പങ്കുവയ്ക്കുന്നതിനുള്ള സന്നദ്ധത, ത്യാഗമനോഭാവം, നഷ്ടപ്പെടാനുള്ള സന്നദ്ധത, ശുശ്രൂഷ മനോഭാവം ഇവ

www.malankaralibrary.com

യഥാർത്ഥ സ്നേഹത്തിന്റെ സുവിശേഷതകളാണ്. സ്നേഹിക്കുന്നവർ വളർന്നുകാണാനുള്ള മനോഭാവം, സ്നേഹിക്കുന്നവർ ഉപദ്രവിക്കുമ്പോഴും നിരാകരിക്കുമ്പോഴും സ്നേഹിക്കാനുള്ള മനസ്സ്, ഇവ ഈ ഫലങ്ങൾ ഉള്ളവരുടെ പ്രത്യേകതയാണ്. മറ്റുള്ളവരുടെ തെറ്റുകളും കുറ്റങ്ങളും കാണുമ്പോൾ സഹിഷ്ണതയോടെ വർത്തിക്കാൻ സ്നേഹം പ്രേരിപ്പിക്കുന്നു. യഥാർത്ഥ സ്നേഹം ത്യാഗങ്ങൾ സഹിക്കാൻ സന്നദ്ധതയുള്ള സ്നേഹമാണ്. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ.15:13). സ്നേഹമാണ് സർവ്വത്തിലും സർവ്വോത്കൃഷ്ടം: 'ഞാൻ എന്റെ സർവ്വസമ്പത്തും ദാനം ചെയ്താലും, എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ ഒരു പ്രയോജനവുമില്ല (1 കോറി.13:3).

**2. സമാധാനം**

ഷാലോം എന്ന ഹീബ്രു വാക്കാണ് സമാധാനം എന്നതിന് ഉപയോഗിക്കുന്നത്. ഹൃദയ സ്വച്ഛതയാണ് സമാധാനം. ദൈവത്തിലുള്ള അഗാധമായ വിശ്വാസവും തിരുസാന്നിധ്യത്തെക്കുറിച്ചുള്ള ബോധവും ദൈവത്തിലുള്ള ആശ്രയവുമാണ് ഇതിന്റെ അടിസ്ഥാനം. ബുദ്ധിമുട്ടുകളിൽ നിന്നുള്ള മോചനം മാത്രമല്ല മനുഷ്യന്റെ സമ്പൂർണ്ണ നന്മയ്ക്ക് ഉപകരിക്കുന്നവയെല്ലാം ഉൾക്കൊള്ളുന്നതാണ് സമാധാനം. ദൈവമാണ് യഥാർത്ഥ സമാധാനത്തിന്റെ ഉറവിടം (ന്യായാ. 6:24). മിശിഹായെ സമാധാനത്തിന്റെ പ്രതീകമായിട്ടാണ് യഹൂദജനം കണ്ടിരുന്നത്. (സഖ. 9:10, ഏശ. 9:6). ഈശോയുടെ ജനനസമയത്ത് മാലാഖമാർ പാടി "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം". പാപം ചെയ്ത് അകന്നുപോയ മനുഷ്യവർഗ്ഗത്തെ ദൈവവുമായി രമ്യതപ്പെടുത്തിയത് യേശുവിന്റെ കുരിശു മരണമാണ് (എഫേ. 2:14-16). തന്റെ പീഡാനുഭവത്തിനു മുമ്പ് ഈശോ ശിഷ്യന്മാർക്ക് സമാധാനം ആശംസിച്ചു. "ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നിട്ട് പോകുന്നു. ലോകം തരുന്നതുപോലെയല്ലാ ഞാൻ നിങ്ങൾക്ക് തരുന്നത്". (യോഹ. 14:27). ഉയിർത്തെഴുന്നേറ്റ ഈശോ ശിഷ്യന്മാർക്ക് ആദ്യം നൽകുന്ന ആശംസയും സമാധാനമാണ്: 'നിങ്ങൾക്ക് സമാധാനം' (യോഹ. 20:19-21). ദൈവവുമായി രമ്യതയിൽ കഴിയുന്ന എല്ലാവരുടെയും ഉള്ളിൽ എപ്പോഴും സമാധാനം കുടികൊള്ളും. പ്രയാസങ്ങളോ ഞെരുക്കങ്ങളോ സാമ്പത്തിക ബുദ്ധിമുട്ടുകളോ എന്തൊക്കെ ഉണ്ടായാലും അവരുടെ സമാധാനത്തെ നശിപ്പിക്കാൻ സാധിക്കില്ല. (റോമ. 8:35-36).

www.malankaralibrary.com

**3. ആനന്ദം**

ദൈവവുമായി ഉറ്റബന്ധത്തിലായിരിക്കുന്നവർക്ക് ആന്തരികമായി ലഭിക്കുന്ന സന്തോഷമാണ് ആനന്ദം. ഗ്രീക്കിൽ 'കാരാ' എന്ന പദമാണ് ആനന്ദത്തിന് ഉപയോഗിക്കുന്നത്. ഇത് താത്കാലികമായി ലഭിക്കുന്ന സന്തോഷമല്ല, ഇത് കർത്താവിലുള്ള സന്തോഷമാണ്. ദൈവമാണ് ഈ ആനന്ദത്തിന്റെ അടിത്തറ: പാപം ചെയ്താൽ ഈ ആനന്ദം നഷ്ടപ്പെടും. അതുകൊണ്ടാണ് 51-ാം സങ്കീർത്തനത്തിൽ ദാവീദ് ഇങ്ങനെ പ്രാർത്ഥിക്കുന്നത്. "അങ്ങയുടെ രക്ഷയുടെ സന്തോഷം എനിക്ക് വീണ്ടും തരണമേ". പരിശുദ്ധാത്മാവിനാൽ നിറയുന്ന വ്യക്തിയിൽ ആനന്ദത്തിന്റെ അനുഭവം ഉണ്ടാകും. പരിശുദ്ധ അമ്മയുടെ അഭിവാദനസ്വരം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിലായിരുന്ന സ്നാപക യോഹന്നാൻ സന്തോഷത്താൽ കുതിച്ച് ചാടി (ലൂക്ക. 1/41-44). കർത്താവിലുള്ള സന്തോഷത്തെ നശിപ്പിക്കാൻ ബാഹ്യമായ കാരണങ്ങൾക്ക് സാധിക്കില്ല: "അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും, വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും, ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും, കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും. കർത്താവായ ദൈവമാണ് എന്റെ ബലം" (ഹെബ. 3:17-19).

**4) ക്ഷമ**

'മക്രോർത്തിമിയ' എന്ന ഗ്രീക്ക് വാക്കാണ് ക്ഷമയെന്നതിന് ഉപയോഗിക്കുന്നത്. യഥാർത്ഥ സ്നേഹത്തിന്റെ ഭാഗമാണ് ക്ഷമ. "സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്" (1 കോറി. 13:4). ദൈവം സ്നേഹമായതിനാൽ ദീർഘക്ഷമയുള്ളവനുമാണ്. തെറ്റ് ചെയ്യുന്നവരെ അവിടുന്ന് ശിക്ഷിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നില്ല. "ആരും നശിച്ചു പോകാതെ എല്ലാവരും അനുതപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ട് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നുയെന്നെയുള്ളൂ" (2 പത്രോസ് 3:9). ദൈവത്തിന്റെ സ്നേഹം ആരെയും ഒഴിവാക്കുന്നില്ല.

ക്ഷമയുടെ ഏറ്റവും ശ്രേഷ്ഠമായ മാതൃക യേശുവാണ്. ശത്രുക്കളെ സ്നേഹിക്കാൻ അവിടുന്ന് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. വലതുകരണത്ത് അടിക്കുന്നവന് ഇടതുകരണം കൂടി കാണിച്ച് കൊടുക്കാൻ

www.malankaralibrary.com

അവൻ ഉപദേശിച്ചു" (മത്താ. 5:39). ഈശോ പഠിപ്പിക്കുക മാത്രമല്ല. അവ പ്രാവർത്തികമാക്കുക കൂടി ചെയ്തു. "പിതാവേ, അവരോട് ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല. (ലൂക്ക. 23:34). മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കണമെന്ന് ഈശോ നമ്മെ പഠിപ്പിച്ചു. "മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോട് നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല" (മത്താ 6:14-15). "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേയെന്ന് പ്രാർത്ഥിക്കാനാണ് ഈശോ പഠിപ്പിച്ചത് (മത്താ. 6:12). തെറ്റുകളും കുറവുകളും ക്ഷമിക്കുന്നതു മാത്രമല്ല, ജീവിതത്തിലെ ക്ലേശങ്ങളും ദുരിതങ്ങളും ശാന്തതയോടെ നേരിടുന്നതും ക്ഷമയുടെ ഭാഗമാണ് (യാക്കോ. 5:7-8).

**5, 6) നന്മ, ദയ**

ദയയും നന്മയും തമ്മിൽ അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. രണ്ടിനം ഗ്രീക്കിൽ 'ക്രെസ്ത്തോത്തെസ്' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. വിശ്വസ്തത, ബഹുമാന്യത തുടങ്ങിയവ നന്മയുടെ വ്യത്യസ്ത ഭാവങ്ങളാണ്. സൗഹൃദയം, ദയാശീലം, ശാന്തസ്വഭാവം ഇവ ദയയുടെ വിവിധ ഭാവങ്ങളാണ്. ദയയുടെയും നന്മയുടെയും മൂർത്തീമത് ഭാവമാണ് ഈശോ. കുഷ്ഠരോഗിയോടും പാപിനിയായ സ്ത്രീയോടും വലതുവശത്തെ കള്ളനോടും തന്നെ വേദനിപ്പിച്ചവരോടും ഈശോ ദയയും കരുണയും കാണിച്ചു. ഈശോ ശിഷ്യന്മാരെ പഠിപ്പിച്ചതും ഈ നന്മയും ദയയും ഉള്ളവരാകാനാണ്: "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ; നിങ്ങളും കരുണയുള്ളവരായിരിക്കണം" (ലൂക്ക. 6:36) നന്മയും ദയയും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ സവിശേഷതകളാണെന്ന് പൗലോസ് പഠിപ്പിക്കുന്നു (കൊളോ 3:12).

**7) വിശ്വസ്തത**

വിശ്വാസവും വിശ്വസ്തതയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇവ രണ്ടിനും ഗ്രീക്കിൽ ഉപയോഗിക്കുന്ന പദം 'പിസ്തിസ്' ആണ്. ദൈവത്തോടും സഹോദരങ്ങളോടും സഭാ വിശ്വസ്തരായിരിക്കാൻ പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന അനുഗ്രഹമാണ് വിശ്വസ്തത. ഏറ്റവും ശ്രേഷ്ഠമായ വിധത്തിൽ വിശ്വസ്തനായിരിക്കുന്നത് ദൈവം മാത്രമാണ്.

www.malankaralibrary.com

മനുഷ്യൻ അവിശ്വസ്തനായിരുന്നാലും ദൈവം വിശ്വസ്തനായിരിക്കും. മനുഷ്യൻ ഉടമ്പടി ലംഘിച്ചപ്പോഴും ഉടമ്പടിയോട് വിശ്വസ്തനായിരുന്ന ദൈവത്തെയാണ് പഴയ നിയമത്തിൽ നാം കാണുന്നത്. ബലഹീന തനായ മനുഷ്യന് പൂർണ്ണമായ വിശ്വസ്ത പാലിക്കാൻ സാധിക്കുകയി ല്ല. അതിന് പരിശുദ്ധാത്മാവിന്റെ കൃപ ആവശ്യമാണ്.

**8) സൗമ്യത**

"എപ്പിഅയ്ക്കേയിയ" എന്ന ഗ്രീക്ക് പദമാണ് സൗമ്യതയ്ക്ക് ഉപയോഗിക്കുന്നത്. ദൈവത്തിന്റെ ദയയെ സൂചിപ്പിക്കുന്നതിനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. സൗമ്യതയുടെ ഏറ്റവും വലിയ മാതൃക കർത്താവായ ഈശോ തന്നെയാണ്. "ഞാൻ സൗമ്യനും വിനീത ഹൃദ യവുമായതിനാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠി ക്കുകയും ചെയ്യുവിൻ" (മത്താ. 11:29). വിനായിന്വതനായി കഴുതയുടെ പുറത്ത് കയറി ജറുസലേമിലേക്ക് വരുന്ന ഈശോയെ സുവിശേഷ ങ്ങൾ അവതരിപ്പിക്കുന്നുണ്ട് (മത്താ. 21:5-9). സൗമ്യതയുടെ ഏറ്റവും വലിയ മറ്റൊരു മാതൃക പരി. കന്യകമറിയം ആയിരുന്നു. വിശിഷ്ട രത്നം പോലെ അമൂല്യമാണ് സൗമ്യതയെന്ന് പൗലോസ്ശ്ലീഹാ പഠി പ്പിക്കുന്നു. "പിന്നയോ ദൈവസന്നിധിയിൽ വിശിഷ്ടമായ, സൗമ്യവും ശാന്തവുമായ ആത്മാവാക്കുന്നു അനശ്വര രത്നം അണിഞ്ഞി ആന്ത രിക വ്യക്തിത്വമാണ്" (1 പത്രോ. 3:4).

**9. ആത്മസംയമനം**

'എൻക്രാത്തേയിയ' എന്ന ഗ്രീക്ക് പദമാണ് ആത്മസംയമനത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ഒരു കായികാഭ്യാസി ശരീരത്തെ ശിക്ഷണ വിധേയമാക്കുന്നതുപോലെ നമ്മുടെ അഭിനിവേശങ്ങളെയും സിദ്ധികളെയും ദൈവഹിത പ്രകാരം ഉപയോഗിക്കാനുള്ള നിയന്ത്രണ മാണ് ആത്മസംയമനം. നിത്യ രക്ഷയ്ക്കും സഹോദര ശുശ്രൂഷയ്ക്കും ഈ നല്ല ഫലം ക്രൈസ്തവനെ സഹായിക്കുന്നു. ശാരീരികാഭിലാഷ ങ്ങളെ നിയന്ത്രിക്കുന്നതു മാത്രമല്ല ആത്മസംയമനം സന്തോഷം ദുഃഖം, വെറുപ്പ് മുതലായ വികാരങ്ങളെയും നാം നിയന്ത്രിക്കേണ്ടതുണ്ട്. പ്രഭാ ഷകന്റെ പുസ്തകം 23/4-6 വരെയുള്ള വാക്യങ്ങളിൽ ആത്മനിയന്ത്രണം നേടുന്നതിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനയുണ്ട്. "എന്റെ പിതാവും ദൈവവുമായ കർത്താവേ എന്റെ ദൃഷ്ടികൾ ഔദ്ധത്യം നിറഞ്ഞതാ കരുതേ. അധമവികാരങ്ങൾക്ക് ഞാൻ അടിമയാകരുതേ. അമിതമായ

www.malankaralibrary.com

ആഹാര പ്രിയമോ, ഭോഗാസക്തിയോ എന്നെ കീഴടക്കാതിരിക്കട്ടെ. നിർലജ്ജമായ വികാരങ്ങൾക്ക് എന്നെ ഏൽപ്പിച്ചു കൊടുക്കരുതേ".

ദൈവം അയച്ച സഹായകനാണ് പരിശുദ്ധാത്മാവ് ജീവപ്രദനായ പരിശുദ്ധാത്മാവാണ് സകലത്തെയും പവിത്രീകരിക്കുകയും വിശുദ്ധീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നത്. സകലവും സൃഷ്ടിക്കപ്പെട്ടത് ദൈവത്തിന്റെ ചൈതന്യമായ പരിശാസനയിലൂടെയാണ്. ദൈവം തന്റെ തെഞ്ഞെടുക്കപ്പെട്ടവരെ നയിച്ചത് പരിശുദ്ധാത്മാവിലൂടെയാണ്. ഈശോയുടെ ജനനം പരിശുദ്ധാത്മാവിലൂടെ ആയിരുന്നു. ഈശോയുടെ പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവ് നിറഞ്ഞതായിരുന്നു. ഈശോ തന്റെ മരണശേഷം സഹായകനായ പരിശുദ്ധാത്മാവിനെ തന്റെ മണവാട്ടിയായ സഭയുടെ ജീവനായിനൽകി. ഈ ആത്മാവാണ് ഇന്ന് സഭയെ നിയന്ത്രിക്കുന്നതും നയിക്കുന്നതും. ഒരു ക്രിസ്തീയ വിശ്വാസിയുടെ സഹായകനാണ് പരിശുദ്ധാത്മാവ്. മാമോദീസായിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും ഈ ആത്മാവിനെ അവൻ സ്വന്തമാക്കുന്നു. പരിശുദ്ധാത്മാവിന്റെ കൃപയിൽ വളരുന്ന ഒരു വിശ്വാസിയിൽ അവന്റെ ദാനങ്ങളും ഫലങ്ങളും വരങ്ങളും സമൃദ്ധമാകും.

www.malankaralibrary.com

# 9

# പരിശുദ്ധാത്മാവും കരിസ്മാറ്റിക് നവീകരണവും

കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ് സഭകളിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നതായ ആദ്ധ്യാത്മിക മുന്നേറ്റമാണ് കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ. 'കരിസ്മാറ്റിക് നവീകരണം' എന്നറിയപ്പെടാനുള്ള കാരണം തന്നെ, ഈ മുന്നേറ്റത്തിലുള്ള വളരെപ്പേർക്ക് പുതിയ നിയമത്തിൽ പരാമർശിച്ചിട്ടുള്ള പരിശുദ്ധാത്മാവിന്റെ വരങ്ങൾ (Charisms) ലഭിക്കുന്നതും അവ ഉപയോഗിച്ച് അവർ സമൂഹത്തെ സുവിശേഷവത്ക്കരിക്കുന്ന ശുശ്രൂഷ നിർവ്വഹിക്കുന്നതിനാലുമാണ്. പെന്തിക്കൊസ്തിയോടുകൂടി, തിരുസഭ ഉദ്ഘാടനം ചെയ്യപ്പെടുകയും വലിയൊരു സമൂഹത്തിന് പരിശുദ്ധാത്മാവിന്റെ വർണ്ണനാതീതമായ അനുഭവം ലഭിക്കുകയും ചെയ്തു. ആദിമക്രൈസ്തവ സമൂഹത്തിൽ പരിശുദ്ധാത്മാവിന്റെ വരങ്ങൾ വളരെ പ്രകടമായിരുന്നു. എന്നാൽ കാലക്രമത്തിൽ അത് അപ്രത്യക്ഷമാവുകയും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ വീണ്ടും സജീവമാവുകയും ചെയ്തു.

**കരിസ്മാറ്റിക് നവീകരണം - ചരിത്രവഴികളിലൂടെ**

ആധുനിക പെന്തക്കോസ്തലിസത്തിന്റെ പിതാവായി അറിയപ്പെടുന്നത് ചാൾസ് പി. ഫർഹാം എന്ന മെതടിസ്റ്റ് പോസ്റ്ററാണ്.

www.malankaralibrary.com

നടപടി പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവിന്റെ ഏറ്റവും പുതിയ അടയാളമായി ഫർഹാം മനസിലാക്കിയത് ഭാഷാവരമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഫർഹാമും ഒരു കൂട്ടം വിദ്യാർത്ഥികളും ഭാഷാവരത്തിനായി അനേകം ദിവസങ്ങൾ തീവ്രമായി പ്രാർത്ഥിച്ചു. 1901-ലെ പുതുവത്സര ദിനത്തിൽ ആ ഗ്രൂപ്പിലെ ഒരു വിദ്യാർത്ഥിനിക്ക് ഭാഷാവരം ലഭിക്കുകയും തുടർന്ന് ഫാർഹാമിനും മറ്റനേകർക്കും ഇതേ അനുഭവം ലഭിക്കുകയും ചെയ്തു. ഇതിൽ നിന്നാണ് ലോകം മുഴുവൻ പടർന്നു പന്തലിച്ച പെന്തക്കോസ്തു പ്രസ്ഥാനങ്ങളുടെ തുടക്കം.

**പരിശുദ്ധ കത്തോലിക്കാ സഭയിൽ**

വിശുദ്ധ ജോൺ 23-ാമൻ മാർപാപ്പ 1959-ൽ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തത് സഭയിൽ വലിയൊരു നവീകണത്തിന് കാരണമായി. ഒരു പുതിയ പന്തക്കുസ്താ അനുഭവത്തിനുവേണ്ടി പ്രാർത്ഥിക്കാനുള്ള അദ്ദേഹത്തിന്റെ ആഹ്വാനം സഭ പൂർണമായി ഏറ്റെടുത്തു. ഇതിന്റെ പശ്ചാത്തലത്തിലാണ് കത്തോലിക്കാ സഭയിൽ കരിസ്മാറ്റിക് നവീകരണത്തിന് തുടക്കം കുറിക്കുന്നത്. അമേരിക്കയിലെ പിറ്റ്സ്ബർഗിൽ പരിശുദ്ധാത്മാവിന്റെ നാമത്തിലുള്ള ഡ്യൂക്കെയിൻ യൂണിവേഴ്സിറ്റിയിലെ ചെറുപ്പക്കാരായ ഏതാനും അദ്ധ്യാപകരും വിദ്യാർത്ഥികളും ഇടയ്ക്ക് വാരാന്ത്യത്തിൽ ഒരുമിച്ച് കൂടി അവരുടെ വിശ്വാസജീവിതത്തെപ്പറ്റി ചർച്ചചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. തങ്ങളുടെ വ്യക്തിജീവിതത്തിൽ, ഒരു ആദ്ധ്യാത്മിക നവീകരണത്തിന് തീക്ഷ്ണമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നവരാണവർ. 1967 ഫെബ്രുവരി 17-19 തീയതികളിൽ പതിവുപോലെ അവർ ഒരുമിച്ച് കൂടി ഒരു ദിവസം മുഴുവൻ അപ്പസ്തോല പ്രവർത്തനങ്ങളിലെ ആദ്യ നാല് അദ്ധ്യായങ്ങളെപ്പറ്റി പഠിക്കുകയും ധ്യാനിക്കുകയും ചെയ്തതിന്റെ അവസാനത്തിൽ അവർക്ക് അരൂപിയിലുള്ള സ്നാന അനുഭവവും ആഴത്തിലുള്ള മാനസാന്തരാനുഭവവും ഉണ്ടായി. കത്തോലിക്കാ സഭയിൽ കരിസ്മാറ്റിക് നവീകരണത്തിന് തുടക്കം കുറിച്ച ആ സംഭവം ഡ്യൂക്കെയിൻ വാരാന്ത്യം (Duquesene weekend) എന്ന പേരിൽ അറിയപ്പെടുന്നു.

ആഴത്തിലുള്ള ഈ പ്രാർത്ഥനാനുഭവം മറ്റു യൂണിവേഴ്സിറ്റികളിലേക്കും തുടർന്ന് സഭയിലെ വിവിധ തലങ്ങളിലേക്കും വ്യാപിച്ചു.

www.malankaralibrary.com

വളർന്നുവരുന്ന പ്രാർത്ഥനാകൂട്ടായ്മകളുടെ മാർഗനിർദ്ദേശവും അവയുടെ ഏകോപനവും മുന്നിൽക്കണ്ട് 1970-ൽ മിഷിഗണിലെ നോത്തെർദാം സർവ്വകലാശാലയിലെ അനാർബറിൽ ആദ്യ അന്തർദേശീയ ഏകോപന ഓഫീസ് (ICO) സ്ഥാപിതമായി. ഈ ഓഫീസ് 1973 മുതൽ കത്തോലിക്കാ പ്രാർത്ഥനാഗ്രൂപ്പുകളുടെ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. 1977-ൽ നടന്ന അന്തർദേശീയ നേതൃസമ്മേളനത്തിൽ 60 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നാലു മോഡറേറ്റർമാരിൽ ഒരാളായിരുന്ന കാർഡിനൽ ലിയോ സ്യൂവൻസിന്റെ കടന്നുവരവ് കരിസ്മാറ്റിക് നവീകരണ സംഘടനയിൽ ഒരു വഴിത്തിരിവായി. 1972-ൽ അമേരിക്കാ സന്ദർശനത്തിനിടെ അദ്ദേഹം ഈ മുന്നേറ്റത്തെ പരിചയപ്പെടുകയും അതിൽ സജീവ താല്പര്യം കാണിക്കുകയും ചെയ്തു. 1978-ൽ ICRCO അന്തർദേശീയ കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ ഓഫീസ് എന്ന പേരിൽ കർദിനാളിന്റെ മേൽനോട്ടത്തിൽ ബെൽജിയത്തിലെ ബ്രസൽസിൽ ഏകോപന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ആരംഭിച്ചു.

കർദ്ദിനാൾ സ്യൂവൻസിന്റെ ഇടപെടലുകൾ, പോൾ ആറാമൻ മാർപാപ്പ തുടങ്ങി എല്ലാ മാർപാപ്പമാരും നവീകരണ നേതൃത്വം നല്ല രീതിയിൽ ഏറ്റെടുക്കുന്നതിന് പ്രേരകമായി. 1985-ൽ വത്തിക്കാനിലേക്ക് അന്തർദേശീയ കരിസ്മാറ്റിക് ഓഫീസ് മാറ്റുകയും ചെയ്തു. പരി. സഭ മുഴുവനിലുമുള്ള കരിസ്മാറ്റിക് നവീകരണ പ്രവർത്തനങ്ങളുടെ അന്തർദേശീയ ഏകോപന സമിതിയായ ഇക്രിസ് (ICCRS) 1993 സെപ്റ്റംബറിൽ ഔദ്യോഗിക അംഗീകാരം നേടി. ഇതുപോലെതന്നെ കാത്തലിക് ഫ്രട്ടേർണിറ്റി എന്നറിയപ്പെടുന്ന കാത്തലിക് ഫ്രറ്റേർണിറ്റി ഓഫ് കരിസ്മാറ്റിക് കവനന്റ് കമ്മ്യൂണിസ്റ്റ് ആന്റ് ഫെലോഷിപ്സ് എന്ന സമിതി 1990-ൽ രൂപീകരിക്കപ്പെടുകയും ആ വർഷം തന്നെ സഭ അതിന് പൊന്തിഫിക്കൽ അംഗീകാരം നല്കുകയും ചെയ്തു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 100 സമൂഹങ്ങൾ കാത്തലിക് ഫ്രട്ടേർണിറ്റിയുടെ സമ്പൂർണ അംഗങ്ങളാണ്. ഇന്ത്യയിൽ നിന്ന് 2009 മുതൽ ജീസസ് യൂത്ത് മുന്നേറ്റവും 2012 മുതൽ ആഗ്ര ആസ്ഥാനമാക്കിയുള്ള സാന്ത്വന കമ്മ്യൂണിറ്റിയും ഇതിലെ സമ്പൂർണ അംഗങ്ങളാണ്.

www.malankaralibrary.com

## കരിസ്മാറ്റിക് നവീകരണം ഭാരതസഭയിൽ

ഭാരതത്തിൽ 1972-ൽ മുംബൈ നഗരത്തിലാണ് കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ ആരംഭം. അധികം താമസിക്കാതെ തന്നെ അത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിച്ചു. 1974-ൽ നവീകരണ പ്രസ്ഥാനങ്ങളെ ഏകോപിപ്പിക്കുന്നതിനായി 1974-ൽ മുംബൈയിൽ ഒരു ഓഫീസ് ആരംഭിച്ചു. 1977-ൽ ബാംഗ്ളൂരിൽ ഒത്തുചേർന്ന ആദ്യ ദേശീയ കരിസ്മാറ്റിക് നേതൃസംഗമത്തിൽ വച്ച് ദേശീയ ഏകോപനത്തിനായി ദേശീയസേവനസമിതി രൂപീകൃതമായി. നീണ്ട കാലയളവിൽ ഭാരത നവീകരണത്തെ നയിച്ച ഫാ. ഫിയോ മസ്ക്കരേൻഹാസ് ആയിരുന്നു ആദ്യ ചെയർമാൻ. നാഷണൽ കാത്തലിക് കരിസ്മാറ്റിക് റിന്യൂവൽ സർവ്വീസസ് (NCCRS) എന്നറിയപ്പെടുന്ന കരിസ്മാറ്റിക് ഏകോപനസമിതിക്ക് 1996-ൽ ഭാരത കത്തോലിക്കാ മെത്രാന്മാർ ഔപചാരിക അംഗീകാരം നല്കി.

## കരിസ്മാറ്റിക് നവീകരണം കേരളസഭയിൽ

1976 മുതലാണ് കേരളത്തിൽ കരിസ്മാറ്റിക് നവീകരണത്തിന്റെ വ്യാപനം തുടങ്ങിയത്. 1978 ഫെബ്രുവരിയിൽ മഞ്ഞുമ്മൽ, സി.ആർ.സി. യിൽ വച്ച് ബിഷപ് ജെറോം ഫെർണാണ്ടസിന്റെ വലിയ താല്പര്യത്തിൽ വിളിച്ചുകൂട്ടിയ കരിസ്മാറ്റിക് നേതൃസമ്മേളനത്തിൽ വച്ച് കേരളത്തിലെ കരിസ്മാറ്റിക് നവീകരണ ഏകോപന സമിതിയായ കേരള സേവനസമിതി രൂപീകൃതമായി.

2004-ൽ കേരളാ മെത്രാൻ സമിതി കേരള കത്തോലിക്കാ കരിസ്മാറ്റിക് സേവന സമിതിയെ ഔപചാരികമായി അംഗീകരിക്കുകയും കരിസ്മാറ്റിക് കമ്മീഷൻ എന്ന പേരിൽ മെത്രാന്മാരുടെ കമ്മീഷന് രൂപം നല്കുകയും ചെയ്തു. കളമശ്ശേരിയിലുള്ള 'എമ്മാവൂസ്' കെ.എസ്.റ്റി. യുടെ ആസ്ഥാനകേന്ദ്രമായി പ്രവർത്തിക്കുന്നു. ഈ സമിതിയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'ജീവജ്വാല' എന്ന മാസിക എമ്മാവൂസിൽ നിന്നാണ് പ്രസിദ്ധീകരിക്കുന്നത്.

## കരിസ്മാറ്റിക് നവീകരണശുശ്രൂഷയുടെ പ്രത്യേകതകൾ

### 1. പരിശുദ്ധാത്മാവിലുള്ള സ്നാനം (Baptism in the Holy Spirit)

"യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം നല്കി; നിങ്ങളാകട്ടെ എറെത്താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കും"

www.malankaralibrary.com

(അപ്പ. പ്രവ. 1:5). പെന്തക്കുസ്തായിൽ ലഭിക്കാൻ പൊകുന്ന പരിശുദ്ധാത്മാഭിഷേകത്തെയാണ് യേശു ഇവിടെ വാഗ്ദാനം ചെയ്യുന്നത്. ആദിമ പന്തക്കുസ്താനുഭവം അപ്പസ്തോലന്മാരുടെ ജീവിതത്തെ അടിമുടി രൂപാന്തരപ്പെടുത്തി. ദൈവവുമായുള്ള ഉന്നതമായ ഐക്യം, അതിസ്വാഭാവികമായ ദൈവീകജ്ഞാനം, പരിശുദ്ധാത്മാവിനോട് പൂർണമായ വിധേയത്വം, അസാധാരണ വരങ്ങൾ ഇവയെല്ലാം അവർക്ക് പരിശുദ്ധാത്മാവിലുള്ള സ്നാന ത്തിലൂടെ ലഭിച്ചു. പന്തക്കുസ്തായ്ക്ക് ശേഷം അപ്പസ്തോലന്മാരുടെ ജീവിതത്തിൽ നിസ്വാർത്ഥമായ സ്നേഹം, ജീവിതവിശുദ്ധി, ലോകത്തോട് വിരക്തി, ഉപവിപ്രവർത്തനങ്ങൾ, വിശ്വാസത്തെപ്രതി എത്ര വലിയ സഹനവും - രക്ത സാക്ഷിത്വം പോലും - വരിക്കാനുള്ള സന്നദ്ധത ഇവയെല്ലാം പ്രകടമായിരുന്നു.

ഇക്കാലഘട്ടത്തിലും അവിശ്വസനീയമാം വിധം പരിശുദ്ധാ ത്മാവിലുള്ള സ്നാനുഭവം അനേകർക്ക് ലഭിക്കുന്നുണ്ട്. ഒരുവന്റെ അസ്തിത്വത്തിന്റെ ആഴങ്ങളെയും ചൂഴ്ന്ന് നിൽക്കുന്ന ആഴത്തിലുള്ള ദൈവസ്നേഹാനുഭവമാണിത്. ദൈവം തങ്ങളുടെ പാപങ്ങളെല്ലാം ക്ഷമിച്ചതായും തങ്ങളെ മക്കളായി സ്വീകരിച്ച് സ്നേഹിക്കുന്നതായും അവർക്ക് ബോധ്യപ്പെടുന്നു. അതിലൂടെ ദൈവീകമായ സമാധാനവും ആനന്ദവും നിറയുകയും ദൈവകല്പനകൾ പാലിച്ചുകൊണ്ടുള്ള സംശുദ്ധമായ ക്രൈസ്തവജീവിതം നയിക്കാനുള്ള ശക്തമായ പ്രേരണയാൽ നയിക്കപ്പെടുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിലുള്ള സ്നാനം, മാമോദീസായിൽ ലഭിച്ച പരിശുദ്ധാത്മാവിന്റെ സാന്നിധ്യ അനുഭവമാണ്. മാമോദീസായിലൂടെ പരിശുദ്ധാത്മാവിനാൽ മുദ്രയിട പ്പെട്ട് ദൈവത്തിന്റെ സ്വന്തമാകുമെങ്കിലും നിരന്തരം നാം ദൈവാരൂപിയുടെ നവ്യമായ അഭിഷേകത്തിനായി പ്രാർത്ഥിക്കേണ്ട തുണ്ട്. അപ്പസ്തോലിക സഭയിൽ ഇപ്രകാരം തന്നെ ചെയ്തിരുന്നു. (അപ്പ. 1:14, 2:2-4, 4:24-31). "എന്റെ കൈവയ്പിലൂടെ നിനക്ക് ലഭിച്ച ദൈവീകവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2 തിമോ. 1:6) എന്ന് വി. പൗലോസ് തിമോ ത്തിയെ ഉപദേശിക്കുന്നുണ്ട്.

കരിസ്മാറ്റിക് ശുശ്രൂഷകളിൽ കൈവയ്പ് പ്രാർത്ഥന യിലൂടെയും ഇതര പ്രാർത്ഥനാവേളകളിലും പരിശുദ്ധാത്മാവിലുള്ള

www.malankaralibrary.com

സ്നാനുഭവം ലഭിക്കുന്നുണ്ട്. ഇത് വെറും നൈമിഷികമായ ഒരു വൈകാരികാനുഭൂതിയല്ല മറിച്ച്, ശക്തമായ രൂപാന്തരീകരണത്തിനുള്ള ദൈവീകമായ ക്ഷണവും ഊർജ്ജവുമാണ്. പരിശുദ്ധാത്മാവിൽ സ്നാനം സ്വീകരിച്ച വ്യക്തി, ദൈവാത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് ജീവിച്ചില്ലെങ്കിൽ പഴയജീവിതരീതികളിലേക്ക് മടങ്ങിപ്പോകാനിടയുണ്ട് എന്നതും ഒരു യാഥാർത്ഥ്യമാണ്.

**2. പ്രാർത്ഥനാ കൂട്ടായ്മകൾ**

"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച് കൂടുന്നിടത്ത് അവരുടെ മധ്യേ ഞാനുണ്ടായിരിക്കും" (മത്താ. 18:20). ഈ വചനത്തിന് ജീവൻ വച്ചാലെന്നവിധമുള്ള പ്രാർത്ഥനാ കൂട്ടായ്മകളാണ് കരിസ്മാറ്റിക് നവീകരണത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. വൈവിധ്യമാർന്ന പ്രാർത്ഥനാ കൂട്ടായ്മകൾ ഈ മേഖലയിൽ ദൃശ്യമാണ്. ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ വർഷത്തിലൊരിക്കലോ വർഷത്തിൽ ചുരുക്കം അവസരങ്ങളിലോ സമ്മേളിക്കുന്നവ എന്നിങ്ങനെ ഇവയുടെ ഒരുമിച്ച്കൂടലിന്റെ കാലദൈർഘ്യം വ്യത്യസ്തമാണ്. പ്രാർത്ഥനാരീതികളും ഐക്യരൂപ്യമുള്ളവയല്ല. കൂട്ടായ്മകളിൽ പങ്കെടുക്കുന്നവർക്ക് ദൈവസ്നേഹാനുഭവത്തോടൊപ്പം യഥാർത്ഥമായ സഹോദരസ്നേഹത്തിന്റെ അനുഭവവും കൂടുതൽ നന്മചെയ്യാനുള്ള പ്രചോദനവും ലഭിക്കുന്നതിലൂടെ മടുപ്പുകൂടാതെ ഇതിൽ പങ്കാളികളാകാൻ കഴിയുന്നു.

സ്തുതിയും ആരാധനയുമാണ് പ്രധാനപ്പെട്ട പ്രാർത്ഥനാരീതികൾ. ജപമാല, കുരിശിന്റെ വഴി തുടങ്ങിയ എല്ലാ ഭക്താഭ്യാസങ്ങളും കരിസ്മാറ്റിക് പ്രാർത്ഥനായോഗങ്ങളിൽ സജീവമായി നിലനിർത്തുന്നു.

പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഉപയോഗിച്ചുനടത്തുന്ന ആത്മീയ കൗൺസിലിംഗ് കരിസ്മാറ്റിക് ശുശ്രൂഷകളുടെ ഏറ്റവും വലിയ പ്രത്യേകതയാണ്. കൃപയും അഭിഷേകവും പ്രാർത്ഥനാചൈതന്യവും നിറഞ്ഞ നല്ല കൗൺസിലേഴ്സ് അനേകായിരങ്ങളുടെ ജീവിതങ്ങളെ സ്പർശിക്കുകയും ശക്തമായ മാനസാന്തരാനുഭവത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ദൈവവചനത്തെ ലളിതമായും വിശ്വാസികളുടെ ജീവിതവുമായി ബന്ധപ്പെടുത്തിയും വ്യാഖ്യാനിച്ച് നൽകുന്ന ആത്മാവിന്റെ

www.malankaralibrary.com

സ്പർശനമുള്ള വചനപ്രഘോഷകർ നവീകരണ ശുശ്രൂഷയിൽ ധാരാളമുണ്ട്. വചനത്തിന്റെ സ്പർശനവും ഇടപെടലുകളുമാണ് പലരേയും ആഴമായ പ്രാർത്ഥനാനുഭവത്തിലേക്ക് നയിക്കുന്നത്.

മാധ്യസ്ഥ്യപ്രാർത്ഥനകളാണ് മറ്റൊരു പ്രത്യേകത. "എല്ലാവർക്കും വേണ്ടിയും അപേക്ഷകളും യാചനകളും മാധ്യസ്ഥ്യ പ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേതന്നെ ആഹ്വാനം ചെയ്യുന്നു (1 തിമോ. 2:1). ഈ ആഹ്വാനം കരിസ്മാറ്റിക് പ്രാർത്ഥനായോഗങ്ങൾ വളരെ ഗൗരവത്തോടെ സ്വീകരിച്ചിട്ടുണ്ട്. മടുപ്പുകൂടാതെ, മണിക്കൂറുകൾ ദൈവസന്നിധിയിലിരുന്ന് പ്രാർത്ഥിക്കാൻ വരം ലഭിച്ച അനേകർ ഇന്ന് സ്വീകരണമേഖലയിലുണ്ട്. അനേകർക്ക് തങ്ങളുടെ പ്രതിസന്ധികളിൽ ആത്മവിശ്വാസം പകരുന്നതിനും ദൈവികമായ തീരുമാനങ്ങൾ എടുക്കുന്നതിനും മാധ്യസ്ഥ്യ പ്രാർത്ഥനാഗ്രൂപ്പുകൾ സഹായകമാകുന്നുണ്ട്.

പങ്കുവയ്ക്കലിന്റെ അനുഭവമാണ് പ്രാർത്ഥനാകൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നത്. സാക്ഷ്യങ്ങൾ, വിശ്വാസാനുഭവങ്ങൾ, പ്രാർത്ഥനാവശ്യങ്ങൾ, ശ്രവിച്ച വചനത്തിൽ നിന്നുള്ള പങ്കുവയ്ക്കൽ തുടങ്ങിയവയെല്ലാം പങ്കുവയ്ക്കലിൽ ഉൾപ്പെടും. 1 യോഹ. 1:3-ൽ കാണുകയും കേൾക്കുകയും സ്പർശിക്കുകയും ചെയ്ത കാര്യങ്ങൾ കൂട്ടായ്മ ഉണ്ടാകാനായി പങ്കുവയ്ക്കുന്നു എന്ന് പഠിപ്പിക്കുന്നു.

**3. ദൈവവചനപഠനവും പ്രഘോഷണവും**

കരിസ്മാറ്റിക് നവീകരണത്തിന്റെ അന്തർധാര ദൈവവചന പഠന പ്രഘോഷണങ്ങളാണ്. ദൈവവചനത്തിലധിഷ്ഠിതമായ ധ്യാനങ്ങൾ, കൺവെൻഷനുകൾ, സെമിനാറുകൾ, പ്രാർത്ഥനാ സമ്മേളനങ്ങൾ ഇവയിലൂടെയാണ് കരിസ്മാറ്റിക് നവീകരണതരംഗം വ്യാപിച്ചുകൊണ്ടിരിക്കുന്നത്. ബൈബിൾ വായിക്കാനും ബൈബിൾ വചനങ്ങൾ ഹൃദിസ്ഥമാക്കാനുമുള്ള താല്പര്യം കരിസ്മാറ്റിക് ശുശ്രൂഷയിലുടനീളമുണ്ട്. ആയിരിക്കുന്ന സാഹചര്യങ്ങളിലെല്ലാം വചനം പ്രഘോഷിക്കാൻ സന്നദ്ധതയുള്ള അനേകരെ നമുക്ക് കാണുവാൻ സാധിക്കും. വേണ്ടത്ര വിദ്യാഭ്യാസമില്ലാത്തവർ പോലും ദൈവവചനം ആഴത്തിൽ പഠിച്ച് വചനപ്രഘോഷണ മേഖലയിലേക്ക് കടന്നുവന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്. കരിസ്മാറ്റിക്

www.malankaralibrary.com

നവീകരണത്തിന് ശേഷമാണ് കത്തോലിക്കാസഭയിൽ ദൈവവചന പഠനത്തിനും പ്രഘോഷണത്തിനും ഇത്രയേറെ ഉണർവും ഉത്സാഹവും കൈവന്നിട്ടുള്ളത്.

**കരിസ്മാറ്റിക് നവീകരണത്തിന്റെ നേട്ടങ്ങൾ**

സഭയിലാകമാനം ഉണർവ്വിന്റെ കൊടുങ്കാറ്റുവിശീ കടന്നുവന്ന മുന്നേറ്റമാണ് കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ. സഭാസന്താനങ്ങളായി നിലനിന്നുകൊണ്ടും വിശ്വാസസത്യങ്ങളിൽ അടിയുറച്ച് വിശ്വസിച്ചു കൊണ്ടും ദൈവമക്കളുടെ സ്വാതന്ത്ര്യവും സന്തോഷവും അനുഭവിച്ചു കൊണ്ടും തീക്ഷ്ണതയൊടെ ക്രൈസ്തവജീവിതം നയിച്ചുകൊണ്ടും കോടിക്കണക്കിന് വിശ്വാസികൾ തീക്ഷ്ണതയോടെ മുന്നേറുന്നു. സഭയിലെ ഈ മുന്നേറ്റത്തെ ആദ്യകാലം മുതൽ മാർപാപ്പമാർ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. 1973 ഒക്ടോബറിൽ ആദ്യത്തെ അന്തർദേശീയ കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ ലീഡേഴ്സ് കോൺഫറൻസിന് പോൾ ആറാമൻ മാർപാപ്പ നല്കിയ സന്ദേശത്തിൽ പറഞ്ഞിട്ടുള്ളതിങ്ങനെയാണ്. “സുഹൃത്തുക്കളെ, വ്യത്യസ്ത രീതികളിലും സാഹചര്യങ്ങളിലുമായി സഭയിലിന്ന് ദൃശ്യമാകുന്ന നവീകരണത്തിൽ നിങ്ങളോടൊത്ത് ഞാനും സന്തോഷിക്കുന്നു. നവീകരണത്തിൽ പൊതുവായി കാണുന്ന ചില കാര്യങ്ങൾ: വ്യക്തിതലത്തിലും ഗ്രൂപ്പുതലത്തിലും ആഴമായ പ്രാർത്ഥന യ്ക്കുള്ള താല്പര്യം, ധ്യാനാത്മകപ്രാർത്ഥനയിലേക്കുള്ള തിരിച്ചുവരവ്, ദൈവത്തെ സ്തുതിക്കുന്നതിലുള്ള ഊന്നൽ, തന്നെത്തന്നെ യേശുവിന് പൂർണമായി സമർപ്പിക്കാനുള്ള ആഗ്രഹം, പരിശുദ്ധാത്മാവിന്റെ വിളിക്ക് പ്രത്യുത്തരമായുള്ള സംലഭ്യത, താല്പര്യപൂർണമായ സഹോദര സ്നേഹം, സഭയ്ക്ക് സേവനം ചെയ്യുന്നതിലുള്ള പ്രതിബദ്ധത, ഇവയിലെല്ലാം സഭയുടെ അത്മായ പരിശുദ്ധാരൂപിയുടെ നിഗൂഢവും കരുതലുള്ളതുമായ പ്രവർത്തനം നമുക്ക് തിരിച്ചറിയാൻ കഴിയും”. പോൾ ആറാമൻ മാർപാപ്പയ്ക്കുശേഷവും, സഭയെ നയിച്ച എല്ലാ മാർപാപ്പമാരും കരിസ്മാറ്റിക് പ്രസ്ഥാനങ്ങളെ അകമഴിഞ്ഞ് പിന്തുണയ് ക്കുകയും അതിന്റെ നന്മകളെ ചൂണ്ടിക്കാട്ടുകയും ചെയ്തവരാണ്. കരിസ്മാറ്റിക് നവീകരണത്തിന്റെ നന്മകളെ ഹ്രസ്വമായി വിലയി രുത്താം.

www.malankaralibrary.com

### 1. ദൈവവചനത്തോട് ആഭിമുഖ്യം

ദൈവവചനാധിഷ്ഠിതമായ ജീവിതശൈലി രൂപപ്പെടുത്തുന്നതിൽ കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. ലോകമെമ്പാടും വിശിഷ്യാ കേരള കത്തോലിക്കാസഭയിലും അത് വളരെ പ്രകടമാണ്. ബൈബിൾ സ്വന്തമായി ഉണ്ടായിരിക്കുകയും ജോലിസ്ഥലത്തും ക്ലാസ് മുറികളിലും യാത്രകളിലും കൊണ്ടുപോവുകയും അവസരം കിട്ടുമ്പോഴെല്ലാം വായിക്കുകയും, മറ്റുള്ളവരോട് പങ്കുവയ്ക്കുകയും ചെയ്യുന്നവരുടെ എണ്ണം കൂടിവരുന്നുണ്ട്. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെയൊക്കെ വിദഗ്ധരായ ബൈബിൾ പണ്ഡിതന്മാർ നല്കുന്ന ക്ലാസുകൾ ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണവും ചെറുതല്ല. ദൈവവചനം ഹൃദിസ്ഥമാക്കുകയും വചനം ജീവിച്ച അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്ന ചെറുതും വലുതുമായ ഗ്രൂപ്പുകൾ പരിശുദ്ധസഭയിൽ സജീവമായി നിലനിൽക്കുന്നു. ദൈവവചനപ്രഘോഷണത്തിന് വേണ്ടി മാത്രം നിലനിൽക്കുന്ന സ്വകാര്യ ടെലിവിഷൻ ചാനലുകളും ഇതര പ്രസിദ്ധീകരണങ്ങളും കരിസ്മാറ്റിക് നവീകരണത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമാണ്. ചുരുക്കത്തിൽ ദൈവവചനത്തെ ഗൗരവത്തോടെ സമീപിക്കാനും അനുദിന ജീവിതത്തിൽ അതിനോട് ആത്മബന്ധം പുലർത്താനും വലിയൊരു ജനസമൂഹത്തെ പ്രാപ്തരാക്കുന്നതിൽ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് അങ്ങേയറ്റം ശ്ലാഘനീയമാണ്.

### 2. സജീവമായ കൗദാശികജീവിതം

ഞായറാഴ്ച മാത്രം വി. കുർബാന കണ്ടു കൊണ്ടുപോകുന്ന പരമ്പരാഗതമായ ശൈലിയിൽ നിന്ന് വ്യത്യസ്തമായി, എല്ലാ ദിവസവും വി. കുർബാനയ്ക്ക് പോവുകയും അടുക്കലടുക്കൽ കുമ്പസാരിക്കുകയും ചെയ്യുന്നവരുടെ എണ്ണം കാര്യമായി വർദ്ധിച്ചിട്ടുണ്ട്. കൂദാശകളുടെ അർത്ഥവും പ്രാധാന്യവും മനസിലാക്കിക്കൊടുക്കുന്നതിൽ കരിസ്മാറ്റിക് ധ്യാനകേന്ദ്രങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. നവീകരണത്തിലൂടെ സ്വായത്തമാക്കിയ പുതു പന്തക്കുസ്താനുഭവം നിലനിർത്തിപ്പോരുന്നതിന് വി. കുർബാന കേന്ദ്രീകൃതമായ ജീവിതം അനേകരെ സഹായിക്കുന്നു.

www.malankaralibrary.com

**3. വിശുദ്ധിയിൽ വളരാനുള്ള ആഗ്രഹവും പരിശ്രമവും**

സഭയിലെ എല്ലാ തലത്തിൽപ്പെട്ടവരിലും വിശുദ്ധിയിൽ വളരാനുള്ള ശക്തമായ ആഗ്രഹവും പരിശ്രമവും ദൃശ്യമാണ്. മദ്യപാനം, പുകവലി, അധാർമ്മികജീവിതം ഇവ വർജിച്ചുകൊണ്ട് ദാനധർമ്മം, ഉപവാസം, പ്രാർത്ഥന, ഉപവിപ്രവർത്തനങ്ങൾ എന്നിവയിലൂടെ സുവിശേഷാധിഷ്ഠിതമായ ജീവിതനവീകരണത്തിന് യത്നിക്കുന്നവർ വളരെയുണ്ട്. ദിവ്യകാരുണ്യസന്നിധിയിൽ എല്ലാ ദിവസവും വ്യക്തിപരമായ പ്രാർത്ഥനയിലായിരിക്കുക, ആത്മീയ ഗുരുക്കന്മാരിൽ നിന്നും കൃത്യമായ ഇടവേളകളിൽ ഉപദേശങ്ങൾ സ്വീകരിക്കുക, ധ്യാനങ്ങളിൽ സംബന്ധിക്കുക, ആർഭാടവും ധൂർത്തും ഒഴിവാക്കി ആ പണം അർഹതയുള്ളവർക്ക് നല്കുക, ജീവിതത്തിൽ പ്രതിസന്ധി അനുഭവിക്കുന്നവരെ നവീകരണ അനുഭവത്തിലേക്ക് കൂട്ടിക്കൊണ്ടുവരിക, തുടങ്ങിയ കാര്യങ്ങളെല്ലാം കരിസ്മാറ്റിക് നവീകരണത്തിന്റെ ദൃശ്യമായ ഫലങ്ങളാണ്.

**4. പരസ്നേഹ പ്രവർത്തനങ്ങൾ**

"പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജീവമാണ്" എന്ന തിരുവചനത്തിന്റെ അർത്ഥവും വ്യാപ്തിയും ഗ്രഹിച്ച അനേകായിരങ്ങൾ നവീകരണരംഗത്തുണ്ട്. സമ്പത്തും ആരോഗ്യവും ഉപവി പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നവർ, കൈക്കൂലിയും അഴിമതിയും കൂടാതെ വിശ്വസ്തതയോടെ തങ്ങളുടെ കർത്തവ്യനിർവ്വഹണം നടത്തുന്നവർ, നിരാലംബർക്കുവേണ്ടിയുള്ള ആതുരശുശ്രൂഷകൾ ഏറ്റെടുക്കുന്നവർ, തുടങ്ങിയവരുടെ നീണ്ടനിര വലിയ സാക്ഷ്യവും അനുഗ്രഹവുമായി സഭയിൽ നിലനിൽക്കുന്നു.

**5. ദൈവവിളി പ്രോത്സാഹനം**

ഉള്ളിലെ ദൈവവിളിയുടെ വിത്തുകൾ കണ്ടെത്താനും അതിനോട് ക്രിയാത്മകമായി പ്രതികരിക്കാനും അനേകം യുവതീയുവാക്കൾക്ക് പ്രേരകമായിക്കൊണ്ടിരിക്കുന്നത് കരിസ്മാറ്റിക് നവീകരണ ശുശ്രൂഷകളാണ്. ദൈവത്തെയും ദൈവിക കാര്യങ്ങളെയും പുച്ഛിച്ചുതള്ളുന്ന ആധുനിക തലമുറയിൽ ബദൽസാക്ഷ്യ മെന്നോണം ഉന്നതബിരുദധാരികളും ഉയർന്ന ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരുമൊക്കെ, ജീവിതം പൂർണമായി ദൈവത്തിന് സമർപ്പിക്കുന്ന കാഴ്ചകൾ

www.malankaralibrary.com

നാം കണ്ടുകൊണ്ടിരിക്കുകയാണ്. ജർമ്മനിയിൽ സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളി വർദ്ധിക്കാൻ കരിസ്മാറ്റിക് നവീകരണം സഹായിച്ചുവെന്ന് കർദ്ദിനാൾ റാറ്റ്സിംഗർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**6. സഭാസ്നേഹവും കൂട്ടായ്മയും**

റീത്തുഭേദങ്ങൾക്കും, ആരാധനക്രമ വൈവിധ്യങ്ങൾക്കും അതീതമായി ഒരേ വിശ്വാസകുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ കേരള കത്തോലിക്കർക്ക് ഒത്തുകൂടാൻ പറ്റിയ വേദികളാണ് കരിസ്മാറ്റിക് കൺവെൻഷനുകളും ധ്യാനകേന്ദ്രങ്ങളും. കേരള കത്തോലിക്കാ സഭയിലെ എല്ലാ മെത്രാന്മാരെയും സ്വന്തമായി കരുതി സ്നേഹിക്കാനും അവരെ സ്വന്തം രൂപതകളിലേക്കും ഇടവകകളിലേക്കും സ്വീകരിക്കാനുമുള്ള വിശാലമായ ഹൃദയ ഐക്യം കൈവന്നിട്ടുണ്ട്. വ്യത്യസ്ത റീത്തുകളിലെ വൈദിക സന്ന്യസ്ത സഹോദരങ്ങൾ തമ്മിലുള്ള കൂട്ടായ്മകൾ വർദ്ധിക്കാനും പരസ്പരം സഹകരിച്ച് പ്രവർത്തിക്കാനും കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ കാരണമാകുന്നുണ്ട്.

**7. പരിശുദ്ധാത്മാവിനോട് ഭക്തിയും വിധേയത്വവും**

'വിസ്മരിക്കപ്പെട്ട ദൈവം' എന്ന് ചരിത്രം വിശേഷിപ്പിക്കാനിടയായ പരിശുദ്ധാത്മാവിനോടുള്ള ഭക്തിയും വിധേയത്വവും വർദ്ധിച്ചത് കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ പങ്കുവച്ച ഏറ്റവും വലിയ നേട്ടമാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകമാണ് നവീകരണ ജീവിതത്തിനാധാരം. അതിനാൽ പരിശുദ്ധാത്മാവിനെപ്പറ്റി കൂടുതൽ അറിയാനും പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെ ശ്രദ്ധാപൂർവ്വം മനസിലാക്കി അവ അനുസരിക്കാനുമുള്ള താല്പര്യം ഏറെ ശ്രദ്ധേയമാണ്. എല്ലാ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പും പ്രാർത്ഥിച്ച് ദൈവഹിതം അറിയുന്ന രീതി ഇന്ന് സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്നു. സർവ്വോപരി പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണയും, അതിൻപ്രകാരം ജീവിതത്തെ ക്രമീകരിക്കാനുമുള്ള തീവ്രമായ ആഗ്രഹമുള്ള അനേകരെ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനങ്ങൾ രൂപപ്പെടുത്തി എന്നുള്ളതിൽ നമുക്കഭിമാനിക്കാം.

**കരിസ്മാറ്റിക് നവീകരണത്തിന്റെ ന്യൂനതകൾ**

പരിശുദ്ധ കത്തോലിക്കാസഭയിൽ, വിശിഷ്യാ കേരളസഭയിൽ കരിസ്മാറ്റിക് നവീകരണം ചെലുത്തിയ സ്വാധീനം വിലമതിക്കാനാ

www.malankaralibrary.com

കാത്തതാണ്. എങ്കിലും ഏത് മുന്നേറ്റത്തേയും പോലെ ചില ന്യൂനതകളും നവീകരണ പ്രസ്ഥാനങ്ങൾക്ക് സംഭവിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ പരിശോധിക്കാം.

**1. ദൈവവചനം വ്യാഖ്യാനിക്കുന്നതിൽ അപാകതകൾ**

ദൈവവചന വ്യാഖ്യാനത്തിൽ അങ്ങേയറ്റം ശ്രദ്ധ ചെലുത്തണമെന്ന് പരി. സഭ എക്കാലവും ഓർമ്മിപ്പിച്ചിട്ടുള്ളതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ദൈവാവിഷ്കരണം' എന്ന പ്രമാണരേഖ നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നു. "വി. ലിഖിതങ്ങൾ പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ടിരിക്കയാൽ അതേ ആത്മാവിൽത്തന്നെ വായിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യണം. അതിലെ വാക്യങ്ങളുടെ ശരിയായ അർത്ഥം കണക്കിലെടുക്കണം. ഇതു ചെയ്യുന്നത് സഭ മുഴുവനിലും ജീവിക്കുന്ന പാരമ്പര്യവും വിശ്വാസസത്യങ്ങൾ തമ്മിലുള്ള പൊരുത്തവും പരിഗണിച്ചുകൊണ്ടാണ്" (DV, 12). വി. ഗ്രന്ഥ വ്യാഖ്യാനം എത്ര ഗൗരവമേറിയ ദൗത്യമാണെന്ന് ഈ പ്രമാണരേഖ നമ്മെ ഓർമ്മിപ്പിക്കുന്നു.

കരിസ്മാറ്റിക് നവീകരണത്തിലൂടെ ദൈവാരൂപിയുടെ അഭിഷേകവും ദൈവത്തിന്റെ സ്നേഹം അനുഭവിച്ചതു വഴിയുണ്ടാകുന്ന തീക്ഷ്ണതയും പലരേയും വചനപ്രഘോഷണത്തിന് പ്രേരിപ്പിക്കുന്നു. ബൈബിൾ പഠനമോ പ്രത്യേക പരിശീലനമോ ഇല്ലാതെ വചനം വ്യാഖ്യാനിക്കുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന തെറ്റുകൾ ഇത്തരക്കാരിൽ നിന്നും പലപ്പോഴും ഉണ്ടാകാറുണ്ട്. അത് പലപ്പോഴും മതവിദ്വേഷങ്ങൾക്കും ജാതീയമായ സ്പർദ്ധയ്ക്കും തെറ്റായ ദൈവ സങ്കല്പങ്ങൾക്കും അബദ്ധ പ്രബോധനങ്ങൾക്കും കാരണമാകുന്നുണ്ട്. ദൈവവചനത്തിന്റെ സ്വതന്ത്രമായ വ്യാഖ്യാനത്തെ വി. പത്രോസ് ശ്ലീഹാ ആദ്യ നൂറ്റാണ്ടിൽത്തന്നെ വിലക്കിയിരുന്നു: "വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല" (2 പത്രോ. 1:21). അതിനാൽ വചനവ്യാഖ്യാനത്തിൽ ഏർപ്പെടുന്നവരെല്ലാവരും അതിന്റെ ഗൗരവം പൂർണമായി ഗ്രഹിച്ചിരിക്കണം.

**2. കൗൺസിലിംഗും പ്രശ്നങ്ങളും**

പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഉപയോഗിച്ചുനടത്തുന്ന ഏറ്റവും വലിയൊരു ശുശ്രൂഷയാണ് ആത്മീയ കൗൺസിലിംഗ്. ഇന്ന്

www.malankaralibrary.com

കേരളത്തിലെ പല രൂപതകളും രൂപതയിൽപെട്ട അൽമായ വചന പ്രഘോഷകർക്കും കൗൺസിലേഴ്സിനും വേണ്ടി എല്ലാ വർഷവും പ്രത്യേക കോഴ്സ് നടത്തുകയും യോഗ്യരായവർക്ക് ഈ ശുശ്രൂഷ നിർവ്വഹിക്കാൻ അധികാരപത്രം നല്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ സർട്ടിഫിക്കറ്റ് കിട്ടിയവരെ മാത്രമേ വചനപ്രഘോഷണത്തിനും കൗൺസിലിംഗിനും പള്ളികളും ധ്യാനകേന്ദ്രങ്ങളും സ്ഥാപനങ്ങളും വിളിക്കാവൂ എന്ന് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. യാഥാർത്ഥ്യം ഇതാണെങ്കിലും ഇല്ലാത്ത കൃപകളും വരങ്ങളും തങ്ങൾക്ക് ഉണ്ടെന്ന് വരുത്തിത്തീർക്കാനും മറ്റുള്ളവരുടെ മുമ്പിൽ മെച്ചപ്പെട്ട സ്ഥാനം ഉറപ്പിക്കാനും വേണ്ടി ആത്മീയ കൗൺസിലിംഗ് മേഖലയിൽ തെറ്റായ നിർദേശങ്ങളും ഉപദേശങ്ങളും നല്കുന്ന ചിലർ നവീകരണ മേഖലയിലുണ്ട് എന്നത് യാഥാർത്ഥ്യ മാണ്. പലപ്പോഴും ഇത്തരക്കാർ ദൈവജനത്തിനിടയിൽ അസ്വസ്ഥത കൾ സൃഷ്ടിക്കുന്നുണ്ട്. രൂപതയുടെ സർട്ടിഫിക്കറ്റ് ഉള്ളവരേയും, ഇടവകയിലും കുടുംബത്തിലും മാതൃകാജീവിതം നയിക്കുന്നവരെയും മാത്രം ഇങ്ങനെയുള്ള പ്രധാനപ്പെട്ട ശുശ്രൂഷകൾ ഏല്പിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

### 3. 'കരിസ്മേനിയ' (Charismania)

രണ്ടാം വത്തിക്കാൻ കൗൺസിൽ വരങ്ങളെ അംഗീകരിക്കു കയും അവ സഭയുടേയും സമൂഹത്തിന്റെയും നന്മയ്ക്ക് ഉപയോഗപ്പെടു ത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തപ്പോൾ രണ്ടു കാര്യങ്ങൾ പ്രത്യേകം എടുത്ത് പറഞ്ഞിരുന്നു: ഒന്ന്, വരങ്ങൾക്ക് വേണ്ടിയുള്ള അമിതമായ ആഗ്രഹം പാടില്ല. രണ്ട്, വരങ്ങൾ സഭാധികാരികളുടെ വിവേചനത്തിന് വിധേയമാക്കണം (LG 12, AA3).

സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പരിശുദ്ധാത്മാവ് പ്രവർത്തി ക്കുന്ന വഴികളാണ് വരങ്ങൾ. വരങ്ങൾ നേടിയെടുക്കുന്നവയല്ല, നല്കപ്പെടുന്നവയാണ്. വ്യത്യസ്തമായ വരങ്ങൾ, സ്വീകരിക്കുന്നവരുടെ യോഗ്യതയനുസരിച്ചല്ല മറിച്ച്, പരി. ആത്മാവിന്റെ തീരുമാനമനു സരിച്ചാണ് നല്കപ്പെടുന്നത്. തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും പ്രത്യേക പ്രത്യേക ദാനങ്ങൾ നല്കുന്ന ഒരേ ആത്മാവിനെയാണ് വി. പൗലോസ് നമുക്ക് പരിചയപ്പെടുത്തിത്തരുന്നത്. എന്നാൽ ഇന്ന് വരങ്ങൾക്ക് അമിതമായ പ്രധാന്യം കല്പിച്ച് അവയെ നേടിയെടുക്കാൻ

www.malankaralibrary.com

തത്രപ്പെടുന്നവരും ചില വരങ്ങൾ ലഭിച്ചവരോട് അസാധാരണമായ ആദരവ് പ്രകടിപ്പിക്കുന്നവരുമുണ്ട്. വരങ്ങൾ ലഭിച്ചവരിൽ ചിലരെങ്കിലും തങ്ങൾ മറ്റുള്ളവരേക്കാൾ മെച്ചപ്പെട്ടവരാണെന്ന് ഭാവിക്കുകയും വരങ്ങളെ തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. വരങ്ങൾക്ക് അമിതപ്രാധാന്യം നല്കുന്ന രീതിയെ 'കരിസ്മേനിയ' എന്നാണ് പറയുന്നത്.

**4. വിസ്മരിക്കപ്പെടുന്ന പരമ്പരാഗതമായ ആദ്ധ്യാത്മികത**

വ്യക്തിപരമായ അനുഭൂതികൾക്ക് പ്രാധാന്യം നല്കുന്നു എന്നതാണ് കരിസ്മാറ്റിക് നവീകരണത്തിന്റെ ആദ്ധ്യാത്മികതയുടെ ഏറ്റവും വലിയ വൈകല്യം. അതിനാൽ തന്നെ എത്ര നല്ല പ്രാർത്ഥനാ സമ്മേളനമോ വി. കുർബാന തന്നെയായാലും വൈകാരികമായ ഒരനുഭവം പ്രധാനം ചെയ്യുന്നില്ലെങ്കിൽ അത് ഫലപ്രദമല്ല എന്ന് ചിന്തിക്കുന്ന അനേകരുണ്ട്. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം ഉപരിപ്ലവമായ ചില വൈകാരിക അനുഭൂതികളല്ല മറിച്ച്, വിശ്വാസമാണ്. തീർച്ചയായും അനുഭവത്തിന് പ്രസക്തിയും പ്രയോജനവുമുണ്ട്. കാരണം മനുഷ്യൻ ആത്മാവും ശരീരവുമുള്ള വ്യക്തിയാണ്. എങ്കിലും അനുഭവങ്ങളിലേക്ക് മാത്രം ആദ്ധ്യാത്മികതയെ ചുരുക്കുന്നത് ശരിയല്ല. പ്രത്യേക അനുഭൂതി വിശേഷങ്ങളൊന്നുമുണ്ടായില്ലെങ്കിലും വി. കുർബാനയിലും പ്രാർത്ഥനയിലുമൊക്കെ ആത്മാർത്ഥതയോടെ പങ്കെടുക്കുമ്പോൾ അതിന് ഫലമുണ്ട്. ആദ്ധ്യാത്മിക ജീവിതത്തിലുണ്ടാകുന്ന മരുഭൂമി അനുഭവങ്ങളെയും ഇരുണ്ട രാത്രികളേയും കുറിച്ചെല്ലാം വിശുദ്ധജീവിതങ്ങൾ വാചാലമാകുന്നുണ്ട്. വിശ്വാസം മാത്രമാണ് ഈ അവസ്ഥയിൽ അവർക്കാശ്വാസം പകരുന്നത്. ദൈവം തങ്ങളെ സ്നേഹിക്കുന്നതിന് പ്രത്യേക അനുഭവങ്ങൾ ഒന്നും അനുവദിക്കാതിരുന്ന അവസരങ്ങളിലെല്ലാം വിശുദ്ധർ വിശ്വാസത്തിലൂടെ മുന്നേറിയെങ്കിൽ, നമ്മുടെയും പാത മറ്റൊന്നല്ല. സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ധ്യാനഗുരുക്കന്മാരുടെ മികവിലോ, ധ്യാനകേന്ദ്രങ്ങളുടെ പ്രശസ്തിയിലോ വൈകാരിക അനുഭവങ്ങളിലോ മാത്രം ശ്രദ്ധ ചെലുത്തുമ്പോൾ സഹനങ്ങളിലും ആദ്ധ്യാത്മിക മരുഭൂമി അനുഭവങ്ങളിലും നാം, പതറിപ്പോകാൻ സാധ്യതയുണ്ട്.

www.malankaralibrary.com

**5. ബൗദ്ധികവിജ്ഞാനത്തെ അവഗണിക്കുന്ന പ്രവണത**

ചില ബൈബിൾവചനങ്ങളെ അതേപടിയെടുത്ത്, എല്ലാ ബൗദ്ധികവിജ്ഞാനങ്ങളെയും പൈശാചികമായി കരുതി വ്യാഖ്യാനിക്കുന്നവരുണ്ട്. ആദ്ധ്യാത്മിക ജീവിതത്തെ സംബന്ധിച്ച് മറ്റുള്ളവരെ പഠിപ്പിക്കുന്നവർ ബൈബിൾ വ്യാഖ്യാനങ്ങൾ, സഭയുടെ ആനുകാലിക പ്രബോധനങ്ങൾ, വിശുദ്ധരുടെ ഗ്രന്ഥങ്ങൾ, സഭാചരിത്രം, ധാർമ്മിക ദൈവശാസ്ത്രം, ഇവയിൽ ഒരു പരിധിവരെയെങ്കിലും പരിജ്ഞാനമുള്ളവരായിരിക്കേണ്ടതാണ്. 'വിശ്വാസവും യുക്തിയും' എന്ന ചാക്രികലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശ്വാസത്തിന് യുക്തി ഭദ്രതയില്ലെങ്കിൽ അത് വെറും കെട്ടുകഥയോ അന്ധവിശ്വാസമോ ആയിത്തീരാനുള്ള അപകടസാധ്യതയുണ്ടെന്ന് പഠിപ്പിക്കുന്നുണ്ട്. കാലത്തിന്റെ പ്രത്യേകതകളെയും മാറ്റങ്ങളെയും വിവേചിച്ചറിഞ്ഞുകൊണ്ടുവേണം വചനം വ്യാഖ്യാനിക്കാൻ. എല്ലാ ബൗദ്ധികവ്യാപാരങ്ങളെയും വിവരസാങ്കേതികവിദ്യകളെയുമൊക്കെ പേടിച്ച് സ്വയം ഉൾവലിഞ്ഞ് പോകുന്ന ആദ്ധ്യാത്മികത, ആഴമുള്ളതല്ല. ക്രിസ്തുവിനെ ലോകത്തിന് നൽകി, അതിനെ വിശുദ്ധീകരിക്കാനുള്ള വിളിയാണ് ക്രൈസ്തവന്റേത് എന്ന് നാം വിസ്മരിക്കരുത്.

**6. ആൾദൈവങ്ങൾ വളരുന്നുവോ?**

ക്രിസ്തുവിനെപ്രതി സ്വയം ഭോഷന്മാരായ ശ്ലീഹന്മാരുടെയും സഭാപിതാക്കന്മാരുടെയും പിൻതലമുറക്കാർ ക്രിസ്തുവിനെക്കാളും വളർന്നുപോകാൻ ശ്രമം നടത്തുന്നില്ലേ എന്ന സംശയം ന്യായമായും തോന്നാറുണ്ട്. പലപ്പോഴും ദൈവജനം ഭക്തിലഹരിയിൽ, ദൈവത്തെക്കാളുപരിയായ സ്ഥാനം ധ്യാനഗുരുക്കന്മാർക്ക് നല്കിപ്പോകുന്നു. അത്ഭുതസിദ്ധികളും പേരും പ്രശസ്തിയുമുള്ള അഭിഷിക്തരെ മാത്രം മാനിക്കുകയും എടുത്തുപറയത്തക്ക സിദ്ധിവിശേഷങ്ങളൊന്നുമില്ലാത്ത സാധാരണ അഭിഷിക്തരെ പരിഗണിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത ശരിയല്ല. ഇത് പലപ്പോഴും ആൾ ദൈവങ്ങളെ വളർത്തുന്നതിനും യഥാർത്ഥമായ ക്രൈസ്തവ ആദ്ധ്യാത്മികതയിൽ നിന്ന് വ്യതിചലിക്കുന്നതിനും കാരണമാകുന്നു. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്ന മനോഭാവമാണ് ക്രൈസ്തവശിഷ്യത്വത്തിന് അഭികാമ്യം.